# പാങ്ങോട്
# ഗ്രാമപഞ്ചായത്ത്
# വികസനരേഖ



അധികാരം ജനങ്ങളിലേക്ക്

## പാങ്ങോട് ഗ്രാമപഞ്ചായത്ത്

# വികസന രേഖ



ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# സമർപ്പണം

1114 -ലെ രക്തപങ്കിലമായ
കല്ലറ-പാങ്ങോട് വിപ്ലവത്തിൽ
പങ്കെടുത്ത മുഴുവൻ
ധീരദേശാഭിമാനികളുടേയും
സ്മരണയ്ക്കായി ....................



സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന് എപ്പോൾ
ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമാണ് നാം സ്വതന്ത്രരാവുക.

മഹാത്മാഗാന്ധി

# വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യശില്പി



*ഗ്രാമത്തിന്റെ വികസനം*
*ഏത് രീതിയിൽ വേണമെന്നും*
*അതിനു എത്ര പണം*
*ആവശ്യമുണ്ടെന്നും കണക്കാക്കി*
*പദ്ധതി തയ്യാറാക്കുകയും*
*ആയതിലേയ്ക്കായി കേന്ദ്ര   സംസ്ഥാന*
*ഗവൺമെന്റുകളിൽ നിന്നുള്ള പരമാവധി ഫണ്ട് വാങ്ങി*
*ബാക്കിയുള്ളവ പണമായോ സേവനമായോ കണ്ടെത്തി,*
*ഇതിനുള്ള സന്നദ്ധത ജനങ്ങളിൽ*
*ഉണ്ടാക്കി എടുക്കുകയും ചെയ്യുന്നതാണ് ജനകീയാസൂത്രണം.*

______________ ***EMS. നമ്പൂതിരിപ്പാട്***
*ചെയർമാൻ*
*ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതി,*
*ജനകീയാസൂത്രണം*






ചീഫ് എഡിറ്റർ

എൻ. ബാബു

എഡിറ്റോറിയൽ ബോർഡ്

- എം.എസ്. അശോക് കുമാർ
- എം. നാഷിദ്
- ആർ. രാജേന്ദ്രൻ പിള്ള
- അയിരൂർ മോഹൻ

## റിപ്പോർട്ട് തയ്യാറാക്കുന്നതിനു സഹായിച്ച റിസോഴ്സ് ഗ്രൂപ്പ്

കെ. അനിൽകുമാർ

ടി. വിജയകുമാർ

എസ്. ഷമീർ

അബ്ദുൾ റഷീദ്

രാജശേഖരൻ നായർ

എം.എം. ഷാഫി

പ്രസാദ്

എ.അംബിക

എസ്. സജികുമാർ

ആർ. കേശവപിള്ള

എം. മോഹനൻ പിള്ള

ജോസഫ് തോമസ്

സത്യദാസ്

സുദേനൻ

ശ്രീധരൻ പിള്ള

മധുസൂദനൻ

# പാങ്ങോട് ഗ്രാമ പഞ്ചായത്ത്
# ഭരണ സമിതി



**ബി. രാധാദേവി**
*(പ്രസിഡൻറ്)*



**എൻ. വിജയകുമാർ**
*(വൈസ് പ്രസിഡൻറ്)*



**എം. ബിജു**
*(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ*

## മെമ്പർമാർ



ബഷീർ വട്ടക്കരിക്കകം

വി. ബാലകൃഷ്ണൻ

എ.എം. അൻസാരി



സുമംഗല



രാധാമണി അമ്മ

എൽ.എം. ഹാഷിം

ശിവകുമാരി



ഗോപാലൻ

# ഉള്ളടക്കം


I. ആമുഖം

II. സാമൂഹ്യ - സാംസ്കാരിക പശ്ചാത്തലം

III. ഭൂപ്രകൃതിയും വിഭവങ്ങളും

IV. വികസന മേഖലകൾ

(a) പ്രാഥമിക മേഖല

1. കൃഷി
2. ജലസേചനം
3. മൃഗസംരക്ഷണം
4. മത്സ്യബന്ധനം

(b) ദ്വിതീയ മേഖല

5. വ്യവസായം
6. ഊർജ്ജം
7. മാർക്കറ്റ്
8. ഗതാഗതവും വാർത്താവിനിമയവും

(c) സേവന മേഖല

9. ആരോഗ്യം
10. പാർപ്പിടം
11. കുടിവെള്ളം
12. വിദ്യാഭ്യാസം
13. സംസ്കാരം
14. സാമൂഹ്യക്ഷേമം
15. സഹകരണം
16. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
17. സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി
18. വനം
19. വിഭവസമാഹരണം

V. ഉപസംഹാരം

I

# ആമുഖം

കേന്ദ്രീകൃതമായ ആസൂത്രണസമ്പ്രദായമാണ് സ്വതന്ത്ര ഇന്ത്യ കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിലും തുടർന്നിരുന്നത്. അതുകൊണ്ടുതന്നെ ഡൽഹി കേന്ദ്രീകരിക്കപ്പെട്ട അധികാരവും ആസൂത്രണവും ഒന്നിലേറെ കടമ്പകൾ കടന്ന് സംസ്ഥാന തലസ്ഥാനങ്ങളിലെത്തുകയും അവിടെനിന്ന് വിവിധ വകുപ്പുകളിലേക്കും പദ്ധതിപ്രദേശങ്ങളിലേക്കും എത്തുകയുമായിരുന്നു പതിവ്. ഇത് ജനകീയ ആവശ്യത്തിന് അനുസൃതമോ പദ്ധതിപ്രദേശത്തിന്റെ ഭൂമിശാസ്ത്രത്തിന് യോജിച്ചതോ ആയിരുന്നില്ല. ഇതുമൂലം ആസൂത്രണപദ്ധതി ജനങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെടുകയും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, ദാരിദ്ര്യം, കാർഷികമേഖലയിലെ മുരടിപ്പ്, തൊഴിലില്ലായ്മ എന്നിവയ്ക്ക് നിദാനമാകുകയും ചെയ്തു. കഴിഞ്ഞ 8 പദ്ധതികളിലും കാണാൻ കഴിഞ്ഞത് വികസനമെന്നാൽ ഉദ്യോഗസ്ഥതലത്തിൽ മാത്രം നടത്തേണ്ട ഒരു പ്രവർത്തനമാണ് എന്ന ധാരണയാണ്. അങ്ങനെ ആസൂത്രണവും നടത്തിപ്പും ജനങ്ങളെ പങ്കെടുപ്പിക്കാതെ ഭരണതലത്തിൽ മാത്രം കൈകാര്യം ചെയ്യേണ്ട വിഷയമായി അധഃപതിച്ചു. കൃഷിക്കാരന് എപ്പോൾ എത്ര വെള്ളം കിട്ടണമെന്ന് തീരുമാനിക്കുന്നത് ദൂരെയെങ്ങോ ഉള്ള ഒരു സർക്കാരാഫീസിലെ ഉദ്യോഗസ്ഥന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിട്ടുകൊടുക്കപ്പെട്ടു. ഗ്രാമത്തിലെ സ്കൂളും, ആരോഗ്യകേന്ദ്രവും മറ്റു സ്ഥാപനങ്ങളും നടത്തുന്നതിൽ ഗ്രാമവാസികൾക്ക് യാതൊരു പങ്കുമില്ലാതെയായി. ഇത് സാധാരണക്കാരന്റെ ജീവിതം വഴിമുട്ടിക്കുന്ന പ്രശ്നങ്ങൾക്ക് കാരണമായി.

ഇത്തരം ഒരു സാഹചര്യത്തിൽ നിന്നും കരകയറാനുള്ള ഒരു ബൃഹദ്പദ്ധതി അനിവാര്യമാണ് എന്നു കണ്ടതിന്റെ അടിസ്ഥാനത്തിലാണ് കേരളസർക്കാർ ഒമ്പതാം പഞ്ചവത്സര പദ്ധതിയെ ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചത്. പൂർവകാലങ്ങളിൽ പിന്തുടർന്നിരുന്ന ആസൂത്രണരീതിക്കു തന്നെ സമൂലമായ ഒഴിച്ചുപണി ജനകീയാസൂത്രണം മൂലം സാധ്യമാകുന്നു. ജനങ്ങൾക്കു വേണ്ടത് എന്താണ് എന്ന് ജനങ്ങൾ തന്നെ തീരുമാനിക്കുന്നു എന്നതാണ് ഈ രീതിയുടെ സവിശേഷത. ഒരു പ്രദേശത്തിന്റെ വികസനാവശ്യങ്ങൾ ആ പ്രദേശത്തുള്ളവർക്കാണല്ലോ കൂടുതൽ മനസ്സിലാവുക. അതവർ കണ്ടെത്തുകയും ആസൂത്രണം നടത്തുകയും ചെയ്യുന്ന ഈ രീതി നമ്മുടെ പഞ്ചായത്തിന്റെ വരുംകാലങ്ങളിലുള്ള സമഗ്രവികസനത്തിന് ഉതകും എന്നകാര്യത്തിൽ യാതൊരു സംശയവും വേണ്ട.

വികസനത്തിന്റെ പേരിൽ ലക്ഷക്കണക്കിനു രൂപ ഈ പഞ്ചായത്തിൽ മുടക്കിയിട്ടുണ്ടെങ്കിലും അതിന്റെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ഏറെയൊന്നും ലഭിക്കാതിരുന്നതിനുള്ള മുഖ്യകാരണം പദ്ധതിയാസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും കാര്യത്തിലുണ്ടായിരുന്ന പാളിച്ചകളാണ്. ആയതിനാൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുള്ള ഏക പോംവഴി കേരളസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ജനകീയാസൂത്രണപരിപാടിയാണെന്ന് പാങ്ങോട് പഞ്ചായത്തു സമിതി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 13.9.96ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ജനകീയാസൂത്രണപരിപാടി ഈ പഞ്ചായത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഈ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാംഘട്ടപ്രവർത്തനങ്ങൾ ആരംഭിച്ചത് വാർഡുതലത്തിൽ നടന്ന വിശേഷാൽ ഗ്രാമസഭകളോടെയാണ്. പഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുവാൻ സാധിച്ചു.

രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചത് 9.11.96 ൽ ഭരതന്നൂർ ഹൈസ്കൂളിൽ വച്ചു നടന്ന എൽ. ആർ. പി. മാരുടെ ഏകദിനശില്പശാലയോടെയാണ്. ഈ ശില്പശാല സംഘടിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു സ്വാഗതസംഘം രൂപീകരിക്കുകയും 11 വാർഡുകൺവീനർമാരെയും അവരിൽ നിന്ന് ശ്രീ. എൻ. ബാബുവിനെ ജനറൽ കൺവീനറായി തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്നു നടന്ന രണ്ടാം ഘട്ടത്തിലെ മുഴുവൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയത് ഡി. ആർ. പി. കൺവീനർ ശ്രീ. എം. എസ്. അശോക് കുമാർ, ജനറൽ കൺവീനർ ശ്രീ. എൻ. ബാബു എന്നിവരാണ്. നവംബർമാസം 15-ാം തീയതിയോടെ പഠനപര്യടനയാത്രകൾ അവസാനിച്ചു. ഓരോ വാർഡുകളിലും വളരെ ആഴത്തിൽ പഠനം നടത്തിയ പഠനപര്യ

ജനയാത്രാസംഘത്തിലെ അംഗങ്ങൾ ആ പ്രവർത്തനങ്ങളെ കൂടുതൽ വിജയിപ്പിക്കാൻ സഹായിച്ചു. തുടർന്നു വന്ന ദിവസങ്ങളിൽ ദ്വിതീയ വിവരശേഖരണം നടത്തുകയും 21.11.96 ൽ പഞ്ചായത്ത് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ വിവിധ ഓഫീസ് മേധാവികളുടെ യോഗം വിളിച്ചു കൂട്ടുകയും നടപ്പു പദ്ധതികളെക്കുറിച്ച് അവലോകനം നടത്തുകയും ചെയ്തു.

ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളെയും ട്രാൻസെക്ട് വാക്, ദ്വിതീയവിവരശേഖരണം നടപ്പു പദ്ധതികളുടെ അവലോകനം, ഈ പഞ്ചായത്ത് പ്രദേശത്തെ സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരിൽ നിന്നും ശേഖരിച്ച നാട്ടറിവ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കപ്പെട്ട സമഗ്രവികസന റിപ്പോർട്ട് 23.12.96ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചു. ഈ റിപ്പോർട്ട് തയാറാക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾ നിർലോഭം നൽകിയ എൽ. ആർ. പി. മാർക്കും ഉദ്യോഗസ്ഥർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഈ കരട് വികസനരേഖ നിങ്ങളുടെ സജീവവും സവിശേഷവുമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു.

**പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും**

പാങ്ങോട് പഞ്ചായത്ത് പ്രദേശം വാമനപുരം പഞ്ചായത്തിൻെറയും കല്ലറ പഞ്ചായത്തിൻെറയും ഭാഗമായിരുന്നു. 1977 ൽ ഗവ. ഉത്തരവ് നം 283/77/LA dt. 30-9-77 പ്രകാരം പാങ്ങോട് പഞ്ചായത്ത് രൂപം കൊണ്ടു.

പാങ്ങോട് പഞ്ചായത്തിൻെറ ആദ്യപ്രസിഡൻറ് ശ്രീ. പി. എ. റഹീമും വൈസ് പ്രസിഡൻറ് ശ്രീ. എം. ഷാഹുൽ ഹമീദും ആയിരുന്നു. ആദ്യ കമ്മിറ്റിയിലെ മറ്റംഗങ്ങൾ സർവശ്രീ. എം. എ. ബദറുദ്ദീൻ, വി, പാച്ചൻ, എ. എ. അസീസ്, എ. ഇസ്ഹാക്ക് കുഞ്ഞ്, എ ഇലിയാസ് റാവുത്തർ വി. തോമസ്, യു. സൈനുദീൻ എന്നിവരായിരുന്നു. ആ പഞ്ചായത്തു കമ്മിറ്റി ഗവൺമെൻറ് നിയോഗിച്ച ഒരു നോമിനി കമ്മറ്റിയായിരുന്നു. തുടർന്നു നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. പി. എ. റഹിം പ്രസിഡൻറായി പുതിയ ഭരണസമിതി നിലവിൽ വന്നു. ഈ ഭരണസമിതിയെത്തുടർന്ന് 1988ൽ എൽ. എ. ഹാഷിം പ്രസിഡൻറായുള്ള കമ്മിറ്റി പഞ്ചായത്തിൻെറ ഭരണമേറ്റു. ഇപ്പോൾ നിലവിലിരിക്കുന്ന ഭരണസമിതി 30.9.95 ൽ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു.

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| *പഞ്ചായത്തിൻെറ പേര്* | : | *പാങ്ങോട് ഗ്രാമപഞ്ചായത്ത്* |
| *പഞ്ചായത്തുൾപ്പെടുന്ന റവന്യൂ വില്ലേജിൻെറ പേര്* | : | *പാങ്ങോട്* |
| *ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ* | | *പാങ്ങോട്, മൈലമൂട്* |
| *ബ്ലോക്ക് പഞ്ചായത്ത്* | | *വാമനപുരം* |
| *താലൂക്ക്* | : | *നെടുമങ്ങാട്* |
| *ജില്ല* | | *തിരുവനന്തപുരം* |
| *അസംബ്ലി മണ്ഡലം* | | *വാമനപുരം* |
| *പാർലമെൻറ് മണ്ഡലം* | : | *ചിറയിൻ കീഴ്* |
| *വിസ്തീർണം* | : | *3729.87 ഹെക്ടർ* |
| *ജനസംഖ്യ* | | *27,438 (91-ലെ സെൻസസ്പ്രകാരം)* |
| *വാർഡുകളുടെ എണ്ണം* | | *11* |
| *പ്രസിഡൻറ്* | : | *ബി. രാധാദേവി* |
| *വൈസ് പ്രസിഡൻറ്* | : | *എൻ. വിജയകുമാർ* |

II

# സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

കാലത്തിൻെറ കുത്തൊഴുക്കിൽ തലമുറകൾ എത്രകഴിഞ്ഞാലും മനസ്സിലേറ്റി സ്മരണപുതുക്കാൻ കഴിയും വിധത്തിൽ ചരിത്രസംഭവങ്ങളുടെ വീരഗാഥകൾക്ക് ജന്മം നൽകിയ ഒരു മലയോരഗ്രാമമാണ് നമ്മുടേത് അമിതാധികാരത്തിൻെറയും സ്വേച്ഛാധിപത്യത്തിൻെറയും നേർക്ക് ഹിന്ദുക്കളും മുസ്ലീങ്ങളും തോളോടു തോൾ ചേർന്നു പെരുതിയതിൻെറ വീരസ്മരണകൾ ഉറഞ്ഞുകൂടിയിരിക്കുന്ന മണ്ണാണ് ഇത്. കൊല്ലവർഷം 1114 ൽ നടന്ന കല്ലറ-പാങ്ങോട് വിപ്ലവമാണ് ഈ മലയോരഗ്രാമത്തിന് അക്കാലത്ത് തിരുവിതാംകൂറിൻെറ ചരിത്ര ഭൂപടത്തിൽ സ്ഥാനം നേടിക്കൊടുത്തത്. ദിവാൻ സി. പി. രാമസ്വാമി അയ്യരുടെ കിരാതഭരണത്തിന് എതിരായി അന്ന് തിരുവിതാംകറിൽ നടന്ന സംഘടിത ബഹുജന പ്രക്ഷോഭങ്ങളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇത്. കേരളചരിത്രത്തിൻെറ ഏടുകളിൽ നിന്നും ഒരിക്കലും കാലത്തിന് മാച്ചുകളയാൻ കഴിയാത്ത സംഭവങ്ങളും അതിന് ഊടും പാവും നെയ്ത വീരപുരുഷന്മാരും ജനിച്ച മണ്ണാണ് ഇത് എന്ന് ഓർമ്മിക്കുന്നതുതന്നെ അനന്തര തലമുറയ്ക്ക് ആവേശം പകരുന്നതാണ്.

അക്കാലത്ത് വടക്ക് ഭരതന്നൂർ മുതൽ തെക്ക് അരുവിപ്പുറം ആറ്റിൻെറ തീരദേശം വരെ ഉൾക്കൊള്ളുന്ന ഗ്രാമങ്ങൾ എല്ലാം ഒത്തുചേർത്ത് കല്ലറ-പാങ്ങോട് എന്നാണ് പുറംദേശത്തുള്ളവർ വിളിച്ചിരുന്നത്. ഇന്ന് ഈ പഞ്ചായത്തിലുള്ള ഭരതന്നൂർ മുതൽ കിഴക്കോട്ടുള്ള പ്രദേശങ്ങളിൽ അധികവും അന്ന് വനമായിരുന്നു, ഭരതന്നൂരിൽ നിന്നും ആരംഭിച്ചിരുന്ന മലയോരങ്ങൾ കാട്ടാനക്കൂട്ടങ്ങൾ വിഹരിച്ചിരുന്ന കൊടും കാടുകളായിരുന്നു. കാർഷികവൃത്തിയായിരുന്നു ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം. മലഞ്ചരക്കുകൾക്കും വനവിഭവങ്ങൾക്കും പുകഴ്പെറ്റ പ്രദേശങ്ങളായിരുന്നു ഇവിടം. കുരുമുളക്, അടയ്ക്ക, തെങ്ങ്, വാഴ, ഇഞ്ചി, വെറ്റില, എന്നിവയ്ക്ക് നൂറ്റാണ്ടുകൾക്ക് മുമ്പേ ഈ ദേശം ഖ്യാതി നേടിയിരുന്നു; വർഗീയവിഷം കൊണ്ട് കലുഷമാകാത്ത ഒരു സമൂ

ഹത്തിൽ പകലന്തിയോളം ചോരനീരാക്കി മണ്ണി നോട് മല്ലടിച്ചു ജീവിക്കുന്ന ഒരു ജനതയാണ് ഈ ദേശത്തിൻെറ മുൻമുറക്കാർ

സ്വച്ഛമായ ഈ മലയോരഗ്രാമത്തിലെ നി ഷ്കളങ്കരായ കർഷകരുടെ വിരിമാറിനുനേരെ വെടിയുണ്ടയുതിർക്കാൻ ഏകാധിപത്യഭരണകൂടം തയ്യാറായതിന് നിദാനമായ 1114 കന്നി മാസത്തിൽ നടന്ന പ്രക്ഷോഭത്തിൻെറ പശ്ചാത്തലം കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്.

അന്നത്തെക്കാലത്ത് തെക്കൻ തിരുവിതാംകൂറിലെ മലഞ്ചരക്കുവിപണികളിൽ പ്രധാനപ്പെട്ട ഒന്ന് തെക്കനാലപ്പുഴ എന്നറിയപ്പെട്ടിരുന്ന കല്ലറയായിരുന്നു, അന്ന് കല്ലറ ചന്തയിൽ കൂടുന്നത്ര ജനം മറ്റൊരു ചന്തയിലും കൂടമായിരുന്നില്ല. വനപ്രദേശങ്ങളിൽ നിന്നും ഒറ്റപ്പെട്ട ഗ്രാമപ്രദേശങ്ങളിൽ നിന്നും തലച്ചുമടായും കാളവണ്ടിയിലുമായാണ് സാധനങ്ങൾ ചന്തയിൽ എത്തിയിരുന്നത്. അക്കാലത്ത് വെള്ളിയാഴ്ചയായിരുന്നു ചന്തദിവസം. 1114 ൽ നടന്ന പ്രക്ഷോഭണത്തിൻെറ ഈറ്റില്ലമായി കണക്കാവുന്നത് കല്ലറചന്തയെ ആണ്. ചന്തയിലെ ജനബാഹുല്യവും ആശയവിനിമയത്തിനുള്ള സൗകര്യവുമായിരുന്നു ഇതിനുള്ള പ്രധാനകാരണം.

കൊല്ലവർഷം 1110 വരെ കല്ലറ-പാങ്ങോട് പ്രദേശങ്ങളിലെ ജനങ്ങളെ അടക്കി ഭരിച്ചിരുന്ന ജന്മിത്തറവാടുകൾ ചോദ്യം ചെയ്യപ്പെടാത്തവ തന്നെ ആയിരുന്നു. ഇക്കാലത്തെല്ലാം സാധാരണക്കാരെ ജന്മിമാരും പ്രമാണികളും പോലീസുകാരും റവന്യൂ ഉദ്യോഗസ്ഥന്മാരും ചേർന്ന് ചൂഷണം ചെയ്തിരുന്നു. തിരുവിതാംകൂർ രാജ്യഭരണത്തിൽ സജീവസ്വാധീനം ചെലുത്തിയിരുന്ന മങ്കൊമ്പ് സ്വാമിമാരുടെ ആശീർവാദവും തണലും ഇത്തരം ചൂഷകർക്ക് സഹായകമായി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും വൈദ്യപഠനത്തിനുമായി തിരുവനന്തപുരത്ത് എത്തിച്ചേർന്ന ഇന്നാട്ടുകാരിൽ ചിലർ ക്രമേണ ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ സന്ദേശങ്ങൾ ഈ മലയോരഗ്രാമങ്ങളിൽ എത്തിച്ചു. റവന്യൂ ഭരണക്കാരുടെയും പോലീസിൻെറയും, ചൂഷണത്തിൻെറയും അഴിമതിയുടെയും കഥകൾ പ്രധാനപ്രചരണോപാധിയാക്കിക്കൊണ്ട് സ്വാതന്ത്ര്യസമര സന്ദേശവാഹകരായ ദേശസ്നേഹികൾ ചന്ത ദിവവസങ്ങളിൽ ആണ് പ്രധാനമായും ജനങ്ങളെ സ്വാധീനിച്ചിരുന്നത്.

എന്നാൽ ഇത്തരം ഖദർധാരികളായ സാമൂഹ്യപ്രവർത്തകർക്കാർക്കും തന്നെ പാങ്ങോട് എത്തുന്നതിന് മങ്കൊമ്പ് സ്വാമി അനുമതി നൽകിയില്ല.

കൊല്ലവർഷം 1114 ആയപ്പോഴേക്കും അഴിമതിക്കും ചൂഷണത്തിനും എതിരേ ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കാൻ ഈ സാമൂഹ്യപ്രവർത്തകർക്ക് സാധിച്ചു. ഇക്കാലത്ത് ചന്തയിൽ നികുതിപ്പിരിവിൻെറ അവകാശം കിളിമാനൂർകാരൻ അലിയാർകുഞ്ഞ് എന്നൊരാൾക്ക് ആയിരുന്നു. ഈ സമയത്ത് യാതൊരു തത്വദീക്ഷയുമില്ലാതെ ചന്തപ്പിരിവ് വർദ്ധിപ്പിച്ചത് ജനങ്ങളെ കൂടുതൽ രോക്ഷാകുലരാക്കി. ചോദിക്കുന്ന പണം നൽകാതിരുന്നാൽ കൈയ്യേറ്റവും കേസുമായിരുന്നു ഫലം. ഇഷ്ടപ്പെട്ട ഉൽപ്പന്നങ്ങൾ അധികാരികൾ എടുത്തുകൊണ്ടുപോകുമായിരുന്നു. റവന്യൂഭരണക്കാർ മുതൽ പ്രമാണിമാർ വരെയുള്ള കടമ്പ കടന്ന് കച്ചവടം നടത്തുന്നത് പ്രയാസമായി തീർന്നു. തുടർന്നു നടന്ന വാക്കുതർക്കവും കൈയ്യേറ്റവും കൂടുതൽ പ്രശ്നങ്ങൾക്ക് ഇടയാക്കി. പാങ്ങോട് പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന പോലീസുകാരുടെ സംഖ്യാബലം കുറവായിരുന്നതിനാൽ തലസ്ഥാനത്തുനിന്നും കൂടുതൽ പോലീസെത്തി ലഹളക്കാരെ അമർച്ചചെയ്യാൻ ശ്രമമാരംഭിച്ചു. ആ ദിവസങ്ങളിലാണ് നിരപരാധിയായ കൊച്ചപ്പിപ്പിള്ള അറസ്റ്റ് ചെയ്യപ്പെടുന്നത്.

കൊച്ചപ്പിപ്പിള്ളയുടെ അറസ്റ്റും അദ്ദേഹത്തിന് ഏൽക്കേണ്ടിവന്ന കൊടിയ മർദ്ദനങ്ങളും അടിച്ചമർത്തപ്പെട്ട ഒരു ജനസഞ്ചയത്തിൻെറ വിപ്ലവവീര്യത്തിനു മേൽ വീണ തീപ്പൊരിയായിരുന്നു. കല്ലറയിലും പാങ്ങോട്ടുമുള്ള സ്വാതന്ത്ര്യപ്രേമികൾ, പോലീസ് സ്റ്റേഷൻ വളയുകയും അതിനെത്തുടർന്ന് പോലീസും നാടൻ തോക്കുകളേന്തിയ ജനക്കൂട്ടവും പരസ്പരം നിറയൊഴിക്കുകയും ചെയ്തു. കല്ലറ നിന്നും വന്ന വമ്പിച്ച ജനക്കൂട്ടത്തിൻെറ പോലീസ് സ്റ്റേഷൻ മാർച്ചിന് നേതൃത്വം നൽകിയവരിൽ പ്രമുഖർ, ജമാൽ ലബ്ബ, മാധവക്കുറുപ്പ്, ചെല്ലപ്പൻ വൈദ്യർ, പത്മനാഭപിള്ള, ശങ്കരൻ മുതലാളി, കല്ലറ മാധവൻ പിള്ള നടയറ അബ്ദുൽഖരിം, മുഹമ്മദാലി വാസുദേവൻ, രാഘവൻപിള്ള, എന്നിവരായിരുന്നു. ഇവരിൽ മാധവക്കുറുപ്പ് നമ്മുടെ പഞ്ചായത്തിലുള്ള കാക്കാണിക്കരയിലും ജമാൽ ലബ്ബ കൊച്ചാ

ലുമ്മൂട്ടിലും ഇപ്പോൾ താമസിക്കുന്നു. ജനക്കൂട്ടവും പോലീസും തമ്മിലുള്ള വെടിവയ്പിൽ 3 പോലീസുകാരും 2 പോരാളികളും കൊല്ലപ്പെട്ടു. തുടർന്ന് പോലീസ് നടത്തിയ കിരാതമായ തേരാട്ടം സൈ്വരജനജീവിതം കശക്കിയെറിഞ്ഞു. പാങ്ങോട്ടും ഭരതന്നൂരിലും ഉള്ള പോരാളികൾ വനങ്ങളിൽ അഭയം തേടി.

കൊച്ചപ്പിപ്പിള്ളയെ സ്റ്റേഷനിൽ നിന്നും മോചിപ്പിക്കുന്നതിനായി ഒരു മധ്യസ്ഥൻെറ രീതിയാലാണ് പട്ടാളം കൃഷ്ണൻ ഈ പ്രക്ഷോഭവുമായി ആദ്യം ബന്ധപ്പെടുന്നത്. അതിനുമുമ്പ് ഒരിക്കലും അദ്ദേഹത്തിന് ഈ പ്രക്ഷോഭവുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. എന്നാൽ മങ്കൊമ്പ് സ്വാമിയുടെയും പോലീസിൻെറയും ആസൂത്രിത ശ്രമങ്ങളിലൂടെ പിന്നീട് പട്ടാളം കൃഷ്ണൻ കേസുകളിലകപ്പെടുകയും പ്രസ്തുത പ്രക്ഷോഭത്തിൽ സജീവപങ്കാളിയാവുകയും ചെയ്തു.

അന്ന് നടന്ന പോലീസ് സ്റ്റേഷൻ മാർച്ചിനെത്തുടർന്നുണ്ടായ വെടിവയ്പിൽ കൊല്ലപ്പെട്ട പോരാളികളുടെ മൃതദേഹങ്ങൾ ഗോപാലൻ (ഘാതകൻ ഗോപാലൻ) സ്റ്റേഷനു മുന്നിൽ കുഴിച്ചിട്ടു. ആ കുഴിമാടത്തിലാണ് ഇന്ന് സ്റ്റേഷനു മുന്നിലുള്ള തെങ്ങ് നിൽക്കുന്നത്. ഒറ്റുകാരുടെ സഹായത്തോടെ പിടിക്കപ്പെട്ട കൊച്ചപ്പിപ്പിള്ളയെ 3.5.1116 പുലർച്ചയ്ക്കു മുമ്പും പട്ടാളം കൃഷ്ണനെ 4.15.1116 സൂര്യോദയത്തിനു മുമ്പും തൂക്കിലേറ്റിക്കൊണ്ട് സർ. സി. പി. ഭീകരതയുടെ കിരീടത്തിൽ രണ്ട് തൂവലുകൾ കൂടി കൂട്ടിച്ചേർത്തു.

പട്ടാളം കൃഷ്ണനോടൊപ്പം കൊച്ചപ്പിപ്പിള്ളയും തൂക്കിലേറ്റപ്പെട്ടപ്പോൾ മറ്റ് പ്രതികൾക്ക് ജീവപര്യന്തം തടവ്ശിക്ഷലഭിച്ചു. തടവിൽ പിടിക്കപ്പെട്ട പോരാളികളിൽ ചിലർ ജയിലിനുള്ളിൽ വച്ചു തന്നെ മരിച്ചു.. ജയിൽ വിമോചിതരായപ്പോഴേക്കും മിക്കവരും നിത്യരോഗികളായി മാറിക്കഴിഞ്ഞിരുന്നു. പോലീസ് സ്റ്റേഷൻ ആക്രമണക്കേസിൽ പോലീസ് രേഖകളിൽ 40 പ്രതികളുണ്ടായിരുന്നു. ഇവരിൽ 31-ാം പ്രതിയായി പേർ ചേർക്കപ്പെട്ടിരുന്ന പുലിപ്പാറ മൈതീൻ പിള്ളയുടെ മരുമകൻ ഹനീഫ അലിക്കുഞ്ഞ്, പത്താം പ്രതി പനച്ചക്കോട് കല്ലുവിള വീട്ടിൽ അബ്ബാസ് ജമാൽ, 19-ാം പ്രതി ഭരതന്നൂർ സിംഗപ്പൂർ കൃഷ്ണൻ, 20-ാം പ്രതി പുലിപ്പാറ കന്നുകാലി വനത്തിൽ പുത്തൻ വീട്ടിൽ മീരാസാഹിയു അഹമ്മദ്പിള്ള, 21-ാം പ്രതി പാങ്ങോട് വാകശ്ശേരിയിൽ കൊച്ചാലുമ്മൂട്ടിൽ തടത്തരികത്തുവീട്ടിൽ സുലൈമാൻ പിള്ള അലിയാരുകുഞ്ഞ്, 26-ാം പ്രതി പാങ്ങോട് മുളമൂട് മേക്കുമ്മുറി വീട്ടിൽ മുഹമ്മദ് കുഞ്ഞ്- അലിയാരുകുഞ്ഞ് എന്നിവർ ഈ പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിച്ചിരുന്ന പ്രതികളിൽ ചിലരാണ്.

ചരിത്രത്താളുകളിൽ, ഈ ദേശത്തു നടന്ന പ്രക്ഷോഭത്തെക്കുറിച്ച് സവിസ്തരം രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ ഈ രക്തപങ്കില സമരം പല രീതിയിലും വ്യാഖ്യാനിക്കപ്പെടുന്നു.

ആരൊക്കെ ഏതെല്ലാം രീതിയിൽ വ്യാഖ്യാനിച്ചാലും ഈദേശത്തെ അടിച്ചമർത്തപ്പെട്ട കർഷക ജനതയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടമായിരുന്നു ഇത് എന്നത് അവിതർക്കിതമായ ചരിത്രയാഥാർത്ഥ്യം തന്നെയാണ്. 1114 ലെ സ്വാതന്ത്ര്യസരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിച്ചവരുടെ സ്മരണയ്ക്കായി കല്ലറയിലും പാങ്ങോട്ടും രക്തസാക്ഷി മണ്ഡപങ്ങൾ സ്ഥാപിച്ചി ട്ടുണ്ട്.

തിരുവിതാംകൂർ ഭരണത്തിൽ സ്വാധീനമുണ്ടായിരുന്ന മങ്കൊമ്പ് സ്വാമിമാർ പങ്ങോട് പ്രദേശത്ത് താമസിച്ചിരുന്നതിനാൽ ഈ പ്രദേശത്തെ പുറംലോകവുമായി ബന്ധിപ്പിക്കുന്നതിന് വളരെ പണ്ടേ ശ്രമങ്ങൾ നടന്നിരുന്നു എന്നതിൻെറ തെളിവാണ് പലോട് കാരേറ്റ് റോഡ് ഈ റോഡിലുള്ള മൈലമൂട് പാലം 1939 ൽ പണികഴിപ്പിച്ചതാണ്. അന്ന് പാങ്ങോട് താമസിച്ചിരുന്ന വെങ്കിടാചലശർമ്മയുടെ ജേഷ്ടസഹോദരൻ, സി. പി. രാമസ്വാമി അയ്യരുടെ ചീഫ് സെക്രട്ടറി ആയിരുന്നതുകൊണ്ടാണ് ഈ പ്രദേശത്ത് മൃഗാശുപത്രി, പോസ്റ്റാഫീസ് (അഞ്ചലാഫീസ്), പോലീസ് സ്റ്റേഷൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ ആദ്യകാലങ്ങളിൽ തന്നെ സ്ഥാപിക്കാൻ സാധിച്ചത്.

ഏകദേശം ഒരു നൂറ്റാണ്ടു പഴക്കമുള്ള പാങ്ങോട് പോലീസ് സ്റ്റേഷൻ 1984 വരെ ഒരു ഔട്ട്-പോസ്റ്റ് മാത്രമായിരുന്നു. 1984ൽ ഈ സ്ഥാപനം ഒരു ചാർജിംഗ് സ്റ്റേഷനായി മാറി. ചുറ്റുമതിലില്ലാത്ത ഈ സ്ഥാപനത്തിന് ഭൗതിക സൗകര്യങ്ങൾ തീരെ പരിമിതമാണ്.

സ്വന്തമായി 40 സെൻറ് സ്ഥലമുള്ള പാങ്ങോട് പോസ്റ്റാഫീസിനും ഏകദേശം 100 വർഷം പ്രായമുണ്ട്. പണ്ടുണ്ടായിരുന്ന കെട്ടിടം പൊളിഞ്ഞതി

നുശേഷം ചുറ്റുമതിൽ കെട്ടി പ്രസ്തുത സ്ഥലം സംരക്ഷിച്ചിട്ടുണ്ടെങ്കിലും പുതിയ കെട്ടിടം ഇതുവരെയും നിർമ്മിക്കപ്പെട്ടിട്ടില്ല. പോസ്റ്റാഫീസിനു പുതിയ കെട്ടിടം അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്.

കൊച്ചടപ്പ് പാറയിലും പാങ്ങോടും കമ്മ്യൂണിറ്റി ഹാളുകൾ നിലവിലുണ്ട്. യഥാവിധം സംരക്ഷിക്കപ്പെടാത്തതിനാൽ ഈ സ്ഥാപനങ്ങൾ നശിക്കാൻ സാധ്യത കൂടുതലാണെന്ന് ഗ്രാമസഭകൾ ചൂണ്ടിക്കാട്ടി.

ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യസമരപോരാളികൾക്കും മരിച്ചവരുടെ ആശ്രിതർക്കും ഇന്ന് ഗവ. ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ ലഭിക്കുന്നുണ്ട്. 1114 ലെ പ്രക്ഷോഭത്തിൽ പങ്കെടുത്ത പോരാളികളെ പോലീസിന് ഒറ്റികൊടുത്ത ദേശദ്രോഹികൾ കാലക്രമത്തിൽ സ്വാതന്ത്ര്യസമരസേനാനികൾ എന്നറിയപ്പെട്ടത് ഈ നാടിന്റെ കൊടിയ ദൗർഭാഗ്യം തന്നെയാണ്.

നിറപ്പകിട്ടാർന്ന സ്വന്തം യൗവ്വനം നാടിനു വേണ്ടി ഹോമിച്ച് നിറതോക്കിനെ പുല്ലാക്കി, അന്നു നിലവിലിരുന്ന കിരാതഭരണത്തിനെതിരെ ആയുധമെടുത്ത് അടരാടിയ ഈ ദേശത്തെ മുഴുവൻ ധീരദേശാഭിമാനികളുടെയും സ്മരണയ്ക്കായി പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനറിപ്പോർട്ട് സമർപ്പിക്കുന്നു.



# III

# ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ ഏഴു മേഖലകളായി തരം തിരിക്കാം. അവ -

1. ഉയർന്ന സമതലം
2. കുന്നിൻ മണ്ട
3. കുത്തനെയുള്ള ചെരിവ്
4. ചെറിയ ചെരിവ്
5. താഴ്വാരം
6. ചതുപ്പ്
7. സമതലം എന്നിങ്ങനെയാണ്.

ഓരോ വിഭാഗത്തിൻേറയും വിസ്തൃതി ചുവടെ ചേർക്കുന്നു.

(അവലംബം : കൃഷിഭവൻ, സോയിൽ കൺസർവേഷൻ - രേഖകൾ)

| ഭൂപ്രകൃതി വിഭാഗങ്ങൾ | വിസ്തീർണ്ണം (ഏക്കറിൽ) | ശതമാനം |
|---|---|---|
| 1. ഉയർന്ന സമതലം | 921.2 | 10 |
| 2. കുന്നിൻ മണ്ട | 368.49 | 4 |
| 3. കുത്തനെയുള്ള ചരിവ് | 1381.8 | 15 |
| 4. ചെറിയ ചരിവ് | 2763.6 | 30 |
| 5. താഴ്വാരം | 2026.64 | 22 |
| 6. ചതുപ്പ് | 92.12 | 1 |
| 7. സമതലം | 1658.16 | 18 |
| ആകെ | 9212 | 100 |

**ഉയർന്ന സമതലം**

പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ പത്ത് ശതമാനം ഉയർന്ന സമതല പ്രദേശമാണ്. ഈ പഞ്ചായത്തിലെ ഉയർന്ന സമതല പ്രദേശങ്ങളായ കുളമാൻകുഴി, കുന്നുംപുറം എന്നീ പ്രദേശങ്ങളിൽ വർഷത്തിൽ മുഴുവൻ സമയവും ജലലഭ്യതയില്ല. കരിമണ്ണും ചെമ്മണ്ണും ഇടകലർന്ന് കാണപ്പെടുന്ന ഈ പ്രദേശം കൃഷിക്ക് വളരെ അനുയോജ്യമാണ്. കണ്ണംപാറ, അനച്ചംവിള, VP നഗർ, ഈട്ടിമുക്ക്, ദർപ്പവിള, മാനാട്, ലെനിൻകുന്ന് എന്നീ പ്രദേശങ്ങളിൽ ചരൽ നിറഞ്ഞ ഫലപുഷ്ടിയുള്ള മണ്ണും സമ്മിശ്രമായ കാർഷിക വിളകളും കാണപ്പെടുന്നു. ഈ ഭൂവിഭാഗത്തിൻെറ ഏകദേശം 40% വരുന്ന പ്രദേശങ്ങളായ കരിങ്ങട, കൊച്ചാനക്കല്ലുവിള, വട്ടത്താമരക്കുന്ന്, കൊച്ചടപ്പു പാറ, വലിയ വേങ്കാട്, പൂച്ചടിക്കാല, മന്ദിരംമുക്ക്, കടുക്കാക്കുന്ന്, കാക്കാണിക്കര, കണ്ണംപാറ, ആശാൻ വെട്ടിയപാറ എന്നിവിടങ്ങൾ ജനസാന്ദ്രത കൂടിയതും കൃഷിക്ക് ഉപയുക്തമായവും ആണ്. ഈ പ്രദേശങ്ങളിൽ ഏറിയ കൂറും കൃഷി ചെയ്യപ്പെടുന്നത് റബ്ബർ ആണ്.

**കുന്നിൻമണ്ട**

ഈ ഭൂവിഭാഗം പഞ്ചായത്തിൽ ഏകദേശം 368.48 ഏക്കർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്നു. മൊത്തം വിസ്തൃതിയുടെ ഏകദേശം 4% മാത്രം വരുന്ന ഈ ഭൂമേഖലയിൽപ്പെടുന്ന പാറമുകൾ, ചാവരുകോണം പ്രദേശങ്ങൾ തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, കശുവണ്ടി എന്നീ കാർഷിക വിളകൾക്ക് അനുയോജ്യമാണ്. കരിമണ്ണും ചെമ്മണ്ണും ഇടകലർന്നു കാണുന്ന ഈ പ്രദേശങ്ങൾ ജലലഭ്യത കുറഞ്ഞവയാണ് ഈ ഭൂമേഖലയിൽപ്പെടുന്ന മറ്റു പ്രദേശങ്ങളായ പൂച്ചെടിക്കാല, പത്തേക്കർ പ്രദേശങ്ങൾ പാറക്കെട്ടുകൾ നിറഞ്ഞതും മൺപുതപ്പ് താരതമ്യേന കുറഞ്ഞതുമായ പ്രദേശങ്ങളാണ്. വെള്ളത്തിൻെറ കിനിഞ്ഞിറങ്ങൽ വളരെ കുറവായതിനാൽ ജലക്ഷാമം പൊതുവെ ഈ പ്രദേശങ്ങളിൽ അനുഭവപ്പെടുന്നു. മണ്ണൊലിപ്പ് സർവ്വസാധാരണമായ ഈ പ്രദേശങ്ങളിൽ മുഖ്യവിള റബ്ബർ ആണ്. പാറക്കെട്ടുകൾ നിറഞ്ഞ ഈ പ്രദേശത്തിൻെറ സിംഹഭാഗവും കൃഷിക്ക് അനുയോജ്യമല്ല.

**കുത്തനെയുള്ള ചരിവ്**

പാങ്ങോട് പഞ്ചായത്തിൽ ഏകദേശം 15% ഓളം ഭൂപ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. ചരിവ് പ്രദേശങ്ങൾ പീഠഭൂമിയെ താഴ്‌വരയുമായി ബന്ധിപ്പിക്കുന്നു. അയിരൂർകുന്ന്, പുത്തൻവിള നിന്നും വടക്കോട്ടുള്ള പ്രദേശങ്ങൾ, മരുതിമലക്കുന്ന്, ശാസ്താംകുന്ന് അച്ചായൻകുന്ന് എന്നിവയാണ് പ്രധാനമായും ഈ മേഖലയിൽപ്പെടുന്നത്. അയിരൂർകുന്ന് പ്രദേശത്ത് കരിമണ്ണും ഈ മേഖലയിലെ മറ്റു പ്രദേശങ്ങളിൽ ചരൽ നിറഞ്ഞ ചെമ്മണ്ണും കാണപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മരുതി മലക്കുന്ന് ഈ പഞ്ചായത്തിലെ ഏറ്റവും പൊക്കം കൂടിയ പ്രദേശമാണ്. ഈ കുന്നിൻെറ ചരിവിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യപ്പെടുന്നത് റബ്ബർ ആണ്. പാറക്കെട്ടുകൾ നിറഞ്ഞ ഈ ചരിവിൽ 1993-ൽ ഉരുൾപൊട്ടൽ ഉണ്ടാകുകയും മൂന്നുപേരുടെ ജീവഹാനി ഉൾപ്പെടെ വൻ നാശ നഷ്ടങ്ങൾക്ക് കാരണമാകുകയുംചെയ്തു. ഉരുൾപൊട്ടൽ ഉണ്ടാകാൻ ഇടയുള്ള ഈ പ്രദേശം സദാ മണ്ണൊലിപ്പ് ഭീഷണിയിലാണ്.

**ചെറിയ ചരിവ്**

പാങ്ങോട് പഞ്ചായത്തിൻെറ ഭൂവിസ്തൃതിയിൽ ഏകദേശം 30% ചെറിയ ചരിഞ്ഞ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈ പ്രദേശങ്ങളിൽ പൊതുവെ ചരൽ നിറഞ്ഞ ചെമ്മണ്ണും കരിമണ്ണും ഇടകലർന്നുകാണപ്പെടുന്നു. ഈ ഭൂമേഖലയിലെ പ്രധാന വിള റബ്ബർ ആണ്. എന്നാൽ ഭക്ഷ്യവിളകളായ വാഴ, മരച്ചീനി, കുരുമുളക്, തെങ്ങ് എന്നിവ പലയിടങ്ങളിലും കൃഷി ചെയ്ത് വരുന്നു. ജനവാസയോഗ്യമായ ഈ പ്രദേശങ്ങളിൽ ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കുളങ്ങളേയും, തോടുകളേയും കിണറുകളേയുമാണ്. ഈ കാരണം കൊണ്ടു തന്നെ വേനൽക്കാലത്ത് പലയിടങ്ങളിലും ജലദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നു.

**താഴ്‌വാരം**

പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ ഏകദേശം 22% ത്തോളം താഴ്‌വാര പ്രദേശങ്ങളാണ്. ഉദിമൂട്, മടവൂർകോണം, മാവേലിക്കോണം, മാറനാട്, നെല്ലിയോട്ടുകോണം, അയിരൂർ ഏല, രാമരശ്ശേരി, തഴമ്പന്നൂർ ഏല, മൈലമൂട്, പാങ്ങോടു നിന്നും കുളമാൻകുഴി വരെയുള്ള താഴ്‌വാര പ്രദേശങ്ങൾ, ചിറ്റാറിൻെറ പാർശ്വങ്ങളിലുള്ള താഴ്‌വരകൾ എന്നിവയാണ് ഈ ഭൂ മേഖലയിൽ പ്രധാനമായും പെടുന്നത്. ചരിവു ഭൂമിയേയും സമതലത്തേയും വേർതിരിക്കുന്ന ഭാഗങ്ങളാണിവ. ചിറ്റാർ മുറിച്ച് കടന്നാൽ മാത്രം എത്താൻ കഴിയുന്ന ഉദിമൂട് പ്രദേശവും ചിറ്റാറിൻെറ പാർശ്വങ്ങളിലുള്ള താഴ്‌വര പ്രദേശങ്ങളും ഫലപുഷ്ടിയുള്ള കരിമണ്ണും എക്കൽ മണ്ണും ഇടകലർന്നതാണ്. ജല ലഭ്യത കൂടുതലുള്ള ഉദിമൂട് പ്രദേശങ്ങളിൽ ഇരുപ്പൂ നിലങ്ങൾ സമൃദ്ധമാണ്. മടവൂർകോണം, രാമരശ്ശേരി ഏലായുടെ പാർശ്വത്തിലൂടെ ഒഴുകി ഭരതന്നൂർ ജംഗ്ഷന് സമീപത്തുകൂടി ഒഴുകുന്ന തോട്, അയിരൂർ ഏലായുടെ തെക്ക് വശത്തുകൂടി ഒഴുകി ഭരതന്നൂരിൽ എത്തുന്ന തോട്, ചിറ്റാറിൽ സംഗമിക്കുന്ന വാഴോട് തോട്, മണക്കോട് നിന്നും ഉത്ഭവിച്ച് തച്ചോണം വഴി ഒഴുകുന്ന തോട് എന്നിവയെ ആണ് പ്രധാനമായും താഴ്‌വാര പ്രദേശങ്ങളിൽ ജലസേചനത്തിനായി ആശ്രയിക്കുന്നത്. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭൂപ്രദേശം ആണ് ഇവ എന്നതിനാൽ ഈ പ്രദേശത്ത് പ്രധാനമായും കാണപ്പെടുന്നത് പശിമരാശി മണ്ണാണ്. ഈ താഴ്‌വാര പ്രദേശങ്ങളിൽ പല ഭാഗങ്ങളിലും മണ്ണ് വൈവിധ്യമാർന്നതാണ്. നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ ഈ പ്രദേശങ്ങളിൽ

ജലസേചന സൗകര്യങ്ങൾ പരിമിതമാണ്. ഏക ദേശം 20 വർഷങ്ങൾക്കു മുമ്പു വരെ നീണ്ടുപരന്നു കിടന്ന താഴ്‌വാരങ്ങൾ വയൽ നികത്തൽ മൂലം ഏകദേശം 55.8% ആയി ചുരുങ്ങിയിട്ടുണ്ട്. ഇങ്ങ നെ നികത്തപ്പെടുന്ന താഴ്‌വാരപ്രദേശങ്ങളിൽ പച്ചക്കറി, തെങ്ങ്, വാഴ മരച്ചീനി, കുരുമുളക് എന്നി വ വ്യാപകമായി കൃഷി ചെയ്യുന്നു. നിയന്ത്രണാ തീതമായ വയൽ നികത്തൽ നെല്ലിന്റെ ഉൽപ്പാ ദനക്ഷമതയെ ഗണ്യമായി ബാധിക്കുന്നു.

**ചതുപ്പ്**

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ ഏകദേശം ഒരു ശതമാനം മാത്രമാണ് ഈ മേഖല തച്ചോണം, ചന്ദനപ്പുറം, തഴമ്പന്നൂർ ഏലയുടെ പടിഞ്ഞാറ് ഭാഗം എന്നിവ ഉൾക്കൊള്ളുന്നതാണ് ഇത്. ഏകദേശം 20 വർഷത്തിനു മുമ്പുവരെ പൂർണ്ണമായും ഉപയോഗശൂന്യമായിരുന്ന ഈ പ്ര ദേശങ്ങളെ നികത്തി അടുത്ത കാലത്തായി തെങ്ങ്, വാഴ, മരച്ചീനി എന്നിവ കൃഷി ചെയത് വരുന്നു.

**സമതലം**

പാങ്ങോട് പഞ്ചായത്തിന്റെ ഏകദേശം 1658.16 ഏക്കറോളം പ്രദേശങ്ങൾ ഈ ഭൂവിഭാ ഗത്തിൽപെടുന്നു. പാങ്ങോട് ജംഗ്ഷന്റെ തെക്ക് കിഴക്കുഭാഗങ്ങൾ, പഴവിളയിലെ ചില ഭാഗങ്ങൾ, തണ്ണിച്ചാൽ പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗം എന്നിവ ഈ ഭൂമേഖലയിലാണ്. ഈ പ്ര ദേശങ്ങളിൽ ചരൽ നിറഞ്ഞ ചെമ്മണ്ണും കരിമണ്ണും ഇടകലർന്നു കാണപ്പെടുന്നു. സമ്മിശ്ര വിളകൾ കാണപ്പെടുന്ന ഈ പ്രദേശങ്ങളിലെ മുഖ്യവിള റബ്ബർ ആണ്. ഈ പഞ്ചായത്തിലെ മറ്റു പ്രധാന പ്പെട്ട സമതല പ്രദേശങ്ങൾ മേലേ പാലുവള്ളി, ഉണ്ണിപ്പാറ, ചെമ്പൻകോട് വെള്ളയം ദേശം, ചിപ്പൻ ചിറമുതൽ കരിമൺകോട് വരെയുള്ള ചില ഭാ ഗങ്ങൾ എന്നിവയാണ്. ഈ പ്രദേശങ്ങളിൽ മി ക്കവയും വേനൽക്കാലത്ത് ജലദൗർലഭ്യം രൂക്ഷമാ യി അനുഭവപ്പെടുന്നവയാണ്. ചരലും കരിമണ്ണും സമ്മിശ്രമായി കാണപ്പെടുന്ന ഈ പ്രദേശങ്ങളിൽ മുഖ്യവിള റബ്ബർ ആണ്.

**കാലാവസ്ഥ**

പച്ചപിടിച്ച കുന്നുകളും ചെറുസമതലങ്ങളും താഴ്‌വാരങ്ങളും കൊണ്ട് പരസ്പരം ബന്ധപ്പെട്ടും വേർതിരിക്കപ്പെട്ടും കിടക്കുന്ന നിമ്നോന്നതമായ നമ്മുടെ പഞ്ചായത്തിലുള്ള ഭരതന്നൂരിൽ നിന്നും കിഴക്കോട്ടു നീങ്ങുന്തോറും നിബിഢമായ വനങ്ങൾ ഏകദേശം 30 വർഷത്തിനു മുമ്പുവരെ ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള വന സാമീപ്യം ഈ പ്രദേശത്തിന്റെ കാലാവസ്ഥയെ ഗണ്യമാ യി സ്വാധീനിച്ചിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്ത് പ്രദേശത്ത് വനത്തിന്റെ ഭൂവിസ്തൃതി വളരെ കുറയുകയും കാലാവസ്ഥയിൽ പ്രവചനാതീതമാ യ തകിടം മറിച്ചിലുകൾ ഉണ്ടാകുകയും ചെയ്യുന്നു. ഇപ്പോൾ ഈ പഞ്ചായത്തിലനുഭവപ്പെടുന്ന കാലാ വസ്ഥയെ സൂചിപ്പിക്കുന്ന കലണ്ടർ താഴെ കൊ ടുക്കുന്നു.

**കാലാവസ്ഥാ കലണ്ടർ**

| കാലം | അനുഭവപ്പെടുന്ന മാസങ്ങൾ | | സ്വഭാവം |
|---|---|---|---|
| സമശീതോഷ്ണകാലം | ആഗസ്റ്റ് 15 മുതൽ ഒക്ടോബർ 15 വരെ | ചിങ്ങം കന്നി മാസങ്ങൾ | സമശീതോഷ്ണം |
| മഴക്കാലം | ഒക്ടോബർ 16 മുതൽ നവംബർ 15 വരെ | തുലാ മാസം | തുലാവർഷം |
| തണുപ്പുകാലം | നവംബർ 16 മുതൽ ഫെബ്രുവരി 15 വരെ | വൃശ്ചികം, ധനു മകര മാസങ്ങൾ | പകൽ ചൂടും രാത്രി തണുപ്പും |
| മധ്യവേനൽകാലം | ഫെബ്രുവരി 16 മുതൽ മെയ് 15 വരെ | കുംഭം, മീനം മേടം മാസങ്ങൾ | ചൂട് കാലം |
| മഴക്കാലം | മെയ് 16 മുതൽ ഓഗസ്റ്റ് 14 വരെ | ഇടവം, മിഥുനം കർക്കിടക മാസങ്ങൾ | ഇടവപ്പാതി |

(അവലംബം: കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം രേഖകൾ)

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഇടവപ്പാതിയിലാണ്. പഞ്ചായത്തിലാകെ ഏകദേശം 160 മഴ ദിനങ്ങൾ ലഭിക്കുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. കൂടാതെ വർഷത്തിൽ പലപ്പോഴായി ഇടമഴയും ലഭിക്കുന്നു. ഇടമഴ പ്രധാനമായും ലഭിക്കുന്ന മാസങ്ങൾ കുംഭം, മീനം, വൃശ്ചികം എന്നിവയാണ്.

**ജലലഭ്യത**

മഴയെ മാത്രം ആശ്രയിച്ച് നടപ്പാക്കുന്ന കൃഷി സങ്കേതങ്ങളാണ് ഈ പഞ്ചായത്തിൽ പരമ്പരാഗതമായി തുടർന്നു വരുന്നത്. ഈ പഞ്ചായത്തിൽ ലഭിക്കുന്ന മഴയുടെ ഏകദേശം 75 ശതമാനവും ഇടവപ്പാതിയിൽ നിന്നാണ്. കണക്കുകളനുസരിച്ച് നമുക്ക് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് മെയ് 15 മുതൽ ആഗസ്റ്റ് 15 വരെയും ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും ആണ്. ഫെബ്രുവരി, മുതൽ മെയ്‌വരെയുള്ള മാസങ്ങളിൽ ഇടമഴ ലഭിക്കുന്നു. ഈ പഞ്ചായത്തിലെ ചിലപ്രദേശങ്ങളിൽ നല്ല മഴ ലഭിക്കുന്ന കാലങ്ങളിൽ നീർക്കെട്ടിന് ഇടയാകുന്നു. മഴക്കാലത്ത് ജലം സംഭരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പഞ്ചായത്തിൽ ഒരിടത്തും നിലവിലില്ല എന്നതിനാൽ വേനൽക്കാലത്ത് പലയിടങ്ങളിലും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്നു.

**മണ്ണ്** (അവലംബം - പാഠന പര്യടനം)

പഞ്ചായത്തിൽ പ്രാദേശിക ഭേദമനുസരിച്ച് ഒരു പരിധിവരെ മണ്ണിന്റെ ഘടനയിലും സ്വഭാവത്തിലും വൈജാത്യം നിലനിൽക്കുന്നു. ഉയർന്ന സമതല പ്രദേശങ്ങളിൽ കരിമണ്ണും ചെമ്മണ്ണും ഇടകലർന്ന് കൃഷിക്ക് വളരെ അനുയോജ്യമായി കാണപ്പെടുന്നു. എന്നാൽ കുന്നിൽ മണ്ടയിലെ ചിലയിടങ്ങൾ പാറക്കെട്ടുകൾ നിറഞ്ഞതും കരിമൺ പുതപ്പോടുകൂടിയതുമാണ്. കുത്തനെയുള്ള ചരിഞ്ഞ പ്രദേശങ്ങളിൽ ചരൽ നിറഞ്ഞ ചെമ്മണ്ണും മരുതിമലക്കുന്ന് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ പാറക്കെട്ടുകൾ നിറഞ്ഞതും ഉരുൾപൊട്ടലിന് സാദ്ധ്യതയുള്ള പൊടിമണ്ണുമാണ്. ഈ പഞ്ചായത്തിന്റെ ഭൂ വിസ്തൃതിയിൽ ഏറ്റവും കൂടുതലുള്ള ചെറിയ ചരിവ് പ്രദേശങ്ങളിൽ ചരൽ നിറഞ്ഞ ചെമ്മണ്ണും കരിമണ്ണും ഇടകലർന്ന് കാണപ്പെടുന്നു. ഫലപുഷ്ടിയുള്ള കരിമണ്ണും എക്കൽമണ്ണും ചെളിമണ്ണും ഇടകലർന്ന് താഴ്‌വാര പ്രദേശങ്ങളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നു. ഏകദേശം ഒരടിയോളം കരിമണ്ണും അതിനു താഴെ ചെമ്മണ്ണും കാണപ്പെടുന്നത് സമതലങ്ങളിലും ചെറിയ ചരിവുകളിലുമാണ്. ഈ പഞ്ചായത്തിലെ ഉയർന്ന സമതലങ്ങളു കുന്നിൻ മണ്ട പ്രദേശങ്ങളും കുത്തനെയുള്ള ചരിഞ്ഞ പ്രദേശങ്ങളും റബ്ബർ കൃഷിക്ക് അനുയോജ്യമായ മണ്ണുള്ള ഇടങ്ങളാണ്. പഞ്ചായത്തിൽ ഏകദേശം 380 ഹെക്ടറോളം സ്ഥലത്ത് കൃഷി ചെയ്യപ്പെടുന്ന വാഴയ്ക്കും പച്ചക്കറി, തെങ്ങ് തുടങ്ങിയ വിളകൾക്കും പര്യാപ്തമായ മണ്ണ് താഴ്‌വാരങ്ങളിലും സമതലങ്ങളിലും കാണപ്പെടുന്നു.

**ഭൂവിനിയോഗം** (അവലംബം - വില്ലേജ് ഓഫീസ്, കൃഷി രേഖകൾ)

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 9212 ഏക്കർ 80 സെൻറ് ആണ്. ഭൂ പ്രകൃതി അനുസരിച്ചുള്ള കണക്ക് പട്ടിക (1) കാണുക. ഈ പഞ്ചായത്തിലെ മൊത്തം കാർഷിക ഭൂമി, പുരയിടം 5801 ഏക്കർ 68 സെൻറും നിലം 435 ഏക്കർ 35 സെൻറും ആണ്. പഞ്ചായത്തിലെ മൊത്തം പുറംപോക്ക് 128 ഏക്കർ 73 സെൻറ് ആണ്. ഇത് 51 ഏക്കർ 5 സെൻറ് റോഡും 48 ഏക്കർ 50 സെൻറ് തോടും 96 സെൻറ് കുളവും 25 ഏക്കർ 20 സെൻറ് പുഴയും കൂടിച്ചേർന്നതാണ്.

**പാങ്ങോട് പഞ്ചായത്ത് - വിള വിസ്തീർണ്ണം**
(അവലംബം - കൃഷിഭവൻ രേഖകൾ)

| വിള വിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) (1993 - 94) | 95-95 | 95-96 |
|---|---|---|---|
| നെല്ല് | | | |
| 1-ാം വിള | 120 | 120 | 85 |
| 2-ാം വിള | 120 | 120 | 65 |
| 3-ാം വിള | ഇല്ല | ഇല്ല | ഇല്ല |
| പയർ | 20 | 20 | 17 |
| എള്ള് | 5 | 5 | 4 |
| പച്ചക്കറി | 12 | 13 | 15 |
| തെങ്ങ് | 375 | 375 | 350 |
| വാഴ | 380 | 350 | 360 |
| മരച്ചീനി | 147 | 140 | 140 |
| കശുമാവ് | 22 | 22 | 20 |
| റബ്ബർ | 1113 | 1113 | 1120 |
| കമുക് | 15 | 15 | 10 |
| മിശ്രിതവിളകൾ | 122 | 140 | 136 |
| കുരുമുളക് | 14 | 16 | 16 |

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ ഏകദേശം 73% ത്തോളം കൃഷിക്ക് ഉപയോഗിക്കുന്നു. 971.87 ഹെക്ടർ വനപ്രദേശമാണ്. വില്ലേജ് ഓഫീസ് രേഖകൾ പ്രകാരം മൊത്തം കൃഷിയോഗ്യ തരിശു ഭൂമി 2542 ഏക്കർ 2 സെൻറും കൃഷിയോഗ്യമല്ലാത്ത തരിശ് 305 ഏക്കറും ആണ്.

കൃഷിഭവൻ രേഖകളനുസരിച്ച് നെല്ല്, പയർ, എള്ള്, തെങ്ങ, കശുവണ്ടി, എന്നിവയുടെ ഉൽപ്പാദനം, 93 - 94 കാലയളവിൽ നിന്നും 95 - 96 കാലയളവിലെത്തുമ്പോൾ കുറയുന്നതായി കാണപ്പെടുന്നു. നിയന്ത്രണാതീതമായ വയൽ നികത്തലും ജലസേചന സൗകര്യങ്ങളുടെ അഭാവവും നെൽകൃഷിയോടുള്ള ആഭിമുഖ്യക്കുറവും കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നതുമാണ് ഇത്തരം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തേയും ഉൽപ്പാദനക്ഷമതയേയും കുറയ്ക്കുന്നത്. പട്ടിക E പ്രകാരം റബ്ബറിന്റെ ഉൽപ്പാദനം മാത്രമാണ് 93 - 96 കാലയളവിനിടയ്ക്ക് വർദ്ധിച്ചത്. ഉല്പാദനക്ഷമതയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് പട്ടിക E കാണുക.

**ജൈവ സമ്പത്ത്**

ഏകദേശം 970-ഓളം ഹെക്ടർ വനഭൂമിയുള്ള ഈ പഞ്ചായത്തിൽ വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ കാണപ്പെടുന്നു. ഈ പഞ്ചായത്തിലെ ചെട്ടിയക്കൊന്നകയം കാണിസെറ്റിൽമെൻറ് പ്രദേശത്ത് അപൂർവ്വയിനം ഔഷധച്ചെടികളായ ചെത്തിക്കൊടുവേലി, ശതാവരി, സർപ്പഗന്ധി, നീല അമരി, ഉഴിഞ്ഞ, തൊഴുകണ്ണി, കടലാടി, കാഴാർനെല്ലി, ശവക്കോട്ടപ്പച്ച, അക്കരം കൊല്ലി എന്നിവ സമൃദ്ധമായി കാണപ്പെടുന്നു. വനപ്രദേശങ്ങളിൽ കാട്ടുപന്നി, കൂരൻ, കാട്ടുമുയൽ, മുള്ളൻപന്നി, കുറുനരി, എന്നീ മൃഗങ്ങളും കാട്ടുകോഴി, തവിട്ടുകൊക്ക്, കാട, കുളക്കോഴി, ദേശാന്തരഗമനം നടത്തി ഭരതന്നൂർ ജംഗ്ഷനിലെ മരച്ചില്ലകളിൽ കൂട് കെട്ടുന്ന പാതിരാകൊക്ക്, കായൽ കാക്ക, എന്നീ പക്ഷികളും ഈ പഞ്ചായത്തിലെ പക്ഷി മൃഗ സമ്പത്തിന് മാറ്റുകൂട്ടുന്നു.

ഒരു കാലത്ത്, പരമ്പരാഗത കൃഷി സമ്പ്രദായങ്ങൾ നിലനിന്നിരുന്നപ്പോൾ, ഉഴവിനായി കാളയേയും പോത്തിനേയും ഉപയോഗിച്ചിരുന്നുവെങ്കിലും ഇന്ന് നെൽകൃഷിയുടെ ഗണ്യമായ കുറവ് ഇവയുടെ സംഖ്യാബലവും കുറച്ചു. ഇന്ന് പാലിനും ഇറച്ചിക്കും മുട്ടയ്ക്കും വേണ്ടി വളർത്തപ്പെടുന്ന പശു, ആട്, കോഴി എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗപക്ഷി സമ്പത്ത്.

പരമ്പരാഗത കൃഷി സമ്പ്രദായങ്ങളെ മുഴുവൻ തകിടം മറിക്കുന്ന തരത്തിലുള്ള ഒരു കടന്നു കയറ്റമാണ് റബ്ബർ കൃഷി വ്യാപകമാക്കിയതിലൂടെ ഈ പഞ്ചായത്തിൽ സംഭവിച്ചത്. നിയന്ത്രണാതീതമായ രോഗബാധ തെങ്ങ്, കമുക് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കുരുമുളക് കൃഷിക്കും മറ്റ് അനുബന്ധ കാർഷിക വിളകൾക്കും സാദ്ധ്യത തീരെ കുറഞ്ഞു. പഞ്ചായത്തിലെ വന പ്രദേശത്ത് പ്രധാനമായും സംരക്ഷിക്കപ്പെടുന്ന യൂക്കാലിപ്റ്റസ് വളരുന്ന പ്രദേശങ്ങൾ ഊഷരമാക്കപ്പെടുകയും ഇവ വളരുന്ന വന പ്രദേശത്തിന് സമീപത്തുള്ള കാർഷിക വിളയിടങ്ങളെ ജല ദൗർലഭ്യമുള്ളതാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ പഞ്ചായത്തിലുള്ള വനപ്രദേശങ്ങളിലെ മറ്റു സംരക്ഷിത വൃക്ഷങ്ങൾ ആഞ്ഞിലി, തേക്ക്, മരുത്, തേമ്പാവ്, കമ്പകം, ഈട്ടി എന്നിവയാണ്.

**മനുഷ്യസമ്പത്ത്** (അവലംബം - സെൻസസ് റിപ്പോർട്ട് - 1991)

1991 - ലെ സെൻസസ് കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 27438 ആണ്. ഇതിൽ 13281 പുരുഷന്മാരും 14157 സ്ത്രീകളുമാണുള്ളത്. അതായത് പഞ്ചായത്തിലെ പുരുഷന്മാരുടെ എണ്ണത്തെക്കാൾ 876 സ്ത്രീകൾ കൂടുതലാണ്. രണ്ടു ചതുരശ്ര കിലോമീറ്ററിന് 1117 - ആണ് ജന സാന്ദ്രതയുടെ നിരക്ക് ആകെ ജനസംഖ്യയിൽ 6 വയസ്സിന് താഴെയുള്ളവർ 3648 ആണ്. ഇതിൽ ആൺകുട്ടികൾ 1884 ഉം പെൺകുട്ടികൾ 1764-ഉം ആണ്. പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപെട്ടവർ യഥാക്രമം 4351-ഉം 815-ഉം ആണ്. ആകെ ജനസംഖ്യയിൽ 21249 പേർ സാക്ഷരരാണ്. ഇതിൽ പുരുഷന്മാർ 10577-ഉം സ്ത്രീകൾ 10672-ഉം ആണ്. 1990-ൽ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് വേണ്ടി നടത്തിയ സർവ്വെ കണക്കുകൾ പ്രകാരം 6189 നിരക്ഷരരാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 73 ശതമാനം നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞു. 1991-ന് ശേഷം ലഭ്യമായ കണക്കുകൾ അനുസരിച്ച്, പുരുഷന്മാർ സ്ത്രീകളെക്കാൾ സാക്ഷരതയിൽ മുൻപന്തിയിലെത്തിയിട്ടുണ്ട്. ഈ കാലയളവിൽ 92.8% പുരുഷൻമാർ സാക്ഷരത നേടി. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 89.4% ആണ്.

പഞ്ചായത്തിലെ ജനസംഖ്യാ വർദ്ധനവിന്റെ പ്രധാന കാരണം മറ്റു പഞ്ചായത്തുകളിൽ നിന്നും ഈ പഞ്ചായത്തിലേക്കുള്ള കുടിയേറ്റമാണ്. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കഴിഞ്ഞ 5 വർഷത്തിനു മുമ്പ് വരെ ഭൂമിയുടെ വില കുറവായിരുന്നതാണ് കുടിയേറ്റത്തിനുള്ള പ്രധാന കാരണം. കാർഷികേതര തൊഴിൽ മേഖലക്ക് ആവശ്യമായ തൊഴിലാളികൾ കുടുംബത്തോടെ തമിഴ്നാട്ടിൽ നിന്നും വന്നു താമസിക്കുന്നതും ജനസംഖ്യാ വർദ്ധനവിന് കാരണമാകുന്നു.

മൊത്തം ജനസംഖ്യയിൽ വികലാംഗരുടെ എണ്ണം 322 ആണ്. ഇതിൽ പുരുഷൻമാർ 194-ം സ്ത്രീകൾ 128-ം ആണ്.

വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന

**പഞ്ചായത്തിലെ ജനസംഖ്യയെ സംബന്ധിക്കുന്ന വിവരം കാണിക്കുന്ന പട്ടിക**

ചാർട്ട് (b).

| വാർഡ് | വീടുകൾ | മൊത്തം ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ | 5 വയസ്സിന് താഴെ പ്രായമുള്ളവർ | പട്ടിക ജാതി വിഭാഗം | പട്ടിക വർഗ്ഗ വിഭാഗം |
|---|---|---|---|---|---|---|---|
| 1. | 427 | 2227 | 1071 | 1156 | 311 | 89 | -- |
| 2. | 480 | 2105 | 990 | 1115 | 211 | 235 | - |
| 3. | 571 | 2724 | 1378 | 1346 | 252 | 247 | 15 |
| 4. | 415 | 2122 | 1032 | 1090 | 291 | 97 | -- |
| 5. | 609 | 2703 | 1342 | 1361 | 367 | 365 | 395 |
| 6. | 664 | 3006 | 1419 | 1587 | 290 | 111 | -- |
| 7. | 635 | 2700 | 1324 | 1376 | 330 | 833 | -- |
| 8. | 663 | 2927 | 1418 | 1509 | 443 | 883 | 402 |
| 9. | 490 | 2197 | 1040 | 1157 | 294 | 478 | - |
| 10. | 573 | 2694 | 1306 | 1388 | 378 | 641 | -- |
| 11. | 480 | 2033 | 961 | 1072 | 281 | 372 | 3 |
| ആകെ | 6007 | 27438 | 13281 | 14157 | 3648 | 4351 | 815 |

(അവലംബം: സെൻസസ് റിപ്പോർട്ട് 1991)

പഞ്ചായത്തുകളിലൊന്നാണ് പാങ്ങോട്. വിദ്യാഭ്യാസം നേടുന്നവരുടെ സംഖ്യാപരമായ ബലം വർദ്ധിക്കുന്നുണ്ടെങ്കിലും പഠന നിലവാരം പിന്നോക്കം തന്നെയാണെന്നത് അവിതർക്കിതമാണ്. ബിരുദ ബിരുദാനന്തര കോഴ്സുകൾ പാസ്സായി ധാരാളം പേർ പുറത്തു വരുന്നെങ്കിലും അവർക്ക് അർഹമായ തൊഴിലവസരങ്ങൾ തീരെ പരിമിതമാണ്. സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം പഞ്ചായത്തിൽ ഈ മേഖലയിലെ വിദഗ്ധരുടെ സേവനം അന്യമാക്കുന്നു.

മൊത്തം ജനസംഖ്യയിൽ 32.9% അതായത് 9052 പേർ വിവിധ ജോലികളിൽ ഏർപ്പെട്ടിരി

**തൊഴിലെടുക്കുന്നവരുടെ എണ്ണം വിവിധമേഖലകളിൽ (പ്രധാനതൊഴിലുകൾ മാത്രം)**

ചാർട്ട് (c).

| തൊഴിൽ | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|
| കർഷകർ | 1414 | 216 | 1630 | 18.03% |
| കർഷകത്തൊഴിലാളികൾ | 2965 | 1123 | 4088 | 45.16 |
| മൃഗപരിപാലനം, വനമേഖല, മറ്റിനങ്ങൾ | 295 | 336 | 631 | 6.97 |
| ഖനനം, പാറപൊട്ടിക്കൽ | 72 | 88 | 160 | 1.76 |
| കുടിൽ വ്യവസായം | 80 | 35 | 115 | 1.27 |
| ചെറുകിട വ്യവസായം | 263 | 83 | 346 | 3.82 |
| കെട്ടിടം, റോഡ് നിർമ്മാണം | 269 | 216 | 485 | 5.35 |
| വാണിജ്യം | 469 | 80 | 549 | 6.06 |
| ഗതാഗതം, വാർത്താവിനിമയം | 234 | 20 | 254 | 2.80 |
| മറ്റു മേഖലകൾ | 544 | 250 | 794 | 8.78 |
| ആകെ | 6605 | 2447 | 9052 | 100 |

ക്കുന്നു. തൊഴിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

മേൽ കാണിച്ചിരിക്കുന്ന പട്ടികയിലെ കണക്ക് വെളിപ്പെടുത്തുന്നത് സ്ത്രീകളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്കാണ്. പുരുഷൻമാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 72.96% ആയിരിക്കുമ്പോൾ സ്ത്രീകളുടേത് 27.04% മാത്രമാണ്. ഈ വ്യത്യാസത്തിന്റെ പ്രധാന കാരണം കാനേഷുമാരി കണക്കുകൾ സ്ത്രീകൾ ചെയ്യുന്ന കുടുംബത്തിലെ ഉത്പ്പാദനപരമായ ജോലികൾ പരിഗണിക്കുന്നില്ല എന്നതാണ്. ഏകദേശം 20% ആളുകൾ മാത്രമേ കാർഷികമേഖലയെ തൊഴിലിനായി ആശ്രയിക്കുന്നുള്ളൂ. ഇതിൽ തന്നെ ഏകദേശം 14.89% കർഷകത്തൊഴിലാളികളാണ്. കുടിൽ വ്യവസായം, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ മൊത്തം ജനസംഖ്യയുടെ ഏകദേശം 1.58% മാത്രമാണ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. മൊത്തം തൊഴിലാളികളിൽ 6.6% വാണിജ്യമേഖലയിലും 6.97% മൃഗപരിപാലനം, വനമേഖല എന്നിവയിലുമാണ്.

കർഷകത്തൊഴിലാളികളിൽ ഭൂരിപക്ഷവും പുരുഷൻമാരാണ്. എന്നാൽ ഖനനം പാറപൊട്ടിക്കൽ തുടങ്ങിയ തൊഴിൽ മേഖലകളിൽ കൂടുതലും സ്ത്രീകളാണ്.

S.S.L.C. പാസ്സായവരിൽ ഏകദേശം 80% പേരും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരാണ്. ഉപരി പഠനത്തിന് സാധ്യതയില്ലാത്തവരും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ആൾക്കാരിൽ ഏകദേശം 30% പേർ ഇപ്പോൾ പല തൊഴിലുകളിലും ഏർപ്പെട്ടവരാണ്. വ്യാവസായിക സാങ്കേതിക രംഗത്ത് തൊഴിലവസരങ്ങൾ കൂടുതലുണ്ടായാൽ ഒട്ടേറെ പേർക്ക് തൊഴിൽ ലഭിക്കും.



# പ്രാഥമിക മേഖല

- കൃഷി
- ജലസേചനം
- മൃഗസംരക്ഷണം
- മത്സ്യബന്ധനം

# കൃഷി

**കാർഷിക ചരിത്രം :** ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ഈ പഞ്ചായത്ത് പ്രദേശത്ത് കാർഷികമേഖല പൂർണ്ണമായും ജന്മിമാരുടെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. രണ്ടേക്കർ വരെ ഭൂമിയുള്ളവരേയും ചെറുകിട.ജന്മിമാരായി അംഗീകരിച്ചിരുന്നു.താഴ്ന്ന ജാതിക്കാരും സാമ്പത്തികമായി പിന്നോക്കം നിന്നവരും ആണ് കാർഷിക മേഖലയിൽ പ്രധാനമായും തൊഴിലെടുത്തിരുന്നത്. ജോലിസമയം നിജപ്പെടുത്തിയിരുന്നില്ല എന്നതിനാൽ പ്രഭാതം മുതൽ പ്രദോഷം വരെ, കാർഷിക വൃത്തിയിൽ ഏർപ്പെട്ടവർ, ജോലി ചെയ്തിരുന്നു. കാർഷികമേഖലയിൽ പണിയെടുത്തിരുന്നവർക്ക്, ഒന്നരപക്ക നെല്ല് അല്ലെങ്കിൽ 'നാല് ചക്രം' ആയിരുന്നു പ്രതിഫലം.

അന്ന് പ്രധാനമായും കൃഷി ചെയ്യപ്പെട്ടിരുന്നത് നെല്ല്, മരച്ചീനി, വാഴ, വെറ്റില, അടയ്ക്ക എന്നിവ ആയിരുന്നു. ഒരു പറ കണ്ടത്തിൽ പത്തു മുതൽ പതിനഞ്ചുവരെ പറ നെല്ല് വിളഞ്ഞിരുന്നു. ആദ്യകാലങ്ങളിൽ ജൈവ വളം മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. അന്ന് വ്യാപകമായി ഉപയോഗിച്ചിരുന്ന ജൈവ വളങ്ങൾ ചാണകം, ചാമ്പൽ, പച്ചില എന്നിവയായിരുന്നു.

ഭൂമി, സിംഹഭാഗവും, സർക്കാർ ഉടമസ്ഥതയിലായിരുന്നു. മങ്കൊമ്പ് വെങ്കിടാചല ശർമ്മയുടെ ആഗമനത്തോടെ ഈ സ്ഥിതിയ്ക്കൊരു മാറ്റമുണ്ടായി. അദ്ദേഹം തനിക്ക് സർക്കാരിലുണ്ടായിരുന്ന സ്വാധീനം ഉപയോഗിച്ച് കൂടുതൽ ഭൂമി കൈക്കലാക്കുകയും കാർഷിക - സാമ്പത്തിക മേഖലകളിൽ നവീന മാറ്റങ്ങൾക്ക് നാന്ദി കുറിക്കുകയും ചെയ്തു.

പ്രധാനമായും അന്ന് കൃഷി ചെയ്തിരുന്ന നെല്ലിനങ്ങൾ കറുത്ത കാമദേവൻ, വെളുത്ത കാമദേവൻ, മഞ്ഞവാലി, കുരുവിക്കണ്ണി, മഞ്ഞക്കുറുവ, പൂക്കുലക്കുറുവ, ഓവുമുണ്ടൻ, മംഗലാപുരം, ആറാം വെള്ള, മുത്തുശ്ശേരി എന്നിവയായിരുന്നു. വാഴയിനങ്ങളിൽ ഏഴിച്ചാണ, പച്ചക്കപ്പ, ചുവന്ന കപ്പ, നാണിപ്പൂവൻ, പാളയം കോടൻ തുടങ്ങിയവ പ്രധാനപ്പെട്ടവയായിരുന്നു. അന്ന് കൃഷി ചെയ്തി

രുന്ന പ്രധാന മരച്ചീനിയിനങ്ങൾ നാച്ചിക്കുട്ട, കരി മറവൻ കശാലചാടി, ആനകൊമ്പൻ, കലികാലൻ, ഇലവുംവെള്ള, തുടങ്ങിയവയായിരുന്നു.

**ഇന്നത്തെ വിളഭേദങ്ങൾ**

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നെങ്കിലും നവീന കൃഷി സങ്കേതങ്ങളുടെ ആഗമനം വിളചേരുവകളിലും വ്യത്യാസം വരുത്തി. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ ഏകദേശം 73% ത്തോളം കൃഷിക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നു. കൃഷിഭവൻ രേഖകൾ പ്രകാരമുള്ള വിള വിനിയോഗം താഴെ കാണിച്ചിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

**പാങ്ങോട് പഞ്ചായത്ത് - വിള വിസ്തീർണ്ണം**
(അവലംബം - കൃഷിഭവൻ രേഖകൾ)

| വിള വിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) (1993 - 94) | 95-95 | 95-96 |
|---|---|---|---|
| നെല്ല് | | | |
| 1-ാം വിള | 120 | 120 | 85 |
| 2-ാം വിള | 120 | 120 | 85 |
| 3-ാം വിള | ഇല്ല | ഇല്ല | ഇല്ല |
| പയർ | 20 | 20 | 17 |
| എള്ള് | 5 | 5 | 4 |
| പച്ചക്കറി | 12 | 13 | 15 |
| തെങ്ങ് | 375 | 375 | 350 |
| വാഴ | 360 | 350 | 360 |
| മരച്ചീനി | 147 | 140 | 140 |
| കശുമാവ് | 22 | 22 | 20 |
| റബ്ബർ | 1113 | 1113 | 1120 |
| കമുക് | 15 | 15 | 10 |
| മിശ്രിതവിളകൾ | 122 | 140 | 136 |
| കുരുമുളക് | 14 | 16 | 16 |

**ജലസേചന സൗകര്യങ്ങൾ**

ഈ പഞ്ചായത്തിലെ ജലസേചന ആവശ്യങ്ങൾക്കായി പ്രധാനമായും ഉപയോഗിക്കുന്നത് തോടുകൾ, കുളങ്ങൾ, കിണറുകൾ, കുഴൽ കിണറുകൾ എന്നിവയെ ആണ്. പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം 55.15 കി.മീ ആണ്. മിക്കവാറും എല്ലാ തോടുകളും ചിറ്റാർ പുഴയിലാണ് സംഗമിക്കുന്നത് പഞ്ചായത്തിലെ പ്രധാന തോടുകളെ സംബന്ധിച്ച വിവരം ചാർട്ട് ഡി 2 വ്യക്തമാക്കുന്നു.

മേൽപ്പട്ടികയിൽ കാണിച്ചിരിക്കുന്നത്രയും തോടുകൾ ഉണ്ടെങ്കിലും വേനൽകാലത്ത് ഇവ വറ്റി വരണ്ടുപോകുകയും കൃഷിക്ക് രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു. ഇതിന് ശാശ്വതമായി കണ്ടെത്താവുന്ന പരിഹാര മാർഗ്ഗം തടയണകളും ചിറപ്പണകളും നിർമ്മിക്കുക എന്നതാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ചിറപ്പുകൾ ഉണ്ടെങ്കിലും അവ ഉപയോഗശൂന്യമാണ്. ഈ പഞ്ചായത്തിൽ പ്രധാനമായും തടയണകളും ചിറപ്പണകളും നിർമ്മിക്കേണ്ടത് താഴെപ്പറയും വിധമായാൽ വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജല ദൗർലഭ്യതയിൽ നിന്ന് കൃഷിയെ കരകയറ്റാം.

ഈ പഞ്ചായത്തിൽ വിവിധ തോടുകളിൽ തടയണകൾ ചിറപ്പണകൾ നിർമ്മിക്കാവുന്ന സ്ഥലങ്ങളും അവ മൂലം ഗുണം ലഭിക്കുന്ന പ്രദേശങ്ങളും താഴെ കാണിച്ചിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു. ചാർട്ട് G കാണുക.

**തടയണകളുടെ പ്രാധാന്യം**

നമ്മുടെ പഞ്ചായത്തിൽ ധാരാളം മഴ ലഭിക്കുന്നുണ്ടെങ്കിലും പെട്ടെന്ന് തന്നെ ജലം വാർന്നുപോകുന്നതിനാലാണ് വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാകുന്നത്. മഴ വെള്ളം പെട്ടെന്ന് വാർന്നു പോകുന്നത് തടഞ്ഞാൽ മാത്രമേ വരൾച്ചയുടെ രൂക്ഷത കുറക്കാനാകൂ. ഇത്തരത്തിലുള്ള നീർവാർച്ച തടയാൻ അണകൾ ആവശ്യമാണ്. തടയണകൾ നിർമ്മിച്ചാൽ ജലസേചനവും ഒപ്പം കുടിനീർ പ്രശ്നവും പരിഹരിക്കാം.

ജലപ്രവാഹത്തിനു കുറുകെ നിരവധി മണൽ നിറച്ച ചാക്കുകൾ അടുക്കി ജലപ്രവാഹത്തെ തടഞ്ഞു നിർത്തി താല്ക്കാലികമായി സൃഷ്ടിക്കാവുന്ന ജലസംഭരണി എന്നതാണ് തടയണ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ചാക്കുകൾ അടുക്കുന്നതിന് സ്ഥിരമായ ഒരു ഫൗണ്ടേഷൻ ആവശ്യമാണ്. ജലപ്രവാഹം കുറയുന്ന മാസങ്ങളിൽ തടയണ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഫൗണ്ടേഷൻ നിർമ്മിക്കുക. അസ്ഥിവാരം ചുരുങ്ങിയ സമയം കൊണ്ട് നിർമ്മിക്കാം. ജലപ്രവാഹത്തെ ഒരു പരിധി വരെ മാത്രമേ തടയുന്നുള്ളൂ എന്നതിനാൽ നദിയുടെ കീഴ്ഭാഗത്ത് ജലക്ഷാമം നേരിടുന്ന പ്രശ്നം ഉണ്ടാകുന്നില്ല. മാത്രവുമല്ല ഒരു നദിയിൽ തന്നെ പലയിടങ്ങളി

ലായി തടയണ നിർമ്മിക്കാനും ആകും. ചെറിയ തോടുകളിലും അരുവികളിലും വരെ ഈ രീതിയിൽ തടയണകൾ തീർക്കാം.

ഈ രീതിയുടെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം ചെലവ് കുറവ് എന്നതാണ് തടയണ നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കൾ മണലും ചാക്കും മാത്രമാണ്. ഇത് പഞ്ചായത്തിൽ സുലഭവുമാണ്. തടയണ നിർമ്മാണം ജനപങ്കാളിത്തത്തോടെ നടത്താവുന്നതാണ്. നവംബർ ആകുമ്പോഴേക്കും തടയണ നിർമ്മാണം പൂർത്തിയാകണം.എങ്കിൽ മാത്രമേ തുലാവർഷത്തിലൂടെ ലഭിക്കുന്ന ജലം ഒഴുകിപോകുന്നത് തടയാനാകൂ.

തടയണ നിർമ്മാണം വ്യാപകമാകുകയും തടയണകളിൽ ജലം സംഭിക്കപ്പെടുകയും ചെയ്യുമ്പോൾ നമ്മുടെ ഭൂഗർഭ സമ്പത്ത് വർദ്ധിക്കാൻ കാരണമാകും. തടയണകളിലെ ജലം ഭൂമിക്കടിയിലേക്ക് കിനിഞ്ഞിറങ്ങുന്നതാണ് ഇതിന്കാരണം അതോടെ വേനലിൽ വറ്റിത്തുടങ്ങുന്ന കിണറുകൾക്കും കുളങ്ങൾക്കും വേണ്ടത്ര ജലസമ്പത്ത് ലഭിക്കും.

**തടയണകൾ ജലസേചനത്തിനും**

കാർഷിക മേഖലയ്ക്കാവശ്യമായ ജലം നൽകുന്നതിന് തടയണകൾക്ക് കഴിയും. തടയണകൾ നിർമ്മിച്ച് കൃഷിയിടങ്ങളിലേക്ക് ജലം തിരിച്ചു വിടാവുന്നതാണ്. ഇത്തരത്തിൽ ജലം തിരിച്ചു കൊണ്ടു പോകുന്നതിന് വൻകിട കനാലുകളോ തോടുകളോ നിർമ്മിക്കേണ്ടതില്ല. പ്രാദേശിക സാഹചര്യം മാത്രം മതിയാകും. പാഴായിപോകുന്ന ജലം കൊണ്ടുമാത്രം നമുക്ക് നമ്മുടെ ജലസേചന - കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കും.

ഈ പഞ്ചായത്തിലെ തോടുകളുടെ ജല ആവാഹന ശേഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ കരയിടിച്ചിൽ, നിയന്ത്രണാതീതമായ മണലൂറ്റ്, തോടുപുറമ്പോക്ക് കയ്യേറ്റം എന്നിവയാണ്. മേൽപ്പറഞ്ഞ പ്രതികൂല ഘടകങ്ങളെ നിയന്ത്രിച്ചാൽ തോടുകളുടെ ജല ആവാഹന ശേഷി കൂടുകയും അതുവഴി വർഷകാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിച്ച് കൃഷിയെ രക്ഷിക്കാൻ കഴിയുകയും ചെയ്യും.

**കുളങ്ങൾ**

വില്ലേജ് ഓഫീസ് രേഖകൾ അനുസരിച്ച് ഈ പഞ്ചായത്തിലുള്ള പ്രധാന കുളങ്ങൾ തണ്ണിയം (48 സെൻറ്) കാഞ്ചിനട (3 സെൻറ്), ശിവക്ഷേത്രം (30 സെൻറ്) അഞ്ചാനക്കുഴിക്കര (15 സെൻറ്) എന്നിവയാണ്. ഒരു കാലത്ത് 48 സെൻറ് വിസ്തീർണ്ണമുണ്ടായിരുന്ന തണ്ണിയം കുളം ഇന്ന് കയ്യേറ്റം മൂലം നാമാവശേഷമായിത്തീർന്നിരിക്കുകയാണ് പഞ്ചായത്തിലെ മറ്റു പ്രധാന കുളങ്ങൾ പുലിപ്പാറ, പനച്ചക്കോട്, ചാവരുകോണം, ചേന്നാട്, മടവൂർകോണം, പാലോട്ടുകോണം, തലയ്ക്കൽ, കോട്ടയപ്പൻ കാവ് ഏലാത്തലയ്ക്കൽ, കോലിഞ്ചി, വലിയവയൽ, കാക്കാണിക്കര, ഭരതന്നൂർ മാടൻ നട എന്നിവയാണ്. ഇവയിൽ മിക്കതും കരയിടിച്ചിലും കയ്യേറ്റവും മൂലം വിസ്തൃതി കുറഞ്ഞും നശിച്ചുകൊണ്ടുമിരിക്കുന്നു. ഇവയെ സംരക്ഷിച്ചാൽ സമീപ പ്രദേശങ്ങളിലെ ജലസേചനത്തിന് ഒരു പരിധിവരെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.

ജലദൗർലഭ്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന പത്താം വാർഡിൽ മാധവൻ കരിക്കകം, പാലുവള്ളി കരിക്കകം, വലിയ വയൽ, ഏഴുകുടി എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിച്ചാൽ ജലസേചനത്തിനും ഗാർഹിക ആവശ്യങ്ങൾക്കും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും ഇവയെക്കൂടാതെ പാങ്ങോട് പഞ്ചായത്തിൽ പല സ്ഥലങ്ങളിലും കാണപ്പെടുന്ന കുളങ്ങൾ സംരക്ഷിച്ചും അനുയോജ്യമായ സ്ഥലങ്ങൾ പുതിയവ നിർമ്മിച്ചും കൂടുതൽ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളെക്കുറിച്ചുള്ള വിവരം കാണിക്കുന്ന പട്ടിക (ചാർട്ട് d3) വ്യക്തമാക്കുന്നു.

പഞ്ചായത്ത് പ്രദേശത്തുള്ള കുളങ്ങളെപ്പറ്റിയുള്ള വിവരം കാണിക്കുന്ന പട്ടിക

ചാർട്ട് (3)

| | കുളം സ്ഥിതി ചെയ്യുന്ന സ്ഥലം | വാർഡ് |
|---|---|---|
| 1. | പുലിപ്പാറ | I |
| 2. | തണ്ണിയം, അപ്പൂപ്പൻപാറ കുളം | II |
| 3. | ദേശാഭിമാനി | II |
| 4. | ചാവരുകോണം | III |
| 5. | പനച്ചകോട് | III |
| 6. | വാകശ്ശേരി | IV |
| 7. | ശാസ്താംകുന്ന് | IV |
| 8. | കാഞ്ചിനട | IV |

| | | |
|---|---|---|
| 9. | ഉദിമൂട് | V |
| 10. | വാഴവിളക്കാല | V |
| 11. | ഭരതന്നൂർ ശിവക്ഷേത്രം | VI |
| 12. | ചേന്നാട് | VI |
| 13. | ഭരതന്നൂർ മാടനട | VI |
| 14. | മടവൂർ കോണം | VI |
| 15. | വാഴോട്ട്കോണം തലയ്ക്കൽ | VI |
| 16. | കൊച്ചുവയൽ | VII |
| 17. | ചെല്ലാപ്പച്ച | VII |
| 18. | കൊച്ചാനകല്ലുവിള | VIII |
| 19. | കോലിഞ്ചി | VIII |
| 20. | കോട്ടയപ്പൻ കാവ് ഏലാതലയ്കൽ | VIII |
| 21. | അഞ്ചാനുകുഴിക്കര | VIII |
| 22. | കാക്കാണിക്കര | IX |
| 23. | വലിയവയൽ | IX |
| 24. | പാലുവള്ളി തലയ്ക്കൽ | X |
| 25. | ഏഴുകുടി | X |
| 26. | വലിയവേങ്കാട് | X |
| 27. | പച്ചക്കുഴി | XI |
| 28. | മന്ദിരംമുക്ക് | XI |
| 29. | മരവെട്ടിപൊയ്ക | XI |

നിലവിലുള്ള കുളങ്ങൾക്ക് വിസ്തൃതിയും വേണ്ടത്ര ആഴവും ഇല്ലാത്തതിനാൽ വേനൽക്കാലത്ത് ജലലഭ്യത നന്നേ കുറവാണ്.

ഈ പഞ്ചായത്തിൽ 10-ാം വാർഡിലെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത ജലസ്രോതസാണ് വട്ടക്കരിക്കകത്തുള്ളത്. ഒരിക്കലും വറ്റാത്ത ഈ ജലസ്രോതസ് ഒരു സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ആയിരുന്നതിനാൽ ഇത് ഈയടുത്ത കാലത്തായി നികത്തപ്പെട്ടു. സമീപവാസികൾക്ക് ഇതുമൂലം അനുഭവിക്കേണ്ടിവരുന്ന ക്ലേശം വർണ്ണനാതീതമാണ്. അതിനാൽ പരമ്പരാഗതമായി ഉപയോഗിച്ചുവന്ന ഈ ജലസ്രോതസ് വീണ്ടെടുക്കേണ്ടതുണ്ട്.

പറമ്പ് ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കൃഷിഭവൻ സബ്സിഡി അടിസ്ഥാനത്തിൽ അനുവദിക്കുന്ന പമ്പ് സെറ്റുകളെയാണ്. ഇപ്രകാരം പറമ്പ് ജലസേചന ആവശ്യത്തിനായി അനുവദിച്ച പമ്പ് സെറ്റുകളുടെ എണ്ണം 1994-95 കാലയളവിൽ 51 എണ്ണവും 95-96 കാലയളവിൽ 44 എണ്ണവുമാണ്. പറമ്പു ജലസേചനത്തിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലായി നിർമ്മിക്കപ്പെട്ടിട്ടുള്ള കുഴൽ കിണറുകളിൽ അധികവും ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഇവയെ ഫലപ്രദമായി ഉപയോഗിച്ചാൽ ജലസേചന സൗകര്യങ്ങൾ വർദ്ധിക്കും.

## ഉല്പന്നങ്ങളുടെ വിലയും വിപണനവും

പാങ്ങോട് പഞ്ചായത്തിൽപ്രധാനമായും 3 പബ്ലിക്ക് മാർക്കറ്റുകളാണുള്ളത്. അവ പാങ്ങോട്, ഭരതന്നൂർ, വട്ടക്കരിക്കകം എന്നിവിടങ്ങളിലാണ്. പബ്ലിക്ക് മാർക്കറ്റുകളിൽ പ്രധാനമായുംവിപണനം നടത്തപ്പെടുന്നത് കാർഷിക വിഭവങ്ങളാണ്. കാർഷികേതര ഉല്പന്നങ്ങളായ ഈറ്റപ്പായ്, വട്ടി, കുട്ട, കയർ തുടങ്ങിയവയും വിപണനം നടത്തപ്പെടുന്നു. കശുവണ്ടി, അടയ്ക്ക, കുരുമുളക് എന്നിവ പ്രധാനമായും വിപണനം നടത്തപ്പെടുന്നത് വഴിയോരക്കച്ചവടക്കാരിലൂടെയാണ്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന റബർ ഡിപ്പോകളെയാണ് റബർ വിപണനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്. ഈ ഉല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള വില വിവരം താഴെ തന്നിരിക്കുന്ന പട്ടിക വിശദമാക്കുന്നു.

**ഈ പഞ്ചായത്തിൽ വിപണനം നടത്തപ്പെടുന്ന കാർഷികോല്പന്നങ്ങളുടെ വില നിലവാരം**

അവലംബം: നാട്ടറിവ്

| ക്രമ നം. | ഇനം | വില | കി.ഗ്രാമിന് |
|---|---|---|---|
| 1. | റബ്ബർ | 39.00 | കി.ഗ്രാം |
| 2. | തേങ്ങ | 250.00 | 100 എണ്ണം |
| 3. | കുരുമുളക് (പച്ച) | 24.00 | കി.ഗ്രാം |
| 4. | കശുവണ്ടി | | |
| 5. | അടയ്ക്ക | 10.00 | കി.ഗ്രാം |
| 6. | വെറ്റില | 8.00 | |
| 7. | നെല്ല് | 55.00 | ഒരു പറ |
| 8. | മാങ്ങ | 8.00 | |
| 9. | ഇഞ്ചി | 9.00 | കി.ഗ്രാമിന് |
| 10. | മഞ്ഞൾ (പച്ച) | 2.00 | കി.ഗ്രാമിന് |
| 11. | മരച്ചീനി | 3.00 | കി.ഗ്രാമിന് |
| 12. | പച്ചമുളക് | 15.00 | കി.ഗ്രാമിന് |
| 13. | ചേമ്പ് | 7.00 | കി.ഗ്രാമിന് |
| 14. | ചേന | 2.50 | കി.ഗ്രാമിന് |
| 15. | കാച്ചിൽ | 2.00 | കി.ഗ്രാമിന് |
| 16. | നന കിഴങ്ങ് | 3.00 | കി.ഗ്രാമിന് |
| 17. | കൂവകിഴങ്ങ് | 1.50 | കി.ഗ്രാമിന് |
| 18. | കൊക്കോ | | |
| 19. | നാടൻ പയർ | 20.00 | കി.ഗ്രാമിന് |
| 20. | റബർകുരു | 1.50 | കി.ഗ്രാമിന് |

| | | | | | |
|---|---|---|---|---|---|
| 21. വാലക്കുല | | | പാളയംകോടൻ | 8.00 | കി.ഗ്രാമിന് |
| ഏത്തൻ | 12.00 | കി.ഗ്രാമിന് | നാണിപ്പൂവൻ | 10.00 | കി.ഗ്രാമിന് |
| കപ്പ | 18.00 | കി.ഗ്രാമിന് | | | |

**കൃഷിയിടങ്ങളുടെ വലിപ്പച്ചെറുപ്പ വിതരണത്തിൻെറ കണക്കു കാണിക്കുന്ന പട്ടിക**

അവലംബം വില്ലേജ് ഓഫീസ് രേഖകൾ

| ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മേൽ |
| 6033 | 4855 | 3113 | 2312 | 1749 | 810 | 83 |

മേൽപട്ടിക പ്രകാരം ഈ പഞ്ചായത്തിൽ ഒരു സെൻറ് മുതൽ 10 സെൻറ് വരെ കൃഷിഭൂമിയുള്ള 6033 പേരും 10 സെൻറുമുതൽ 25 സെൻറ് വരെയുള്ള ഭൂമി 4855 പേർക്കും 25-50 സെൻറ് ഭൂമിയുള്ളവർ 3113 പേരും 50 സെൻറു മുതൽ 1 ഏക്കർ വരെ ഭൂമിയുള്ളവർ 2312 പേരും 1 മുതൽ 2 ഏക്കർ വരെ ഭൂമിയുള്ളവർ 1749 പേരും 2 മുതൽ 5 ഏക്കർ വരെ ഭൂമിയുള്ളവർ 810 പേരും 5 ഏക്കറിനുമേൽ ഭൂമിയുള്ള 83 പേരും ആണെന്ന് കാണാം. ഇവരിൽ നാമമാത്ര കർഷകർ 4967 പേരും ചെറുകിട കർഷകർ 152 പേരും വൻകിട കർഷകർ 26 പേരും ആണ്. പഞ്ചായത്തിൽ സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരികയാണ്. പഞ്ചായത്തിലെ മൊത്തം കാർഷികജനസംഖ്യ 5718 ആണ്. ഇവരിൽ 1630 പേർ കർഷകരും 4088 പേർ കർഷകത്തൊഴിലാളികളുമാണ്. അതായത് കാർഷിക ജനസംഖ്യയിൽ ഏകദേശം 71.49% കർഷകത്തൊഴിലാളികളാണ്.

## കൂലി-സേവന വ്യവസ്ഥകൾ

പഞ്ചായത്ത് പ്രദേശത്ത് മേഖലയിൽ നിശ്ചിതമായ കൂലിയോ സമയക്ലിപ്തതയോ നിലവിലില്ല. പ്രാദേസിക ഭേദം അനുസരിച്ച് ഇവ ഗണ്യമായി വ്യത്യാസപ്പെടുന്നു.

പഞ്ചായത്തിൽ കാർഷിക മേഖലയിൽ നിലവിലിരിക്കുന്ന കൂലി നിരക്ക് കാണിക്കുന്ന പട്ടിക കാണുക.

| നമ്പർ | തൊഴിൽ | കൂലി പു | കൂലി സ്ത്രീ |
|---|---|---|---|
| 1. | ഉഴവ് | 100 | -- |
| 2. | കിളയ്ക്കൽ | 90 | -- |
| 3. | കളപറിയ്ക്കൽ | -- | 60 |
| 4. | കൊയ്ത്ത് | 80 | 80 |
| 5. | മറ്റുവയൽ പണികൾ | 90 | -- |
| 6. | റബ്ബർടാപ്പിംഗ് (300 മരം) | 60 | -- |
| 7. | തേങ്ങാ ഇടീൽ(ഒരു തെങ്ങിന്) | 5 | -- |
| 8. | റബ്ബർകുഴി(ഒന്നിന്) | 20 | -- |

**രാസവള - കീടനാശിനി ഉപഭോഗം കാണിക്കുന്ന പട്ടിക**

| സ്ഥാപനത്തിൻെറ പേര് | 1993 - 1994 | | | 1994 - 1995 | | | 1995 - 1996 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| സർവ്വീസ്സഹകരണ ബാങ്ക്, പാങ്ങോട് | 710 മെട്രിക്ടൺ | 47.5 Kg. | 165 Kg. | 870 മെട്രിക്ടൺ | 54.75 Kg. | 192 Kg. | 876 മെട്രിക്ടൺ | 58.5 Kg. | 195.5 Kg. |

## വളം ഉപഭോഗം

പാങ്ങോട് സർവ്വീസ് സഹകരണ ബാങ്കിൻെറ നിയന്ത്രണത്തിൻ കീഴിലുള്ള 3 വളം ഡിപ്പോകളാണ് പഞ്ചായത്തിനകത്ത് പ്രധാനമായും വളം, കീടനാശിനി വിപണനം നടത്തുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം 1993-94 കാലയളവിൽ മൊത്തം ഉപയോഗിച്ച രാസവളത്തിൻെറ അളവ് 710 മെട്രിക് ടൺ ആണ്. എന്നാൽ 94 - 95 കാലയളവിൽ 870 മെട്രിക് ടൺ വളം ഉപയോഗിച്ചു. 1995-96 ലെ കണക്കു പ്രകാരം മൊത്തം ഉപയോഗിച്ച രാസവളം 876 മെട്രിക് ടൺ ആണ്. കീടനാശിനികളുടെ ഉപയോഗവും 93 - 96 കാലയളവിൽ ആനുപാതികമായി വർദ്ധിച്ചു. ഇന്ന് പഞ്ചായത്തിൽ കൃഷിക്ക് ഉപയോഗിക്കുന്നത് 90%വും

രാസ വളങ്ങളാണ്.

പഞ്ചായത്തിൽ ജൈവ വളപ്രയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ കാലി സമ്പത്തിൽ ഉണ്ടായ കുറവും ഈ പഞ്ചായത്തിലുണ്ടായിരുന്ന വനപ്രദേശങ്ങൾ വെട്ടിത്തെളിച്ചതും പുരയിടങ്ങളിലെ വൻതോതിലുള്ള മരം മുറിക്കലുമാണ്.

രോഗങ്ങൾ

**പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾക്കു കണ്ടുവരുന്ന രോഗങ്ങൾ കാണിക്കുന്ന പട്ടിക**

| വിള | രോഗം |
|---|---|
| തെങ്ങ് | റൂട്ട് വിൽറ്റ്, ലീഫ് റോട്ട്, ബഡ് റൂട്ട്, സ്റ്റെം ബ്ലീഡിംഗ് |
| കുരുമുളക് | ഇടപ്പുള്ളി രോഗം, റോൾട്ടിംഗ് |
| റബ്ബർ | പൗഡറി മെൽഡ്യൂ, പിങ്ക് |
| നെല്ല് | ചാഴി, യെല്ലോ ലീഫ് ഡിസീസ് മുഞ്ഞ |
| വാഴ | മണ്ടയടപ്പ് |

അവലംബം കൃഷിഭവൻ രേഖകൾ

റബർ, നെല്ല്, പച്ചക്കറികൾ, വാഴ, തെങ്ങ് എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചുവരുന്നത്. പ്രധാനമായി ലഭിക്കുന്ന കീടനാശിനികൾ മെറ്റാസിഡ്, ഏക്കാലക്സ്, മാലത്തിയോൺ, ബി. എച്ച്. സി., ഫ്യൂഡറാൻ, തുരിശ്, എന്നിവയാണ്.

**കാർഷിക വായ്പാ സൗകര്യങ്ങൾ**

ഈ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക് ഉൾപ്പെടെ മൂന്ന് ബാങ്കുകളാണ് ഉള്ളത്. ഇത് കൂടാതെ പാലോടം സഹകരണ കാർഷിക വികസന ബാങ്കും ഈ പഞ്ചായത്തിലെ കർഷകർക്ക് വായ്പകൾ നൽകി വരുന്നു. കാർഷികാവശ്യങ്ങൾക്കായി വായ്പകൾ സ്വീകരിക്കാറുണ്ടെങ്കിലും ഫലപ്രദമായി അവ ഉപയോഗിക്കപ്പെടുന്നില്ല എന്നത് പരക്കെ അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്. ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കാണിക്കുന്നു.

**പാട ശേഖരസമിതികൾ**

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 5 പാ

**ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന പട്ടിക**

| നമ്പർ | ബാങ്കിന്റെ പേര് | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|
| 1. | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 2748000 | 3257000 | 4752000 | 5208000 |
| 2. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 864000 | 925000 | 882000 | 931000 |
| 3. | സർവ്വീസ് സഹകരണ ബാങ്ക് പാങ്ങോട് | -- | -- | -- | 7867720 |
| 4. | സഹകരണ കാർഷിക വികസന ബാങ്ക് പാലോട് | -- | -- | -- | 6618730 |
| | മൊത്തം | 3612000 | 4182000 | 5634000 | 20625450 |

**പാടശേഖരസമിതിയും വിളക്രമങ്ങളും**

അവലംബം കൃഷിഭവൻ രേഖകൾ

| നമ്പർ | ബാങ്കിന്റെ പേര് | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|---|
| 1. | തെക്കേ ഏലാ പാടശേഖര സമിതി | നെല്ല് വാഴ | നെല്ല് വാഴ | പച്ചക്കറി മരച്ചിനി |
| 2. | കാഞ്ചിനട പാടശേഖരസമിതി | നെല്ല് വാഴ | നെല്ല് വാഴ | പച്ചക്കറി മരച്ചീനി |
| 3. | രാമരശ്ശേരി പാടശേഖരസമിതി | നെല്ല് വാഴ | നെല്ല് വാഴ | പച്ചക്കറി മരച്ചീനി |
| 4. | വടക്കേ ഏലാ പാടശേഖരസമിതി | നെല്ല് വാഴ | നെല്ല് വാഴ | പച്ചക്കറി മരച്ചീനി |
| 5. | കൊടുങ്ങം ചേര പാടശേഖരസമിതി | നെല്ല് വാഴ | നെല്ല് വാഴ | പച്ചക്കറി മരച്ചീനി |

ടശേഖരസമിതികൾ ഇപ്പോൾ പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ ഇവയിൽ പലതും വേണ്ടത്ര ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

## തെക്കേ ഏലാ പാടശേഖര സമിതി

പാങ്ങോട് പഞ്ചായത്തിലെ പാടശേഖര സമിതികളിൽ പൂർണ്ണമയും പ്രവർത്തന ക്ഷമമായ ഒന്ന് ഭരതന്നൂർ തെക്കേ ഏലാ പാടശേഖര സമിതിയാണ്. 1989-ൽ പ്രവർത്തനം ആരംഭിച്ച ഈ സമിതിയിൽ ഇപ്പോൾ 79 അംഗങ്ങളാണുള്ളത്. ഭരതന്നൂർ തെക്കേ ഏലായുടെ വിസ്തീർണ്ണം ഇപ്പോൾ ഏകദേശം 50 ഏക്കറോളം ഉണ്ട്. മുമ്പ് ഇത് 62 ഏക്കറോളം വ്യാപിച്ചു കിടന്നു. മറ്റു പാടശേഖരങ്ങളെ അപേക്ഷിച്ച് നെൽകൃഷിയിൽ നിന്നും മറ്റു കൃഷികളിലേക്കുള്ള മാറ്റം ഈ ഏലായിൽ കുറവാണ്. പാടശേഖര സമിതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതോടെ ഉപയോഗിക്കുന്ന വിത്തുകളിലും കൃഷി സങ്കേതങ്ങളിലും ഐകരൂപ്യം കൈവരിക്കാൻ കഴിയുകയും, കൃഷിക്കാരന് വളരെ കഷ്ടനഷ്ടമുണ്ടാക്കുന്ന ചാഴി, പച്ചക്കിളി ശല്യം എന്നിവ വലിയ അളവിൽ കുറയ്ക്കാൻ കഴിയുകയും ചെയ്തു. പഞ്ചായത്തിലുള്ള അഞ്ച് പാടശേഖര സമിതികളും ചേർന്ന് ഒരു 'സംയുക്ത പാടശേഖര സമിതി' യുണ്ട്. അതിൻെറ നേതൃത്വത്തിലാണ് ട്രില്ലർ പ്രവർത്തിപ്പിക്കുന്നത്. നിലം ഉഴുന്നതിന് ട്രില്ലർ ഉപയോഗിക്കുന്നതിനാൽ ഉഴവു കൂലി 50% ആയി കുറയ്ക്കാൻ കർഷകന് കഴിഞ്ഞു. പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള കൃഷി രീതി പ്രതികൂല കാലാവസ്ഥയിൽ പലപ്പോഴും നെൽകൃഷിയെ നഷ്ടത്തിലാക്കുന്നു. വയൽ പണിക്ക് ആവശ്യമായ തൊഴിലാളികളെ ലഭിക്കായ്ക, വർദ്ധിച്ച നെൽകൃഷിച്ചെലവ് എന്നിവ ഈ രംഗത്ത് കൃഷിക്കാർക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന ഏറ്റവും രൂക്ഷമായ പ്രശ്നങ്ങളാണ്.

നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു ഘടകം പെട്ടെന്ന് പടർന്നു പിടിക്കുന്ന രോഗബാധയാണ്. സന്ദർഭോചിതമായി മരുന്ന് പ്രയോഗത്തിനുള്ള സാദ്ധ്യത, മരുന്നുകളുടെ ലഭ്യതയില്ലായ്മ മൂലം കുറയുന്നു. പലപ്പോഴും കൃഷിഭവനിൽ നിന്നും ലഭിക്കുന്ന നെൽവിത്ത് തന്നെ (NSC വിത്തുകൾ ഒഴികെ) വളരെ തരം താഴ്ന്നതും ഗുണനിലവാരം ഇല്ലാത്തതുമാണ്.

## കേരവികസന സമിതി

1994 - ൽ രജിസ്റ്റർ ചെയ്യപ്പെട്ട പാങ്ങോട് കേരവികസന സിതി 1573-ഓളം അംഗങ്ങളുമായി കേരളത്തിലെ ഏറ്റവും വലിയ കേരവികസന സമിതികളിലൊന്നായി പ്രവർത്തിക്കുന്നു. 707 'A' ക്ലാസ്സ് അംഗങ്ങളും 682 'B' ക്ലാസ്സ് അംഗങ്ങളും 184 പട്ടിക ജാതി - പട്ടിക വർഗ്ഗ അംഗങ്ങളും ചേർന്നതാണ് ഈ സമിതി.

കേരവികസനത്തിനായി പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

## സമഗ്രകേര വികസന പരിപാടി

*കിണർ നിർമ്മാണവും പമ്പുസെറ്റ് സ്ഥാപിക്കലും*

തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനം നടത്തുന്നതിനായി ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി മൂലം 30 സെൻറ് ഭൂമി ഉള്ള ഒരാളിന് നേട്ടം ലഭിക്കുന്നു. പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 30 സെൻറ് പുരയിടത്തിൽ കായ്ഫലം ഉള്ളതും ഇല്ലാത്തതുമായ 25 തെങ്ങെങ്കിലും ഉണ്ടായിരിക്കണം. 2500 രൂപാ വീതം ഈ പദ്ധതിയിൽ ഗുണഭോക്താവിന് സബ്സിഡിയായി ലഭിക്കുന്നു.

*പട്ടികജാതിക്കാർക്കായുള്ള കിണർ നിർമ്മാണം*

ഈ പദ്ധതി അനുസരിച്ച് ഗുണം ലഭിക്കുന്നതിന് ഗുണഭോക്താവിന് 30 സെൻറ് ഭൂമി ഉണ്ടായിരിക്കണം. സബ്സിഡിയായി 10,000 രൂപ അനുവദിക്കും. 1996-97 കാലയളവിൽ ഈ പദ്ധതി അനുസരിച്ച് ഒരാളിന് ഗുണം ലഭിക്കും.

*തെങ്ങ്കയറ്റ യന്ത്രം വാങ്ങൽ*

ഈ പദ്ധതിയിൽ 500 രൂപ സബ്സിഡിയായി ലഭിക്കുന്നു.

*റോക്ക് സ്പ്രെയർ*

റോക് സ്പ്രെയർ വാങ്ങുന്നതിന് കൃഷിഭവനിൽ നിന്ന് 1000 രൂപ സബ്സിഡി അനുവദിക്കുന്നു.

*കമ്മ്യൂണിറ്റി ഇറിഗേഷൻ*

1996-97 കാലയളവിൽ 5 ഹെക്ടറോളം സ്ഥലത്ത് ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മൊത്തം ചെലവിൻെറ 85% വും സബ്സിഡി

യായി ലഭിക്കുന്നു. അവശേഷിക്കുന്ന 15% ഗുണ ഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണ്.

### സ്പെഷ്യൽ കോംപോണൻറ് പ്ലാൻ

ഈ പദ്ധതി അനുസരിച്ച് ഹരിജൻ കോളനി കളായ ചെല്ലാപ്പച്ച, രാമരശ്ശേരി, മൂലപ്പേഴ്, പാങ്കാട് വട്ടക്കരിക്കകം, പാലുവള്ളി എന്നിവിടങ്ങളിൽ ഏകദേശം 5 ഏക്കറോളം സ്ഥലത്ത് നവീന സങ്കരയിനം തെങ്ങ് കൃഷി നടത്താൻ 1996 - 97 കാലയളവിൽ ഉദ്ദേശിക്കുന്നു. ഈ പദ്ധതി അനുസരിച്ച് ഭൂ രഹിതരായ വേടർ സമുദായ അംഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്.

മുറിച്ചു മാറ്റൽ പദ്ധതി പ്രകാരം 1995-96 കാലയളവിൽ 2900 രോഗബാധയേറ്റ തെങ്ങുകൾ മുറിച്ചു മാറ്റപ്പെടുകയും പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും ചെയ്തു. ഇതേ കാലയളവിൽ 51 പമ്പ് സെറ്റുകൾക്കും 45 കിണറുകൾക്കും ആവശ്യമായ ധനസഹായം സബ്സിഡിയോടുകൂടി നൽകി.

ഈ കാലയളവിൽ 15Kg വീതമുള്ള 467 വളം കിറ്റുകളും 30 കി.ഗ്രാം വീതമുള്ള 240 കിറ്റുകളും 20 കി.ഗ്രാം വീതമുള്ള 120 വളം കിറ്റുകളും വിതരണം ചെയ്യപ്പെട്ടു. 95-96 കാലയളവിൽ 1530 രോഗബാധയേറ്റ തെങ്ങുകൾ മുറിച്ചു മാറ്റപ്പെടുകയും പകരം ഗുണമേന്മയുള്ള സങ്കരയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും ചെയ്തു.95 - 96 -ൽ ജലസേചനത്തിനായി 44 പമ്പ് സെറ്റുകളും 30 കിണറുകളും സബ്സിഡിയോടുകൂടി അനുവദിക്കപ്പെട്ടു. ഈ കാലയളവിൽ 5 കിലോഗ്രാമിൻെറ

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ സൂചിപ്പിക്കുന്ന പട്ടിക

(അവലംബം: കൃഷിഭവൻ രേഖകൾ)

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം സെൻറ് | തെങ്ങ് എണ്ണം കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ |
|---|---|---|---|---|
| 1. | 38231 | 4020 | 12225 | 16245 |
| 2. | 34149 | 5896 | 24988 | 30884 |
| 3. | 38771 | 3087 | 5116 | 8203 |
| 4. | 42740 | 5528 | 6544 | 12072 |
| 5. | 52185 | 6233 | 5341 | 11574 |
| 6. | 34936 | 5652 | 7671 | 13323 |
| 7. | 19338 | 4664 | 6079 | 10743 |
| 8. | 52025 | 9107 | 5581 | 10688 |
| 9. | 33807 | 3444 | 4616 | 8060 |
| 10. | 132160 | 3574 | 8504 | 12078 |
| 11. | 26491 | 4339 | 2703 | 7042 |

350 വളം കിറ്റുകളും 10 കി.ഗ്രാം തൂക്കമുള്ള 220 വളം കിറ്റുകളും 20 കി.ഗ്രാം തൂക്കമുള്ള 50 കിറ്റുകളും വിതരണം ചെയ്യപ്പെട്ടു.

സമഗ്ര റബർ കൃഷി വികസനത്തിൻെറ ഭാഗമായി കൊച്ചടപ്പുപാറ ഗിരിവർഗ്ഗ കോളനിയിൽ കൃഷി വകുപ്പിൻെറ സഹായത്തോടെ റബ്ബർകൃഷി നടത്താനുള്ള ഒരു പദ്ധതി 95 - 96 കാലയളവിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ കാലയളവിൽ 25

സെൻറുവീതമുള്ള 80 യൂണിറ്റുകളിൽ റബ്ബർ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇതിനായി 1637 രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് 96 - 97 വർഷത്തിൽ യൂണിറ്റൊന്നിന് 1000 രൂപ ധനസഹായം നൽകുന്നു.

### ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ ദാന പദ്ധതി

കൃഷിഭവനിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് ഇത്. ഏകദേശം 136 ഓളം പേർ ഈ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ യുവജനങ്ങൾക്ക് അവർ ചെയ്യാനുദ്ദേശിക്കുന്ന തൊഴിലുമായി ബന്ധപ്പെട്ട പരിശീലനം നൽകിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന സ്കീമുകൾ പ്രധാനമായും താഴെ പറയുന്നവയാണ്.

| സ്കീമിൻെറ പേര് | നൽകുന്ന സബ്സിഡി |
|---|---|
| വെറ്റിലകൃഷി | Rs.3,000 |
| ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകൾ | Rs.8,000 |
| സഞ്ചരിക്കുന്ന പച്ചക്കറി സ്റ്റാൾ | Rs.5,000 |
| കൊപ്രാ സംസ്കരം | Rs.25,000 |
| പി.പി. സ്ക്വാഡ് | Rs.2,500 |

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഈ പദ്ധതിയിലെ സ്കീമുകൾ

| സ്കീമിൻെറ പേര് | നൽകുന്ന സബ്സിഡി |
|---|---|
| കാലിത്തൊഴുത്ത് നിർമ്മാണം | Rs.1250 |
| ധാതു മിശ്രിതം | Rs.136 |
| സൈക്കിളും ക്യാനും | Rs.2500 |
| മുയൽ വളർത്തൽ യൂണിറ്റ് ഒന്നിന് | Rs.3000 |

### ഉദ്യാനകൃഷി പദ്ധതി

25 സെൻറ് വീതമുള്ള രണ്ട് യൂണിറ്റുകളെ ഈ പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ട്. ഓരോ യൂണിറ്റിനും 1000 രൂപ സബ്സിഡിയായി ലഭിക്കും.

### ഡ്രിപ്പ് ഇറിഗേഷൻ

ഈ പദ്ധതി അനുസരിച്ച് ജലസേചനം നടത്തുന്ന പ്രദേശങ്ങൾ ഏകദേശം 1.3 ഹെക്ടറോളം ഉണ്ട്. ഈ പദ്ധതിയിൻ കീഴിൽ 15,000 രൂപ വരെ ഹെക്ടറൊന്നിന് സബ്സിഡിയായി ലഭിക്കും.

### കശുവണ്ടി കൃഷി വികസനം

കശുമാവ് കൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി 480 ഗ്രാഫ്റ്റുകൾ കൃഷിഭവൻ മുഖേന വിതരണം നടത്തിയിട്ടുണ്ട്. ഇവ നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ ചെലവിലേക്കായി കുഴിയൊന്നിന് 3 രൂപാ വീതം ഗുണഭോക്താക്കൾക്ക് നൽകുന്നു.

### ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം

കൃഷിഭവൻെറ കീഴിൽ 96-97 കാലയളവിൽ ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകി വരുന്ന പദ്ധതിയുണ്ട് ഈ പദ്ധതി അനുസരിച്ച് ഗുണഭോക്താവിന് രണ്ടോ അതിലധികമോ പശുക്കളോ എരുമകളോ ഉണ്ടായിരിക്കണം. സബ്സിഡിയായി 2400 രൂപ ഈ പദ്ധതിയിൽ അനുവദിക്കുന്നു.

സംയോജിത സുഗന്ധവിള വികസന പരിപാടിയും കൃഷിഭവൻ മുഖേന നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം കൃഷിഭവനിലൂടെ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന മറ്റൊന്നാണ് വിള ഇൻഷുറൻസ് പദ്ധതി.

### പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത:- ഈ പഞ്ചായത്തിൻെറ 8, 9, 10, 11 വാർഡുകൾ വർഷത്തിൽ നല്ലൊരു പങ്കും ജല ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നവയാണ്.
2. ശാസ്ത്രീയമായ മണ്ണു പരിശോധന പഞ്ചായത്തിൽ ഇല്ല. മണ്ണൊലിപ്പ് സർവ്വസാധാരണമായ സ്ഥലങ്ങൾ ഭൂരിഭാഗവും കുന്നിൻ പ്രദേശങ്ങളാണ്.
3. കൃഷിഭവൻെറ സേവനങ്ങൾ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തുമുള്ള കർഷകർക്ക് യഥാസമയം ലഭിക്കുന്നില്ല.
4. നെൽകൃഷിയിടങ്ങളുടെ വിസ്തൃതി കുറയുന്നു.
5. പച്ചക്കറിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഊർജ്ജിതമല്ല.

6. റബ്ബർ കർഷകർക്ക് ആവശ്യമായ സൗകര്യങ്ങളുടെ അപര്യാപ്തത.
7. ഗ്രൂപ്പ് ഫാമിംഗ് വ്യാപകമല്ല.
8. കാർഷികോൽപ്പന്നങ്ങളുടെ വിപണന സൗകര്യക്കുറവ്.
9. കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങൾ.
10. കർഷകത്തൊഴിലാളികളുടെ എണ്ണക്കുറവ്.
11. നാളീകേരത്തിന്റെ വിലക്കുറവ്, നല്ലയിനം തൈകൾ ലഭിക്കായ്ക.
12. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാത്തത് മൂലം ഉൽപ്പാദനക്ഷമത കുറയുന്നു.
13. ആധുനിക കാർഷികോപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷി സമ്പ്രദായം വ്യാപകമല്ല.
14. ജൈവ വളങ്ങളുടെ ദൗർലഭ്യം.
15. ഉൽപ്പന്ന സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഇല്ല.

**സാധ്യതകൾ**

*ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക*

പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ കൂടി ഒഴുകുന്ന തോടുകളിൽ ചാർട്ട് '9' യിൽ കാണിച്ചിരിക്കുന്ന വിധം തടയണകൾ നിർമ്മിക്കുക. പാടശേഖരസമിതികളുടെ സഹായത്തോടെ ഏലായുടെ ആവശ്യമുള്ള ഭാഗങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക. പഞ്ചായത്തിലുള്ള മുഴുവൻ തോടുകളേയും യഥാസമയം അറ്റകുറ്റപണികൾ നടത്തി ജല ആവാഹന ശേഷി വർദ്ധിപ്പിക്കുക. മുൻ പേജുകളിൽ സൂചിപ്പിച്ചിട്ടുള്ള കുളങ്ങൾ വൃത്തിയാക്കി ജനസേചനത്തിനായി ഉപയോഗിക്കുക. ഓരോ പാടശേഖര സമിതികളുടേയും മേൽ നോട്ടത്തിൻ കീഴിൽ തോട് - കുളം സംരക്ഷണ സമിതികൾക്ക് രൂപം നൽകുക. കൃഷി ഭവനിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഡ്രിപ്പ് ഇറിഗേഷൻ, മറ്റു ജലസേചന പദ്ധതികൾ എന്നിവ ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാകത്തക്കവിധം നടപ്പിലാക്കുക.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന 8, 9, 10, 11 എന്നീ വാർഡുകളിൽ പറമ്പ് ജലസേചനത്തിനായി കൂടുതൽ പമ്പുസെറ്റുകളും കുളങ്ങളും നിർമ്മിക്കുക. തോടുകളുടെ കുറുകെ തൂണുകൾ പണിത് മുകളിൽ നടപ്പാലം നിർമ്മിച്ച് പലക ഷട്ടറുകളിട്ട് ജല നിരപ്പുയർത്തി കനാൽ ജലസേചനത്തിനുപയോഗിക്കുക. ജലദൗർലഭ്യമുള്ള കുന്നിൻ പ്രദേശങ്ങളിൽ ആവശ്യമുള്ളത്ര കുഴൽ കിണറുകൾ കുഴിക്കുക.

*2. മണ്ണു സംരക്ഷണത്തിനുള്ള നടപടികൾ ആരംഭിക്കുക*

ശാസ്ത്രീയമായ മണ്ണ് പരിശോധന ഏർപ്പെടുത്തുന്നതോടൊപ്പം മണ്ണ് സംരക്ഷണത്തിനായി കുറ്റിക്കാടുകളും വനങ്ങളും വച്ച് പിടിപ്പിക്കുക, ശക്തമായ നീരൊഴുക്ക് നിയന്ത്രിക്കുക. മണ്ണൊലിപ്പ് ഇല്ലാതാക്കുന്നതിനായി പരമ്പരാഗതമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക, മണ്ണൊലിപ്പ് കൂടുതലുള്ള പ്രദേശങ്ങളുൾക്കൊള്ളുന്ന വാർഡ് 8, 9, 10, 11 എന്നിവിടങ്ങളിൽ ആവശ്യമുള്ള സ്ഥലത്ത് വേണ്ടത്ര ബണ്ടുകൾ നിർമ്മിക്കുക.

*3. കൃഷിഭവന്റെ സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക*

കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളെക്കുറിച്ചും യഥാർത്ഥ കർഷകരെ അറിയിക്കുക. കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിൽ എല്ലാ പ്രദേശങ്ങളിലും എത്തത്തക്കവിധം ക്രമീകരിക്കുക. യഥാർത്ഥ കർഷകർക്കു മാത്രം സഹായങ്ങളും സേവനങ്ങളു നൽകുക. ഇതിനായി കൃഷി ഭവൻ മുഖേന വിതരണം നടത്തുന്ന അഗ്രികൾച്ചറൽ കാർഡ് ഓരോ കർഷകനും നൽകുക. ഇത്തരത്തിൽ കാർഡ് നൽകിയാൽ കൃഷിഭവനിലൂടെ നൽകുന്ന സേവനങ്ങളും സഹായങ്ങളും യഥാർത്ഥ കർഷകന് തന്നെയാണോ ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ കഴിയും. കൃഷി ഭവനിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് കർഷകരെ ബോധവൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുക. കാർഷിക വികസന സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ യഥാർത്ഥ കർഷകരാണെന്ന് ഉറപ്പു വരുത്തുക. കൂടുതൽ അഗ്രിക്കൾച്ചറൽ ഡെമോൺസ്ട്രേറ്റർമാരുടെ സേവനം ലഭ്യമാക്കുക.

*4. നെൽകൃഷി കൂടുതൽ വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിക്കുക*

അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്ന നെൽ

പ്പാടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി വയൽ നികത്തൽ, നെൽപ്പാടങ്ങളിലെ മറ്റുള്ള കാർഷിക വിളകളുടെ വ്യാപനം എന്നിവ കർശനമായ നിയമം ഉപയോഗിച്ച് നിരോധിക്കുക. നെൽകൃഷിക്കായി നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുക. പാടശേഖരസമിതികളിലെ അംഗങ്ങൾക്ക് നൽകുന്ന പ്രൊഡക്ഷൻ ബോണസ്സ് യഥാസമയത്ത് ലഭ്യമാക്കുക. കൃഷി ഭവനിലൂടെ വിതരണം നടത്തപ്പെടുന്ന നെൽവിത്തുകളുടെ ഗുണമേന്മ ഉറപ്പു വരുത്തുക. നെൽകൃഷിക്ക് ആവശ്യമായ വളം, വിത്ത് മരുന്ന് എന്നിവ സുലഭമായി കിട്ടുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക, നെൽകൃഷിക്ക് ജൈവ വളപ്രയോഗം കൂടുതൽ പ്രചരിപ്പിക്കുക.

*വിള ഇൻഷുറൻസ് പദ്ധതി കൂടുതൽ വിപുലീകരിക്കുക*

കൃഷിയെ സംരക്ഷിക്കുന്നതിനും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്നവർക്ക് ആത്മവിശ്വാസം നൽകുന്നതിന് ഉതകുന്ന തരത്തിൽ വിള ഇൻഷുറൻസ് പദ്ധതി കൂടുതൽ ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ച് വിപുലീകരിക്കുക.

## പച്ചക്കറി കൃഷി

പാങ്ങോട് പഞ്ചായത്തിൽ ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ പച്ചക്കറിയുടെ സിംഹഭാഗവും മറ്റു സ്ഥലങ്ങളിൽ നിന്നാണ് എത്തുന്നത്. ഈ സ്ഥിതിക്ക് ഒരു മാറ്റം വരുത്തുവാൻ പച്ചക്കറികൃഷി കൂടുതൽ വ്യാപകമാക്കുക. ഇതിനായി ഉൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി വിപണനം നടത്തുന്നതിനം കർഷകരെ സഹായിക്കുന്ന ഒരു സംഭരണകേന്ദ്രം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും അധികം ഇറക്കുമതി ചെയ്യപ്പെടുന്ന ഒന്നാണ് പച്ചക്കറി. ഇത്തരത്തിലുള്ള പച്ചക്കറി ഇറക്കുമതികൊണ്ട് സാമ്പത്തിക നഷ്ടവും തൊഴിൽ നഷ്ടവും ഒരു പോലെ ഉണ്ടാകുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വന്നേ തീരൂ. ഇതിനായി പച്ചക്കറി കൃഷിയെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റേണ്ടതുണ്ട്.

പച്ചക്കറി കൃഷി വ്യാപകമായി നടത്തുന്നതിന് പഞ്ചായത്ത് ഒരു ബൃഹത്തായ പദ്ധതി കൃഷി ഭവന്റെ സഹകരണത്തോടെ തയ്യാറാക്കണം. പഞ്ചായത്തിനകത്തുള്ള മുഴുവൻ വീടുകൾക്കും സ്വന്തം ആവശ്യത്തിനെങ്കിലും തികയുന്നത്ര പച്ചക്കറി അവരവർ തന്നെ കൃഷി ചെയ്ത് ഉല്പാദിപ്പിക്കുക എന്നതായിരിക്കണം ഈ പരിപാടിയുടെ ലക്ഷ്യം. ഇതിനായി പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും ജനകീയ കമ്മിറ്റികൾ ഉണ്ടാക്കണം. ആവശ്യമായ വത്തുകൾ കൃഷിഭവൻ വഴി ലഭ്യമാക്കി ഓരോ വീടിനും സൗജന്യമായി വിത്ത് വിതരണം നടത്തുകയും ചെയ്യുക. ഓരോ വാർഡുതലത്തിലും രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റികൾ പച്ചക്കറി നിരീക്ഷിച്ച് പ്രോത്സാഹിപ്പിക്കുവാൻ നിരന്തരം വീടുകൾ സന്ദർശിക്കുകയും വേണം. 25 വീടുകളിലെ കൃഷി നിരീക്ഷിക്കുന്നതിന് 5 പേർ എന്ന കണക്കിൽ വാർഡുതല കമ്മിറ്റികൾ വിപുലമാക്കണം. ആവശ്യമുള്ള സമയത്ത് വാർഡുതല കമ്മിറ്റികൾ വിപുലമാക്കണം. ആവശ്യമുള്ള സമയത്ത് വാർഡുതല കമ്മിറ്റികൾ കൂടുകയും പ്രശ്നങ്ങളും സാദ്ധ്യതകളും വിശകലനം ചെയ്യുകയും വേണം.

കഴിയുന്നത്ര രാസവള-കീടനാശിനിപ്രയോഗത്തെ ആശ്രയിക്കാതെ വേണം ഈ രീതി നടപ്പിലാക്കേണ്ടത്.

പാഴായികൊണ്ടിരിക്കുന്ന മാനവ വിഭവശേഷി ഉല്പാദനപരമായ മേഖലയിലേക്ക് തിരിച്ചുവിടാൻ ഈ രീതി നമ്മെ സഹായിക്കും. ഇത്തരം ഒരു കൃഷിരീതി നാം ശാസ്ത്രീയമായി നടപ്പിലാക്കിയാൽ ആവശ്യത്തിന് പച്ചക്കറി ഉല്പാദിപ്പിക്കാനും അതുവഴി പച്ചക്കറിയുടെവില കുറയ്ക്കാനും സാധിക്കും. ആവശ്യത്തിലധികമുള്ളത് മറ്റ് സ്ഥലങ്ങളിൽ വില്ക്കാനും അങ്ങനെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

*റബ്ബർ നഴ്സറികൾ*

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇന്ന് ധാരാളം റബ്ബർ നഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം നഴ്സറികൾ ഗുണനിലവാരമുള്ള റബ്ബർ തൈകൾ വിതരണം നടത്തുന്നതിനാൽ പഞ്ചായത്തിനകത്ത് റബ്ബർ കൃഷി ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ കൃഷിഭവൻ അംഗീകാരമുള്ള ഒരേ ഒരു മിക്സഡ് നഴ്സറിയാണ് ദർഭവിളയിലുള്ള ഷീജാറബ്ബർ നഴ്സറി. ഇവിടെ റബ്ബർ, കുരുമുളക്, മാവ്, പ്ലാവ് മറ്റ് ഫല വൃ

ക്ഷങ്ങൾ എന്നിവയുടെ ഗുണമേന്മ കൂടിയ തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്.

## റബ്ബർ കൃഷി

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് റബ്ബർ ആണ് കൃഷി ചെയ്യപ്പെടുന്ന തെങ്കിലും റബ്ബർ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനാവശ്യമായ ഒരു പഞ്ചായത്ത് തല സമിതി നിലവിലില്ല. ഇത്തരത്തിൽ ഒരു സമിതി രൂപീകരിക്കേണ്ടതുണ്ട്. റബ്ബർ കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും അവർക്കാവശ്യമായ ധനസഹായം യഥാസമയത്ത് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിണ്ടേതുണ്ട്.

ഗ്രൂപ്പ് ഫാമിംഗ് കൂടുതൽ വിപുലമാക്കുക. മുഖ്യവിളകളായ നെല്ലിനും പച്ചക്കറിക്കും ഗ്രൂപ്പ് ഫാമിംഗം ഏർപ്പെടുത്തുക. നിലവിലുള്ള കർഷക സമിതികളെ കൂടുതൽ പ്രവർത്തനക്ഷമമാക്കി ഇതിന് തയ്യാറാക്കുക.

കാർഷികോൽപ്പന്നങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രങ്ങൾ ആവശ്യമാണ്. പ്രധാന ഉൽപ്പന്നങ്ങളായ നെല്ല്, തേങ്ങ, റബ്ബർ എന്നിവയ്ക്ക് സഹകരണ മേഖലയുടെ സഹായത്തോടെ പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രങ്ങൾ ആവശ്യമാണ്. കേര സംസ്കരണ യൂണിറ്റ്, റബ്ബർ പാൽ സംഭരിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനാവശ്യമായ എല്ലാ സാഹചര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഈ രീതിയിൽ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് സംവിധാനം ഉണ്ടാക്കിയാൽ ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകർക്ക് ന്യായവില ലഭ്യമാക്കുവാൻ സാധിക്കും. ഇത് കർഷകർക്ക് കൃഷി വിപുലീകരിക്കുന്നതിന് കൂടുതൽ പ്രോത്സാഹനം നൽകുകയും ചെയ്യും.

പഞ്ചായത്തിനകത്ത് കൂടുതൽ സ്ഥലത്ത് പുഷ്പ - ഫല ഉൽപ്പാദനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. ഇതിനായി പുഷ്പ - ഫല - സസ്യങ്ങളുടെ വിതരണം സ്കൂളുകൾ മുഖാന്തിരം നടത്തുക.

ഇതിനു പുറമെ കാർഷിക വിളകളെ ബാധിക്കുന്ന രോഗബാധ തടയുന്നതിന് യഥാസമയം കൃഷിഭവനിലൂടെ നടപടികൾ സ്വീകരിക്കുക. കുരുമുളക് കൃഷിക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക. കാർഷികോൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ പഞ്ചായത്തിനകത്ത് തന്നെ ഏർപ്പെടുത്തുക. ഏറ്റവും മികച്ച കർഷകരെ കണ്ടെത്തി അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുക. ഏകീകൃതമായ കൂലി, സമയക്ലിപ്തത എന്നിവ കാർഷിക മേഖലയിൽ അത്യാവശ്യമാണ്. ഇത് നടപ്പിലാക്കുന്നതിന് ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കുക.

വളരെ ചെലവ് കുറഞ്ഞതും, ലാഭകരമായി, കുറഞ്ഞ സമയ പരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺകൃഷി നടപ്പിലാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുക. പഞ്ചായത്തിനകത്തുള്ള തരിശു ഭൂമിയിൽ കശുമാവ് തുടങ്ങിയ കൃഷി ചെയ്യുക. തെങ്ങിൽ കുരുമുളക് വച്ചു പിടിപ്പിക്കുന്നതിന് കൂടുതൽ ശുഷ്കാന്തി കാണിക്കുക. പ്രാദേശികമായി വിത്തുകൾ സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. മുന്തിയ ഇനം ഫലവൃക്ഷതൈകൾ, മറ്റു നടീൽ വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്നതിന് നഴ്സറികളുടെ സേവനം ഉപയോഗിക്കുക.

## പാങ്ങോട് പഞ്ചായത്തിലെ ചെറുകിട ജലസേചന തോടുകൾ
## (ചാർട്ട് D2)

(അവലംബം : വില്ലേജ് ഓഫീസ്രേഖകൾ)

| ക്രമ നമ്പർ | തോടിൻെറ പേര് | തോട്കടന്നു പോകുന്ന വാർഡുകൾ | മൊത്തം നീളം (മീറ്റർ) | വീതി (മീറ്റർ) |
|---|---|---|---|---|
| 1 | മരുതമൺ - മുണ്ടോണിക്കത്ഥ | I | 500 | 3 |
| 2 | തണ്ണിയം - മരുതമൺ | II | 2000 | 4 |
| 3 | മണക്കോട് - മരുതമൺ | I | 4000 | 4 |
| 4 | കൊടുങ്ങഞ്ചേരി - ചെങ്ങഴശേരി - കാഞ്ചിനട | IV | 4500 | 5 |
| 5 | ഉളിയൻകോട് - തഴമ്പന്നൂർ - വാകശേരി | IV | 1500 | 3 |
| 6 | അയിരൂർ - കാഞ്ഞിരവിള | III,VI,VII | 2500 | 4 |
| 7 | അയിരൂർ - പൂലോട് | III | 250 | 2 |
| 8 | മാററനാട് - ചാത്തൻപണ | VI,VII | 2000 | 3 |
| 9 | പാലോട്ടുകോണം - ശിവക്ഷേത്രം - ചാത്താൻപണ | VI | 2000 | 4 |
| 10 | നെല്ലിയോട്ടുകോണം - കാഞ്ഞിരംവിള | VI,VII | 1000 | 2 |
| 11 | ചന്ദനപുറം - തോട്ടുമുക്ക് | VI | 750 | 2 |
| 12 | മാവേലിക്കോണം - തോട്ടുമുക്ക് | VI | 250 | 2 |
| 13 | രാമരശേരി - ദർപ്പയിൻ ശിവക്ഷേത്രം | XI | 2500 | 4 |
| 14 | കരിങ്ങട - വാണിഭശേരി | VII | 1000 | 3 |
| 15 | കൊച്ചുവയൽ - കാഞ്ഞിരംവിള | VII | 1500 | 4 |
| 16 | ചെല്ലപ്പച്ച - അടപ്പുപാറ | V,VII,VIII | 4500 | 4 |
| 17 | വലിയവേങ്കാട് - വലിയവയൽ ഏഴ്കുടി, ജവഹർകോളനി | IX,X | 6000 | 4 |
| 18 | തണ്ണിച്ചാൽ - വലിയവയൽ | IX | 750 | 3 |
| 19 | കോലിഞ്ചിതലയ്ക്കൽ - മൈലമൂട് | VIII | 600 | 3 |
| 20 | അഞ്ചാനകുഴിക്കര - വാഴോട്ട്കാല - മൈലമൂട് | VIII | 1000 | 3 |
| 21 | കാക്കാണിക്കര - കോലിഞ്ചി- വാഴോട്ട്കാല | VIII | 500 | 3 |
| 22 | കുണ്ടാട് - വെള്ളയംദേശം | V | 3000 | 3 |
| 23 | ഉദിമൂട് - ചെട്ടിയകൊന്നകയം | V | 750 | 3 |
| 24 | വെള്ളയംദേശം - ചെട്ടിയകൊന്നകയം | V | 2000 | 3 |
| 25 | എകസ്: കോളനി - ഇരുമ്പ്പാലം (മാന്നാർ ആറ്) | IX,X | 3000 | 6 |
| 26 | ചിറ്റാർ - ഇരുമ്പ്പാലം, മൈലമ്മൂട്ച്ചുടൽ | V,VIII | 5500 | 15 |
| 27 | രാമരശേരി - വട്ടാവയൻ | XI | 1200 | 2 |
| | | ആകെ | 55150 മീറ്റർ | |

പാങ്ങോട് പഞ്ചായത്തിൽ വിവിധ തോടുകളിൽ തടയണകൾ/
ചീർപ്പണകൾ നിർമ്മിക്കാവുന്ന സ്ഥലങ്ങളും അവമൂലം ഗുണം ലഭിക്കുന്ന പ്രദേശങ്ങളും (ചാർട്ട് ജി)

| | തോടിന്റെ പേരു | തടയണ/ചീർപ്പണ നിർമ്മിക്കേണ്ട സ്ഥലം | ഗുണം ലഭിക്കുന്ന പ്രദേശങ്ങൾ |
|---|---|---|---|
| 1. | തണ്ണിയം - മരുതമൺ - മൂണ്ടോണിക്കര തോട് | മരുതമൺ (തടയണ) | മണക്കോട്, പുലിപ്പാറ, ദേശാഭിമാനി ജംഗ്ഷൻ,തച്ചോണം, തണ്ണിയം |
| 2. | കൊടുങ്ങഞ്ചേരി - ചെങ്ങഴ - ശ്ശേരി - കാഞ്ചിനട തോട് | ചെങ്ങഴശേരി (തടയണ) | കൊടുങ്ങഞ്ചേരി, ഉളിയംകോട്, ചെങ്ങഴശ്ശേരി |
| 3. | അയിരൂർ - കാഞ്ഞിരംവിളതോട് | ആലവളവ് )തടയണ) | അയിരൂർ, ആലവളവ്, കാഞ്ഞിരംവിള |
| 4. | മാറനാട് - ചാത്താൻപണതോട് | ചേന്നാട് വാതുക്കൽ ഉപയോഗശൂന്യമായ ചീർപ്പണ പുതുക്കിപ്പണിയുക | ചേന്നാട്, ചാത്താൻപണ പ്രദേശങ്ങൾ |
| 5. | പാലോട്ടുകോണം - ശിവക്ഷേത്രം - ചാത്താൻപണ | ശിവക്ഷേത്രത്തിനു സമീപം, ചാത്തൻപ്പണ എന്നിവിടങ്ങളിലുള്ള ചീർപ്പണ പുനരുദ്ധാരണം പുതിയ ഒരു ചെക്ക്ഡാം തോട്ട്മുക്കിൽ നിർമ്മിക്കണം | മാവേലിക്കോണം, മടവൂർകോണം, പാലോട്ടുകോണം തോട്ടുമുക്ക്, ശിവക്ഷേത്രം, ചാത്താൻപണ |
| 6. | താമരശ്ശേരി-ദർപ്പയിൽശിവക്ഷേത്രം | വട്ടവയൽ (തടയണ) പുല്ലയിൽക്കോണം ചീർഷണ (നവീകരിക്കൽ) | രാമരശ്ശേരി, ദർപ്പയിൽ, വട്ടവയൽ, ശിവക്ഷേത്രം |
| 7. | കരിങ്ങട - വാണിഭശ്ശേരി | കരിങ്ങട - വാണിഭശ്ശേരിതോടും കൊച്ചുവയൽ-കാഞ്ഞിരംവിളതോടും സംഗമിക്കുന്ന സ്ഥലം (ചീർപ്പണ) | കരിങ്ങട, വാണിഭശ്ശേരി, കാഞ്ഞിരംവിള |
| 8. | ചെല്ലാപ്പച്ച - അടപ്പുപാറ | കല്ലുമല (തടയണ) (കാഞ്ഞിരംവിളതോടും ചെല്ലാപ്പച്ചതോടും സംഗമിക്കുന്ന സ്ഥലം) | ചെല്ലാപ്പച്ച, കല്ലുമല, കാഞ്ഞിരവിള |
| 9. | വലിയവേങ്കാട് - വലിയവയൽ ഏഴുകുടി - ജവഹർകോളനി | ഈതോട് മാന്നാർ പുഴയുമായി സംഗമിക്കുന്ന സ്ഥലത്ത് (തടയണ) വലിയവയൽ, ഏഴുകുടി എന്നിവടങ്ങളിൽ (ചെറുപ്പണകൾ) വട്ടക്കരിക്കകം (ചെറുപ്പണ) | വലിയവേങ്കാട്, വലിയവയൽ, വട്ടക്കരിക്കകം, ഏഴുകുടി, ഇടക്കോളനി |
| 10. | കോലഞ്ചിത്തലയ്ക്കൽ - മൈലമ്മൂട് | ഈ തോട്ടിലെ ഉപയോഗശൂന്യമായിത്തീർന്ന ചീർപ്പണം നവീകരിക്കും. | മുന്നാചാൽ, കോലിഞ്ചിതലയ്ക്കൽ |
| 11. | കുണ്ടാട് - വെള്ളയംദേശം | കണ്ടാടുനും വെള്ളയംദേശത്തിനും | കുണ്ടാട്, വെള്ളായദേശം |

# മൃഗസംരക്ഷണം

പാങ്ങോട് പഞ്ചായത്തിൽ മൃഗസംരക്ഷണത്തിനായി ഒരു മൃഗാശുപത്രി സ്ഥാപിതമായത് കൊല്ലവർഷം 1112 ൽ ആണ്. കേരളത്തിലെ വളരെ പഴക്കം ചെന്ന ഒരു മൃഗാശുപത്രിയാണിത്. കഴിഞ്ഞ 25 വർഷക്കാലയളവിനുള്ളിൽ മൃഗസംരക്ഷണമേഖലയിൽ ഉണ്ടായ ഏറ്റവും പ്രധാനപ്പെട്ട മാറ്റം അത്യുൽപാദനശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും അതിനെ തുടർന്ന് ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ഉണ്ടായ വർദ്ധനയും ആണ്. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളുടെ ആഗമനം ഒരു പരിധി വരെ നാടൻ ഇനങ്ങളെ അപ്രത്യക്ഷമാക്കി. താഴെപ്പറയുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു.

അവലംബം: മൃഗാശുപത്രി രേഖകൾ

| കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | |
|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്ത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് |
| 55 | 547 | 38 | 1146 | 360 | 892 | 1340 | 2883 |

പുതിയ ഇനങ്ങളുടെ പ്രചാരം മനസ്സിലാക്കാൻ താഴെപ്പറയുന്ന പട്ടിക പര്യാപ്തമാണ്.

| വളർത്തു മൃഗ ഇനം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|
| പശു കിടാരി | 166 | 490 |
| എരുമ | 6 | 6 |

നെൽകൃഷി കുറഞ്ഞതും കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. 1991 ലെ പക്ഷി മൃഗ-സെൻസസ് പ്രകാരം പഞ്ചായത്തിലെ വാർ

## വളർത്തുമൃഗങ്ങളും പക്ഷികളും -അവലംബം -1996 സെൻസസ് റിപ്പോർട്ട്
### (പട്ടിക H)

| കാള നാടൻ | | കാളസങ്കരം | | പശുനാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | മറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ള | കറവ ഇല്ലാത്ത | കറവ ഉള്ള | കറവ ഇല്ലാത്ത | കറവ ഉള്ള | കറവ ഇല്ലാത്ത | | | | |
| 1 | 3 | | 33 | 16 | 18 | 113 | 116 | 2 | 2 | | 336 | 123 | 22 |
| - | 19 | | 125 | 15 | 25 | 103 | 148 | | | 18 | 401 | 260 | |
| | 1 | | 39 | 13 | 24 | 108 | 304 | | | | 1502 | 838 | 56 |
| 45 | 96 | | 94 | 12 | 9 | 344 | 470 | 2 | 3 | | 473 | 393 | |
| 5 | 101 | | 169 | 266 | | 181 | 319 | | | | 543 | 716 | |
| 4 | 112 | | 28 | 66 | | 56 | 191 | | | 54 | 929 | 492 | |
| - | 168 | 24 | 155 | 32 | 5 | 91 | 149 | 1 | | | 352 | 378 | |
| | 5 | 14 | 499 | 3 | 616 | 120 | 757 | | | | 355 | 192 | |
| | 41 | | | 1 | 69 | 61 | 64 | | | | | | |
| - | - | - | 41 | 2 | 10 | 84 | 73 | | | | 413 | 66 | |
| - | 1 | - | | | 56 | 79 | 292 | 3 | | | 750 | 546 | |
| ആകെ 55 | 547 | 38 | 1146 | 368 | 892 | 1340 | 2883 | | | | | | |

| കോഴി | | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|
| പൂവൻ കോഴി | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 64.7 | 1255 | 125 | - | - | - |
| 30.7 | 396 | 359 | 12 | 13 | 7 |
| 715 | 368 | 913 | 17 | 76 | - |
| 1118 | 630 | 578 | 6 | 5 | - |
| 310 | 180 | 468 | 30 | 46 | 75 |
| 247 | 815 | 137 | - | | - |
| 188 | 933 | 243 | 5 | 3 | - |
| 452 | 870 | 190 | - | - | 2 |
| 178 | 714 | 135 | - | - | - |
| 120 | 36 | 135 | - | - | - |
| 682 | 1057 | 685 | 1 | 2 | 1 |
| ആകെ 4964 | ആകെ 7248 | ആകെ 3968 | ആകെ 71 | ആകെ 145 | |
| ആകെ: 11216 | | | | | |

ഈ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ സംബന്ധിച്ചുള്ള വിവരം പട്ടിക I സൂചിപ്പിക്കുന്നു.

## രോഗവിവരങ്ങൾ

### പട്ടിക (I)

| നം | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റു |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായവ<br>Digestive disorders | 782 | 28 | 400 | 10 | 174 | | | 2 | | 10 |
| 2. | ശ്വാസകോശസംബന്ധം<br>Respiaratopry diseases | 200 | 2 | 182 | | 3 | 212 | | 1 | | 8 |
| 3. | ഉപാചപയസംബന്ധം<br>Metaholic diseases | 66 | 1 | 10 | | | | | | | |
| 4. | തൊക്ക് രോഗങ്ങൾ<br>Skin diseases | 162 | 74 | | 6 | | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 10 | | 16 | | 8 | | | | | |
| 6. | പരാദരോഗങ്ങൾ<br>Paralistic diseases | 404 | 10 | 142 | | 4 | 80 | | | | |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 226 | 5 | 78 | | 1 | 2 | | | | |
| 8. | വന്ധ്യത<br>Infertitility | 40 | | 6 | | 1 | | | | | |
| 9. | അകിടുവീക്കം<br>Mastitics | 142 | 2 | 62 | | | | | | | |
| 10. | മുടന്തൻ പനി | 64 | | | | | | | | | |
| 11. | പകർച്ച വ്യാധികൾ | | | | | | | | | | |

ഡുതിരിച്ചുള്ള വളർത്തു പക്ഷി- വളർത്തുമൃഗസംഖ്യ പട്ടികII-ൽ സൂചിപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ കാണപ്പെടുന്ന വളർത്തുപക്ഷികളിൽ പ്രധാനം കോഴികളാണ്, നാമമാത്രമായി താറാവും വളർത്തപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള കോഴികളിൽ അത്യുൽപാദനശേഷിയുള്ള സങ്കരയിനം കോഴികൾ കുറവാണ്. വ്യാവസായികാടിസ്ഥാനത്തിലുള്ള മുട്ടയുൽപാദനം പഞ്ചായത്തിൽ ഇല്ല. മുട്ടയുൽപാദനം പ്രധാനമായും നടക്കുന്നത് വീട്ടിൽ വളർത്തുന്ന കോഴികളിലൂടെയാണ്. ഈ മേഖലയിൽ സമഗ്രവികസനം കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്.

ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന മാറ്റവും രൂക്ഷമായ തൊഴിലില്ലായ്മയും മൃഗസംരക്ഷണമേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ ഇടയാക്കി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനം മുടക്കി തൊഴിലും ഒപ്പം വരുമാനവും വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയതിന്റെ ഫലമായി കൂടുതൽ ആൾക്കാർ ഈ മേഖലയിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കുന്നു. ഈ പഞ്ചായത്തിലെ കന്നുകാലിയുടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്.

കഴിഞ്ഞ രണ്ടുമൂന്ന് ദശാബ്ദക്കാലത്തിനുള്ളിൽ മൃഗസംരക്ഷണരംഗത്ത് കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മാ വർദ്ധനവും ഉൽപാദനക്ഷമതാ വർദ്ധനവും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മൃഗാശുപത്രിയെ കൂടാതെ രണ്ട് കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിലുണ്ട്. പാങ്ങോട് സ്ഥിതിചെയ്യുന്ന മൃഗാശുപത്രിയുടെ സേവനം എത്തിക്കാൻ ബുദ്ധിമുട്ടുള്ളതും എന്നാൽ കന്നുകാലികളുടെ എണ്ണം കൂടുതലുള്ളതുമായ പ്രദേശങ്ങളാണ് കാക്കാണിക്കര, മൈലമൂട്, മൂലപ്പേഴ്, എന്നീ സ്ഥലങ്ങൾ ഈ പ്രദേശങ്ങളിൽ കൂടി സേവനം എത്തിക്കുന്നതിനായി പുതിയൊരു മൃഗാശുപത്രി ഭരതന്നൂർ വലിയ വയൽ പ്രദേശത്ത് ആരംഭിക്കേണ്ടതുണ്ട്. വട്ടക്കരിക്കകം, മൈലമൂട് എന്നിവിടങ്ങളിൽ ഓരോ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങളും ആരംഭിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ മൊത്തം ഉൽപാദിപ്പിക്കുന്ന മുട്ടയും മാംസവും ആഭ്യന്തര ഉപഭോഗത്തിന് മതിയാകുന്നില്ല. ഇതിനു ശാശ്വതമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഇവിടെ ആവശ്യമുള്ളത്ര മാംസോൽപാദനത്തിന് വേണ്ട മൃഗങ്ങളുടെ എണ്ണം വളരെക്കുറവാണ്. കാളക്കുട്ടികളെ പരിചരണം തീരെ നൽകാതെ അഞ്ചുമുതൽ എട്ടുവരെ മാസം പ്രായമാകുമ്പോൾ ഇറച്ചിക്കു വിൽക്കുകയാണ് പതിവ്. എന്നാൽ ഇവയെ ശാസ്ത്രീയമായ രീതിയിൽ പരിചരിച്ച് വളർത്തി മാംസോൽപാദനത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇതിനുവേണ്ടി ''കാളക്കുട്ടി പരിപാലനപദ്ധതി'' വിപുലമായ തോതിൽ ആരംഭിച്ചാൽ ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്ന മാംസദൗർലഭ്യത്തിന് ഒരു പരിധിവരെ പരിഹാരമാകും. കാക്കാണിക്കര, മൈലമൂട്, കാഞ്ചിനട തുടങ്ങിയ സ്ഥലങ്ങൾ ആട് വളർത്തലിന് വളരെ യോജിച്ചവയാണ്. ആട് വളർത്തലിന് ആവശ്യമായ പച്ചില ഈ പ്രദേശങ്ങളിൽ സുലഭമാണ്. ആടുവളർത്തൽ പദ്ധതി വിപുലമായ തോതിൽ ആരംഭിച്ചാൽ ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്ന ദൗർലഭ്യത്തിന് ഒരു പരിധിവരെ വിരാമമാകും.

പഞ്ചായത്തിനായി പ്രത്യേകം ഒരു അറവുശാലയില്ല. ഇന്ന് അറവ് നടത്തുന്ന സ്ഥലങ്ങൾ വൃത്തിഹീനമാണ്. മാംസത്തിനുവേണ്ടി കൊണ്ടുവരുന്ന കന്നുകാലികളിൽ മനുഷ്യനിലേക്ക് പകരുന്ന രോഗങ്ങളായ ക്ഷയം, ബ്രൂസല്ലോസിസ് , എലിപ്പനി, പേവിഷ ബാധ, ആന്ത്രാക്സ് എന്നീരോഗങ്ങൾ ഉണ്ടോ എന്ന് തിരിച്ചറിയാനോ അറവിന് വിധേയമാകുന്ന പശു ഗർഭിണിയാണോ എന്നറിയാനോ, ഇറച്ചിയിൽ മായം ചേർക്കുന്നുണ്ടോ എ ന്നറിയാനോ ഉള്ള മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇന്ന് ഈ പഞ്ചായത്തിൽ ഇല്ല. മാംസോൽപാദനത്തിനായി അയൽ സംസ്ഥാനത്തു നിന്നുപോലും മൃഗങ്ങളെ നമ്മുടെ പഞ്ചായത്തിൽ കൊണ്ടുവരുന്നുണ്ട്. ഇതുമൂലം ചില സാംക്രമിക രോഗങ്ങൾ പകരാനുള്ള സാധ്യത കൂടുതലാണ്.

കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ സാധാരണ ഒരു കർഷകന് താങ്ങാവുന്നതിലപ്പുറമാണ്. ഇന്ന് ഈ മേഖലയിൽ ഒരു സമഗ്ര ഇൻഷുറൻസ് സംവിധാനം നിലവിലില്ല. നിലവിലുള്ള ഇൻഷുറൻസ് സംവിധാനം പ്രീമിയം തുക കൂടുതലായതിനാൽ കൃഷിക്കാരെ ആകർഷിക്കുന്ന തരത്തിലുള്ളതല്ല.

**പേവിഷബാധ നിർമ്മാർജ്ജനം**

പഞ്ചായത്തിൽ കഴിഞ്ഞവർഷം അമ്പതോളം മൃഗങ്ങൾ പേപ്പട്ടിയുടെ കടിയേറ്റ് ചികിത്സയ്ക്ക് വിധേയമായിട്ടുണ്ട്. പഞ്ചായത്തിലാകെ നാലായിരത്തോളം വളർത്തുനായ്ക്കളും അറുന്നൂറ്റി അമ്പതിൽപരം ഉടമസ്ഥരില്ലാത്ത നായ്ക്കളുമുണ്ട്. കഴിഞ്ഞവർഷം അഞ്ഞൂറെണ്ണത്തോളം മാത്രമേ മൃഗാശുപത്രി വഴി പേവിഷബാധ പ്രതിരോധ കുത്തിവയ്പിന് വിധേയമായിട്ടുള്ളു. പ്രതിരോധ കുത്തി വയ്പ് ഇപ്പോൾ പഞ്ചായത്തിൽ നിർബന്ധമല്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും നിർബന്ധിത കുത്തിവയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും വേണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

പാങ്ങോട് പഞ്ചായത്തിൽ ആകെ അഞ്ച് ക്ഷീരോൽപാദക സഹകരണസംഘങ്ങൾ ഉണ്ട്. ക്ഷീര സഹകരണസംഘം രേഖകൾ പ്രകാരം പ്രതിമാസം മൊത്തം ശേഖരിക്കപ്പെടുന്ന പാൽ

## ക്ഷീര സഹഃസംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

| സംഘത്തിൻെറ പേര് മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയയ്ക്കുന്നത് |
|---|---|---|
| ലിറ്റർ | ലിറ്റർ | ലിറ്റർ |
| മൈലമ്മൂട് ക്ഷീരോൽപാദക സഹകരണസംഘം 5790 ലി. | 1200 | 4590 |
| ഭരതന്നൂർ ക്ഷീരോൽപാദക സഹകരണസംഘം 4343 ലി. | 2313 | 2030 |
| പഴവിള ക്ഷീരോൽപാദക സഹകരണസംഘം 3265 ലി. | 1369 | 1896 |
| എക്സ്. സർവീസ് മെൻ ക്ഷീരോൽപാദക സഹകരണസംഘം | പ്രവർത്തന രഹിതം | |
| വട്ടക്കരിക്കകം ക്ഷീരോൽപാദക സഹകരണസംഘം | 1290 | 1867 |

16,575 ലിറ്റർ ആണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈയ്ക്കോലിൻെറയും പുല്ലിൻെറയും ലഭ്യതക്കുറവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ ഘടകങ്ങൾ അടുത്തകാലത്തായി കാലിവളർത്തലിനെ പൊതുവായി നിരുത്സാഹപ്പെടുത്തുന്നവയാണ്. ക്ഷീരവികസനം ഊർജ്ജിതപ്പെടുത്തുന്നതിന് ക്ഷീരവികസനവകുപ്പ് നടപ്പിലാക്കുന്ന ധാരാളം പദ്ധതികൾ നിലവിലുണ്ട്. ഗ്രാമീണ ക്ഷീരവികസനപദ്ധതി പ്രകാരം ബ്ലോക്ക് തലത്തിൽ കന്നുകാലിപ്രദർശനം സംഘടിപ്പിക്കൽ, 7000 രൂപ സർക്കാർ ധനസഹായത്തോടെ ഗ്രാമീണ തൊഴിൽരഹിത യുവജനങ്ങൾക്ക് തൊഴിൽ നൽകുന്ന ഒരു പദ്ധതി, കന്നുകാലിത്തൊഴുത്ത് നിർമ്മാണത്തിനായി 1250 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി, കർഷക സമ്പർക്ക പരിപാടി, സംയോജിതക്ഷീരോൽപ്പന്ന പ്രദർശനപരിപാടി ക്ഷീരോൽപാദകർക്ക് കുറഞ്ഞ നിരക്കിൽ ധാതുലവണ ധാതുലവണമിശ്രിതവും വിറ്റാമിൻ എ (മീനെണ്ണ) വിതരണം നടത്തുന്ന പദ്ധതി, നാല് ഗ്രാമീണയുവതികൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി (നാടൻ ക്ഷീരോൽപ്പന്നനിർമ്മാണ വിപണനയൂണിറ്റ്) എന്നിവയാണ ഈ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ചില പദ്ധതികൾ

പുല്ലിൻെറയും വൈയ്ക്കോലിൻെറയും ലഭ്യതക്കുറവ് ഈ പഞ്ചായത്തിൽ കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകമാണ് ഈ പ്രശ്നം പരിഹരിക്കുന്നതിനായി ക്ഷീരവികസനവകുപ്പ് പുൽകൃഷി വ്യാപകമാക്കാൻ പല പദ്ധതികളും നടപ്പിലാക്കുന്നു. ഇവയിൽ ചിലത് ഒരു ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിനടത്തുന്ന പദ്ധതി, പുൽ,-പയർ മിശ്രിതം (ജി. എൽ. എം. ) ഗിനി, ചോളം,

വമ്പയർ തുടങ്ങിയവ കൃഷിചെയ്യുന്ന പദ്ധതി, സൈലേജ് ഹേ, എന്നീ രീതികളിൽ പച്ചപ്പുൽ സംസ്കരണപദ്ധതി, വൈയ്ക്കോലിൽ യൂറിയ ചേർത്ത് സമ്പുഷ്ടീകരിക്കുന്ന പദ്ധതി എന്നിവയാണ് ഈ പദ്ധതികളെല്ലാം തന്നെ സർക്കാർ ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. എന്നാൽ ഈ പദ്ധതികളുടെ ഗുണം ലഭിക്കുന്ന വ്യക്തികളുടെ എണ്ണം നാമമാത്രമാണ്. ഇത്തരം സൗകര്യങ്ങൾ പഞ്ചായത്തിലാകമാനം വ്യാപകമാക്കി കൂടുതൽ പേർക്ക് ഗുണകരമാക്കേണ്ടതുണ്ട്.

**ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ**

- കാലിത്തീറ്റയുടെ വിലക്കൂടുതൽ
- പുല്ല്, വൈയ്ക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
- മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
- ക്ഷീരവിപണനത്തിനുള്ള സൗകര്യക്കുറവ്
- പേപ്പട്ടിശല്യം
- കാലികളെ വളർത്തുന്നതിന് സാമ്പത്തികസഹായം ലഭിക്കാനുള്ള പ്രയാസം
- മൃഗാശുപത്രിയിൽ അത്യാവശ്യം വേണ്ട സൗകര്യങ്ങളുടെ അപര്യാപ്തത.
- അശാസ്ത്രീയമായ അറവ് സമ്പ്രദായം
- മൃഗസംരക്ഷണമേഖലയിൽ മതിയായ പ്രോത്സാഹനമില്ലായ്മ

**കോഴിവളർത്തൽ**

ഈ പഞ്ചായത്തിൽ ഏകദേശം അഞ്ചോളം ബ്രോയിലർ ഫാമുകൾ ഉണ്ട്. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന കോഴികൾ പഞ്ചായത്തിലെ മൊത്തം ആവശ്യത്തിന് തികയുന്നില്ല. ഇറച്ചിയുടെ ദൗർലഭ്യം കുറയ്ക്കുന്നതിനായി, പുതിയ ബ്രോയിലർ കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതി കൂടുതൽ വിപുലമാക്കണം. ഈ മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി മേൽത്തരം സങ്കരയിനം കോഴിക്കുഞ്ഞുങ്ങളെ മഹിളാസമാജം, സ്കൂളുകൾ എന്നിവ വഴി സൗജന്യനിരക്കിൽ വിതരണം നടത്തേണ്ടതാണ്. വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ജനിപ്പിക്കുന്നതിനു വേണ്ടി പൗൾട്രി ക്ലബുകൾ ആരംഭിച്ച് പ്രവർത്തിച്ചാൽ മുട്ട, ഇറച്ചി എന്നിവയുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്.

കാട, ടർക്കി, താറാവ് മുതലായവയുടെ ഉൽപാദനവും വർദ്ധിപ്പിക്കേണ്ടതുണ്ട്.

**സാധ്യതകൾ**

- തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുകയും കന്നുകാലികൾക്കുള്ള ധാതുലവണ മിശ്രിതം വിറ്റാമിൻ സപ്ലിമെൻറ് എന്നിവ സബ്സിഡി നിരക്കിൽ എല്ലാ ക്ഷീരകർഷകർക്കും ലഭ്യമാക്കുക. പഞ്ചായത്ത് തലത്തിൽ മിനി കാലിത്തീറ്റഫാക്ടറി സ്ഥാപിച്ച് ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ന്യായവിലയ്ക്ക് ക്ഷീരസഹകരണസംഘങ്ങളിലൂടെ വിതരണം ചെയ്യുക.
- ക്ഷീരസംഘം മുഖാന്തിരം സൈലേജ്, ഹേ, എന്നീ രീതികളിൽ പച്ചപ്പുല്ല് സംസ്കരിച്ചും വൈയ്ക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ടീകരിച്ചും സൗജന്യനിരക്കിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക. വിത്തിൻെറയും വളത്തിൻെറയും സബ്സിഡി നിരക്ക് കൂട്ടി വിവിധയിനം തീറ്റപ്പുല്ലിനങ്ങളുടെ കൃഷി വ്യാപകമാക്കുകയും നിലവിലുള്ള ഒരു ഹെക്ടർ പുൽകൃഷി പദ്ധതി 50 സെൻറും 25 സെൻറും 10 സെൻറും ആക്കി കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക.
- മൃഗാശുപത്രി ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടം വിപുലീകരിക്കുക. ആശുപത്രിയിൽ ലബോറട്ടറി സൗകര്യം , ഓപ്പറേഷൻ തീയറ്റർ, കർഷക പരിശീലന ഹാൾ എന്നിവ നിർമ്മിക്കുക. ഈ ആശുപത്രിയെ കേരളത്തിലെ തന്നെ ആദ്യത്തെ 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രിയാക്കിമാറ്റുക., മൂലപ്പേഴ് കാക്കാണിക്കര, മൈലമൂട്, വട്ടക്കരിക്കകം, എന്നീ സ്ഥലങ്ങൾക്ക് സേവനം ലഭ്യമാകത്തക്ക വിധത്തിൽ പുതിയൊരു മൃഗാശുപത്രി ഈ പ്രദേശങ്ങളിലെവിടെയെങ്കിലും സ്ഥാപിക്കുക.

- ഓരോ വാർഡിലും ഏറ്റവും കുറഞ്ഞത് രണ്ട് പാൽ സംഭരണ കേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക. ഇന്ന് ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം പഞ്ചായത്തിലെ കർഷകർക്ക് പൂർണപ്രയോജനം ലഭിക്കത്തക്കവിധം പഞ്ചായത്ത് തലത്തിൽ ഒരു ഓഫീസ് ആരംഭിച്ച് നടപ്പിലാക്കുക. വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പാലുൽപ്പന്ന നിർമ്മാണ വിപണനയൂണിറ്റ് വാർഡിന് ഒന്നു വീതം അനുവദിച്ച് വിപണനത്തിന് ക്രമീകരണം ഏർപ്പെടുത്തുക. ഭാവിതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് ദിവസം ഒരു ഗ്ലാസ് പാൽ വീതം സൗജന്യമായി നൽകുന്ന ഒരു പദ്ധതി പഞ്ചായത്ത് ആവിഷ്കരിച്ച് യൂണിസെഫിന്റെ സഹായം തേടുക.
- പഞ്ചായത്തിലെ എല്ലാ നായ്ക്കളെയും നിർബന്ധിതകുത്തിവെയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിലവിലുള്ള വായ്പാ പദ്ധതികളെ കൂടുതൽ ഉദാരവൽക്കരിക്കുകയും ഇതുകൊണ്ടുള്ള നേട്ടം കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുകയും ചെയ്യുക.
- മൃഗാശുപത്രി വികസനത്തിനായി ഒരു വികസനസമിതി രൂപികരിക്കുക. അത്യാവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കുക.
- മൃഗാശുപത്രി സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിൽ പഞ്ചായത്തു വക ഒരു കശാപ്പുശാല നിർമ്മിക്കുക. അറവുമാടുകളെ നിർബന്ധമായും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കി ബന്ധപ്പെട്ട കേന്ദ്രത്തിൽ നിന്നും സർട്ടിഫിക്കേറ്റ് ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക.
- പഞ്ചായത്തു തലത്തിൽ കന്നുകാലി പ്രദർശനം, സെമിനാർ എന്നിവ സംഘടിപ്പിച്ചും ശാസ്ത്രീയമായ ബോധവൽക്കരണത്തിലൂടെയും എല്ലാവർഷവും പഞ്ചായത്തിലെ ഏറ്റവും നല്ല ക്ഷീരകർഷകനെ തെരഞ്ഞെടുത്ത് ആദരിക്കുക.

**മത്സ്യബന്ധനം**

മത്സ്യബന്ധനത്തിന് വാണിജ്യാടിസ്ഥാനത്തിൽ യാതൊരു സാധ്യതയുമില്ലാത്ത ഒരു പഞ്ചായത്താണിത്. കടലോ, കായലോ ഇല്ലാത്ത ഈ പഞ്ചായത്ത് പ്രദേശത്ത് പുഴകളിൽ നിന്നും നാമമാത്രമായി മത്സ്യം പിടിക്കുന്നു.

മത്സ്യവിപണനത്തിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ ആകെ എണ്ണം ഏകദേശം 50-ഓളം വരും. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ടവരാണ് മിക്കവരും.

മത്സ്യം വളർത്തലിന് പഞ്ചായത്തിലെ പല കുളങ്ങളും ഉപയോഗിക്കാവുന്നവയാണ്. പഞ്ചായത്തിന്റെ നിയന്ത്രണത്തിന്റെ കീഴിലുള്ള കുളങ്ങൾ വിസ്തൃതി വർദ്ധിപ്പിച്ചും അറ്റകുറ്റപ്പണികൾ നടത്തിയും ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ബന്ധപ്പെട്ട വകുപ്പിന്റെ സഹായത്തോടുകൂടി സ്വകാര്യവ്യക്തികളെ പങ്കെടുപ്പിച്ച് മത്സ്യക്കൃഷി വ്യാപകമാക്കാവുന്നതാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണപ്പെടുന്ന ചുടുകട്ടക്കളങ്ങളിലെ ജലാശയങ്ങൾ ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

# ദ്വിതീയ മേഖല

- വ്യവസായം
- ഊർജ്ജം
- മാർക്കറ്റ്
- ഗതാഗതം, വാർത്താ വിനിമയം

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പാങ്ങോട്. പരമ്പരാഗത വ്യവസായങ്ങളുടേയും ആധുനിക വ്യവസായങ്ങളുടേയും സംഖ്യപരിശോധിച്ചാൽ പരമ്പരാഗത വ്യവസായങ്ങൾ കാലാനുഗതമായി നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഒരു ചിത്രമാണ് കാണാൻ കഴിയുന്നത്. ആധുനിക വ്യവസായങ്ങളുടെ സംഖ്യാബലം കൂടിയിട്ടുണ്ടെങ്കിലും അവയുടെ വളർച്ചാ നിരക്ക് ശൈശവ ദശയിൽ തന്നെയാണ്. ആരംഭിക്കപ്പെട്ട ആധുനിക വ്യവസായങ്ങളിൽ പലതും പൂട്ടേണ്ടിവന്നു. പാങ്ങോട് പഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ ആധുനിക വ്യവസായങ്ങളേയും പറ്റിയുള്ള വിവരങ്ങൾ താഴെ കാണിച്ചിട്ടുള്ള പട്ടിക വ്യക്തമാക്കുന്നു.

**പരമ്പരാഗത കുടിൽ വ്യവസായങ്ങൾ**

ഈ പഞ്ചായത്തിൽ പ്രധാനമായും കാണപ്പെടുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ വട്ടി, കുട്ട, പായ് എന്നിവയുടെ നിർമ്മാണം, ചൂരൽ വ്യവസായം എന്നിവയാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | [illegible] | [illegible] | ആകെ |
| ചൂരൽ ഉൽപ്പന്ന നിർമ്മാണം | 18 | 3 | 21 |
| വട്ടി, കുട്ട, പായ് നിർമ്മാണം | 17 | 72 | 89 |
| ആകെ | 35 | 75 | 110 |

പൊതു മേഖലയിലും സഹകരണ മേഖലയിലും വ്യവസായങ്ങളൊന്നും തന്നെ ഇല്ല എന്നതാണ് ഈ പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതിക്ക് തടസ്സം നിൽക്കുന്ന പ്രധാന സംഗതി. 1991-ലെ സെൻസസ് കണക്കനു[illegible] വ്യാവസായിക [illegible]ലെടുക്കുന്നവരുടെ എണ്ണം 593 പേർ ആയിരുന്നു.എന്നാൽ പഠന പര്യടന റിപ്പോർട്ടുകൾ പ്രകാരം ആധുനിക ചെറുകിട വ്യവസായ യൂണിറ്റുകളിൽ പണിയെടുക്കുന്നവരുടെ എണ്ണം 561-ഉം പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം 110-ഉം ആണ്. ഇവരിൽ ആധുനിക ചെറുകിട വ്യ

## പട്ടിക (കെ) ആധുനിക ചെറുകിട വ്യവസായയൂണിറ്റുകൾ

| നം. | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ. | ആകെ |
| 1. | തടി വ്യവസായം | 3 | 13 | - | 13 |
| 2. | എഞ്ചിനീയറിംഗ് വ്യവസായം | 6 | 24 | - | 24 |
| 3. | അച്ചടി | 3 | 7 | 2 | 9 |
| 4. | ഭക്ഷ്യ സംസ്കരണം | 1 | 3 | 4 | 7 |
| 5. | അച്ചാർ നിർമ്മാണം | 4 | - | 12 | 12 |
| 6. | ബേക്കറി വ്യവസായം | 11 | 28 | 13 | 41 |
| 7. | റെഡിമെയ്ഡ് ഗാർമെൻറ്സ് | 3 | 4 | 18 | 22 |
| 8. | ഇഷ്ടികനിർമ്മാണം | 11 | 86 | 71 | 151 |
| 9. | ഫർണ്ണിച്ചർ | 19 | 41 | - | 41 |
| 10. | സോഡാനിർമ്മാണം | 3 | 9 | - | 9 |
| 11. | റബ്ബർബാൻഡ് നിർമ്മാണം | 1 | 6 | 4 | 10 |
| 12. | ഐവറി വർക്ക് | 1 | 1 | - | 1 |
| 13. | പർപ്പിടകനിർമ്മാണം | 4 | 8 | 18 | 31 |
| 14. | സിമൻറ് ബ്ലോക്ക്സ് | 1 | 2 | 2 | 4 |
| 15. | ക്വാറി | 5 | 72 | 88 | 160 |
| 16. | മറ്റുള്ളവ | 7 | 13 | 18 | 31 |
| | ആകെ | 311 | 250 | | 561 |

വസായ യൂണിറ്റുകളിൽ പണിയെടുക്കുന്ന പുരുഷന്മാരുടെ എണ്ണം 311-ഉം സ്ത്രീകളുടേത് 250-ഉം ആണ്. പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരിൽ 75 സ്ത്രീകളും 35 പുരുഷൻമാരും ഉൾപ്പെടുന്നു. ഈ മേഖലയിലെ മൊത്തം തൊഴിലെടുക്കുന്നവരുടെ എണ്ണം പരിശോധിച്ചാൽ സ്ത്രീകൾ കുറവാണെന്ന് കാണാം.

ഏകദേശം അഞ്ചു വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പല ചെറുകിട വ്യവസായ യൂണിറ്റുകളും ഇന്ന് അടച്ചുപൂട്ടപ്പെട്ട നിലയിലാണ്. ഇതിനുള്ള പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നത് വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദഗ്ദ്ധരായ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ലാത്ത അവസ്ഥ, മാനേജ്മെൻറ് വൈദഗ്ധ്യം വേണ്ടത്രയില്ലായ്മ, വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാല താമസം, ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യക്കുറവ്, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നിവയാണ്. ഇക്കാരണങ്ങൾ കൊണ്ട് പ്രവർത്തനം നിലച്ചുപോയ ചെറുകിട വ്യാവസായിക സംരംഭങ്ങളിൽ ചിലത് റസിമാച്ച് ഇൻഡസ്ട്രീസ്, ജമീല മാച്ച് ആൻറ് വുഡ് ഇൻഡസ്ട്രീസ്, കാക്കാണിക്കരയിലെ കൈത്തറി യൂണിറ്റ്, ഭരതന്നൂരിൽ പ്രവർത്തിച്ചിരുന്ന ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണ യൂണിറ്റ് എന്നിയാണ്. 1984-ൽ പ്രവർത്തനമാരംഭിച്ച റസി മാച്ച് ഇൻഡസ്ട്രീസ് ഏകദേശം 75-ഓളം പേർക്ക് തൊഴിൽ നൽകുന്ന ഒന്നായിരുന്നു. ഏകദേശം ഒന്നരലക്ഷത്തോളം രൂപ മുതൽ മുടക്ക് വേണ്ടി വന്ന ഈ സ്ഥാപനം 1988-ൽ പ്രവർത്തനം നിലച്ചതിൻെറ പ്രധാന കാരണം ഉൽപ്പാദനച്ചെലവിലുണ്ടായ വർദ്ധനവും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവുമായിരുന്നു. ഈ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ പലപ്പോഴായി ആരംഭിക്കുകയും അടച്ചു പൂട്ടപ്പെടുകയും ചെയ്ത വ്യവസായ യൂണിറ്റുകളിൽ മിക്കവയ്ക്കും മേൽപ്പറഞ്ഞ പ്രതിബന്ധങ്ങൾ തന്നെയാണ് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളത്.

കാർഷിക മേഖലയിലെ തൊഴിലില്ലായ്മയും നെൽകൃഷി ആദായകരമല്ലാതായിത്തീർന്നതും ചുടുകട്ട നിർമ്മാണ വ്യവസായ യൂണിറ്റുകളുടെ ക്രമാതീതമായ വർദ്ധനവിന് കാരണമായി. ഈ വ്യവസായത്തോടൊപ്പം പുരോഗതി പ്രാപിച്ച മറ്റൊന്ന് പാറ-ഖനന വ്യവസായമാണ്. മറ്റു വ്യവസായങ്ങൾ വികസന മുരടിപ്പ് നേരിട്ടപ്പോൾ മേൽപ്പറഞ്ഞ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടാനുണ്ടായ പ്രധാന കാരണം കെട്ടിട നിർമ്മാണ രംഗത്തെ പുരോഗതിയാണ്. ഈ രണ്ടു വ്യവസായങ്ങളും ധാരാളം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നുണ്ടെങ്കിലും പാരിസ്ഥിതിക സംതുലിതാവസ്ഥക്ക് നേരെ ചോദ്യചിഹ്നങ്ങളായി നിലകൊള്ളുന്നവയാണ്.

ഇപ്പോൾ പ്രവർത്തിക്കുന്ന വ്യവസായങ്ങളിൽ മിക്കവയും നഷ്ടത്തിലാണ്. ഈ പഞ്ചായത്തിൽ വ്യാവസായിക വളർച്ചക്ക് അനുകൂലമായ മിക്ക ഘടകങ്ങളും ലഭ്യമായതിനാൽ ക്രമീകൃതമായ ഒരു സംവിധാനം പഞ്ചായത്തിൽ ആവിഷ്ക്കരിച്ചാൽ നിലവിലുള്ളവയെ കൂടുതൽ അഭിവൃദ്ധിപ്പെടുത്താനും പുതിയവ ആരംഭിക്കുവാനും സാധിക്കും. പഞ്ചായത്തിലുള്ള വിവിധ വ്യവസായ യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി നിരക്ക് കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നം | തൊഴിൽ മേഖല | കൂലി നിരക്ക് | |
|---|---|---|---|
| | | പുരു. | സ്ത്രീ |
| 1. | തടി വ്യവസായം | 125 | -- |
| 2. | എഞ്ചിനീയറിംഗ് വ്യവസായം | 150 | -- |
| 3 | അച്ചടി | 75 | 45 |
| 4 | ഭക്ഷ്യസംസ്ക്കരണം | 75 | 45 |
| 5. | അച്ചാർ നിർമ്മാണം | 75 | 45 |
| 6. | ബേക്കറി വ്യവസായം | 80 | 60 |
| 7. | റെഡിമെയ്ഡ് ഗാർമെൻറ്സ് | 100 | 75 |
| 8. | ഇഷ്ടിക നിർമ്മാണം | 125 | 75 |
| 9. | ഫർണ്ണിച്ചർ | 150 | - |
| 10. | സോഡാനിർമ്മാണം | 75 | - |
| 11. | റബ്ബർബാൻഡ് നിർമ്മാണം | -- | 40 |
| 12. | ഐവറി വർകസ് | 125 | - |
| 13. | പർപ്പടകനിർമ്മാണം | 75 | 45 |
| 14. | സിമൻറ് ബ്ലോക്ക് | 100 | 70 |
| 15. | ക്വാറി | 70 | 40 |

**പ്രശ്നങ്ങൾ**

പാറങ്ങോട് പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

- വ്യാവസായികയൂണിറ്റുകൾക്കാവശ്യമായ വൈദ്യുതിയുടെ കുറവ്.
- ധനസഹായം കിട്ടുന്നതിനുള്ള നിയമപരമായ പ്രതിബന്ധങ്ങൾ
- വിപണനസൗകര്യങ്ങളുടെ കുറവ്,
- വിദഗ്ധരായ തൊഴിലാളികളുടെ ദൗർലഭ്യം.
- പരമ്പരാഗതവ്യാവസായിക മേഖലയിൽ പണിയെടുക്കുന്നവർക്ക് പരിശീലനം ലഭിക്കാനുള്ള സാധ്യതക്കുറവ്.
- കാർഷികോൽപ്പന്നങ്ങളെ ആശ്രയിച്ച് നടത്താവുന്ന വ്യവസായങ്ങളുടെ അഭാവം.
- മാനേജ്മെന്റ് വൈദഗ്ധ്യമുള്ള നടത്തിപ്പുകാരുടെ അഭാവം.
- വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വേണ്ടുവരുന്ന നടപടികളിൽ, ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും നിസ്സഹകരണവും

**സാധ്യതകൾ**

- കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം ഉള്ള ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്ന വ്യവസായങ്ങൾ പ്രധാനമായും കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം. ഇങ്ങനെ ആരംഭിക്കുന്ന വ്യവസായങ്ങളിൽ പ്രധാനപ്പെട്ടത് റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായമാണ്. ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തു ഇവിടെ സുലഭമാണ്. റബ്ബർ തടിയിൽ നിന്ന് പ്ലൈവുഡ് നിർമ്മിക്കുന്ന വ്യവസായം, റബ്ബർപ്പാൽ സംഭരിച്ച് സംസ്കരിച്ച് കൈയ്യുറകൾ, റബ്ബർബാൻഡ് തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായം. ഒട്ടുപാൽ ശേഖരിച്ച് സംസ്കരിക്കുന്ന വ്യവസായം എന്നിവ റബ്ബറിനെ അസംസ്കൃത വസ്തുവാക്കി ആരംഭിക്കാവുന്ന വ്യവസായങ്ങളാണ്.
- മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന നാളികേരം സംഭരിച്ച് കൊപ്രാസംസ്കരണയൂണിറ്റുകൾ പഞ്ചായത്തിന്റെ പലഭാഗത്തും ലാഭകരമായി നടത്താവുന്നതാണ്. വർദ്ധിച്ചവില കാലിത്തീറ്റക്ക് നൽകേണ്ടിവരുന്ന കർഷകരെ സഹായിക്കാൻ പച്ചപ്പുല്ല് സംസ്കരിക്കുന്നതിനും വൈയ്ക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ടീകരിക്കുന്നതിനും ഒരു വ്യവസായം ആരംഭിച്ചാൽ ലാഭകരമായിരിക്കും. ഇതിനായി ക്ഷീരകർഷകരെ അംഗങ്ങളാക്കി മൂലധനം സമാഹരിക്കാവുന്നതാണ്.
- ഇവയ്ക്കു പുറമേ കശുമാങ്ങ, മാങ്ങ, ചക്കക്കുരു എന്നിവ ശേഖരിച്ച് യഥാക്രമം സ്ക്വാഷുകൾ, അച്ചാറുകൾ, ബിസ്കറ്റ് തുടങ്ങിയ ഉൽപ്പന്നങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പഞ്ചായത്തിൽ ഏറെയുണ്ട്.
- ഈ പഞ്ചായത്തിന്റെ പത്താം വാർഡിൽ വ്യാപകമായി കാണുന്ന അപൂർവയിനം പാറകളെ ഉപയോഗപ്പെടുത്തി ഗ്രാനൈറ്റ് ബ്ലോക്ക് നിർമ്മാണയൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഇത്തരത്തിൽ ഒരു വ്യവസായം ആരംഭിച്ചാൽ വികസനം എത്തി നോക്കാത്ത ഈ പ്രദേശം വികസിക്കും എന്ന് മാത്രമല്ല, കൂടുതൽ ആളുകൾക്ക് തൊഴിലവസരങ്ങൾ കൈവരുകയും ചെയ്യും.
- വിദ്യാസമ്പന്നരും തൊഴിലില്ലാത്തവരുമായ ഒരു നല്ല ശതമാനം ചെറുപ്പക്കാരുള്ള ഈ പഞ്ചായത്തിൽ എളുപ്പത്തിലാരംഭിക്കാവുന്ന ധാരാളം ചെറുകിട വ്യവസായയൂണിറ്റുകൾക്ക് സാധ്യതകൂടുതലാണ്.
- സഹകരണമേഖലയിൽ ഒരു റെഡിമേഡ് വസ്ത്രനിർമ്മാണകേന്ദ്രം ആരംഭിച്ചാൽ വിജയിക്കാനുള്ള സാധ്യത കൂടുതലാണ്. കൂടാതെ നോട്ട്ബുക്ക് നിർമ്മാണം, കറിപൗഡർ നിർമ്മാണം ചെരുപ്പ് നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി,സോപ്പ് തുടങ്ങിയവയുടെ നിർമ്മാണവും, ഈ മേഖലയിൽ ഫലപ്രദമായി ആരംഭിക്കാവുന്ന സംരംഭങ്ങളാണ്.
- വ്യവസായങ്ങൾക്ക് ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും നൽകുന്ന വായ്പയുടെ വ്യവസ്ഥകൾ ലളിതവൽക്കരിക്കുകയും സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്താൽ കൂടുതൽ ആൾക്കാരെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ കഴിയും.

- വ്യവസായനടത്തിപ്പിനെ സംബന്ധിച്ച നിർദ്ദേശങ്ങളും സാങ്കേതികസഹായങ്ങളും പരിശീലനവും നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ വ്യവസായ ഉപദേശക സമിതി രൂപീകരിക്കുക.
- പഞ്ചായത്തിലെ ഗൾഫുകാരെ വ്യവസായരംഗത്ത് കൂടുതൽ മുതൽ മുടക്കാൻ പ്രേരിപ്പിക്കുക. സംരംഭകർക്ക് മതിയായ പരിശീലനം നൽകുക. ചെറുകിട വ്യവസായയൂണിറ്റുകൾ നിർബന്ധമായും പഞ്ചായത്തിന്റെ ലൈസൻസിംഗ് പരിധിക്കുള്ളിൽ കൊണ്ടുവരിക.
- ഈ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതപദാർത്ഥങ്ങളുപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള വ്യവസായയൂണിറ്റുകൾ വ്യക്തമാക്കപ്പെടുന്ന പട്ടിക താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം |
|---|---|
| 1. | കന്നുകാലിത്തീറ്റ |
| 2. | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയം |
| 3. | ചിപ്സ് നിർമ്മാണം (ഏത്തയ്ക്കായ്, മരിച്ചീനി) |
| 4. | ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ |
| 5. | ചക്ക, മാങ്ങ, കൈതച്ചക്ക, പഴം എന്നിവ ഉപയോഗിച്ചുള്ള ജാമുകൾ |
| 6. | ശാസ്ത്രീയമായ കോഴിവളർത്തൽ. |
| 7. | ഫർണീച്ചർ |
| 8. | സ്കൂൾ ബാഗുകൾ, കുടകൾ |
| 9. | ക്ലീനിംഗ് പൗഡർ |
| 10. | ഓട്ടോ ഇലക്ട്രിക് വർക്ഷോപ്പ് |
| 11. | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം. |
| 12. | എമർജൻസി ലാംബ് നിർമ്മാണം |
| 13. | ഉന്നതനിലവാരമുള്ള റെഡിമേഡ് വസ്ത്ര ങ്ങൾ |
| 14. | അലക്കുസോപ്പ്, സോപ്പുപൊടി നിർമ്മാണം |
| 15. | കറിപൗഡർ |
| 16. | പർപ്പടകം |
| 17. | സിമൻറുകൊണ്ടുള്ള ജനാല, വാതിൽ, കട്ടിൽ തുടങ്ങിയവ. |
| 18. | സിമൻറ് ഇഷ്ടിക നിർമ്മാണം. |
| 19. | മെത്തനിർമ്മാണം |
| 20. | കരിങ്കല്ലുടച്ച് മെറ്റൽ നിർമ്മാണം. |
| 21. | പാഴ്വസ്തുക്കളായ പേപ്പർ, പ്ലാസ്റ്റിക്, ഗ്ലാസ് എന്നിവ സംസ്കരിച്ച് ഉൽപ്പന്നങ്ങളാക്കുന്ന വ്യവസായം |
| 22. | തീപ്പെട്ടി നിർമ്മാണം |
| 23. | ചെറുകിട ഇലക്ട്രോണിക്സ് അസംബ്ലിംഗ് യൂണിറ്റുകൾ |

# ഊർജ്ജം

പഞ്ചായത്തിൽ പ്രധാനമായും ഉപയോഗിക്കപ്പെടുന്ന ഊർജ്ജസ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ്. വൻതോതിലുള്ള മരം മുറിക്കൽ വിറകിന്റെ ലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്. പാചകാവശ്യത്തിനും വൈദ്യുതി എത്താത്ത വീടുകളിലും ഇപ്പോഴും മണ്ണെണ്ണ തന്നെയാ ണ് ഉപയോഗിക്കപ്പെടുന്നത്. ഈ പഞ്ചായത്തിലെ ചില സമ്പന്ന കുടുംബങ്ങളിൽ പാചകവാതകം ഉപയോഗിക്കുന്നുണ്ടെങ്കിലും വെള്ളം തിളപ്പിയ്ക്കാനും നെല്ല് പുഴുങ്ങാനും വീടിന് പുറത്തുളള അടുപ്പുകളിൽ തെങ്ങുല്പന്നങ്ങളോ മറ്റ് വിറകുകളുമാണോ പ്രധാനമായും ഉപയോഗിക്കാറുള്ളത്.

ഈ പഞ്ചാത്തിലെ കല്ലറ ഡിവിഷനു കീഴിൽ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം 1499 ആണ് ഇതിൽ ഗാർഹിക ആവശ്യങ്ങൾക്കായി 1201 കണക്ഷനും വ്യാപാരം, വ്യാവസായികം, കാർഷികം തുടങ്ങിയ മേഖലകളിൽ യഥാക്രമം 179, 25, 64 എന്നീ കണക്ഷനുകളും ആണ്. പാലോട് ഡിവിഷനു കീഴിൽ 745 ഉപഭോക്താക്കളുണ്ട്. ഇവരിൽ ഗാർഹിക ഉപഭോക്താക്കൾ 699 -ഉം വ്യാപാര - വ്യാവസായിക - കാർഷിക മേഖലകളിൽ യഥാക്രമം 35, 3, 8 എന്നീ ഉപഭോക്താക്കളും ഉണ്ട്. ചാർട്ട് *(S)* നോക്കുക.

ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്ന[illegible] പ്രധാനമായും പാലോട് 110 കെ.വി[illegible] സബ്സ്റ്റേഷനിൽ നിന്നാണ്. പഞ്ചായത്തിൽ [illegible] കെ 14 ട്രാൻസ്ഫോർമറുകളാണുള്ളത്. വൈദ്യ[illegible] തീകരിച്ച വീടുകളിൽപോലും വോൾട്ടത കുറ[illegible] ള്ളതുമൂലം വൈദ്യുത വിഴക്കുകൾക്കുപകരം [illegible] ണ്ണെണ്ണ വിളക്കുകളാണ് ഉപയോഗിക്കുന്നത്. ഇ[illegible] പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണ[illegible] നടത്തുന്ന ട്രാൻസ്ഫോർമറുകളുടെ പേര് താ[illegible] കൊടുത്തിരിക്കുന്നു.

1. പാലോട് I
2. പാങ്ങോട് II
3. തണ്ണിയം
4. പാലുവള്ളി
5. പുലിപ്പാറ
6. ഭരതന്നൂർ I
7. ഭരതന്നൂർ II
8. മൂലപ്പേഴ്
9. C.P.C.R.I
10. V.B.I. 1
11. V.B.I. 2
12. മൈലമൂട് I
13. മൈലമൂട് II
14. കാക്കാണിക്കര

ചാർട്ട് (S)

ഈ പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ സൂചിപ്പിക്കുന്ന പട്ടിക

| ക്രമനമ്പർ | വാർഡ് | വൈദ്യുതീകരിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|
| 1. | I | കുളമാൻകുഴി-പള്ളിമുക്ക് ഭാഗം, ദേസാഭിമാനി - പലവിള റോഡിന് ഇരുവശവും |
| 2. | II | പാങ്ങലുകുന്ന് - മാമ്പഴവിള, കൊുങ്ങഞ്ചേരി റോഡിന് ഇരുവശവും, പാങ്ങോട് പഴവിള റോഡ്, വെള്ളാത്തൻ നഗർ - മരുതമൺ റോഡ്, ആയിരവില്ലിക്കോണം കുന്നാം പുറം റോഡ്, തണ്ണിയം - അപ്പൂപ്പമ്പാറ റോഡ്, ഊറാൻകുഴി കോളനി. |
| 3. | III | 3 ഹരിജൻ കോളനികവും, പള്ളിക്കുന്ന് പ്രദേശം. |
| 4. | IV | ശാസ്താംകുന്ന്, കൊച്ചാലുംമൂട് - കാഞ്ചിനട, ചാമവിള |
| 5. | V | ഗാർഡർ സ്റ്റേഷൻ - ഉണ്ണിപ്പാറ - വാഴവിളക്കാല ഭാഗങ്ങൾ വട്ടപ്പുൽ - കല്ലുമല അടപ്പുപാറ (പുളിക്കര), വെള്ളയം ദേശം, ചെമ്പൻകോട്, ചൂടൽ മൺപുറം, പോങ്ങു മലത്താര - മൂലകരിക്കകം, മീന്മുട്ടി, ദൂരിമൂട്, കക്കോട്ടുകുന്ന്, തെക്കേക്കരിക്കകം. |
| 6. | VI | കണ്ണമ്പാറ, കല്ലുവാഴക്കുന്ന്, ഈട്ടിമുക്ക്, ലെനിൻകുന്ന്, മടവൂർകോണം, പാലോട്ടു കോണം, മാവേലിക്കോണം. |
| 7. | VII | ഭരതന്നൂർ അംബേദ്കർ കോളനി റോഡിൽ ചില ഭാഗങ്ങൾ. ചെല്ലപ്പച്ച, ഗാർഡൻ സ്റ്റേഷന് ഇടയംക്കുള്ള ഭാഗങ്ങൾ - സ്റ്റേഡിയം ഭാഗങ്ങൾ, കൊച്ച് വയൽ, മാവ് നിന്ന പച്ച. |
| 8. | VIII | വാഴോട്ടുകാല, അഞ്ചാനക്കുഴിക്കര - കുന്നുകുഴി റോഡ് ആറ്റുമൺപുറം - കൊച്ചടപ്പു പാറ, തേമ്പാം മൂട് മുതൽ സേമ്യാക്കട വേലൻ മുക്ക് അംഗൻവാടിവരെ, ഹരിജൻ കോളനികൾ, നാലുമുക്ക് വട്ടത്താമര കുന്നിൽ താഴ്വര റോഡ്. തേമ്പാംമൂട് - കോലിഞ്ഞി റോഡ്, കൊച്ചാനകല്ലുവിള, കരിമൺകോട്, കരടിക്കുഴി. |
| 9. | IX | രണ്ടാം ചാൽ - സേമ്യാക്കട പ്രദേശം, മൂന്നുമുക്ക് ആമത്തറ കാക്കാണിക്കര - വട്ടക്കരിക്കകം, പാച്ചൻ മുക്ക് - കുഴിവീട് പ്രദേശം കൈതപച്ച - താഴേവിള റോഡ്, കൈതപച്ച - തണ്ണിച്ചാൽ റോഡ്. |
| 10. | X | IHDP കോളനി, വലിയവയൽ, തണ്ണിച്ചാൽ പൂച്ചെടിക്കാല, മന്ദിരംമുക്ക് - വലിയമേകോട്, ഏഴുകുടി കാറ്റാടിമുക്ക്, ആയിരവല്ലി, മാധവൻ കരിക്കകം, ഹരിജന്മുക്ക്. |
| 11. | XI | മൂലപ്പേഴ് വട്ടവയൽ ആയിരവില്ലി ക്ഷേത്രം, രാമരശ്ശേരി, മൂന്ന് മുക്ക് വെട്ടിപൊത്ത ഇലവ്. മൂലപ്പേഴ് മന്ദിരംമുക്ക്, തുക്കോക്കിബിൻ വട്ടം മുതൽ ജണ്ടാമുക്ക് വരെ മൂലപ്പേഴ് - തണ്ണിച്ചാൽ - കണ്ണമ്പാറ. |

ഈ പഞ്ചായത്തിൽ വോൾട്ടേജ് ഇംപ്രൂവ് മെൻറ് സ്ക്കീം അനുസരിച്ച് ഒരു ട്രാൻസ്ഫോർമർ അനുവദിച്ചിട്ടുണ്ടെങ്കിലും അത് ഇതിവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇങ്ങനെ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ ട്രാൻസ്ഫോർമറുകളും യഥാസ്ഥലങ്ങളിൽ ആരംഭിച്ച് പ്രവർത്തിക്കണമെന്ന് ഗ്രാമസഭകൾ ഒന്നാകെ ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിനകത്ത് ആകെ 42 കിലോമീറ്റർ വൈദ്യുതി ലൈനുകളുണ്ട്. പഞ്ചായത്തിലെ മൊത്തം സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 335-ആണ്. ഇതിൽ 300 ബൾബുകളും 30 ട്യൂബുകളും 5 മെർക്കുറി വേപ്പർ ലാംബുകളുമുണ്ട്.

ഈ പഞ്ചായത്തിലെ ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ചവിവരങ്ങൾ താഴെപ്പറയുന്ന പട്ടിക വ്യക്തമാക്കുന്നു. ചാർട്ട് *(t)* നോക്കുക.

പട്ടിക (1)

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യു.ഉപ: എണ്ണം | പണം നൽകി വൈദ്യുതി കണ: ലഭിക്കുന്ന കുടു: എണ്ണം |
|---|---|---|---|
| ചന്തക്കുന്ന് കോളനി | 16 | -- | -- |
| പുളിക്കരക്കുന്ന് ലക്ഷംവീട് കോളനി | 15 | -- | -- |
| ചെല്ലാപ്പച്ച ഹരിജൻ കോളനി | 42 | -- | -- |
| മൂലപ്പേഴ് ഹരിജൻ കോളനി | 28 | -- | -- |
| കോലിഞ്ചി<br>കുണ്ടാട്<br>കൊച്ചടപ്പു പാറ<br>അഞ്ചാനക്കുഴിക്കര<br>ചെട്ടിയെ കൊന്നകയം<br>ചൂടൽ മൺപുറം<br>കക്കോട്ടുകുന്ന് | 34 | 86 | 48 |

**പ്രശ്നങ്ങൾ**

1. ഈ പഞ്ചായത്തിലെ ഒരു വാർഡിലും വൈദ്യുതി എത്തിയിട്ടില്ല.
2. പ്രേഷണ വിതരണ രംഗങ്ങളിൽ ബോർഡി ൻെറ ശ്രദ്ധക്കുറവ്. മരച്ചില്ലകളും മറ്റും യഥാ സമയം മുറിച്ചുമാറ്റാതിരിക്കുന്നത് ഒരു സ്ഥി രം പ്രശ്നമായി മാറുന്നു.
3. ഹരിജൻ കോളനികൾ മുഴുവൻ വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല.
4. പഞ്ചായത്തിലുടനീളം വോൾട്ടതക്കുറവ്.
5. തുടരെത്തുടരെയുള്ള അപ്രഖ്യാപിത പവർ കട്ടു കൾ.
6. വ്യാപകമായി വോൾട്ടേജ് സ്റ്റെബിലൈസറു കൾ സമ്പന്നവർഗ്ഗം ഉപയോഗിക്കുന്നതിലൂ ടെ സൃഷ്ടിക്കുന്ന വോൾട്ടതപ്രശ്നങ്ങൾ.
7. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതി ലുള്ള വിമുഖത, ബോർഡ് ജീവനക്കാരുടെ അഴിമതി.
8. വിറക് വില വർദ്ധനവ്.
9. വനപ്രദേശത്ത് നിന്ന് വിറക് ശേഖരിക്കാൻ സമ്മതിക്കായ്ക.
10. യഥാർത്ഥ ഗുണഭോക്താവിന് നൽകാതെ നല്ലൊരു ശതമാനം മണ്ണെണ്ണയും റേഷൻ കടകളിലൂടെ കരിഞ്ചയിൽ വിൽക്കപ്പെടുന്നു.
11. നിലവിലുള്ള തെരുവുവിളക്കുകളിൽ 80% - വും പ്രകാശിക്കാറില്ല.
12. കെ. എസ്. ഇ. ബി. രജിസ്റ്ററിൽ കാ ണുന്നതിനേക്കാൾ അധികം വൈദ്യുതി ഉപ യോഗിക്കുന്നു.

**സാദ്ധ്യതകൾ**

വൈദ്യുതി ഓഫീസുകളിലെ രജിസ്റ്ററുകളിൽ കാ ണുന്നതിനേക്കാൾ യഥാർത്ഥ വൈദ്യുത ഉപഭോ ഗം.സമ്പന്ന കുടുംബങ്ങളിൽ സ്റ്റെപ്പ് അപ്പുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതുമൂലം മറ്റു വീടുകളിൽ വോൾട്ടേജ് കുറയുന്നു. പ്രേഷണ-വി തരണ രംഗങ്ങളിൽ വരുന്ന തകരാറുകളു വൈദ്യുതി നഷ്ടത്തിന് കാരണമാവുന്നു. മരച്ചി ല്ലകളും മറ്റും വൈദ്യുതി ലൈനുകളിൽ തട്ടി ഇവി

ടെ വൈദ്യുതി വിതരണരംഗത്ത് തടസ്സങ്ങൾ സംഭവിക്കുന്നു. ഇത്തരാ കാര്യങ്ങൾ ശ്രദ്ധിക്കാൻ മാത്രമായി പ്രത്യേക സംവിധാനം പ്രാദേശിക തലങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്.

വ്യാവസായിക-കാർഷിക പുരോഗതിക്ക് അനിവാര്യമായ ഒരു ഘടകമാണ് ഇന്ന് വൈദ്യുതി. എന്നാൽ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്താത്തതുകൊണ്ടുതന്നെ വ്യാവസായ മേഖലയും കാർഷിക മേഘലയും പുരോഗമിക്കുന്നില്ല. ഇതിന് ഒരു ശാശ്വത പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ഓരോ പ്രദേശത്തേക്കും വൈദ്യുതി എത്തിക്കുന്നതിന് പഞ്ചായത്ത് അധികൃതരോടും കെ. എസ്. ഇ. ബി. യോടും അതതു പ്രദേശത്തെ ജനങ്ങൾ സഹകരിക്കുകയും വൈദ്യുതി ലൈൻ വലിക്കുന്നതിവനാവശ്യമായ പണം സമാഹരിച്ചു നൽകുകയും ചെയ്യണം. ഇതിനായി പ്രാദേശികാടിസ്ഥാനത്തിൽ പ്രത്യേക സമിതികൾ രൂപീകരിക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ പട്ടികജാതി - പട്ടികർഗക്കാർ അധിവസിക്കുന്ന പഞ്ചായത്താണ് ഇതെങ്കിലും മുഴുവൻ - കോളനികളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യത്തിനായി അടിന്തിരപ്രാധാന്യത്തോടെ നടപടികൾ എടുക്കേണ്ടത് ആവശ്യമാണ്.

പഞ്ചായത്തിൽ അനുഭവപ്പെടുന്ന വോംട്ടതക്കുറവിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇതോടൊപ്പം നിയമവിരുദ്ധമായി സ്റ്റെപ്പ് അപ്പ് ഉപയോഗിച്ച് വൈദ്യുതി കൂടുതൽ ഉപഭോഗം നടത്തുന്നവരെ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി ബോർഡ് അധികൃതരെ അതതു പ്രദേശത്തെ ജനങ്ങൾ സഹായിക്കാൻ സന്നദ്ധരാകണം. ഈ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ എവിടെയൊക്കെയാണ് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടത് ഏന്ന് കാണിക്കുന്ന ചാർട്ട ചുവടെ കൊടുത്തിരിക്കുന്നു.

| വാർഡ് | ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലം |
|---|---|
| 1. | പുലിപ്പാറ - താഴെപാങ്ങോട് |
| 2. | വാഴത്തോപ്പ് പച്ച, പാങ്കാട്. |
| 3. | ചന്തക്കുന്ന് മേലെ പാങ്ങോട് |
| 4. | പാലുവള്ളി - കാഞ്ചിനട |
| 5. | പുളിക്കര - ഉതിരച്ചിറ |
| 6. | മാറനാട് ഭാഗം, കണ്ണമ്പാറ |
| 7. | ചെല്ലാപ്പച്ച അംബേദ്കർ കോളനി |
| 8. | മൈലമൂട്ടിലുള്ള ട്രാൻസ്ഫോർമർ കേടുപാടു തീർക്കുക, അഞ്ചാനക്കുഴിക്കര. |
| 9. | വലിയവയൽ, കൈപ്പച്ച |
| 10. | ഹരിജന്മുക്ക്. |
| 11. | തണ്ണിച്ചാൽ - മന്ദിരംമുക്ക്. |

തുടരെത്തുടരെയുള്ള അപ്രഖ്യാപിതകട്ടുകൾ അ വസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ബോർഡ് അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ബോർഡിലെ ജീവനക്കാരിൽ പലരും സാമൂഹിക പ്രതിബദ്ധത ഇല്ലാത്തവരും അഴിമതിക്കാരും ജോലിയിൽ അനാസ്ഥ കാണിക്കുന്നവരുമാണെന്ന രീതിയിലാണ് ഭൂരിപക്ഷ ഗ്രാമസഭകളും വിലയിരുത്തിയത്. സാധാരണക്കാരൻെറ ഇത്തരമൊരു വിശ്വാസം ദുരീകരിക്കുവാൻ വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കൈക്കൊള്ളുക പഞ്ചായത്ത് സമിതിക്ക് പ്രയാസമായതിനാൽ ജനങ്ങൾ തന്നെ അഴിമതിക്കുള്ള സാദ്ധ്യതകൾ പരമാവധി ഇല്ലാതാക്കേണ്ടതുണ്ട്.

വിറകിൻെറ വില ക്രമാതീതമായി ഉയരുന്നതിനാലും വനപ്രദേശത്ത് വിറക് ശേഖരിക്കുന്നതിനുളള നിയമതടസ്സം ഉള്ളതിനാലും ചെലവു കുറഞ്ഞ ബയോഗ്യാസ് അടുപ്പുകൾ കൃഷിഭവൻ മുഖാന്തിരം കൂടുതൽ ആൾക്കാർക്ക് വിതരണം നടത്തുക. ഇതോടൊപ്പം ശാസ്ത്രസാഹിത്യപരിഷത്ത് യൂണിറ്റുകൾ സ്ഥാപിക്കുന്ന ചെലവു കുറഞ്ഞതും പുകയില്ലാത്തതുമായ അടുപ്പുകൾ കൂടുതൽ പ്രചരിപ്പിക്കുക അനർട്ട് , വൈദ്യുതി ബേർഡ് എന്നിവയുടെ സഹകരണത്തോടെ സോളാർ വിളക്കുകൾ, കോംപാക്ട് ഫ്ളൂറസൻറ് ലാമ്പുകൾ, ഇലക്ട്രോണിക് ചോക്കുകൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്ത് മുൻകൈയെടുത്ത് നടത്തണമെന്ന നിർദ്ദേശം പരക്കെ ഉയർന്നിട്ടുണ്ട്.

വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതി ബോർഡിൻെറ സഹകരണത്തോടെ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും കുന്നിൻ പ്രദേശങ്ങളായതിനാൽ നല്ല രീതിയിൽ സൂര്യപ്രകാശം ലഭിക്കും. ഇക്കാരണത്താൽ ഗാർഹിക ഉപയോഗത്തിനും കവലവിളക്കുകൾക്കുവേണ്ടിയും സോവാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്ത് തല സംവിധാനം ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ 468-ഓളം അപേക്ഷകർക്ക് ഇതുവരെയും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയംക്കുന്നതിനും സാധാരണക്കാരന് സമീപിക്കാവുന്ന തരത്തിൽ നിയമങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുമായി പഞ്ചായ സമിതിയുടെ ഭാഗത്തു നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിൽ പണം അടയ്ക്കുന്നുണ്ടെങ്കിലും 80% വിളക്കുകളും കത്താറില്ല. തെരുവു വിളക്കുകൾ കത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് ഗുണഭോക്താക്കളായ സാധാരണക്കാരാണ്. പഞ്ചായത്തിന്റെ ഏതെങ്കിലും ഭാഗത്തുള്ള തെരുവു വിളക്ക് കത്താതിരുന്നാൽ പ്രസ്തുത വിവരം പഞ്ചായത്തിനെ അറിയിക്കുന്നതിന് ജനങ്ങൾ തയ്യാറാവണം. ഇത്തരം പരാതികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും വാർഡ് മെമ്പർമാർ കൃത്യമായും അവ പരിശോധിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അറിയിച്ച് പരിഹരിക്കേണ്ടതുമാണെന്ന് വിവിധ ഗ്രാമ സഭകൾ നിർദ്ദേശിച്ചു.

വോൾട്ടത ക്ഷാമമുള്ള മിക്ക വീടുകളിലും മണ്ണെണ്ണ വിളക്കുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കാത്ത രീതിയിൽ കരിഞ്ചന്തയിൽ മണ്ണെണ്ണ വിൽക്കപ്പെടുന്നതായി ഗ്രാമസഭകളാകെ പരാതിപ്പെട്ടു. റേഷൻ കടയുടമകളുടെ ഇത്തരത്തിലുള്ള ദ്രോഹനടപടികൾ വരാൻ പോകുന്ന നിയമങ്ങൾ ഉപയോഗിച്ച് പഞ്ചായത്ത് സമിതി കർക്കശമായി നിയന്ത്രിക്കേണ്ടതാണെന്ന് ഗ്രാമസഭകളാകെ നിർദ്ദേശിച്ചു.

**പഞ്ചായത്തിൽ പുതിയതായി തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ**

| വാർഡ് | സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| 1. | തച്ചോണം, മരുതമൺ, ദേശാഭിമാനി ജംഗ്ഷൻ, ജൂമാ മസ്ജിദ്. |
| 2. | വെള്ളാത്തൻ നഗർ ഹരിജൻ കോളനി വേപ്പർ ലാമ്പ് തണ്ണിയം TV കോയ്ക ജംഗ്, പഴവിള സ്കൂൾ Jn. (വേപ്പർ ലാമ്പ്) |
| 3. | വാർഡുകളിലെ മുഴുവൻ കോളനികളിലും വേപ്പർ ലാമ്പ് തെരുവു വിളക്കുകൾ. |
| 4. | പാങ്ങോട്, കൊച്ചാലും മൂട്, കാഞ്ചിനട, പുത്തൻവിള. |
| 5. | കല്ലുമല, വെള്ളയം ദേശം,ചെമ്പൻകോട്ട, കക്കോട്ടുകുന്ന്, പുളിക്കര - വേപ്പർ ലാംബ് |
| 6. | ദർപ്പവിള ജംഗ്ഷൻ,തൃക്കോവിൽ വട്ടം, ഭരതന്നൂർ H.S. ജംഗ്ഷൻ, തോട്ടുമുക്ക്, ഊട്ടിമുക്ക്. |
| 7. | ഹരിജൻ കോളനി,ഭരതന്നൂർ,നെല്ലിക്കുന്ന്, ആശുപത്രി ജംഗ്ഷൻ. |
| 8. | മൈലമൂട്, കൊച്ചാനകല്ലുവിള, വേലൻമുക്ക്, അഞ്ചാനക്കുഴിക്കര. |
| 9. | കാക്കാണിക്കര, പാച്ചൻമുക്ക്, കൈതപച്ച, (വേപ്പർ ലാമ്പകൾ) നാലുമുക്ക് ആവത്തറ, സേമ്യാക്കട, വലിയവയൽ. |
| 10. | തണ്ണിച്ചാൽ, പൂച്ചെടിക്കാല, ഏഴുകുടി, ജവ. കോളനി പട്ടക്കരിക്കകം (വേപ്പർ ലാമ്പുകൾ) മാധവൻ കരിക്കകം വലിയവയൽപാലുവള്ളി, ഏഴുകുടി. |
| 11. | മൂലപ്പോഴ, മൂന്നുമുക്ക്, ഊട്ടിമുക്ക്, തണ്ണിച്ചാൽ. |

# മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ഒരു പബ്ലിക് മാർക്കറ്റ് ആരംഭിച്ചത് ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് പാങ്ങോട് കേന്ദ്രമാക്കിയാണ്. അന്ന് ചന്ത സ്ഥിതിചെയ്തിരുന്നത് ഇപ്പോഴുള്ള മൃഗാശുപത്രി പ്രവർത്തിക്കുന്ന സ്ഥലത്താണ്. എന്നാൽ കാലമിത്രയായിട്ടും ഈ മാർക്കറ്റ് വികസനത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കാവസ്ഥയിലാണ്. മാർക്കറ്റിൽ ഏർപ്പെടുത്തിയിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണെന്ന് കാണാം. മാർക്കറ്റിനെ ഏറ്റവും മലീമസമാക്കുന്നത് മത്സ്യവിപണനമാണ്. മാർക്കറ്റിലുള്ള മത്സ്യവിപണനം നടത്തുന്ന സ്ഥലത്ത് വെള്ളം കെട്ടിക്കിടക്കുന്നത് നിരവധി ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു. ഇത്തരം വൃത്തിഹീനമായ അവസ്ഥയിൽ ആണ് ഇന്നും ഇവിടെ മത്സ്യവിപണനം നടക്കുന്നത്. മത്സ്യവിപണനം നടത്തുന്നതിന് സൗകര്യപ്രദമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും മലിനജലം മറ്റാർക്കും ദോഷം വരാത്ത രീതിയിൽ പുറത്തേക്ക് ഒഴുക്കിവിടുന്നതിന് സംവിധാനം ഉണ്ടാകുകയും വേണം. ഈ മാർക്കറ്റിൽ വില്ക്കപ്പെടുന്ന മാംസം വൈദ്യപരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. വിസ്തൃതിക്കുറവാണ് പാങ്ങോട് പബ്ലിക്ക് മാർക്കറ്റിന്റെ ഏറ്റവും വലിയ പ്രശ്നം. ആയതിനാൽ പബ്ലിക് മാർക്കറ്റിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയും മാർക്കറ്റ് സ്റ്റാളുകൾ ആവശ്യത്തിന് നിർമ്മിക്കുകയും വേണം. ഈ മാർക്കറ്റിന്റെ തെക്കേ ഗേറ്റ് മുതൽ വടക്കേ ഗേറ്റ് വരെ ടാർ ചെയ്യണം. ഒരു ചുറ്റുമതിൽ നിർമ്മിച്ചാൽ മാത്രമേ ഫലപ്രദമായി ചന്തപ്പിരിവ് നടത്താൻ സാധിക്കൂ. ഈ മാർക്കറ്റിൽ വിപണനം നടത്തപ്പെടുന്ന ഉല്പന്നങ്ങൾക്ക് അവരുടെ ഉടമകളിൽ നിന്ന് ഈടാക്കുന്ന ചന്തപ്പിരിവിന്റെ നിരക്ക് ബോർഡിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

ഈ ചന്തയിൽ പ്രധാനമായും വിപണനം നടത്തപ്പെടുന്നത് കാർഷികോത്പന്നങ്ങളായ നാളീകേരം കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി, അടയ്ക്ക, മരച്ചീനി, വീഴക്കുല എന്നിവയാണ്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന പബ്ലിക് മാർക്കറ്റ് ആണ് ഭരതന്നൂരിൽ ഉള്ളത്. മഴ പെയ്താൽ ചെളികെട്ടിനിൽക്കുന്ന ഈ മാർക്കറ്റ് മണ്ണിട്ട് ഉയർത്തേണ്ടതാണ്. ഈ മാർക്കറ്റിനേയും

മെയിൻറോഡിനേയും വേർതിരിക്കുന്ന ഓട സ്ലാബിട്ട് അപകടങ്ങൾ ഒഴിവാക്കേണ്ടതാണ്. മാർക്കറ്റ് സ്റ്റാളുകളുടെ അഭാവം മൂലം കച്ചവടക്കാർ വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുന്നു. മുള്ളുവേലിയോ ചുറ്റുമതിലോ കെട്ടി ചന്തയെ സംരക്ഷിക്കേണ്ടതാണ്.

വട്ടക്കരിക്കകം ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന പബ്ലിക് മാർക്കറ്റും മറ്റ് മാർക്കറ്റുകളെപ്പോലെ പരാധീനതകൾ അനുഭവിക്കുന്ന ഒന്നാണ്. മാർക്കറ്റ് സ്റ്റാളുകൾ നിർമ്മിച്ചുകൊടുക്കേണ്ടതും മറ്റ് അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിലെ പാങ്ങോട് ഭരതന്നൂർ, പബ്ലിക് മാർക്കറ്റുകളിൽ നിന്നാണ് വെറ്റില, അടയ്ക്കാ, വാഴക്കുല, എന്നിവ ആറ്റിങ്ങൽ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നത്. കർഷകന് തൻെറ ഉല്പന്നങ്ങൾക്ക് വളരെക്കുറവ് മാത്രമേ വില കിട്ടുന്നുള്ളൂ.

ഈ പഞ്ചായത്തിൽ കൂടുതൽ ജനങ്ങൾ തിങ്ങിവസിക്കുന്നത് 5 മുതൽ 11 വാർഡുകളിലാണ്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിൽ നിന്നും ഇപ്പോഴുള്ള പബ്ലിക് മാർക്കറ്റുകളിൽ എത്താൻ കർഷകർക്ക് കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടിവരുന്നു. 5, 8 വാർഡുകളിലെ ജനങ്ങൾക്ക് തങ്ങളുടെ കാർഷികോത്പന്നങ്ങൾ ന്യായമായ വിലക്ക് വിറ്റഴിക്കുന്നതിന് പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട് എന്നീ പബ്ലിക് മാർക്കറ്റുകളെയാണ് ആശ്രയിക്കേണ്ടിവരുന്നത് ഈ സ്ഥിതിക്കൊരു മാറ്റം വരുത്താൻ മൈലമൂട് കേന്ദ്രമാക്കി ഒരു ആഴ്ച ചന്തയോ അന്തിച്ചന്തയോ ആവശ്യമാണെന്ന് ഗ്രാമസഭകൾ ശക്തമായി ആവശ്യപ്പെട്ടു. പഞ്ചായത്തിൻെറ ഏറ്റവും ഉയർന്ന പ്രദേശം ഉൾക്കൊള്ളുന്ന 11-ാം വാർഡ് പ്രദേശങ്ങളിലെ ജനങ്ങൾക്ക് മൂന്നുമുക്ക് കേന്ദ്രമാക്കി ഒരു പബ്ലിക് മാർക്കറ്റ് ആവശ്യമാണെന്ന നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

പാങ്ങോട് പബ്ലിക് മാർക്കറ്റ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലം വിസ്തൃതി വർദ്ധിപ്പിച്ച് ബസ്റ്റാൻറ് കൂടി നിർമ്മിക്കേണ്ടതാണ്.

# ഗതാഗതം

വികസനമെന്നാൽ റോഡുനിർമ്മാണം മാത്രമാണ് എന്ന വികലമായ ധാരണയും റോഡ് നിർമ്മാണത്തിനു വേണ്ടി പൊതുഫണ്ടിൻെറ ഭൂരിപക്ഷവും ചെലവഴിക്കപ്പെട്ടതും പഞ്ചായത്തിനകത്ത് റോഡ് ശൃംഖലയുടെ വ്യാപനത്തിന് ആക്കം കൂട്ടി. ഈ പഞ്ചായത്തിൽ ജലഗതാഗതമോ റയിൽ ഗതാഗതമോ നിലവിലില്ല. പഞ്ചായത്തിലെ ഏക PWD റോഡ് ആണ് കാരേറ്റ്-പാലോട് റോഡ്. പ്രസ്തുത റോഡിൻെറ ഈ പഞ്ചായത്തിലെ മൊത്തം നീളം 14 കി.മീറ്റർ ആണ്. നിലവിലുള്ള റോഡുകളിൽ ടാർ ചെയ്ത റോഡുകളുടെ വിവരം ചാർട്ട് V - ൽ താഴെ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലുള്ള മിക്ക റോഡുകളുടേയും അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവം മൂലം മിക്ക റോഡുകളും വർഷകാലത്ത് കാൽനടയാത്രക്കാർക്കു പോലും ദുസ്സഹമാകുന്നു.

ഈ പഞ്ചായത്തിൽ റോഡുശൃംഖല വളരെ വിപുലമാണെങ്കിലും ചില സ്ഥലങ്ങളിൽ ഇനിയും പുതിയ റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണി വേണ്ടവയെ സംബന്ധിച്ച വിവരം പട്ടിക W കാണിക്കുന്നു.

(അവലംബം ഗ്രാമസഭാ റിപ്പോർട്ടുകൾ)

ഈ പഞ്ചായത്തിലെ PWD റോഡ് കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് പൂലോട്-എക്സ് സർവ്വീസ്മെൻ കോളനി റോഡ്. ഈ റോഡിൻെറ മൊത്തം നീളം 8 കി. മീറ്ററാണ്. 1981-ൽ ബസ് സർവ്വീസ് ആരംഭിച്ച ഈ റോഡ് III, VI, VII, IX, X, XI എന്നീ വാർഡുകളിലൂടെ കടന്നുപോകുന്നു. പഞ്ചായത്തിൽ ബസ് സർവ്വീസ് ഇല്ലാത്ത മറ്റ് റോഡുകൾ ടാർ ചെയ്തപ്പോൾ ബസ് സർവ്വീസ് ഉള്ള പ്രസ്തുത റോഡ് പൂർണ്ണമായും ടാറിടാത്തത് ഗ്രാമസഭകളിൽ പരക്കെ പ്രതിഷേധം ഉയർത്തി. ഈ റോഡ് പൂർണ്ണമായും ടാറിട്ട് ഗതാഗത യോഗ്യമാക്കേണ്ടതാണെന്ന് വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചു.

പഞ്ചായത്തിലെ മെറ്റൽ ചെയ്ത മുഴുവൻ റോഡുകളും ടാർചെയ്യേണ്ടതാണ്. മെറ്റൽ ചെയ്തതും ടാർ ചെയ്യേണ്ടതുമായ റോഡുകളുടെ വിവരം കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | റോഡിൻെറ പേര് |
|---|---|
| 1 | പാങ്ങോട്-കൊച്ചാലുംമൂട് റോഡ് |
| 2 | പൂലോട് - ദർപ്പവിള |
| 3 | മൂലപ്പേഴ് - മൂന്നുമുക്ക് |
| 4 | ലൈമൂട് - ചിപ്പൻചിറ |

പഞ്ചായത്തിലെ വിപുലമായ റോഡ് ശൃംഗല യെപ്പറ്റി വിവരിക്കുന്ന പട്ടിക X കാണുക.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ പല ഭാഗങ്ങളിലും സ്വകാര്യ വ്യക്തികൾ പഞ്ചായത്ത് റോഡ് കൈയ്യേറുന്നു.
2. വർഷങ്ങളായി ചില റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തപ്പെടുന്നില്ല.
3. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ബസ് യാത്രാ സൗകര്യം ഇല്ല.
4. പാലങ്ങൾ, ഓടകൾ, കലിങ്കുകൾ, സൈഡുവാൾ എന്നിവയുടെ അഭാവം മൂലം ഗതാഗതം തടസ്സപ്പെടുന്നു.
5. നിലവിലുള്ള റോഡുകളുടെ നിലവാരം മോശമാണ്.
6. മഴക്കാലത്ത് കയറിനിൽക്കാൻ ബസ്സ്റ്റോപ്പുകളിൽ ഷെൽറ്ററുകളില്ല.
7. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ടാക്സി, ഓട്ടോ സ്റ്റാൻറുകൾ ഇല്ല.
8. റോഡിൻെറ മധ്യഭാഗത്തായി ചിലയിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ നിൽക്കുന്നു.

**സാദ്ധ്യതകൾ**

- പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും സ്വകാര്യ വ്യക്തികൾ റോഡ് കൈയ്യേറ്റം നടത്തുന്നതായി ഗ്രാമസഭകൾ പരാതിപ്പെട്ടു. ഇത്തരത്തിൽ കയ്യേറ്റം ചെയ്യപ്പെട്ട ചില റോഡുകളാണ് കൈതപ്പച്ച- സേമ്യാക്കട റോഡ്, കൈതപ്പച്ച- ഒന്നാംചാൽറോഡ്, ഗാർഡർസ്റ്റേഷൻ-പച്ചക്കുളം വഴി കൊച്ചാനകല്ലുവിള - കോട്ടയപ്പൻകാവ് റോഡിൽ ചേരുന്ന റോഡ്, വട്ടത്താമരക്കുന്ന് അഞ്ചാനക്കുഴിക്കര റോഡ് എൽ.പി.എസ് കടുമാങ്കുഴി റോഡ്, പഴവിള-പട്ടോണം പാലുവള്ളി റോഡ് എന്നിവ ഇത്തരത്തിൽ അനധികൃതമായി കയ്യേറ്റത്തിന് വിധേയമാകുന്ന റോഡുകളുടെ എണ്ണം ദിവസം പ്രതി കൂടിവരികയാണ്. പഞ്ചായത്തു റോഡുകളിലേക്കുള്ള ഇത്തരം കടന്നുകയറ്റങ്ങളെ കർക്കശമായ നിയമങ്ങളുപയോഗിച്ച് പഞ്ചായത്തു സമിതി നിയന്ത്രിക്കേണ്ടതാണെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചു.
- അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുള്ള റോഡുകൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. അടിയന്തിരമായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകളുടെ പട്ടിക W കാണുക.

ഗ്രാമസഭ റിപ്പോർട്ടുകളിൽ ഏറ്റവും മുന്തിയ ആവശ്യമായി ഉയർന്നുവന്നത് ബസ് യാത്രാ സൗകര്യങ്ങളുടെ ലഭ്യതയാണ്. പഞ്ചായത്തലെ ഭൂരിപക്ഷം വാർഡുകളിലും ബസ് സർവ്വീസ് തീരെ കുറവാണ്. ബസ് സർവ്വീസ് ആരംഭിച്ച റോഡുകളുടെ ശോച്യാവസ്ഥ മൂലം മിക്ക ബസുകളും സർവ്വീസ് നിർത്തിയിട്ടുണ്ട്. പുതിയതായി ബസ് സർവ്വീസ് ആരംഭിക്കേണ്ട റൂട്ടുകൾ ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം ചുവടെ കൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

| *ക്രമ നമ്പർ* | *ആരംഭിക്കേണ്ട ബസ് സർവ്വീസ്* |
|---|---|
| 1 | പാങ്ങോട് - പഴവിള വഴിയുള്ള ബസ് സർവ്വീസ് - പുനരാരംഭിക്കുക |
| 2. | കല്ലറ-പാലുവള്ളി ബസ് സർവ്വീസ് പുനരാരംഭിക്കുക. |
| 3. | പാങ്ങോട് ഉളിയൻകോട് പാലുവള്ളി-കല്ലറ സർവ്വീസ് ആരംഭിക്കുക. |
| 4. | പാങ്ങോട്, ചന്തക്കുന്ന് തച്ചോണം വഴി |
| 5. | പാങ്ങോട് - തിരുവനന്തപുരം FP |
| 6. | പാങ്ങോട് - കൊല്ലം FP |
| 7. | കിളിമാനൂർ - പാലുവള്ളി |
| 8. | ഭരതന്നൂർ - അംബേദ്കർ കോളനി വഴി |
| 9. | കാക്കാണിക്കര - തിരുവനന്തപുരം സർവ്വീസ് പുനരാരംഭിക്കുക. |

10. കാക്കാണിക്കര-സേമ്യക്കട, ഭരതന്നൂർ-കല്ലറ ബസ് സർവ്വീസ് ആരംഭിക്കുക.
11. വട്ടക്കരിക്കകം - ആമത്തറ-കൈതപ്പച്ച.
12. വട്ടക്കരിക്കകം-കാക്കാണിക്കര-മൈലമൂട്, പാലോട്
13. പാലോട്-മൂന്നുമുക്ക്, കടയ്ക്കൽ സർവ്വീസ് പുരാരംഭിക്കുക.
14. പാലോട്, ഭരതന്നൂർ ശിവക്ഷേത്രം, വട്ടക്കരിക്കകം, എക്സ്കോളനി - മടത്തറ സർവ്വീസ് ആരംഭിക്കുക.
15. ഭരതന്നൂർ ശിവക്ഷേത്രം - കിളിമാനൂർ ബസ് പുനരാരംഭിക്കുക.
16. തിരുവനന്തപുരം-മൂന്നുമുക്ക്
17. കിളിമനൂർ-കല്ലറ-മൂന്നുമുക്ക്
18. കല്ലറ-ചെറുവാളം-ചടയൺമുക്ക്-ഭരതന്നൂർ -ഭരതന്നൂർ ക്ഷേത്രം-ഈട്ടിമുക്ക്-കടയ്ക്കൽ
19. ഗാർഡൻസ്റ്റേഷൻ-വെള്ളയം ദേശം-തോട്ടുംപുറം-അടുപ്പ്പാറ-കക്കോട്ട്കുന്ന്-പാലോട്.

- പഞ്ചായത്തിലെ പല റോഡുകളും, കലിങ്ക്, സൈഡ്വാൾ, ഓട, പാലം എന്നിവയുടെ അഭാവം മൂലം ഗതാഗതയോഗ്യമല്ല. ഇത്തരത്തിൽ മേൽപ്പറഞ്ഞവ ആവശ്യമുള്ള സ്ഥലങ്ങൾ പട്ടിക X-ൽ ചേർത്തിരിക്കുന്നു.
- ടാറിംഗ് നടത്തപ്പെടുന്ന റോഡുകളുടെ പണി പഞ്ചായത്ത് നിഷ്കർഷിക്കുന്ന രീതിയിൽ പലപ്പോഴും നടക്കാത്തതുമൂലമാണ് റോഡുകളുടെ നിലവാരത്തകർച്ചക്കു പ്രധാന കാരണമെന്ന് ഗ്രാമസഭകൾ ചർച്ചചെയ്തു റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അതത് വാർഡുമെമ്പർമാർക്കൊപ്പം പ്രത്യേക ജനകീയ സമിതികളും ശ്രദ്ധാലുക്കളാകേണ്ടതാണ്. ഓരോ പ്രദേശത്തും റോഡ് സംരക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തനക്ഷമമായാൽ റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും റോഡ് സംരക്ഷണത്തിന് എളുപ്പവുമായിരിക്കും.
- ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന ഭരതന്നൂർ ഹൈസ്ക്കൂളിന് മുന്നിലും, പാങ്ങോട്, ഭരതന്നൂർ, മൈലമൂട്, പുലിപ്പാറ എന്നിവിടങ്ങളിലും പഞ്ചായത്തുവക വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി അതത് പ്രദേശത്തെ ജനങ്ങൾ പണം സമാഹരിച്ച് പഞ്ചായത്തുകമ്മിറ്റിയുമായി സഹകരിക്കേണ്ടതാണ്.
- പഞ്ചായത്തിൽ ഇതുവരെയും ടാക്സി, ഓട്ടോ, ലോറി സ്റ്റാൻറുകൾ നിശ്ചിതമായ സ്ഥാനത്ത് പഞ്ചായത്ത് അധികൃതർ നിർമ്മിച്ചു കൊടുത്തിട്ടില്ല എന്നതും, ആയതിനാൽ വാഹനങ്ങൾ യഥേഷ്ടം പാർക്കുചെയ്യുന്നതു മൂലം വ്യാപാര സ്ഥാപനങ്ങൾക്കും കാൽനടയാത്രക്കാർക്കും മറ്റു വാഹനങ്ങൾക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഇത്തരം പരാതി പരിഹരിക്കുന്നതിന് പഞ്ചായത്ത് അടിയന്തിരമായി നടപടി കൈക്കൊള്ളേണ്ടതാണ്. നിശ്ചിത സ്ഥാനത്ത് പാർക്കിംഗ് സൗകര്യങ്ങളില്ലാത്തതുമൂലം ഏറ്റവും ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ഭരതന്നൂർ ജംഗ്ഷനിലാണ്. ഇപ്പോഴുള്ള ടാക്സിസ്റ്റാൻറ് ഭരതന്നൂർ ജംഗ്ഷനും സംകൂൾ ജംഗ്ഷനും ഇടയ്ക്കുള്ള സ്ഥലത്തേക്ക് മാറ്റുകയും ആ സ്ഥലത്ത് പഞ്ചായത്ത് അധികൃതർ മെർക്കുറി-വേപ്പർ ലാമ്പുകൾ, മറ്റ് അത്യാവശ്യ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തികൊടുക്കേണ്ടതാണ്.

ഒരു കോളേജുൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പാങ്ങോട് കേന്ദ്രമാക്കി ഒരു പ്രൈവറ്റ് ബസ്സ്റ്റേഷൻ നിർമ്മിക്കേണ്ടതുണ്ട്. T.S. റോഡിൽ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഏകദേശം ½ കി.മീറ്ററോളം റോഡ് അരിക് ഇടിഞ്ഞ് അപകട ഭീഷണിയിലാണ്. ബന്ധപ്പെട്ട അധികൃതർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്ന് ഗ്രാമസഭകൾ ചൂണ്ടിക്കാട്ടി.

പഞ്ചായത്തിന്റെ പലയിടങ്ങളിലും റോഡിന്റെ മധ്യഭാഗത്ത് ഇലക്ട്രിക് പോസ്റ്റുകൾ കാണപ്പെടുന്നുണ്ടെന്നും അവ അടിയന്തിരമായി നീക്കം ചെയ്യപ്പെടണമെന്നും ഗ്രാമസഭകൾ നിർദ്ദേശിച്ചു. ഇതിനായി അതത് പ്രദേശത്തെ ജനങ്ങൾ മുൻകൈ എടുക്കുകയും വാർഡുമെമ്പറുടെ സഹായത്തോടെ ഇലക്ട്രിസിറ്റി ബോർഡ് അധികൃതരെ അറിയിച്ച് പ്രസ്തുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുമാണ്.

ഇതുകൂടാതെ പഞ്ചായത്തിൽ പുതിയതായി നിർമ്മിക്കേണ്ട റോഡുകളെപ്പറ്റിയും നിർദ്ദേശങ്ങളുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയതായി നിർമ്മിക്കേണ്ട റോഡുകളെപ്പറ്റിയുള്ള വിവരം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| *വാർഡ്* | *പുതിയതായി നിർമ്മിക്കപ്പെടേണ്ട റോഡുകൾ* |
|---|---|
| 1 | പുലിപ്പാറ - വാഴമ്മൂല - പഴവിള, പുലിപ്പാറ - ശാസ്താംകുന്ന് - പഴവിള, പുലിപ്പാറ ബസ്സ്റ്റേപ്പ് ജംഗ്ഷൻ മണ്ണാംപച്ച - പഴവിള. |
| 2 | തണ്ണിയത്തുനിന്നും വടക്കോട്ട് ചാവരുകോണം വഴി പഴവിള പാങ്ങാട് തടത്തിൽ ചേരുന്ന പുതിയതടം പാലുവണ്ടി - മാമ്പഴവിള - കൊടുങ്ങഞ്ചേരി റോഡും വാഴത്തോപ്പ്പച്ച- കൊടുങ്ങഞ്ചേരിറോഡും തമ്മിൽ ബന്ധിപ്പിക്കുക വാഴവിള - വറുത്തുക്കോണം റോഡും പാങ്ങോട്-LPS കടുമാങ്കുഴി റോഡും തമ്മിൽ ബന്ധിപ്പിക്കുക ആയിരവല്ലിക്കോണം തോട്ടുപുറം റോഡ മരുതമൺ റോഡിൽ ബന്ധിപ്പിക്കുക. |
| 3 | യത്തീംഖാന - ചാവരുകോണം റോഡ്, പൂലോട് - പനച്ചക്കോട് പള്ളി ജംക്ഷൻ, താഴേപാങ്ങോട് പാലമൂട്ടിൽനിന്നു വടകരമൂലവരെ, മണക്കോട്നിന്നും പഴവിളവരെ, മണക്കോട്നിന്നും പഴവിളവരെ, പാങ്ങോട് LPS ജംഗ്ഷനിൽനിൽ നിന്നും കടുമാങ്കുഴി - പഴവിള, പഞ്ചായത്ത് ആഫീസ് മുതൽ LPS ജംഗ്ഷൻ - നഴ്സറി വരെ |
| 4. | കൊച്ചാലുംമൂട് ചാമവിള റോഡിനെ കാഞ്ചിനട പുത്തൻവിള റോഡിൽ ചേർക്കുക, തോട്ടുംപുറം പാലുവള്ളി റോഡിനെ കൊച്ചാലുംമൂട് - പാലുവള്ളി റോഡുമായി ബന്ധിപ്പിക്കുക. |
| 5. | കല്ലുമല - പുളിക്കരക്കുന്നുമായി ബന്ധിപ്പിക്കുന്ന റോഡ്, VBI കക്കോട്ട് കുന്ന് റോഡ് - അടുപ്പപാറ പാണ്ഡിയൻ പാറ, - ഉതിരച്ചിറ റോഡ് - അടപ്പ്പാറ LPS റോഡുമായി ബന്ധിപ്പിക്കണം. ചെമ്പൻകോട് - വെള്ളയംദേശം, ഉദിമൂട് - അടപ്പുപാറ LPS. |
| 6. | മാറനാട് - VK പൊയ്ക, തഴമ്പന്നൂർ കരിക്കകം മുതൽ കരിക്കകം വരെ ഒരു ഡ്രില്ലർ റോഡ്, പാലോട്ടുകോണം തോട്ടുമുക്ക് മടവൂർക്കോണം റോഡ്. |
| 7. | അംബേദ്കർ കോളനിയെ ജണ്ടാമുക്കുമായി ബന്ധിപ്പിക്കുന്ന റോഡ്, |
| 8. | കുന്നുകുഴിമുക്ക് ആറ്റുമണൽപുറം വരെ<br>വേലന്മുക്ക് - സേമ്യാക്കട റോഡ്<br>വേലന്മുക്ക് - അഞ്ചാനക്കുഴിക്കര |
| 9. | കാക്കാണിക്കര - തോട്ടംവഴി - വട്ടക്കരിക്കകം റോഡ്, കാക്കാണിക്കര - എഴുകുടി റോഡ്<br>കാക്കാണിക്കര - എക്സ് സർവ്വീസ്മെൻ കോളനി റോഡ് |
| 10. | മാധവൻ കരിക്കകം - പാലുവള്ളി റോഡ് - മന്ദിരംമുക്ക് - വലിയവേങ്കോട് ഏലാ റോഡ്, കടുക്കാക്കുന്ന് റോഡ്, 56-ാം നമ്പർ Block ½ KM, മാധവൻ കരിക്കകം - ഇടക്കോളനി - ഏഴുകുടി - തേക്കിൻകൂപ്പ്റോഡ്. |
| 11. | 1. ആശാൻവെട്ടിയമൂല - തണ്ണിച്ചാൽ<br>2. മൂന്നുമുക്ക് സൈഡ്വാൾ - തോട്ടുമുക്ക് റോഡ്<br>3. ആയിരവല്ലി - മൂലപ്പേഴ് റോഡ്. |

## ടാർചെയ്ത റോഡുകളുടെ വിവരം കാണിക്കുന്ന പട്ടിക (V)

| ക്രമനമ്പർ | റോഡിന്റെ പേര് | ദൂരം |
|---|---|---|
| 1 | മരുതമൺ - പാണ്ഡിയാംപാറ (PWD) | 14 കി. മീ. |
| 2. | പാങ്ങോട് - വാഴത്തോപ്പുപച്ച | 2 കി.മീ |
| 3. | ഭരതന്നൂർ - തണ്ണിച്ചാൽ | 3. കി.മീ. |
| 4. | ഭരതന്നൂർ ശിവക്ഷേത്രം - ദർപ്പവിള | 400 മീ. |
| 5. | തണ്ണിച്ചാൽ - മൂലപ്പേഴ് | 1. കി. മീ. |
| 6. | കരടിമുക്ക് - പുളിക്കരക്കുന്ന് | |
| 7. | തേമ്പാംമൂട് - സേമ്യാക്കട | 450 മീ. |
| 8. | മൈലമൂട് - വാഴോട്ടുകാല | 400 മീ. |
| 9. | മരുതമൺ - തച്ചോണംപള്ളി വരെ | |
| 10. | അയിരൂർ - പൂലോട് PWD | |
| 11. | പാങ്ങോട് - കടയ്ക്കൽ റോഡ് | 800 മീ. |
| 12. | ഭരതന്നൂർ - അംബേദ്കർ കോളനി | |
| 13. | കൊച്ചാലുംമൂട് - എസ്റ്റേറ്റ് മഠം | 500 മീ. |
| 14. | എക്സ് കോളനി - വട്ടക്കരിക്കകം | |
| 15. | വലിയവയൽ തേരി | 500 മീ. |
| 16. | കാഞ്ചിനട ശാസ്താംകുന്ന് തേരി | 500 മീ. |
| 17. | ജണ്ടാമുക്ക് തേരി | 500 മീ. |

## പഞ്ചായത്തിലെ റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ ആവശ്യമായവയെ സംബന്ധിച്ച വിവരം കാണിക്കുന്ന പട്ടിക (W)

| വാർഡ് | റോഡിന്റെ പേര് | ചെയ്യേണ്ട ജോലിയുടെ സ്വഭാവം |
|---|---|---|
| | പാങ്ങോട് - ചന്തമുക്ക് - തച്ചോണം കുളമാൻകുഴി | ഗതാഗതയോഗ്യമാക്കണം. |
| | ഗ്രന്ഥശാല ജംഗ്ഷൻ - പഴവിള | അറ്റകുറ്റപ്പണികൾ |
| 1 | പുലിപ്പാറ റേഷൻകടയിൽ നിന്നും ആരംഭിക്കുന്ന റോഡ് | അറ്റകുറ്റപ്പണികൾ |
| | പുലിപ്പാറ ബസ് സ്റ്റോപ്പിൽ നിന്നും മുകളിലേക്കുള്ള റോഡ് | അറ്റകുറ്റപ്പണികൾ |
| | താഴെ പറങ്ങോട് പള്ളിയുടെ അടുത്ത് നിന്ന് PWD റോഡിൽ എത്തുന്ന റോഡ് | അറ്റകുറ്റപ്പണികൾ |
| | പഴവിള - പാങ്കാട് - മരുതമൺ | ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കണം |
| | വാഴത്തോപ്പു പച്ച - പാലുവള്ളി | ടാറിംഗ് നടത്തണം. |
| | വെള്ളാത്തൻ നഗർ - വായനശാല റോഡ് | ഗതാഗതയോഗ്യമാക്കണം |
| 2. | പഴവിള - ദേശാഭിമാനി റോഡ് | ഗതാഗത യോഗ്യമാക്കണം. |
| | അപ്പൂപ്പമ്പാറ - തണ്ണിയം - സ്റ്റേഡിയം റോഡ് | അറ്റകുറ്റപ്പണികൾ |

| വാർഡ് | റോഡിന്റെ പേര് | ചെയ്യേണ്ട ജോലിയുടെ സ്വഭാവം |
|---|---|---|
| | പാങ്ങോട് - ഉളിയകോട് - പാലുവള്ളി | ടാറിംഗ് നടത്തണം. |
| | പാങ്ങോട് - ചന്തക്കുന്ന് - തച്ചോണം | ടാറിംഗ് നടത്തണം. |
| | അയിരൂർ - മാറനാട് - ഭരതന്നൂർ | ടാറിംഗ് നടത്തണം. |
| 3. | L.P.S ജംഗ്ഷൻ - കടമാൻകുഴി | അറ്റകുറ്റപ്പണികൾ |
| | കൊച്ചാലുംമൂട് - ചാമവിള - ചടയൻമുക്ക് | ടാറിംഗ് നടത്തണം |
| | കൊച്ചാലുംമൂട് - കാഞ്ചിനട-പുത്തൻവിള | ടാറിംഗ് നടത്തണം |
| 4. | ഉളിയൻകോട് - പാലുവള്ളി | ടാറിംഗ് നടത്തണം |
| | പാകിസ്ഥാൻമുക്ക് - കൊച്ചാലുംമൂട് | ടാറിംഗ് നടത്തണം |
| | കൊച്ചാലുംമൂട് - പാലുവള്ളി | ടാറിംഗ് നടത്തണം |
| | പുളിക്കര - വാഹഗ്ശേരി റോഡ് | ടാറിംഗ് നടത്തണം |
| | തോട്ടുംപുറം പള്ളി - ചെങ്ങഴശ്ശേരി ഏലാക്കര | അറ്റകുറ്റപ്പണികൾ |
| | കാഞ്ചിനട - പോങ്ങുമലത്താര | ഗതാഗതയോഗ്യമാക്കണം |
| | അടപ്പുപാറ - വെള്ളയംദേശം | ഗതാഗതയോഗ്യമാക്കണം |
| 5. | മൈലമൂട് - ചെട്ടിയെക്കൊന്നകയം | |
| | ഗാർഡൻ സ്റ്റേഷൻ - വെള്ളയംദേശം | ഗതാഗതയോഗ്യമാക്കണം |
| | ഉദിമൂട് - ഉതിരച്ചിറ - മൈലമുട് | |
| | പാണ്ടിയാൻ പാറ - കുണ്ടാട് | ഗതാഗതയോഗ്യമാക്കണം (ടാറിംഗ്) |
| | വെള്ളയംദേശം (ഉതിരച്ചിറ) | |
| | കാരക്കാട്ട്കുന്ന് - വെള്ളയം ദേശം | ഗതാഗതയോഗ്യമാക്കണം (ടാറിംഗ്) |
| | പുളിക്കര - അടുപ്പ് പാറ | ,, |
| | ഗാർഡൻ സ്റ്റേഷൻ - കല്ലുമല | ,, |
| | ചെറ്റക്കടമുക്ക് - കണ്ണമ്പാറ | ടാറിംഗ് നടത്തണം |
| | ചെറ്റക്കടമുക്ക് - മാറനാട് - അയിരൂർ | |
| | H.S. ജംഗ്ഷൻ - പാകിസ്ഥാൻ മുക്ക് | ടാറിംഗ് നടക്കാത്ത ബാക്കി ഭാഗം ടാറിംഗ് പൂർണ്ണമാക്കണം. |
| | ദർഭവിള - കണ്ണമ്പാറ | അറ്റകുറ്റപ്പണികൾ |
| | പൂലോട് - Ex. കോളനി | ടാറിംഗ് പൂർണ്ണമാക്കണം |
| 6. | V.K. പൊയ്ക - അനച്ചംവിള-കണ്ണംപാറ | ഗതാഗതയോഗ്യമാക്കണം |
| | കല്ലുവാഴക്കുന്ന് - തോട്ട്മുക്ക് | അറ്റകുറ്റപ്പണികൾ |
| | തോട്ടുമുക്ക് - പച്ചക്കുഴി | അറ്റകുറ്റപ്പണികൾ |
| | ഇരപ്പിൻകര - തോട്ടുമുക്ക് | വീതികൂട്ടി ഗതാഗതയോഗ്യമാക്കണം |
| | മാടന്നട റോഡ് | അറ്റകുറ്റപ്പണി |
| | ഭരതന്നൂർ PHC യുടെ തെക്ക് വടക്ക് ഭാഗത്തുള്ള 500 മീറ്റർ റോഡ് | ഗതാഗതയോഗ്യമാക്കണം |
| | കരിഞ്ഞുട - തണ്ണിച്ചാൽ | ടാറിംഗ് നടത്തണം |
| | അംബേദ്കർ കോളനിയുടെ വടക്കുകിഴക്കു കൂടി പോകുന്ന റോഡ് | അറ്റകുറ്റപ്പണികൾ |
| | ചെല്ലാപ്പച്ച കോളനി - മാവുനിന്ന പച്ച | ,, |
| 7. | | |
| | വേലൻമുക്ക് - സേമ്യാക്കട | അറ്റകുറ്റപ്പണികൾ |

| | | |
|---|---|---|
| | കോട്ടയപ്പൻകാവ് - കൊച്ചാനക്കല്ലുവിള | ഗതാഗതയോഗ്യമാക്കണം |
| | അഞ്ചാനക്കുഴിക്കര - കോലിഞ്ചി | അറ്റകുറ്റപ്പണികൾ |
| | മൈലമൂട് - വാഴോട്ടുകാല | |
| | സേമ്യാക്കട - കാക്കാണിക്കര | ടാറിംഗ് നടത്തണം |
| | നാലുമുക്ക് - വട്ടത്താമരക്കുന്ന് - കോലിഞ്ചി | ഗതാഗതയോഗ്യമാക്കണം |
| | മൈലമൂട് - കാക്കാണിക്കര - വട്ടക്കരിക്കകം | ടാറിംഗ് നടത്തണം |
| | കരിമങ്കോട് - കൊച്ചടപ്പുപാറ - അഞ്ചാനക്കുഴിക്കര | ടാറിംഗ് നടത്തണം |
| | നാലുമുക്ക് - കുന്നുകുഴിത്താഴ്‌വര റോഡ് | ഗതാഗതയോഗ്യമാക്കണം |
| | മൈലമൂട് - കൊച്ചാനക്കല്ലുവിള ഗാർഡൻ സ്റ്റേഷൻ | ടാറിംഗ് നടത്തണം |
| | വട്ടക്കരിക്കകം - മൂന്നുമുക്ക് - കൈതപ്പച്ച | ടാറിംഗ് നടത്തണം |
| | മൂന്നുമുക്ക് - നാലുമുക്ക് | ഗതാഗതയോഗ്യമാക്കണം |
| | മൂന്നുമുക്ക് - കുന്നുപുറം - കാക്കാണിക്കര | ഗതാഗതയോഗ്യമാക്കണം |
| | മാവ്നിന്നപച്ച - മേശിരിമുക്ക് - കൊച്ചുവയൽ | ഗതാഗതയോഗ്യമാക്കണം |
| 9. | പാച്ചൻമുക്ക് ഏലാവഴി ബൗണ്ടറി റോഡ് | ഗതാഗതയോഗ്യമാക്കണം |
| | ആമത്തറ - വലിയവയൽ | ഗതാഗതയോഗ്യമാക്കണം |
| | മൂന്നുമുക്ക് - ആനക്കുഴി - കാക്കാണിക്കര | ഗതാഗതയോഗ്യമാക്കണം |
| | ആമത്തറ-സേമ്യാക്കട | |
| | കാക്കാണിക്കര - വട്ടക്കരിക്കകം (തോട്ടംവഴി) | ഗതാഗതയോഗ്യമാക്കണം |
| | കാക്കാണിക്കര - ഏഴുകുടി | അറ്റകുറ്റപ്പണികൾ |
| | പുത്തൻകലുങ്ക് - ആനക്കുഴി | അറ്റകുറ്റപ്പണികൾ |
| | കൈതപ്പച്ച - സേമ്യാക്കട | ഗതാഗതയോഗ്യമാക്കണം |
| | കാക്കാണിക്കര - തോട്ടിൻകര | അറ്റകുറ്റപ്പണികൾ |
| | കൈതപ്പച്ച അംഗൻവാടി - സേമ്യാക്കട | ഗതാഗതയോഗ്യമാക്കണം |
| | ആമത്തറ - മാവു നിന്ന പച്ച | ഗതാഗതയോഗ്യമാക്കണം |
| | തേക്കിൻമുക്ക് - തോട്ടിൻകര | ഗതാഗതയോഗ്യമാക്കണം |
| | വലിയ വയൽ - പൂച്ചടിക്കാല -- മന്ദിരംമുക്ക് | ഗതാഗതയോഗ്യമാക്കണം |
| | വട്ടക്കരിക്കകം - ഏഴുകുടി - ജവഹർ കോളനി | ഗതാഗതയോഗ്യമാക്കണം |
| | പാലുവള്ളി I.H.D.P കോളനി റോഡ് | ഗതാഗതയോഗ്യമാക്കണം |
| 10. | മാധവൻകരിക്കകം - പാലുവള്ളി - കടുക്കാക്കുന്ന് | ഗതാഗതയോഗ്യമാക്കണം |
| | വട്ടക്കരിക്കകം - മാർക്കറ്റ് റോഡ് | ടാറിംഗ് നടത്തണം |
| | വലിയവയൽ മുസ്ലീം പള്ളി - ചെത്തപ്പാലം | ടാറിംഗ് നടത്തണം |
| | തണ്ണിച്ചാൽ - തോട്ടുമുക്ക് - മന്ദിരംമുക്ക് | ടാറിംഗ് നടത്തണം |
| | രാമരശ്ശേരി - വട്ടവയൽഏല, റോഡ് | ടാറിംഗ് നടത്തണം |
| | മുലപ്പേഴ് രാമരശ്ശേരി - നാലുമുക്ക് | ടാറിംഗ് നടത്തണം |
| | ശിവക്ഷേത്രം - തണ്ണിച്ചാൽ - മൂന്ന്മുക്ക് | ഗതാഗതയോഗ്യമാക്കണം |
| | മൂലപ്പേഴ് - വട്ടവയൽ | ഗതാഗതയോഗ്യമാക്കണം |
| | മൂന്നുമുക്ക് - നാലുമുക്ക് | ടാറിംഗ് നടത്തണം |
| 11. | ശിവക്ഷേത്രം - വട്ടവയൽ - കണ്ണംപാറ | ടാറിംഗ് നടത്തണം |
| | മൂന്നുമുക്ക് - വെട്ടിപ്പൊത്ത ഇലവ് | ഗതാഗതയോഗ്യമാക്കണം |
| | മന്ദിരംമുക്ക് - തണ്ണിച്ചാൽ | ടാറിംഗ് നടത്തണം |

## ഈ പഞ്ചായത്തിലെ വിപുലമായ റോഡ് ശൃംഖലയെപ്പറ്റിയുള്ള വിവരങ്ങൾ വ്യക്തമാക്കുന്ന പട്ടിക (X)

(അവലംബം: പഞ്ചായത്ത് ഓഫീസ് റോഡ് രജിസ്റ്റർ)

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം മീറ്റർ | വീതി മീറ്റർ | ഒരു വർഷത്തിൽ ചെലവഴിച്ച തുക (8-ാം പദ്ധതി) | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യാത്തത് | ടാറിട്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | സൈഡ്‌വാൾ ഉള്ളത് | സൈഡ്‌വാൾ വേണ്ടത് | പാലം ഉള്ളത് | പാലം വേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| വാർഡ് 1 | | | | | | | | | | | | | | | |
| 1. | പഴവിള-ദേശാഭിമാനി | 1500 | 4 | 1595 | | | | | | | | | | | |
| 2. | മണക്കോട് താഴെപാങ്ങോട് | 100 | 5 | | | | | | | | | | | | |
| 3. | പാറയ്ക്കാട് പുലി-മേലേമുക്ക് | 500 | 5 | 1242 | | | | | | | | | | | |
| 4. | പറയ്ക്കാട് പുലി-താഴെമുക്ക് | 3200 | 6 | 1961 | | | | | | | | | | | |
| 5. | ദേശാഭിമാനി-ആലുംമൂട് | 320 | 6 | 1961 | | | | | | | | | | | |
| 6. | ഗ്രന്ഥശാല-ആലുംമൂട്-പള്ളിമുക്ക് | 100 | 6 | | | | | | | | | | | | |
| 7. | മുണ്ടോണിക്കര-പള്ളിമുക്ക് | 1500 | 6 | 1696 | | | | | | | | | | | |
| 8. | മണക്കോട്-തൊട്ടാവാടിവിള | 1000 | 5 | 1310 | | | | | | | | | | | |
| 9. | താഴെപാങ്ങോട്-വടകരമൂല | 600 | 6 | | | | | | | | | | | | |
| 10. | പള്ളിമുക്ക്-മരുതമൺ | 100 | 5.60 | 2030 | | | | | | | | | | | |
| 11. | പുലിപ്പാറ-വാഴമൂല | 600 | 6 | | | | | | | | | | | | |
| 12. | പള്ളിമുക്ക് - കാട്ടുകട | 1000 | 4.50 | 2432 | | | | | | | | | | | |
| 13. | കാട്ടുകട-താഴെപാങ്ങോട് | 1100 | 7 | 1996 | | | | | | | | | | | |
| 14. | പാക്കട-പറയ്ക്കാട് | 135 | 2.8 | | | | | | | | | | | | |
| 15. | പുലിപ്പാറ-പാക്കട-ചിറക്കോണം | 590 | 5.5 | 1639 | | | | | | | | | | | |
| 16. | മരുതമൺ-കുളമാൺകുഴി | 820 | 4.5 | 2560 | | | | | | | | | | | |
| 17. | ദേശാഭിമാനി-ആലുംമൂട് | 3000 | 6 | | | | | | | | | | | | |
| [illegible] | [illegible] | [illegible] | [illegible] | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് 2 | | | | | | | | | | | | | | | |
| 1. | പാങ്ങൽകുന്ന്-മാമ്പഴവിള | 700 | 4.5 | 2887 | | | | | | | | | | | |
| 2. | തണ്ണിയം-അപ്പൂപ്പൻപാറ | 1050 | 5 | 2988 | | | | | | | | | | | |
| 3. | പഴവിള-വർത്തുകോണം | 600 | 3.3 | 2816 | | | | | | | | | | | |
| 4. | കൊടുങ്ങംചേരി-പാഴത്തോപ്പ് പച്ച | 225 | 3.5 | 1905 | | | | | | | | | | | |
| 5. | മരുതമൺ-കുന്നുപുറം-തമ്പാണം | 700 | 3.5 | | | | | | | | | | | | |
| 6. | കൊച്ച്കട-കൊടുങ്ങംചേരി | 700 | 4.5 | 2842 | | | | | | | | | | | |
| 7. | പഴവിള-പാങ്കാട്-മരുതമൺ | 2500 | 8 | | | | | | | | | | | | |
| 8. | തണ്ണിയം-പനച്ചമൂട് | 500 | 4 | | | | | | | | | | | | |
| 9. | വാറുവിള-പനച്ചമൂട് | 700 | 4.5 | 2950 | | | | | | | | | | | |
| 10. | വാറുവിള-പനച്ചമൂട്-തണ്ണിയം | 700 | 4.5 | 2950 | | | | | | | | | | | |
| 11. | പാങ്കാട്-തണ്ണിയം | 500 | 3.5 | 2435 | | | | | | | | | | | |
| 12. | ആയിരവില്ലിക്കോണം-വടക്കേകര | 425 | 4.5 | 1130 | | | | | | | | | | | |
| 13. | പാങ്കാട്--വാഴവിള | 1400 | 7 | 2907 | | | | | | | | | | | |
| 14. | ആയിരവില്ലിക്കോണം-കാവിൽകുന്ന് | 340 | 4 | 2063 | | | | | | | | | | | |
| 15. | പാങ്കാട്--തണ്ണിയം-ഗണപതിക്ഷേത്രം | 420 | 5 | 2937 | | | | | | | | | | | |
| 16. | പഴവിള-വാഴത്തോപ്പ്പച്ച | 800 | 7 | | | | | | | | | | | | |
| 17. | മരുതമൺ-കുന്നുംപുറം-തച്ചോണം | 700 | 3.5 | | | | | | | | | | | | |
| 18. | വാറുവിള-ചുടുകാട്-തണ്ണിയം | 460 | 4.5 | 2870 | | | | | | | | | | | |
| 19. | ആയിരവില്ലിക്കോണം-പാങ്കാട് | | 7.5 | 2889 | | | | | | | | | | | |
| 20. | പഴവി ള-തണ്ണിയം | 800 | 7.4 | 2996 | | | | | | | | | | | |
| 21. | പാങ്ങൽകുന്ന്-മാമ്പഴവിള | 800 | 5.6 | 1737 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 22. | പാങ്ങോട്-പള്ളികൂടംമുക്ക് വി.റ്റി.പച്ച | 2020 | 6 | 2130 | | | | | | | | | | | |
| 23. | കൊച്ചുളിയൻകോട്-കന്യാറുകുഴി | 600 | 5 | | | | | | | | | | | | |
| 24. | ബൗണ്ടർമുക്ക്-കുറവൻകോണം | 700 | 5 | | | | | | | | | | | | |
| വാർഡ് 3 | | | | | | | | | | | | | | | |
| 1. | പാങ്ങോട്-താഴെപാങ്ങോട് | 835 | 6 | 2225 | | | | | | | | | | | |
| 2. | താഴെപാങ്ങോട്-വടംകരമൂലറോഡ് | 800 | 6 | | | | | | | | | | | | |
| 3. | താഴെപാങ്ങോട്-മണക്കോട് | 650 | 7 | | | | | | | | | | | | |
| 4. | മൃഗാശുപത്രി-ചന്തകുന്ന് | 682 | 3 | 1013 | | | | | | | | | | | |
| 5. | പാങ്ങോട്-കടുമാൻകുഴി | 350 | 3 | | | | | | | | | | | | |
| 6. | എൽ.പി.എസ്. കടുമാൺകുഴിഎല്ലാ | 480 | 4 | 865 | | | | | | | | | | | |
| 7. | പാങ്ങോട്പള്ളി-പുലോട്മുക്ക് | 640 | 5 | 1392 | | | | | | | | | | | |
| 8. | മേലെ പാങ്ങോട് പള്ളി-പുലോട്മുക്ക് | 500 | 4 | | | | | | | | | | | | |
| 9. | പുലോട്-അയിരൂർ | 700 | 6 | 1550 | | | | | | | | | | | |
| 10. | പാലച്ചിറമുക്ക്-വി.കെ. പൊയ്കക്ഷേത്രം | 680 | 6 | 1550 | | | | | | | | | | | |
| 11. | കല്ലുവാഴകുന്ന്-താജ് എൽ.പി.എസ്. | 400 | 4 | | | | | | | | | | | | |
| 12. | അയിരൂർ-മംഗലത്തുവിള | 420 | 5.5 | 4190 | | | | | | | | | | | |
| 13. | ദർപ്പവിള-വി.കെ.പൊയ്ക | 800 | 5.5 | 1682 | | | | | | | | | | | |
| 14. | അയിരൂർ-ചാവരുകോണം | 400 | 5 | | | | | | | | | | | | |
| 15. | ഉളിയംകോട്-പാലുവള്ളി | 1500 | 6 | | | | | | | | | | | | |
| 16. | ചന്തകുന്ന്-വലിയവിള | 600 | 6 | | | | | | | | | | | | |
| 17. | പാങ്ങോട്-കൊച്ചാലും മുട് | 400 | 8 | | | | | | | | | | | | |
| 18. | പാങ്ങോട്-കൊച്ചാലും മുട് | 1000 | 6 | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 19. | വി.കെ. പൊയ്ക -കല്ലുവാഴകുന്ന് | 600 | 7 | | | | | | | | | | | | |
| 20. | പാങ്ങോട്-ഉളിയംകോട് | 600 | 7 | | | | | | | | | | | | |
| 21. | ചന്തമുക്ക്-ലക്ഷംവീട്-പൊയ്കമുക്ക് | 670 | 8 | | | | | | | | | | | | |
| 22. | മേലേപാങ്ങോട്-പുലോട് | 300 | 6 | | | | | | | | | | | | |
| 23. | പാങ്ങോട്-കടുമാൻകുഴി | 650 | 5.5 | | | | | | | | | | | | |
| 24. | പാലച്ചിറമുക്ക്-ദർപ്പവിള | 1000 | 8 | | | | | | | | | | | | |
| 25. | വടകരമുല-മേലേപാങ്ങോട് പള്ളി | 1000 | 8 | | | | | | | | | | | | |
| 26. | മാറനാട്-അയിരൂർ | 290 | 5 | 2973 | | | | | | | | | | | |
| വാർഡ് 4 | | | | | | | | | | | | | | | |
| 1. | കൊച്ചാലുംമുട്-പാകിസ്ഥാമുക്ക് പുളിക്കുഴറോഡ് | 1500 | 6.50 | 3437 | | | | | | | | | | | |
| 2. | തോട്ടുംപുറം-വട്ടക്കോണംതടം | 1000 | 6 | | | | | | | | | | | | |
| 3. | ചാമവിളകുന്ന്-കരിമ്പ്‌വിളതടം | 660 | 4 | 1183 | | | | | | | | | | | |
| 4. | പുളികരവാകശ്ശേരി-ബൗണ്ടർവിളതടം | 990 | 6 | 2150 | | | | | | | | | | | |
| 5. | ബി.എച്ച്. എസ്റ്റേറ്റ്-കൊച്ചുളിയൻകോട്തടം | 800 | 4.50 | 1023 | | | | | | | | | | | |
| 6. | പഴവിളപട്ടാണം -പാലുവള്ളി | 660 | 4.50 | 2289 | | | | | | | | | | | |
| 7. | കൊച്ചുളിയൻകോട്-കന്യാറുകുഴി | 600 | 5 | | | | | | | | | | | | |
| 8. | ബൗണ്ടർമുക്ക്-കുറവൻകോണം തടം | 700 | 5 | | | | | | | | | | | | |
| 9. | കൊച്ചാലുംമുട്-പാലുവള്ളിറോഡ് | 600 | 8 | | | | | | | | | | | | |
| 10. | കാഞ്ഞിനട-പുത്തൻവിളതടം | 600 | 6 | | | | | | | | | | | | |
| 11. | പാങ്ങോട്-കൊച്ചാലുംമുട് | 2000 | 6 | 1568 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 12. | വട്ടക്കോണം-തോട്ടംപുറംതടം | 718 | 3.50 | 1180 | | | | | | | | | | | |
| 13. | കൊച്ചാലുംമൂട്-ചാരവിളകുന്ന് | 800 | 6 | | | | | | | | | | | | |
| 14. | കൊട്ടാലുംമൂട്-ബൗണ്ടർമുക്ക് | 690 | 7.50 | 707 | | | | | | | | | | | |
| 15. | ബൗണ്ടർമുക്ക്-കാഞ്ചിനട | 660 | 4.20 | 2094 | | | | | | | | | | | |
| വാർഡ് 5 | | | | | | | | | | | | | | | |
| 1. | പാണ്ടിയമ്പാറ-ഉദിരച്ചിററോഡ് | 900 | 5.50 | 2969 | | | | | | | | | | | |
| 2. | മൈലമൂട്-ഉദിമൂട്-കരിക്കകംറോഡ് | 1000 | 6 | | | | | | | | | | | | |
| 3. | മൈലമൂട്-ചെട്ടിയകൊന്നകയം റോഡ് | 1000 | 5 | | | | | | | | | | | | |
| 4. | കോട്ടയപ്പൻകാവ്-ചെട്ടിയകൊന്നകയം തടം | 1500 | 5 | | | | | | | | | | | | |
| 5. | ഗാർഡർസ്റ്റേഷൻ-പോങ്ങ്മലത്താരറോഡ് | 3300 | 5 | | | | | | | | | | | | |
| 6. | കല്ലുമല-ഉണ്ണിപാറതടം | 700 | 6 | | | | | | | | | | | | |
| 7. | കരടിമുക്ക്-പുളിക്കര-കൊച്ചടപ്പുററോഡ് | 2000 | 4 | 2870 | | | | | | | | | | | |
| 8. | ബൗണ്ടർമുക്ക്-ഉണ്ണിപ്പാറ-വാഴവിള-കാലതടം | 1000 | 6 | | | | | | | | | | | | |
| 9. | ബൗണ്ടർമുക്ക്-കൊച്ചടപ്പുപാറതടം | 850. | 6 | | | | | | | | | | | | |
| 10. | വഞ്ചിതടം-നെടുംകൈതറോഡ് | 700 | 6 | | | | | | | | | | | | |
| 11. | ബൗണ്ടർ മുക്ക്-കാഞ്ചിനട-പോങ്ങുമലത്താരറോഡ് | 1450 | 510 | 1597 | | | | | | | | | | | |
| 12. | ശാസ്താം നട-വെങ്കട്ടമൂട് റോഡ് | 2000 | 6 | | | | | | | | | | | | |
| 13. | വെങ്കട്ടമൂട്-ചാത്തൻവെട്ടിയമൂലറോഡ് | 600 | 5 | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 14. | കാഞ്ഞിനട-വെങ്കടമൂട് തടം | 1700 | 4 | 2861 | | | | | | | | | | | |
| 15. | പുത്തൻവിള-കരിമ്പ്‌വിളകുന്ന്റോഡ് | 600 | 7 | | | | | | | | | | | | |
| 16. | പന്തളംമുക്ക്-ആശാന്മുക്ക്-നെടുമ്പാംകോണം തടം | 515 | 4 | | | | | | | | | | | | |
| 17. | ബൗണ്ടർമുക്ക്-കുറവൻകോണം കാഞ്ഞിനടതടം | 750 | 6 | | | | | | | | | | | | |
| 18. | വെള്ളയംദേശം-കക്കോട്കുന്ന്റോഡ് | 600 | 6 | | | | | | | | | | | | |
| 19. | വെള്ളയംദേശം-ചാത്തൻവെട്ടിയമൂലതടം | 1250 | 6 | | | | | | | | | | | | |
| 20. | കക്കോട്കുന്ന്-കുളപ്പാററോഡ് | 1400 | 5 | | | | | | | | | | | | |
| 21. | കാഞ്ഞിനട എൽ.പി.എസ്. പുത്തൻവിളറോഡ് | 1120 | 5 | 2822 | | | | | | | | | | | |
| 22. | അടപ്പുപാറ വെള്ളയം ദേശംറോഡ് | 2780 | 9.30 | 2068 | | | | | | | | | | | |
| 23. | പോങ്ങുമലത്താര-വെള്ളയംദേശംറോഡ് | 1500 | 4.50 | 2968 | | | | | | | | | | | |
| 24. | ഗാർഡർസ്റ്റേഷൻ-കല്ലുമലറോഡ് | 480 | 5 | 1202 | | | | | | | | | | | |
| 25. | കാഞ്ഞിനട-പോങ്ങുമലത്താരറോഡ് | 1322 | 5.50 | 1717 | | | | | | | | | | | |
| 26. | ഉണ്ണിപ്പാറ-ചെട്ടിയകൊന്നകയം റോഡ് | 870 | 4.50 | 2654 | | | | | | | | | | | |
| 27. | കക്കോട്കുന്ന്-മീന്മുട്ടിതടം | 600 | 4 | | | | | | | | | | | | |
| 28. | ഗാർഡർസ്റ്റേഷൻ ചെട്ടിയകൊന്നകയം റോഡ് | 1245 | 5 | 2234 | | | | | | | | | | | |
| 29. | വെറ്റിനറി-കക്കോട്ട്കുന്ന്-മീൻമുട്ടിതടം | 1000 | 8 | | | | | | | | | | | | |
| 30. | പുളിയ്ക്കരകുന്ന്-കൊച്ചടപ്പുപാറ | 800 | 4 | 2941 | | | | | | | | | | | |
| 31. | കൊച്ചാലുംമൂട്-കാഞ്ഞിനടറോഡ് | 1450 | 6.50 | 1698 | | | | | | | | | | | |
| 32. | വഞ്ചിതടം-മീന്മുട്ടി-വാഴവിളക്കാലതടം | 1500 | 6 | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 33. | മുലക്കരിക്കകം-ചെമ്പൻകോട്തടം | 2000 | 6 | | | | | | | | | | | | |
| 34. | പോങ്ങുമലത്താര-കാണിസെറ്റിൽ മെൻറ് കോളനിവഴി-ചെമ്പൻകോട് | 1500 | 5.50 | | | | | | | | | | | | |
| 35. | കരിക്കകം തലക്കൽ - ചെമ്പൻകോട്തടം | 1500 | 6 | | | | | | | | | | | | |
| 36. | ഉദിമൂട് ഏലാതലയ്ക്കൽവഴി-ഉതിരചിറതടം | 1500 | 6 | | | | | | | | | | | | |
| 37. | തോട്ടുംപുറം-വെങ്കട്ടമൂട് തടം | 1150 | 5.50 | | | | | | | | | | | | |
| 38. | തോട്ടുംപുറം-വെള്ളയംദേശംതടം | 1300 | 5 | | | | | | | | | | | | |
| 39. | മീന്മുട്ടി-ഉണ്ണിപാറ-കല്ലുമലതടം | 1800 | 5.50 | | | | | | | | | | | | |
| 40. | ഉണ്ണിപ്പാറ-കോട്ടയപ്പൻ കാവ്തടം | 1000 | 7 | | | | | | | | | | | | |
| വാർഡ് 6 | | | | | | | | | | | | | | | |
| 1. | പാക്സ്ഥാമുക്ക്-ഭരതന്നൂർ എച്ച്.എസ്. റോഡ് | 1500 | 5 | 2936 | | | | | | | | | | | |
| 2. | ലെനിൻകുന്ന്-തമ്പന്നൂർ കരിക്കകം തടം | 980 | 6 | 1526 | | | | | | | | | | | |
| 3. | ആലമുക്ക്-തമ്പന്നൂർക്കരിക്കകം | 425 | 4 | 1516 | | | | | | | | | | | |
| 4. | നേതാജി ജംഗ്ഷൻ-പുളിമൂട്റോഡ് | 500 | 8 | 2799 | | | | | | | | | | | |
| 5. | പുളിമൂട്-നെല്ലികുന്ന്റോഡ് | 1200 | 5 | | | | | | | | | | | | |
| 6. | അയിരൂർ-മാറനാട്റോഡ് | 2000 | 5 | 1906 | | | | | | | | | | | |
| 7. | നെല്ലിയോട്ട്കോണം-മറനാട് ഏലാതടം | 300 | 5 | | | | | | | | | | | | |
| 8. | ദർഭവിള-തോട്ട്മുക്ക്റോഡ് | 660 | 4 | 2421 | | | | | | | | | | | |
| 9. | തോട്ട്മുക്ക്-ഈട്ടിമുക്ക്റോഡ് | 600 | 5 | 2720 | | | | | | | | | | | |
| 10. | അനച്ചംവിള-കല്ലവാരകുന്ന് പാലോട്ട് കോണം തടം | 790 | 4.50 | 2912 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 11. | പാലോട്കോണം-വി.കെ.പൊയിക തടം | 255 | 3.50 | 2019 | | | | | | | | | | | |
| 12. | ദർപ്പവിള-അനച്ചംവിള-കണ്ണംപാററോഡ് | 640 | 5.50 | 2172 | | | | | | | | | | | |
| 13. | കണ്ണമ്പാറ-ഈട്ടിമുക്ക്റോഡ് | 400 | 6 | | | | | | | | | | | | |
| 15. | ചന്ദനപുരം-മാവേലിക്കോണം തടം | 315 | 4.20 | 2031 | | | | | | | | | | | |
| 16. | ഇറപ്പിൻകര-ഊരാളിക്കോണം തടം | 425 | 3 | 2578 | | | | | | | | | | | |
| 17. | കുന്നംപുറത്ത്വാതുക്കൽ - നെല്ലികുന്ന് തടം | 150 | 3.50 | 2815 | | | | | | | | | | | |
| 18. | ജംങ്ഷൻമുക്ക് -കരിങ്ങട തടം | 260 | 4 | 1749 | | | | | | | | | | | |
| 19. | ജംങ്ഷൻമുക്ക്-ഹരിജൻകോളനി തടം | 640 | 4 | 2585 | | | | | | | | | | | |
| 20. | പുത്തൻവീട് എച്ച്.എസ്. ഏലാപ്പാറ | 60 | 6 | | | | | | | | | | | | |
| 21. | പാൽസൊസൈറ്റി-ഏലാ റോഡ് | -- | -- | | | | | | | | | | | | |
| 22. | ദർപ്പവിള-ശിവക്ഷേത്രം ജംങ്ഷൻമുക്ക്റോഡ് | 1140 | 5 | | | | | | | | | | | | |
| 23. | ഭരതന്നൂർ-നെല്ലികുന്ന് റോഡ് | 1140 | 5 | 791 | | | | | | | | | | | |
| 24. | ജംങ്ഷൻമുക്ക് - തുറ്റിയറതടം | 780 | 4 | 2958 | | | | | | | | | | | |
| 25. | കോട്ടമുക്ക്-ശിവക്ഷേത്രം | 600 | 4 | 4021 | | | | | | | | | | | |
| 26. | ഈട്ടിമുക്ക്-തോട്ടുമുക്ക് | 500 | 5 | 2720 | | | | | | | | | | | |
| 27. | നേതാജി ജംഗ്ഷൻ-ദർപ്പവിള | 880 | 4.30 | 2827 | | | | | | | | | | | |
| 28. | തമ്പന്നൂർ കരിക്കകംറോഡ് | 978 | 5 | 2985 | | | | | | | | | | | |
| 29. | ആലവളവ്-മനനാട്റോഡ് | 100 | 4 | 2762 | | | | | | | | | | | |
| 30. | പുളിമൂട്-ശിവക്ഷേത്രം | 94 | 5.20 | 2969 | | | | | | | | | | | |
| 31. | പുളിമൂട്-തുറ്റിയറ തടം | 120 | 4.50 | | | | | | | | | | | | |
| 32. | ഭരതന്നൂർ-പുളിമൂട്റോഡ് | 300 | 5 | 286 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 33. | മടവൂർകോണം-കണ്ണമ്പാറ | 1000 | 4 | | | | | | | | | | | | |
| 34. | രാമരശ്ശേരി-ചക്രവാണിമുക്ക് | 700 | 5 | | | | | | | | | | | | |
| വാർഡ് 7 | | | | | | | | | | | | | | | |
| 1. | കാഞ്ഞിരംവിള-ചെല്ലാപ്പച്ച ഹരിജൻ കോളനിറോഡ് | 610 | 4.60 | 1055 | | | | | | | | | | | |
| 2. | ചെല്ലാപ്പച്ച ഹരിജൻകോളനി കൊച്ചുവയൽ റോഡ് | 768 | 4.30 | 2129 | | | | | | | | | | | |
| 3. | ചെല്ലാപ്പച്ചഹരിജൻ കോളനി-കരിങ്ങട റോഡ് | 700 | 4.40 | 2872 | | | | | | | | | | | |
| 4. | നെല്ലിക്കുന്ന് റേഷൻകട-മരതന്നൂർ എൽ.പി.എസ്. ഇടറോഡ് | 846 | 4.20 | | | | | | | | | | | | |
| 5. | നെല്ലികുന്ന്-ബൗണ്ടറി-ചെല്ലാപ്പച്ച ഹരിജൻ കോളനി | 800 | 4.20 | | | | | | | | | | | | |
| 6. | മരതന്നൂർ എൽ.പി.എസ്. കിഴതിൽ ചെല്ലാപ്പച്ച റോഡ് | 200 | 4 | | | | | | | | | | | | |
| 7. | ചെറ്റകടമുക്ക്-പാകിസ്ഥാന്മുക്ക്റോഡ് | 350 | 6 | | | | | | | | | | | | |
| 8. | തേമ്പാംമൂട്-വേലൻമുക്ക്റോഡ് | 617 | 6.20 | 1619 | | | | | | | | | | | |
| 9. | തേമ്പാംമൂട് - കൊച്ചുവയൽ | 417 | 4.50 | 1811 | | | | | | | | | | | |
| 10. | നെല്ലികുന്ന് എൽ.പി.എസ്. ചെല്ലാപ്പച്ചറോഡ് | 1100 | 5.50 | 1801 | | | | | | | | | | | |
| 11. | മരതന്നൂർ-പുളിയ്ക്കരകുന്ന് റോഡ് | 400 | 6 | | | | | | | | | | | | |
| 12. | കൈതപച്ച-കൊച്ചുവയൽ റോഡ് | 270 | 2.20 | 2980 | | | | | | | | | | | |
| 13. | മരതന്നൂർ എൽ.പി.എസ്. സ്റ്റേഡിയം റോഡ് | 800 | 5 | 2968 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 14. | ഗാർഡൻ സ്റ്റേഷൻ-മേലെ ചെല്ലാപ്പച്ച റോഡ് | 480 | 8 | | | | | | | | | | | | |
| 15. | പുത്തൻവീട്ടുനട-കാവുവിളതടം | 480 | 3.50 | 934 | | | | | | | | | | | |
| 16. | ചെല്ലാപ്പച്ച ഹരിജൻകോളനി ചർച്ച് റോഡ് | 600 | 4 | | | | | | | | | | | | |
| 17. | ചെല്ലാപ്പച്ച ഹരിജൻ കോളനി കാരിങ്ങടറോഡ് | 800 | 4 | | | | | | | | | | | | |
| വാർഡ് 8 | | | | | | | | | | | | | | | |
| 1. | മൈലമൂട്-മൂന്നാറ്റുമുക്ക്റോഡ് | 1500 | 8.30 | 2649 | | | | | | | | | | | |
| 2. | കൊച്ചാനകല്ലുവിള-വാഴോട്ട്കല | 1080 | 6.20 | 2925 | | | | | | | | | | | |
| 3. | കൊച്ചാനകല്ലുവിള കോട്ടയപ്പൻകാവ് റോഡ് | 600 | 4.50 | 2408 | | | | | | | | | | | |
| 4. | വേലൻമുക്ക്-കോലിഞ്ചിതലയ്ക്കൽ റോഡ് | 870 | 4 | 2968 | | | | | | | | | | | |
| 5. | സേമ്യാക്കട-കോലിഞ്ചി തലയ്ക്കൽ കൊച്ചാനകല്ലുവിള | 520 | 5 | 2934 | | | | | | | | | | | |
| 6. | നാല്മുക്ക്-വട്ടത്താമരകുന്ന് | 300 | 5 | 2650 | | | | | | | | | | | |
| 7. | നാല്മുക്ക്-വട്ടത്താമരതാഴ്വര കുന്നിൽ റോഡ് | 600 | 5 | 2912 | | | | | | | | | | | |
| 8. | ചിപ്പൻചിറ-ബോട്ടാണിക്കൽ ഗാർഡൻ ക്വാർട്ടേഴ്സ് റോഡ് | 600 | 6 | 2597 | | | | | | | | | | | |
| 9. | മൈലമൂട്-ആറ്റുമൺപുറം റോഡ് | 850 | 4 | 2230 | | | | | | | | | | | |
| 10. | സേമ്യാക്കട-രണ്ടാം പാൻ ഇടറോഡ് | 435 | 6 | 2836 | | | | | | | | | | | |
| 11. | അംഗണവാടിമുക്ക്-കോലിഞ്ചി തലയ്ക്കൽ | 380 | 3 | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 12. | അഞ്ചാനകുഴിക്കര-പാച്ചൻ മുക്ക് ഇടറോഡ് | 340 | 4.50 | 2615 | | | | | | | | | | | |
| 13. | കരിമൺകോട്-കൊച്ചടപ്പുപാറ | 120 | 4.50 | 2965 | | | | | | | | | | | |
| 14. | അഞ്ചാനകുഴിക്കര-കുനൻവേങ്ങ റോഡ് | 605 | 4 | 2865 | | | | | | | | | | | |
| 15. | ഗാർഡർ സ്റ്റേഷൻ-കൊച്ചാനകല്ല് വിളറോഡ് | 800 | 5.80 | 2879 | | | | | | | | | | | |
| 16. | അഞ്ചാനകുഴിക്കര അംഗണവാടി ആറ്റരുക് റോഡ് | 1110 | 6.50 | 2863 | | | | | | | | | | | |
| 17. | വേലൻമുക്ക്-വാഴോട്ട്കാലറോഡ് | 360 | 4.50 | 1558 | | | | | | | | | | | |
| 18. | പാച്ചന്മുക്ക് ഇടറോഡ് | 1000 | 4 | | | | | | | | | | | | |
| 19. | അഞ്ചാനകുഴിക്കര-കോലിഞ്ചിതലയ്ക്കൽ റോഡ് | 860 | 6.20 | 2892 | | | | | | | | | | | |
| 20. | സേമ്യാക്കട-പള്ളിമുക്ക് റോഡ് | 300 | 5 | 2743 | | | | | | | | | | | |
| 21. | താഴെവേലൻമുക്ക്-കോലിഞ്ചി ഇടറോഡ് | 350 | 3.30 | 2521 | | | | | | | | | | | |
| 22. | അഞ്ചാനകുഴിക്കര-മൂന്നാറ്റുമുക്ക് റോഡ് | 1800 | 8 | | | | | | | | | | | | |
| 23. | വേലൻമുക്ക്-കൊച്ചനകല്ലുവിള | 600 | 4 | | | | | | | | | | | | |
| 24. | വേലംമുക്ക്-അംഗണവാടി തേനാം മൂട്റോഡ് | 700 | 4 | | | | | | | | | | | | |
| 25. | കൊച്ചടപ്പുപാറ കമ്മ്യൂണിറ്റിഹാൾ ആറ്റുമൺ പുറം റോഡ് | 1000 | 5 | | | | | | | | | | | | |
| 26. | വേലൻമുക്ക്-വാഴോട്കാലറോഡ് | 200 | 4 | 1558 | | | | | | | | | | | |
| 27. | അടപ്പുപാറ കമ്മ്യൂണിറ്റിഹാൾ മുലയിൽ റോഡ് | 650 | 4 | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് 9 | | | | | | | | | | | | | | | |
| 1. | പട്ടാളംമുക്ക്-ഏഴുകുടിറോഡ് | 740 | 7 | 1831 | | | | | | | | | | | |
| 2. | കൈതപ്പച്ച-ആമത്തറ പള്ളിമുക്ക്റോഡ് | 1500 | 8 | | | | | | | | | | | | |
| 3. | ആമത്തറ-മാവനിന്ന പച്ചറോഡ് | 880 | 8 | | | | | | | | | | | | |
| 4. | കൈതപ്പച്ച-വലിയവയൽറോഡ് | 2000 | 6 | | | | | | | | | | | | |
| 5. | സേമ്യാക്കട-ആമത്തററോഡ് | 1000 | 6 | | | | | | | | | | | | |
| 6. | മുന്ന്മുക്ക്-നാല്മുക്ക്-കക്കാണിക്കര | 610 | 8 | 2210 | | | | | | | | | | | |
| 7. | കാക്കാണിക്കര എൽ.പി.എസ്. ചെത്തപ്പാലം | 1560 | 6.20 | 2188 | | | | | | | | | | | |
| 8. | കാക്കാണിക്കര എൽ.പി.എസ്. പാച്ചന്മുക്ക് തെക്കിൻ കാട് റോഡ് | 1560 | 6.20 | 2188 | | | | | | | | | | | |
| 9. | ഞങ്ങാനകുഴിക്കര-പാച്ചന്മുക്ക് | 340 | 6 | 1922 | | | | | | | | | | | |
| 10. | കാക്കാണിക്കര എൽ.പി.എസ്. തോട്ടംവഴി വട്ടക്കരികകം റോഡ് | 246 | 4.50 | 2292 | | | | | | | | | | | |
| 11. | പട്ടാളംമുക്ക് എക്സ്. കോളനി | 800 | 7 | | | | | | | | | | | | |
| 12. | മാവുനിന്നപച്ച കൊച്ചുവയൽ | 700 | 5.50 | 1533 | | | | | | | | | | | |
| 13. | കൈതപച്ച-കൊച്ചുവയൽ | 1100 | 5.30 | 1580 | | | | | | | | | | | |
| 14. | തണ്ണിച്ചാൽ-ചെണ്ടാമുക്ക് | 960 | 5.50 | 1435 | | | | | | | | | | | |
| 15. | പാച്ചന്മുക്ക്-ജവഹർ കോളനിപുതിയ പാലം വരെ | 1000 | 6.25 | 2113 | | | | | | | | | | | |
| 16. | ആമത്തറ-വലിയവയൽ | 320 | 5 | | | | | | | | | | | | |
| 17. | ചെത്തപ്പാലം-തോട്ടം വഴി കാക്കാണിക്കര | 800 | 4 | | | | | | | | | | | | |
| 18. | ആമത്തറ-തോട്ടം വഴി വലിയ വയൽ | 400 | 3 | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 19. | കൈതപച്ച-ആമത്തറ ചെത്തപ്പാലം റോഡ് | 1130 | 5 | 2537 | | | | | | | | | | | |
| 20. | രണ്ടാംചാൽ-ആമത്തറ | 500 | 6 | | | | | | | | | | | | |
| 21. | തെമ്പാംമൂട്-നാലുമുക്ക് റോഡ് | 2500 | 8 | | | | | | | | | | | | |
| 22. | കൈതപച്ച-ആമത്തറനാലുമുക്ക് | 990 | 5 | 2931 | | | | | | | | | | | |
| 23. | സേമ്യക്കട-കുഴിയിൽ വീട്റോഡ് | 600 | 6 | 3828 | | | | | | | | | | | |
| 24. | കുഴിയിൽ വീട് ജംഗ്ഷൻ ആമത്തറ | 450 | 5 | 3542 | | | | | | | | | | | |
| 25. | തെമ്പാംമൂട്-നാലുമുക്ക്-രണ്ടാംചാൽ റോഡ് | 690 | 7.50 | 1878 | | | | | | | | | | | |
| 26. | ആമത്തറ-മുളമുക്ക് വലിയ വയൽ തലയ്ക്കൽ റോഡ് | 750 | 6 | | | | | | | | | | | | |
| 27. | ആമത്തറ-തോട്ടുമുക്ക് റോഡ് | 365 | 450 | 2883 | | | | | | | | | | | |
| 28. | തോട്ടുമുക്ക്-വലിയ വയൽറോഡ് | 380 | 4.50 | 2846 | | | | | | | | | | | |
| 29. | കൈതപച്ച-സേമ്യാക്കട | 1500 | 6 | | | | | | | | | | | | |
| 30. | കൈതപച്ച-അങ്കണവാടി സേമ്യാക്കട | 250 | 6 | | | | | | | | | | | | |
| 31. | മാമ്പുനിന്നപച്ച-റിംഗ് റോഡ് | 1500 | 6 | | | | | | | | | | | | |
| 32. | ആമത്തറ-മേലെമുക്ക്-രണ്ടാംചാൽ ഇടറോഡ് | 750 | 6 | | | | | | | | | | | | |
| 33. | ആമത്തറ-മേലെമുക്ക്-ബ്ലോക്ക് നമ്പർ 145 വഴി ആമത്തറ | 600 | 6 | | | | | | | | | | | | |
| 34. | ആലമുക്ക്-മുന്നാംചാൽ ബ്ലോക്ക് 602 വരെ | 400 | 6 | | | | | | | | | | | | |
| 35. | മേശിരിമുക്ക്-കോളനിവഴി കൊച്ചുവയൽ | 1000 | 6 | | | | | | | | | | | | |
| 36. | കൊച്ചുവയൽതോട്ടം വഴി കൈതപച്ച തലയ്ക്കൽ | 1000 | 6 | | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 37. | കാക്കാണിക്കര തോട്ടം വഴി ഏഴുകുടി | 125 | 4 | | | | | | | | | | | | |
| 38. | ഭജനമഠം-എഴുകുഴി | 200 | 3 | | | | | | | | | | | | |
| 39. | പാച്ചമുക്ക്-ഏലാവഴി ജവഹർ കോളനി | 2000 | 6 | | | | | | | | | | | | |
| 40. | മേലെതണ്ണിച്ചാൽ കരിങ്ങാട് | 1000 | 6 | | | | | | | | | | | | |
| 41. | മുന്നമുക്ക് ആറ്റിൻപുറം വഴി കാക്കാണിക്കര | 500 | 6 | | | | | | | | | | | | |
| 42. | ആനക്കുഴി (മുന്നിമുക്ക്) കാക്കാണിക്കര ഇടറോഡ് | 500 | 6 | | | | | | | | | | | | |
| 43. | ആനക്കുഴി (വിളിവിൻ ശാല) കാക്കാണിക്കര ഇടറോഡ് | 500 | 6 | | | | | | | | | | | | |
| 44. | കാക്കാണിക്കര-കുന്നുംപുറം ഏഴുകുടി തോട്ടം | 1000 | 6 | | | | | | | | | | | | |
| 45. | തേക്കിൻമുക്ക്-പട്ടാളം മുക്ക് ബൗണ്ടർ റോഡ് | 2000 | 6 | | | | | | | | | | | | |
| 46. | കൊച്ചുവയൽ-തേരി തലയ്ക്കൽ കൈതപ്പച്ച | 500 | 2 | | | | | | | | | | | | |
| വാർഡ് 10 | | | | | | | | | | | | | | | |
| 1. | പാലുവള്ളി കരിയ്ക്കകം ഏഴുകുടി റോഡ് | 1500 | 6 | 962 | | | | | | | | | | | |
| 2. | വലിയവയൽ-തോട്ടുമുക്ക് റോഡ് | 1550 | - | 2389 | | | | | | | | | | | |
| 3. | വട്ടക്കരിയ്ക്കകം-തോട്ടം റോഡ് | 650 | 5 | 2246 | | | | | | | | | | | |
| 4. | ജവഹർകോളനി-ഏഴുകുടിറോഡ് | 1182 | 6 | 2980 | | | | | | | | | | | |
| 5. | ഏഴുകുടി-കടുക്കാക്കുന്ന് തടം | 980 | 6 | 2230 | | | | | | | | | | | |
| 6. | ഹരിജന്മുക്ക്-കടുക്കാക്കുന്ന് റോഡ് | 1375 | 5.50 | 2923 | | | | | | | | | | | |
| 7. | പാലുവള്ളി തലയ്ക്കൽ-കടുക്കാകുന്ന് റോഡ് | 960 | 4.30 | 2650 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 8. | ആയിരവല്ലി-സ്വാമിമുക്ക് ഇടറോഡ് | 125 | 5 | 2823 | | | | | | | | | | | |
| 9. | കാറ്റാടിമുക്ക്-ബൗണ്ടറി പാല്യവങ്ങിതടം | 600 | 4.50 | 2329 | | | | | | | | | | | |
| 10. | തണ്ണിച്ചാൽ-പാകാറിതോട്ടുമുക്ക് റോഡ് | 900 | 5 | | | | | | | | | | | | |
| 11. | പത്തക്കർ തോട്ടുമുക്ക് | 800 | 4.50 | | | | | | | | | | | | |
| 12. | പത്തക്കർ-വലിയവേങ്കാട് റോഡ് | 930 | 5 | 2868 | | | | | | | | | | | |
| 13. | എക്സ്. കോളനി പാങ്ങോട്റോഡ് വട്ടക്കരിയ്ക്കകം | 400 | 6 | | | | | | | | | | | | |
| 14. | വലിയവയൽ-വട്ടക്കരിയ്ക്കകം പാറകാറി റോഡ് | 800 | 8 | | | | | | | | | | | | |
| 15. | വലിയവയൽ-പുച്ചടിക്കാല | 1100 | 5.40 | | | | | | | | | | | | |
| 16. | വലിയവയൽ-തണ്ണിച്ചാൽ റോഡ് | 950 | 4 | | | | | | | | | | | | |
| 17. | ഹരിജന്മുക്ക്-തോട്ടം റോഡ് | 420 | 6 | | | | | | | | | | | | |
| 18. | പാല്യവള്ളി തലയ്ക്കൽ പാല്യവള്ളി റോഡ് | 840 | 5.50 | 2821 | | | | | | | | | | | |
| 19. | ഏഴുകുടി-പാല്യവള്ളിതലയ്ക്കൽ റോഡ് | 910 | 6.25 | 2908 | | | | | | | | | | | |
| 20. | പത്തക്കർ-മന്ദിരം മുക്ക് റോഡ് | 725 | 6.5 | 2908 | | | | | | | | | | | |
| 21. | മന്ദിരംമുക്ക്-തോട്ടുമുക്ക് | 506 | 6.50 | | | | | | | | | | | | |
| 22. | ഇടകോളനി-ആറ്റുപുറംപോക്ക്റോഡ് | 300 | 1.50 | | | | | | | | | | | | |
| 23. | വലിയവയൽ പാറക്കോറി തണ്ണിച്ചാൽ | | | 2524 | | | | | | | | | | | |
| 24. | പാല്യവള്ളി-കടുക്കാക്കുന്ന് ബൗണ്ടറി റോഡ് | 480 | 3.50 | | | | | | | | | | | | |
| 25. | വലിയവയൽ-പത്തക്കർ റോഡ് | 890 | 6 | 3793 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 26. | ഏഴുകുടി-തോട്ടംമുക്ക് റോഡ് | 656 | 4 | | | | | | | | | | | | |
| 27. | തോട്ടംമുക്ക്-പാലുവള്ളിതലയ്ക്കൽ റോഡ് | 712 | 4.50 | | | | | | | | | | | | |
| വാർഡ് 11 | | | | | | | | | | | | | | | |
| 1. | മുലപ്പേഴ്-രാമരശ്ശേരിറോഡ് | 1380 | 650 | 2191 | | | | | | | | | | | |
| 2. | തണ്ണിച്ചാൽ-തോട്ടുമുക്ക് മന്ദിരംമുക്ക് റോഡ് | 500 | 5.20 | 2824 | | | | | | | | | | | |
| 3. | മുലപ്പേഴ്-വലിയവേങ്കാട് റോഡ് | 540 | 4.50 | 2741 | | | | | | | | | | | |
| 4. | മുന്നമുക്ക്-വെട്ടിപ്പൊത്തലവ് റോഡ് | 860 | 4.50 | 3097 | | | | | | | | | | | |
| 5. | മുലപ്പേഴ്-മുന്നമുക്ക് റോഡ് | 1300 | 4.50 | | | | | | | | | | | | |
| 6. | മുലപ്പേഴ്-മരുതിമല-നാലുമുക്ക് റോഡ് | 950 | 6 | 2930 | | | | | | | | | | | |
| 7. | ഈട്ടിമുക്ക്-കണ്ണംപാററോഡ് | 1774 | 7 | 2202 | | | | | | | | | | | |
| 8. | അയ്യർമുക്ക്-മുലപ്പേഴ് തടം | 590 | 5 | 2490 | | | | | | | | | | | |
| 9. | രാമരശ്ശേരി-കണ്ണംപാറ റോഡ് | 680 | 6.30 | 2981 | | | | | | | | | | | |
| 10. | ശിവക്ഷേത്രം-തണ്ണിച്ചാൽറോഡ് | 510 | 4.50 | 2785 | | | | | | | | | | | |
| 11. | ഈട്ടിമുക്ക്-ബൗണ്ടറിമുക്ക്റോഡ് | 920 | 8 | 1773 | | | | | | | | | | | |
| 12. | ശിവക്ഷേത്രം-രാമരശ്ശേരിറോഡ് | 960 | 7.50 | 2943 | | | | | | | | | | | |
| 13. | മുലപ്പേഴ്-വട്ടവയൽറോഡ് | 1230 | 5.50 | 2990 | | | | | | | | | | | |
| 14. | രാമരശ്ശേരി-ഈട്ടിമുക്ക് റോഡ് | 560 | 6.50 | 1885 | | | | | | | | | | | |
| 15. | മുലപ്പേഴ്-വള്ളംവെട്ടിയമൂല രാമരശ്ശേരിറോഡ് | 690 | 6.50 | 2034 | | | | | | | | | | | |
| 16. | തണ്ണിച്ചാൽ-മുലപ്പേഴ്മുന്നമുക്ക് റോഡ് | 1000 | 8 | | | | | | | | | | | | |
| 17. | വട്ടവയൽ-വള്ളംവെട്ടിയമൂല | 624 | 4 | 2853 | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 18. | മുലപ്പേഴ് കാവിൽ റോഡ് | 700 | 7.50 | 2911 | | | | | | | | | | | |
| 19. | മൂന്ന്മുക്ക്-നാല്മുക്ക് റോഡ് | 700 | 6 | 2936 | | | | | | | | | | | |
| 20. | മുലപ്പേഴ്-പാറകുന്ന്റോഡ് | 420 | 5 | 2788 | | | | | | | | | | | |
| 21. | വള്ളംവെട്ടിയമൂല-മുലപ്പേഴ് | 510 | 5 | 2956 | | | | | | | | | | | |
| 22. | പാലമുട്-മുലപ്പേഴ്റോഡ് | 398 | 7.50 | 1841 | | | | | | | | | | | |
| 23. | മന്ദിരംമുക്ക്-തോട്ടുമുക്ക്റോഡ് | 1250 | 6 | 2847 | | | | | | | | | | | |
| 24. | രാമരശ്ശേരി എള്ളാറോഡ് | 1500 | 3.20 | | | | | | | | | | | | |

ഇവിടെകാണിച്ചിട്ടുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള തുക പൊതുമരാമത്ത് പണികൾക്കായി ചെലവഴിക്കപ്പെട്ടിട്ടുള്ള തുകയുടെ ഏകദേശം 25% മാത്രമാണ്. വിവിധ സ്കീമുകളിലൂടെ നമ്മുടെ പഞ്ചായത്തിൽ റോഡ് വികസനാർത്ഥം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്കായി ചെലവഴിക്കപ്പെട്ട തുകയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല.

# വാർത്താ വിനിമയം

പാങ്ങോട് പഞ്ചായത്തിൽ ആകെ 7 തപാലാഫീസുകളാണ് പ്രവർത്തിക്കുന്നത്. ഇവ പാങ്ങോട്, ഭരതന്നൂർ, മൈലമൂട്, വട്ടക്കരിക്കകം, മൂന്നുമുക്ക്, കാഞ്ചിനട, എക്സ്.കോളനി എന്നിവിടങ്ങളിലാണ്. കൂടാതെ കല്ലറ, പച്ചപാലോട്, കരിമൺകോട് എന്നിവിടങ്ങളിലെ തപാലാപ്പീസുകളുടെ സേവനവും ഈ പഞ്ചായത്തിൽ ചിലയിടങ്ങളിൽ ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ തപാലാപ്പീസുകളെല്ലാം തന്നെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുപോരുന്നത്. ഓരോ തപാലാപ്പീസിന്റെയും ദൂരപരിധി വളരെ കൂടുതലായതിനാലും ആവശ്യമായ ജീവനക്കാരുടെ അഭാവം മൂലവും തപാലുരുപ്പടികൾ യഥാസമയം ഗുണഭോക്താവിന് ലഭിക്കാറില്ല. ഇതു പരിഹരിക്കുന്നതിനായി കാക്കാണിക്കര, പാലുവള്ളി എന്നീ പ്രദേശങ്ങളിൽ ഓരോ ബ്രാഞ്ച് ഓഫീസുകളും ആവശ്യമായ സ്ഥലങ്ങളിൽ പോസ്റ്റ് ബോക്സുകളും സ്ഥാപിക്കേണ്ടതുണ്ടെന്ന് ഗ്രാമസഭകൾ ചൂണ്ടിക്കാട്ടി.

ഈ പഞ്ചായത്ത് പ്രദേശത്ത് 1996 വരെ ആകെ 50 ഓളം ടെലിഫോൺ കണക്ഷനുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ 1996-ൽ ഭരതന്നൂർ കേന്ദ്രമാക്കി ഒരു ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തനമാരംഭിച്ചപ്പോൾ ഏകദേശം 130 കണക്ഷനുകൾ കൂടി പുതിയതായി നൽകപ്പെട്ടു. അപേക്ഷകരിൽ ധാരാളം പേർക്ക് ഇനിയും ടെലിഫോൺ കണക്ഷൻ ലഭിക്കാനുള്ളതിനാൽ അവ അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# സേവന മേഖല

- ആരോഗ്യം
- പാർപ്പിടം
- കുടിവെള്ളം
- വിദ്യാഭ്യാസം
- സംസ്ക്കാരം
- സാമൂഹ്യക്ഷേമം
- സഹകരണം
- പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
- സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി
- വനം
- വിഭവസമാഹരണം

# ആരോഗ്യം

പാങ്ങോട് പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാണ്ട് 35 വർഷങ്ങൾക്കുമുമ്പവരെ പാരമ്പര്യ വൈദ്യസമ്പ്രദായങ്ങളാലാണ് നിയന്ത്രിക്കപ്പെട്ടിരുന്നത്. അക്കാലത്ത് പാരമ്പര്യവൈദ്യശാസ്ത്ര വിധികളോടൊപ്പം ചരട് ജപിച്ചുകൊടുക്കുക, മന്ത്രം ചൊല്ലി രോഗശാന്തി വരുത്തുക, വഴിപാടുകൾ നേർന്ന് രോഗ ശാന്തി വരുത്തുക തുടങ്ങിയ അന്ധവിശ്വാസ ജടിലമായ ചികിത്സാ സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. ആധുനിക ശാസ്ത്രവും ചികിത്സാ രീതികളും വളരെ പുരോഗമിച്ച ഇക്കാലത്ത്പോലും ഇത്തരം പ്രാകൃത രീതികളിൽ ചിലത് അനുവർത്തിക്കപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിൽ സർക്കാർ വക ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ഭരതന്നൂരിൽ സ്ഥാപിതമായത് 1972 ലാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത ആരോഗ്യ കേന്ദ്രം നെല്ലിക്കുന്നിലേക്ക് 1992-93-ൽ സ്ഥലം മാറ്റി. നെല്ലിക്കുന്നിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിന് ഉൾപ്പെടെ അതിരില്ലാത്ത സഹായ സഹകരണങ്ങൾ നൽകിയത് ബഹുമാന്യനായ ഡോ.കെ.വി.കൃഷ്ണദാസും ഇന്നാട്ടിലെ ജനങ്ങളും ആയിരുന്നു.

ഈ പ്രൈമറി ഹെൽത്ത് സെന്ററിനു പുറമേ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 5 അലോപ്പതി ക്ലിനിക്കുകളും 2 ആയുർവേദ ആശുപത്രികളും ഒരു ഹോമിയോ ആശുപത്രിയും ഒരു യൂനാനി ചികിത്സാ കേന്ദ്രവുമുണ്ട്. ഇത് കൂടാതെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി 6 പ്രൈമറി ഹെൽത്ത് സബ് സെന്ററുകളും പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും പരിശോധിച്ചാൽ ആരോഗ്യരംഗത്ത് ഗുണപരമായ വ്യതിയാനങ്ങൾ ഉണ്ടായതായി കാണുന്നില്ല. കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള ഒരു സർക്കാർ ആശുപത്രിയുടെ അഭാവം പഞ്ചായത്തിലുണ്ട്. ഇപ്പോൾ കിടത്തി ചികിത്സ ലഭിക്കാനായി 15ഉം 20ഉം കിലോമീറ്റർ അകലെയുള്ള കല്ലറ, പാലോട് ആശുപത്രികളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

ഈ പഞ്ചായത്തിലെ 94-95-ലെ മരണനിരക്ക് 2.1 ആണ്. കേരളത്തിൽ നിലവിലുള്ള പൊതു മരണനിരക്ക് 5.9 ആണ്. സംസ്ഥാന ശരാശരി

നിരക്കിനെക്കാൾ കുറവാണ് ഈ പഞ്ചായത്തിലേത്. അംഗൻവാടി കണക്കുകൾ പ്രകാരം ഈ പഞ്ചായത്തിലെ ജനനനിരക്ക് 17.14 ആണ്. കേരളത്തിലെ ശരാശരി ജനന നിരക്ക് 17 ആണ്. അതായത് പഞ്ചായത്ത് പ്രദേശത്തെ ശരാശരി ജനനനിരക്ക് കൂടുതലാണെന്ന് കാണാം. ജനന നിയന്ത്രണ മാർഗ്ഗങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. അംഗൻവാടി സർവ്വേ പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 28,922 ആണ്. '94-'95-ൽ 496 ജനനവും 61 മരണവും ഉണ്ടായതായി അംഗൻവാടി സെൻസസ് കണക്കുകൾ വ്യക്തമാക്കുന്നു. പ്രസ്തുത സെൻസസ് പ്രകാരം ശിശുമരണ നിരക്ക് 1-ൽ താഴെയാണെന്ന് കാണാം. ഈ പഞ്ചായത്തിൽ ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളാരും തന്നെയില്ല.

പഞ്ചായത്തിലെ കുട്ടികളുടെ പ്രായഘടനയെക്കുറിച്ചുള്ള വിവരം കാണിക്കുന്ന ചാർട്ട്

| | | |
|---|---|---|
| 1. | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 496 |
| 2. | 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 431 |
| 3. | 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 486 |
| 4. | 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 1096 |

അംഗൻവാടി സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം വികലാംഗരുടെ എണ്ണം 322 ആണ്. ഇവരിൽ 194 പേർ പുരുഷന്മാരും 128 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ വൈകല്യ നിരക്ക് 11.13 ആണ്. പഞ്ചായത്തിലെ വികലാംഗരെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക -യിൽ കാണിച്ചിരിക്കുന്നു.

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം കാണിക്കുന്ന പട്ടിക

(അവലംബം - അംഗൻവാടി രേഖകൾ)

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിൽ താഴെ | 100 | 81 | 75 | 65 | 13 | 12 | -- | -- |
| 1-3 വയസ് | 175 | 162 | 120 | 118 | 42 | 37 | -- | -- |
| 3-6 വയസ് | 162 | 204 | 157 | 116 | 45 | 26 | -- | -- |

മേൽപറഞ്ഞ ചാർട്ടിൽ ലഘുവായ പോഷണക്കുറവുള്ളവർ ഒന്നാം ഗ്രേഡിലും മിതമായ പോഷണക്കുറവുള്ളവർ 2-ാം ഗ്രേഡിലും പെട്ടിരിക്കുന്നു. 3-ാം ഗ്രേഡിലുള്ളവർ ഗുരുതരമായ പോഷണക്കുറവുള്ളവരാണ്. അംഗൻവാടികണക്കുകൾ പ്രകാരം ഗുരുതരമായ പോ,ണക്കുറവുള്ളവർ ആരു തന്നെയില്ല എന്നതാണ്.

പ്രതിരോധ കുത്തിവയ്പ് നൽകിയത്സംബന്ധിച്ച വിവരങ്ങൾ
താഴെകൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു

(അവലംബം - അംഗൻവാടി PHC രേഖകൾ)

| കുട്ടികൾ | ബി.സി.ജി | DPT | | | | പോളിയോ | | | | DT | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസിൽ താഴെ | 496 | 467 | 467 | 467 | | 467 | 467 | 467 | -- | -- | -- | -- | -- | 190 |
| 1-3 വയസ് | 872 | 872 | 872 | 872 | 773 | 872 | 872 | 872 | 773 | -- | -- | -- | -- | 872 |
| 3-6 വയസ് | 1136 | 1136 | 1136 | 1136 | 1136 | 1136 | 1136 | 1136 | 1136 | 66 | 22 | - | -- | 1136 |

## ചാർട്ട് (a3)
## വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

| | 5വയസ്സുള്ളവർ | | 5 നു 10 നു | | 10 - 13 | | 18 - 25 | | 25 - 45 | | 45 - 60 | | 60 ന് മേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 1. | -- | -- | -- | -- | 1 | 2 | -- | 1 | 5 | 1 | 3 | 1 | -- | 1 | 9 | 6 |
| 2. | 3 | -- | 2 | 1 | 2 | 4 | -- | 1 | 7 | 9 | 4 | -- | 3 | 2 | 21 | 17 |
| 3. | 3 | 3 | 5 | -- | 4 | 3 | 4 | 1 | 4 | 6 | 5 | 2 | -- | -- | 24 | 15 |
| 4. | -- | -- | -- | -- | 4 | 2 | 2 | 4 | 6 | 3 | 2 | 1 | -- | 1 | 14 | 11 |
| 5. | 1 | -- | -- | 1 | 1 | 1 | 2 | -- | 2 | -- | 2 | 1 | 2 | -- | 10 | 3 |
| 6. | 1 | -- | 1 | -- | 3 | 4 | 2 | 1 | 9 | 6 | 2 | 2 | -- | -- | 18 | 13 |
| 7. | -- | 1 | 1 | 4 | 5 | 1 | 1 | 1 | 12 | 7 | 4 | 3 | 2 | 2 | 25 | 19 |
| 8. | 1 | -- | -- | -- | 5 | 1 | 3 | 3 | 9 | 5 | 6 | 2 | 6 | 1 | 30 | 12 |
| 9. | -- | 3 | -- | -- | 4 | 4 | 1 | 1 | 3 | 3 | 4 | 2 | 1 | - | 13 | 13 |
| 10. | -- | 1 | 3 | 2 | 1 | 2 | 1 | 1 | 7 | 5 | 4 | 2 | 3 | 1 | 19 | 14 |
| 11. | 1 | -- | 2 | -- | 1 | 2 | 2 | -- | 5 | 3 | -- | -- | -- | -- | 11 | 5 |
| ആകെ | 9 | 8 | 14 | 8 | 31 | 26 | 18 | 14 | 69 | 48 | 36 | 16 | 17 | 8 | 194 | 128 |

ടെറ്റ്നസ് ടോക്സോയിഡ് (TT) ലഭിച്ച ഗർഭിണി കളുടെ എണ്ണം കാണിക്കുന്ന പട്ടിക

(1994-95 വർഷം)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 137 | 126 | -- |

അവലംബം: (പ്രോജക്ട് ഓഫീസ് ICDP)

## കക്കൂസും പരിസര ശുചിത്വവും

പരിസര ശുചിത്വം പാലിക്കുന്നതിന് പ്രാഥമി കമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തി ലെ ഏകദേശം 45% വീടുകളിലും കക്കൂസ് ഇല്ല. 5 മുതൽ 11 വരെയുള്ള വാർഡുകളിലാണ് കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ അധികവും. ഇതിനാൽ വയറിളക്കം തുടങ്ങിയ രോഗങ്ങൾ ഈ പ്ര ദേശങ്ങളിൽ മിക്കപ്പോഴും കണ്ടുവരുന്നു. ബോ ധവൽക്കരണത്തിന്റെ അഭാവം മൂലം കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക ശേഷിയുള്ളവർ തന്നെ അതിന് ശ്രമിക്കാതെ തുറസ്സായ പ്ര ദേശങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നു. ഓ രോ വാർഡിലും കക്കൂസ് നിർമ്മിക്കുന്നതിന് സാ മ്പത്തിക പരാധീനത ഉള്ളവരുടെ ഒരു പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഈ വിധത്തിൽ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി സർക്കാർ - അർ ദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സം ഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ സാമ്പത്തിക സമാഹരണം നടത്തി, കക്കൂസ് നിർ മ്മിച്ചു കൊടുക്കാവുന്നതാണ്. സ്ഥലപരിമിതി ഏ റെ അനുഭവപ്പെടുന്ന കോളനി പ്രദേശങ്ങളിൽ തുറസ്സായ പ്രദേശങ്ങളിലെ മലമൂത്രവിസർജനം വരുത്തി വയ്ക്കുന്ന വിനകൾ ദൂരവ്യാപകമാണ്. അതിനാൽ ഇത്തരം പ്രദേശങ്ങളിൽ പൊതുവായി അഞ്ചു വീടുകൾക്കു വീതം ഉപയോഗിക്കാവുന്ന ഓരോ സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. കക്കൂസ് ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇതുവരേയും ഒരു നല്ല ശതമാനം ജനങ്ങളും ബോധവാൻമാരല്ല എന്നത് ദു:ഖകരമായ വസ്തുതയാണ്. ഇതിനായി സന്നദ്ധ സംഘടനകൾ ആരോഗ്യബോധവൽക്കരണ യൂ ണിറ്റുമായി സഹകരിച്ച് സാധാരണക്കാരനെ ബോ ധവൽക്കരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെ ടേണ്ടതാണ്. ഇതോടൊപ്പം ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെട്ട് ചർച്ചാ ക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർ ശനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടത് അത്യാ വശ്യമാണ്.

I.R.D.P. സർവ്വേ പ്രകാരം വിവിധ പദ്ധതികളി ലായി 1992-ന് ശേഷം ഇതുവരെ അനുവദിച്ചിട്ടു ള്ള കക്കൂസുകളുടെ എണ്ണം 64 ആണ്. ഇവയിൽ പൂർത്തീകരിച്ചവ 60 മാത്രമാണ്.

ഗ്രാമീണ ശുചീകരണ പദ്ധതി(C.R.S.P) യിൻ കീഴിൽ പ്രധാനമായും 2500 രൂപ മതിപ്പ് ചെലവു ള്ള 'രണ്ടു കുഴികക്കൂസു'കൾ നിർമ്മിക്കുന്നതിനാ വശ്യമായ സാമ്പത്തിക സഹായം നൽകുന്നു. ഇതിൽ 500 രൂപ ഗുണഭോക്താവിന്റെ പങ്കും ബാ ക്കി 2000 രൂപ കേന്ദ്ര സംസ്ഥാന ഗവൺമെന്റു കളുടേയും യുനിസെഫിന്റെയും വിഹിതമാണ്. ഓരോ സാമ്പത്തിക വർഷത്തിലും പഞ്ചായത്ത് ഒന്നിന് മുപ്പതിൽ കൂടുതൽ ഇത്തരം കക്കൂസുകൾ നിർമ്മിക്കുവാനുള്ള ധനസഹായം നൽകിവരുന്നു. പഞ്ചായത്ത് പ്രദേശത്ത് വിവിധ സ്കീമുകളിലൂടെ ധാരാളം കക്കൂസുകൾ നിർമ്മിച്ച് നൽകിയിട്ടു ണ്ടെങ്കിലും മിക്കവയും ഉപയോഗശൂന്യമാണ്.

വ്യവസായ വൽക്കരണം വളരെ കുറഞ്ഞ പ്ര ദേശമാകയാൽ ഇത്തരത്തിലുള്ള പരിസര മലിനീ കരണം രൂക്ഷമല്ല. പരിസര ശുചിത്വം പഞ്ചായത്തി ന്റെ പല ഭാഗങ്ങളിലും പാലിക്കപ്പെടുന്നില്ലെന്നു ള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നു വന്നി ട്ടുണ്ട്. ജനസംഖ്യാ വർദ്ധനവും നഗരവൽക്കരണ പ്രവണതയും ഭാവിയിൽ പരിസര മലിനീകരണം കൂടുതൽ രൂക്ഷമാക്കും. പബ്ലിക് മാർക്കറ്റുകളിൽ വലിച്ചെറിയപ്പെടുന്ന പച്ചക്കറി, മത്സ്യ-മാംസാദി കൾ മറ്റു ചപ്പുചവറുകൾ എന്നിവ യഥാസമയം നീ ക്കം ചെയ്യപ്പെടാത്തതുമൂലം പരിസര മലിനീ കരണം രൂക്ഷമാണ്. PWD റോഡിൽ നിർമ്മിക്ക പ്പെട്ടിട്ടുള്ള ഓടകൾ യഥോചിതം വൃത്തിയാക്ക പ്പെടാത്തതുമൂലം ഭരതന്നൂർ ജംഗ്ഷനിൽ ഓടകൾ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നം വളരെ വലുതാ ണ്. ഓടകളിൽ നിയന്ത്രണമില്ലാതെ വ്യാപാരികൾ പുറന്തള്ളുന്ന ചപ്പു ചവറുകൾ ഓടകളെ നി റയ്ക്കുന്നു. ഇത്തരത്തിൽ നിക്ഷേപിക്കപ്പെടുന്ന ചപ്പു ചവറുകൾ നീക്കം ചെയ്യപ്പെടാത്തതു മൂലം ഓടകളിൽ വെള്ളം കെട്ടിക്കിടക്കുകയും കൊതു ക് പെരുകുകയും ചെയ്യുന്നു. തന്മൂലം ഈ പ്ര ദേശങ്ങളിൽ കൊതുക് പരത്തുന്ന രോഗങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണ്. ഈ ഓ ടകൾ അടിയന്തിരമായി സ്ലാബിട്ട് മൂടേണ്ടതാണ്.

പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ശുചിത്വമില്ലാത്ത പ്രദേശങ്ങളിൽ മത്സ്യം ഉണക്കാനിടുന്നതാണ്. ശുചിത്വമില്ലാത്ത പ്രദേശങ്ങളിൽ മത്സ്യം ഉണക്കാനിടുന്നത് പഞ്ചായത്ത് കർക്കശമായും നിയന്ത്രിക്കേണ്ടതുണ്ട്. പൊതുസ്ഥലങ്ങളുടെ ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപ്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ കണ്ടുവരുന്ന രോഗങ്ങൾ പ്രധാനമായും പനി, ചുമ, ജലദോഷം, ഛർദ്ദി, അതിസാരം ചെങ്കണ്ണ് എന്നിവയാണ്. ശുദ്ധജലക്ഷാമം മൂലം കോളനി പ്രദേശങ്ങളിൽ അതിസാരം, ഛർദ്ദി തുടങ്ങിയവ ഉണ്ടാകുന്നുണ്ട്. കോളനി പ്രദേശങ്ങളിലെ കുട്ടികളിൽ പ്രധാനമായും പോഷകാഹാരക്കുറവ് കൊണ്ടുള്ള അസുഖങ്ങളും കണ്ടുവരുന്നുണ്ട്. പോളിയോ, വില്ലൻ ചുമ, കുതിരസന്നി എന്നീ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ എണ്ണം നാമമാത്രമാണ്. തുറസായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതാണ് കോളനി പ്രദേശങ്ങളിലെ രോഗങ്ങൾക്ക് ഹേതുവാകുന്നത്. മലിനജലം കെട്ടിക്കിടക്കാൻ അനുവദിക്കുന്നതും പരിസര ശുചിത്വം പാലിക്കാത്തതും ഇത്തരം പ്രദേങ്ങളിൽ രോഗാണുബാധക്കു കാരണമാകുന്നു. പഞ്ചായത്തിനകത്തുള്ള ആകെ കുഷ്ഠരോഗികളുടെ എണ്ണം 16 ആണ്. ക്ഷയരോഗികളുടെ എണ്ണം വ്യക്തമല്ല. ചെട്ടിയെക്കൊന്നകയം കാണി സെറ്റിൽമെൻറ് പ്രദേശങ്ങളിലെ നിവാസികളിൽ വായിലെ ക്യാൻസർ വ്യാപകമാണ്. ഉറങ്ങുമ്പോൾ പോലും വെറ്റില മുറുക്ക് തുടരുന്നതാണിതിനു കാരണം. സന്നദ്ധ പ്രവർത്തകർ ഈ പ്രദേശത്ത് ബോധവത്ക്കരണം നടത്തേണ്ടതാണ്.

**പ്രശ്നങ്ങൾ**

- ഹെൽത്ത് കാർഡ് സംവിധാനത്തിൻെറ അഭാവം
- പൊതുശ്മശാനം പഞ്ചായത്തിനകത്ത് ഇല്ല.
- ആരോഗ്യരംഗത്തെ ബോധവത്ക്കരണ പ്രവർത്തനങ്ങളില്ലായ്മ.
- പഞ്ചായത്തിലെ പബ്ലിക്ക് മാർക്കറ്റുകളിലെ വൃത്തിഹീനത.
- പഞ്ചായത്തിലെ ഏക പ്രൈമറി ഹെൽത്ത് സെൻററായ ഭരതന്നൂർ PHC യുടെ ശോച്യാവസ്ഥ.
- ഒരു കശാപ്പു ശാലയുടെ അഭാവം.
- ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നില്ല.
- വേനൽക്കാലത്ത് തോടുകളിലെ വെള്ളം മലിനമാക്കുന്നു.
- ഓടകൾ വൃത്തിഹീനമാണ്.
- പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രിയോ ആയുർവേദ ആശുപത്രിയോ ഇല്ല.
- ഭരതന്നൂർ, പാങ്ങോട്, വട്ടക്കരിക്കകം എന്നിവിടങ്ങളിലുള്ള പബ്ലിക്ക് മാർക്കറ്റുകളിൽ മലമൂത്ര വിസർജ്ജനത്തിനുള്ള സൗകര്യക്കുറവ്.
- പഞ്ചായത്തിലെ നിലവിലുള്ള പൊതു കിണറുകൾ വൃത്തിഹീനമാണ്.
- കക്കൂസുകളുടെ അപര്യാപ്തത.
- മെറ്റേണിറ്റി ഹെൽത്ത് സെൻററുകൾ എല്ലാ വാർഡുകളിലും ഇല്ല. നിലവിലുള്ളവ പ്രവർത്തനക്ഷമമല്ല.

**സാദ്ധ്യതകൾ**

○ പാങ്ങോട് പഞ്ചായത്തിൻെറ ചികിത്സാ രംഗത്ത് പല ഗുണപരമായ മാറ്റങ്ങളും വരുത്താനുതകുന്ന ഒന്നാണ് ഹെൽത്ത് കാർഡ് സംവിധാനം. ചികിത്സക്കായി എത്തുന്ന ഒരു വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ ഹെൽത്ത് കാർഡിൽ രേഖപ്പെടുത്തിയിരുന്നാൽ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ കഴിയും. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഈ കാർഡിൽ രേഖപ്പെടുത്തുകയും ഇതിൻെറ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഒരു കാർഡ് സംവിധാനം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് സമിതി ആരോഗ്യ പ്രവർത്തകരേയും സന്നദ്ധ പ്രവർത്തകരേയും സഹകരിപ്പിക്കേണ്ടതാണ്.

○ ഈ പഞ്ചായത്തിലെ വിവിധ ഹരിജൻ - ഗിരിജൻ ലക്ഷംവീട് കോളനികളിൽ അധിവസിക്കുന്ന ജനങ്ങൾ സ്ഥലപരിമിതി മൂലം ബുദ്ധി മുട്ടുന്നവരാണ്. ഇത്തരം സ്ഥല പരിമിതി അനുഭവപ്പെടുന്ന കോളനി പ്രദേശങ്ങളിൽ ശവം മറവു ചെയ്യുന്നതിന് സാധാരണക്കാരൻ അനുഭവിക്കുന്ന ബുദ്ധിമുട്ട് വർണ്ണനാതീതമാണ്. ആയതിനാൽ പഞ്ചായത്തിലൊരു പൊതു ശ്മശാനം അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർമ്മിക്കേണ്ടതാണ്.

○ പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനായി, പുകവലി, വെറ്റിലമുറുക്ക്, മദ്യപാനം എന്നിവ, പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. ഇതോടൊപ്പം നിയന്ത്രിക്കപ്പെടേണ്ട മറ്റൊന്നാണ് പാൻപരാഗ്, തമ്പാക്ക് തുടങ്ങിയ ലഹരി വസ്തുക്കൾ. സ്ക്കൂൾ കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇന്ന് സർവ്വസാധാരണയായി ഉപയോഗിച്ച് കാണുന്ന. ഇവയ്ക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. സ്ക്കൂളുകളുടെ മുന്നിലുള്ള കടകളിലാണ് പ്രധാനമായും വിപണനം നടത്തപ്പെടുന്നത്.

രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കങ്ങൾ ദൂരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തുക വഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാ നേത്ര ബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവയും അടിയന്തിരപ്രാധാന്യം അർഹിക്കുന്നവയാണ്.

○ പാങ്ങോട് പബ്ലിക് മാർക്കറ്റ്, ഭരതന്നൂർ പബ്ലിക് മാർക്കറ്റ്, വട്ടക്കരിക്കകം പബ്ലിക് മാർക്കറ്റ് എന്നിവിടങ്ങളിൽ നിലവിലുള്ള മത്സ്യ വിപണന സ്ഥലങ്ങൾ പ്രസ്തുത മാർക്കറ്റുകളിലുള്ള സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റുക എന്നതും ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശമാണ്. പഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ മത്സ്യവിപണനം നടത്തുന്നുള്ളു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. പബ്ലിക് മാർക്കറ്റുകളിൽ കുമിഞ്ഞു കൂടുന്ന ചപ്പുചവറുകൾ യഥാസമയം മാറ്റേണ്ടതാണ്. പൊതു നിരത്തുകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ വീപ്പകൾ സ്ഥാപിക്കേണ്ടതാണെന്നും ഗ്രാമസഭകൾ നിർദ്ദേശിച്ചു.

○ വർഷകാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിലെ പല ഭാഗങ്ങളിലും പകർച്ച വ്യാധികൾ പടർന്നു പിടിക്കാറുണ്ട്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച നശീകരണം കൊതുകു നശീകരണം എന്നിവ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

○ അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാൻ കഴിയുന്നതോടൊപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാനുമാകും. വീടുനടുത്ത് മലിനജലം കെട്ടിക്കിടക്കുന്നത് തടയുക, കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണയൊഴിച്ച് അവയെ നശിപ്പിക്കുക, വീടുകളിൽ ഡി.ഡി.റ്റി തളിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കൊതുകു നശീകരണം ഫലപ്രദമായി നടത്താവുന്നതാണ്. ഈ പ്രവർത്തനത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം അതതു പ്രദേശത്തെ സന്നദ്ധ പ്രവർത്തകരും സഹകരിക്കേണ്ടതാണ്.

പരാധീനതകൾ ഏറെ അനുഭവിക്കുന്ന ഭരതന്നൂർ പ്രൈമറി ഹെൽത്ത് സെൻററിനെ വിപുലീകരിക്കുന്നതിനുള്ള ഏക പോംവഴി ഒരു ആശുപത്രി വികസന സമിതി രൂപീകരിക്കുക എന്നതാണ്. ഇത്തരത്തിൽ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയാൽ ആവശ്യമുള്ള മരുന്നുകൾ, കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ, ആശുപത്രിക്കാവശ്യമായ മറ്റു ഭൗതിക സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കാനാകും. 24 മണിക്കൂറും സേവനം ഈ ആശുപത്രിയിൽ നിന്നും ലഭ്യമാകത്തക്കവണ്ണം ഒരു മുഴുവൻ സമയ പ്രവർത്തന ആശുപത്രിയാക്കി ഇതിനെ ഉയർത്തുന്നതിനാവശ്യമായ നടപടികൾ പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്ത് സമിതി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണെന്ന് വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചു. എല്ലാ ദിവസവും സ്ഥിരമായി ആശുപത്രിയിലെത്തുന്ന ഒരു ഡോക്ടറുടെ അഭാവം അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്.

പാങ്ങോട് പബ്ലിക് മാർക്കറ്റിനുള്ളിൽ ആടുമാടുകളെ തുറസ്സായ പ്രദേശങ്ങളിൽ വച്ച് കശാപ്പു ചെയ്യുന്നത് മൂലം മാംസാവശിഷ്ടങ്ങൾ കാക്ക തുടങ്ങിയ പക്ഷികൾ കൊത്തി വലിച്ച് സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലും മറ്റിടങ്ങളിലും കൊണ്ടിടുന്നത് വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടി

ക്കുന്നുണ്ട്. ഇതിനൊരു പരിഹാരം ഒരു കശാപ്പു ശാല ശാസ്ത്രീയമായ രീതിയിൽ സ്ഥാപിക്കുക എന്നതാണ്.

○ ഹെൽത്ത് വിസിറ്റർമാർ ഗൃഹസന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറില്ല എന്നൊരു പരാതി ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഇതിനായി പഞ്ചായത്ത് സമിതി ആവശ്യമായ നിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർക്ക് നൽകുകയും പ്രസ്തുത ഉദ്യോഗസ്ഥന്മാർ അവരുടെ ജോലി യഥാസമയം നിർവ്വഹിക്കുന്നുണ്ടോ ഉറപ്പു വരുത്തുകയും വേണം. ഇതിനായി ആശുപത്രി വികസന സമിതി, മറ്റു സന്നദ്ധ സംഘടനകൾ, ജനകീയ സമിതികൾ എന്നിവയുടെ സേവനം പഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

○ വേനൽക്കാലത്ത് തോടുകളിൽ വെള്ളം തടഞ്ഞു നിറുത്തി ഓല അഴുക്കുന്നതും കന്നുകാലികളെ കുളിപ്പിക്കുന്നതും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഹോട്ടലുകൾ, മറ്റു വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് തോടുകളിലേക്ക് ഒഴുക്കി വിടുന്ന മലിന ജലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നതായി ഗ്രാമസഭകൾ ചൂണ്ടിക്കാട്ടി. ഇത്തരം പരിസര മലിനീകരണ പ്രവണതകളെ നിയമം മൂലവും സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെയും പഞ്ചായത്ത് സമിതി നിയന്ത്രിക്കേണ്ടതാണ്.

○ ഈ പഞ്ചായത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഒരു ഹോമിയോ ആശുപത്രിയോ ആയുർവേദ ആശുപത്രിയോ ഇല്ല. ഒരു ഹോമിയോ ആശുപത്രിയും ആയുർവേദ ആശുപത്രിയും പഞ്ചായത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ പഞ്ചായത്ത് സമിതി കൈക്കൊള്ളേണ്ടതാണ്.

○ റബ്ബർ ഷീറ്റടിക്കുമ്പോൾ പുറത്തേക്കൊഴുകുന്ന മലിനജലം അന്തരീക്ഷം മലിനീകരിക്കുകയും കൊതുക് വളരുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. ഇങ്ങിനെ പുറത്തേക്കൊഴുകുന്ന മലിനജലം കുഴികളിൽ സംഭരിച്ച് സ്ലാബിട്ട് മൂടേണ്ടതാണെന്ന് വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചു ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്തവരെ സന്നദ്ധ പ്രവർത്തകരും അതതു വാർഡ് മെമ്പർമാരും നേരിൽക്കണ്ട് നിർബന്ധിക്കേണ്ടതാണ്.

○ പഞ്ചായത്തിലുള്ള മൂന്ന് പബ്ലിക് മാർക്കറ്റുകളോടും അനുബന്ധിച്ച് പൊതുജനോപയോഗത്തിന് ഓരോ മൂത്രപ്പുരയും കക്കൂസും സ്ഥാപിച്ച് അതിന്റെ സംരക്ഷണച്ചുമതല ഓരോ സംരക്ഷണ സമിതിയെ ഏൽപ്പിച്ചാൽ ഒരു പരിധിവരെ പൊതു സ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നത് തടയാനാകും.

○ പഞ്ചായത്തിലുള്ള പൊതുകിണറുകൾ യഥാസമയം വൃത്തിയാക്കപെടാത്തതുമൂലം അവയെ ആശ്രയിക്കുന്ന കുടുംബങ്ങൾ നിരവധി ആരോഗ്യ പ്രശ്നങ്ങളെ നേരിടേണ്ടിവരുന്നു. സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ അതത് വാർഡുമെമ്പർമാർ ഇത്തരത്തിലുള്ള കിണറുകളുടെ ശുചീകരണത്തിനായി മുൻകൈ എടുക്കണമെന്ന് വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചു.

○ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കക്കൂസില്ലാത്ത നിരവധി നിർദ്ധന കുടുംബങ്ങളുണ്ട്. തുറസായ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തപ്പെടുന്നതുമൂലം ഇവർക്ക് അനുഭവിക്കേണ്ടി വരുന്ന ആരോഗ്യ പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് പഞ്ചായത്ത്, അതത് പ്രദേശങ്ങളിലെ ഗുണഭോക്താക്കൾ അടങ്ങുന്ന ജനകീയ സമിതികളുടെ സഹകരണത്തോടെ പുതിയ കക്കൂസുകൾ നിർമ്മിച്ചു നൽകേണ്ടതാണ്.

○ ഓരോ വാർഡിലും ഏറ്റവും കുറഞ്ഞത് രണ്ട് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളെങ്കിലും അനുവദിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. നിലവിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്തവയെ പുനരുജ്ജീവിപ്പിക്കുകയും വേണം.

○ ഈ പഞ്ചായത്തിലെ ഓരോ വാർഡിലും ആരോഗ്യമേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ള സന്നദ്ധ പ്രവർത്തകരുടെ ഓരോ സംഘടനയുണ്ടാക്കുകയും ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ ഇവരെ പരിശീലിപ്പിക്കുകയും വേണം. ഇത്തരത്തിൽ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർക്ക് സാധാരണ ജനങ്ങളെ കൂടുതൽ ബോധവത്ക്കരിക്കാനും മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കാനും സാധിക്കും.

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതി വിവരങ്ങളും കാണിക്കുന്ന പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള വിവരങ്ങളും

| വാർഡ് | സ്ഥാപനങ്ങൾ: പൊതു സ്ഥാപനങ്ങൾ | സ്ഥാപനങ്ങൾ: സ്വകാര്യ സ്ഥാപനങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1. | -- | -- | -- | പുലിപ്പാറ കേന്ദ്രമാക്കി ഒരു ആയുർവേദ ആശുപത്രി ആരംഭിക്കുക. മാതൃ ശിശുസംരക്ഷണ കേന്ദ്രങ്ങൾ വാർഡിനകത്ത് ആരംഭിക്കുക. |
| 2. | -- | -- | -- | വാഴത്തോപ്പു പച്ചകേന്ദ്രമാക്കി ഒരു മാതൃ ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക. പാങ്ങോട് കേന്ദ്രമാക്കി ഒരു ആരോഗ്യ സബ് സെൻറർ ആരംഭിക്കുക. |
| 3. | ഒരു കുടുംബക്ഷേമ കേന്ദ്രം | 3 അലോപ്പതി ക്ലിനിക്കുകൾ | പ്രവർത്തനം തൃപ്തികരമല്ല | ആയുർവ്വേദ ആശുപത്രി പാങ്ങോട് കേന്ദ്രമാക്കി ആരംഭിക്കണം. ഹോമിയോ ആശുപത്രി വേണം. |
| 4. | ഒരു കുടുംബ ക്ഷേമ കേന്ദ്രം ഉണ്ട് | -- | പ്രവർത്തനം വളരെ മോശം | ഹോമിയോ ആശുപത്രി കാഞ്ചിനട യിൽ സ്ഥാപിക്കണം. |
| 5. | -- | -- | -- | മാതൃശിശു സംരക്ഷണ കേന്ദ്രം പുളിക്കരയിൽ സ്ഥാപിക്കണം. വെള്ളയം ദേശത്ത് ആയുർവേദ കേന്ദ്രം സ്ഥാപിക്കണം. |
| 6. | ഒരു ഹെൽത്ത് സെൻറർ | -- | പ്രവർത്തനം തൃപ്തികരമല്ല | ലെനിൻ കുന്ന് കേന്ദ്രമാക്കി ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുക. |
| 7. | പി.എച്ച്.സി ഉണ്ട് | 2 അലോപ്പതി ക്ലിനിക്കുകൾ 1 ആയുർവേദ കേന്ദ്രം | PHC യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആയുർവേദ അലോപ്പതി കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക | അംബേദ്കർ കോളനിയിൽ ഒരു ആയുർവേദ കേന്ദ്രം സ്ഥാപിക്കുക. |
| 8. | ഒരു ആരോഗ്യ കേന്ദ്രം | -- | വേലന്മുക്കിലെ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. | മൈലമൂട്, അഞ്ചാനക്കുഴിക്കര എന്നിവിടങ്ങളിൽ ഓരോ അലോപ്പതി, ആയുർവേദകേന്ദ്രം സ്ഥാപിക്കുക. |
| 9. | -- | -- | -- | കാക്കാണിക്കരയിൽ ഹെൽത്ത് സെൻററിനു വേണ്ടി എടുത്തിട്ടുള്ള സ്ഥലത്ത് ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക. ഒരു ആയുർവേദ കേന്ദ്രം വാർഡിലെ വിടെയെങ്കിലും സ്ഥാപിക്കുക |
| 10. | ഒരു ആരോഗ്യ കേന്ദ്രം | -- | പ്രവർത്തനം വളരെ മോശം | പാലുവള്ളി Health Centre ന്റെ പ്രവർത്തനം വിപുലപ്പെടുത്തുക. വട്ടക്കരിക്കകം, വലിയവയൽ ഇവിടങ്ങളിൽ ഓരോ ആയുർവ്വേദ ആലോപ്പതി കേന്ദ്രങ്ങൾ സ്ഥാപിക്കുക. |
| 11. | -- | -- | -- | ഹെൽത്ത് സെൻറർ, ആയുർവേദ കേന്ദ്രം എന്നിവ സ്ഥാപിക്കുക. |

# പാർപ്പിടം

പാങ്ങോട് പഞ്ചായത്തിലെ സാമ്പത്തിക മേഖലയിൽ ഗൾഫ് രാജ്യങ്ങളിൽ നിന്നു വരുന്ന പണത്തിന് ഗണ്യമായ സ്വാധീനമുണ്ട്. എന്നാൽ ഇങ്ങനെ വിദേശത്തു നിന്നും എത്തുന്ന പണം ഉല്പാദനക്ഷമമായ മേഖലയിൽ അധികം മുടക്കിക്കാണുന്നില്ല. ഗൾഫിൽ നിന്നും വരുന്ന പണം കോൺക്രീറ്റു മണിമാളികകൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ് പ്രധാനമായും ചെലവിടുന്നത്. പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യ പരിശോധിച്ചാൽ കാർഷിക കാർഷികേതര മേഖലകളെ ആശ്രയിച്ച് ജീവിക്കുന്ന ഇടത്തരക്കാരാണ് അധികവും എന്നു കാണാം. ഇക്കാരണം കൊണ്ടുതന്നെ പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണത്തിൽ ഇടത്തരം വീടുകളാണ് അധികവും. ഹരിജൻ കോളനികളിലും പഞ്ചായത്തിൻെറ മറ്റു ചില ഭാഗങ്ങളിലും കുടിൽ കെട്ടി പാർക്കുന്ന കുടുംബങ്ങളുമുണ്ട്.

1991-ലെ സെൻസസ് കണക്കുകളനുസരിച്ച് പഞ്ചായത്തിലാകെ 6007 കുടുംബങ്ങളുണ്ട്. 1992-93 ലെ IRDP സർവ്വേ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 900 ആണ്. ഇവയിൽ വിവിധ പരിപാടികളിലൂടെ അനുവദിച്ച വീടുകളുടെ എണ്ണം 76 ആണ്. ഈ പഞ്ചായത്തിലാകെ 9601 കെട്ടിടങ്ങളുണ്ട്. വാർഡുതിരിച്ചുള്ള കെട്ടിടങ്ങളുടെ വിവരം കാണിക്കുന്ന ചാർട്ട് താഴെ കൊടുത്തിരിക്കുന്നു.

ചാർട്ട് - 2

**പഞ്ചായത്തിലെ കെട്ടിടങ്ങളെക്കുറിച്ചു വിവരം കാണിക്കുന്ന പട്ടിക**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 561 | 6 | 32 | 224 | 287 | 12 |
| 2 | 666 | 2 | 15 | 134 | 444 | 71 |
| 3 | 1284 | 14 | 331 | 301 | 615 | 23 |
| 4 | 814 | 5 | 67 | 212 | 506 | 24 |
| 5 | 941 | 1 | 12 | 223 | 610 | 95 |
| 6 | 1029 | 4 | 36 | 376 | 605 | 8 |
| 7 | 1099 | 8 | 51 | 365 | 628 | 47 |
| 8 | 1056 | 12 | 14 | 286 | 675 | 69 |
| 9 | 666 | — | 18 | 163 | 482 | 3 |
| 10 | 863 | 2 | 16 | 237 | 572 | 36 |
| 11 | 622 | — | 5 | 122 | 448 | 47 |
| ആകെ | 9601 | 54 | 597 | 2643 | 5972 | 435 |

മേൽക്കാണിച്ചിട്ടുള്ള പട്ടിക പരിശോധിച്ചാൽ ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ .56% വും കോൺക്രീറ്റ്, ഓട്, ഓല, മറ്റുള്ളവ യഥാക്രമം 6.21%, 27.5%, 61.16%, 4.5% എന്നിങ്ങനെയുമാണ്. ഇതിൽ ഓല മേഞ്ഞ കെട്ടിടങ്ങളുടെ എണ്ണമാണ് ഏറ്റവും കൂടുതൽ. എന്നാൽ അടുത്തകാലത്തായി തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ ഓലലഭ്യതയെ ഗണ്യമായി കുറയ്ക്കുകയും അതിന്റെ ഫലമായി ഓടു മേയലിന് കൂടുതൽ പ്രചാരം ലഭിക്കുകയും ചെയ്തു.

വിവിധ ഭവന നിർമ്മാണ പദ്ധതികൾ അനുസരിച്ച് ഈ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വീടുകളുടെ എണ്ണം നിരവധി ആണ് ഭവന നിർമ്മാണത്തിനും വീടിന്റെ ഓടുമേയലിനുമായി വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കും വായ്പകൾ നൽകുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും സാധാരണക്കാരനെ ഈ വായ്പകളുടെ ഗുണഭോക്താക്കളാകുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നു. ഇത്തരം സാഹചര്യത്തിലാണ് സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ ഇടത്തരക്കാർക്കും ദുർബലവിഭാഗക്കാർക്കും അത്താണിയായി മാറുന്നത്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപ്പട്ടിക താഴെ കൊടുക്കുന്നു.

**ഭവന ലഭ്യതാ പട്ടിക**

| വർഷം | RLEGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1983—84 | | 240 | | | | |
| 1991—92 | | | | | 22 | |
| 1990—91 | | | | | 15 | |
| 1992—93 | | | | | 20 | |
| 1993—94 | | | | | 22 | |
| 1994—95 | | | | | | |

ഈ പഞ്ചായത്തിലെ വിവിധ ചേരി പ്രദേശങ്ങളിലും പുറമ്പോക്കുകളിലും കുടിൽകെട്ടി താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം വില്ലേജ് ഓഫീസ് രേഖകൾ പ്രകാരം 370 ആണ്. ഇത്തരത്തിൽ സ്വന്തമായി വീടില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് അടിയന്തിരമായി ഭൂമിയും ഭവനവും നിർമ്മിച്ച് കൊടുക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ പ്രവർത്തനത്തിന്റെ ഗതി പരിശോധിച്ചാൽ ഓരോ വർഷവും കെട്ടിട നിർമ്മാണം കൂടുതൽ തോതിൽ വർദ്ധിക്കുന്നതായി കാണാം. താഴെ കൊടുത്തിരിക്കുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു.

**കെട്ടിട നിർമ്മാണ ഗതി – വർഷങ്ങളിലൂടെ**

| 1991 -92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|
| 7702 | 8019 | 9381 | 9531 | 9601 |

മേൽചാർട്ടുപ്രകാരം ഓരോ വർഷവും കെട്ടിട നിർമ്മാണ തോത് ഉയരുന്നതായി കാണാം. കെട്ടിട നിർമ്മാണത്തോത് വർഷം തോറും വർദ്ധിക്കുന്നുണ്ടെങ്കിലും വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം കുറയുന്നില്ല. 92-93-ൽ നടന്ന IRDP സർവ്വേ പ്രകാരം 900 കുടുംബങ്ങൾക്കാണ് വീട് ആവശ്യം ഉള്ളത്. ഇതിൽ വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളുടെ എണ്ണം വെറും 76 മാത്രമാണ്. ഇങ്ങനെ അനുവദിക്കപ്പെട്ടവയിൽ തന്നെ 60 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. അതായത് അനുവദിച്ചതിൽ ഇനി പൂർണത്തികരിക്കാനുള്ള വീടുകളുടെ എണ്ണം 16 ആണ്. പ്രസ്തുത സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം 824 ആണ്. ഇങ്ങനെ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിക്കപ്പെടുന്ന വീടുകളുടെ ഗുണനിലവാരം കുറവായതിനാൽ പ്രകൃതിക്ഷോഭം മൂലം ധാരാളം വീടുകൾ നശിച്ചുപോയിട്ടുള്ളതായി ഗ്രാമസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വാസ്തുശില്പ മാതൃകയിൽ ഉള്ള കെട്ടിടം പണി പഞ്ചായത്തിൽ നാമമാത്രമാണ്. ഇടത്തരക്കാർക്കിടയിൽ പോലും കോൺക്രീറ്റു ഭ്രമം കൂടുതലാണ്. ഇതിനായി ചൂണ്ടിക്കാണിക്കപ്പെടുന്ന പ്രധാന കാരണങ്ങൾ തടി, ഓല മുതലായവയുടെ അമിതമായ വിലയും ദൗർലഭ്യവുമാണ്. കെട്ടിട നിർമ്മാണ രംഗത്തെ അനാവശ്യ ചെലവുകൾ ഒഴിവാക്കികൊണ്ടുള്ള ചെലവുകുറഞ്ഞ നിർമ്മാണ ശൈലി പഞ്ചായത്തിൽ ഇനിയും വേണ്ടത്ര പ്രചാരം നേടിയിട്ടില്ല.

കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ പൂർണ്ണമായ തോതിൽ ലഭ്യമല്ല. പാറ, ഇഷ്ടിക എന്നിവ യഥേഷ്ടം ലഭിക്കുന്നുണ്ടെങ്കിലും മണൽ, തടി എന്നിവയ്ക്ക് രൂക്ഷമായ ദൗർലഭ്യം അനുഭവപ്പെടുന്നു. ഓരോ വർഷവും പുരയിടങ്ങളിലെ നല്ലൊരു ശതമാനം മരങ്ങളും മറിച്ചു മാറ്റപ്പെടുന്നതിനാലാണ് നിർമ്മാണാവശ്യങ്ങൾക്കു വേണ്ടി തടി തികയാതെ വരുന്നത്.

നിയമപരമായി മണലൂറ്റ് നടത്തുന്നതിനുള്ള സൗകര്യക്കുറവ്, മണൽലഭ്യതക്കായി മറ്റു പഞ്ചായത്തുകളെ ആശ്രയിക്കാൻ പ്രേരിപ്പിക്കുന്നു. പഞ്ചായത്തിനകത്ത് നെൽവയലുകളെ വികലമാക്കുന്ന ധാരാളം ഇഷ്ടിക കളങ്ങളുള്ളതിനാൽ ഇഷ്ടികക്ഷാമം അനുഭവപ്പെടുന്നില്ല. പാറ, മെറ്റൽ എന്നീ നിർമ്മാണ വസ്തുക്കൾ സുലഭമാണ്.

കെട്ടിട നിർമ്മാണ രംഗത്തേക്ക് തൊഴിലാളികളുടെ കടന്നുകയറ്റം ആരംഭിച്ചത് കഴിഞ്ഞ 10 വർഷകാലയളവിനുള്ളിലാണ് കാർഷിക മേഖലയിലെ തൊഴിൽ സാധ്യതക്കുറവ് ഇതിനുള്ള പ്രധാന കാരണമായി. ഇന്നീ രംഗത്ത് ഏകദേശം 600 ഓളം തൊഴലാളികളുണ്ട്. കെട്ടിട നിർമ്മാണ രംഗത്തെ കൂലി നിരക്ക് കഴിഞ്ഞ 10 വർഷങ്ങളിലേത് പരിശോധിച്ചാൽ ഇപ്പോൾ വളരെ കൂടുതലാണെന്ന് കാണാം. 1985-ൽ വിദഗ്ധനായ ഒരു കെട്ടിട നിർമ്മാണത്തൊഴിലാളിക്ക് (മേസ്തിരി) 50 രൂപ കൂലിയുണ്ടായിരുന്നപ്പോൾ അദ്ദേഹത്തിൻെറ സഹായിക്കു കിട്ടിയിരുന്നത് 25 രൂപയാണ്. 85 കാലയളവിൽ മരപ്പണിക്കാരനായ ഒരു വിദഗ്ധ തൊഴിലാളിക്ക് കൂലിയായി 50 രൂപ ലഭിച്ചിരുന്നപ്പോൾ അദ്ദേഹത്തിൻെറ സഹായിക്കു കിട്ടിയിരുന്നത് 25 മുതൽ 30 രൂപ വരെയായിരുന്നു. എന്നാൽ ഇത് 1990 ആയപ്പോൾ വിദഗ്ധനായ ഒരു മേസ്തിരിക്ക് 65 രൂപയും അദ്ദേഹത്തിൻെറ സഹായിക്കു 30 രൂപയും ആയി മാറി. ഈ കാലയളവിൽ വിദഗ്ധനായ ഒരു തടിപ്പണിക്കാരനും അദ്ദേഹത്തിൻെറ സഹായിക്കും യഥാക്രമം 75, 35 രൂപ വീതം കൂലിയായി ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ പഞ്ചായത്തിനകത്ത് നിലവിലുള്ള കൂലിനിരക്ക് മേസ്തിരിക്കും തടിപ്പണിക്കാരനും 130 രൂപാ വീതവും അവരുടെ സഹായികൾക്ക് 100 രൂപ വീതവുമാണ്. അവിദഗ്ധ തൊഴിലാളികളായി മേസ്തിരിമാരോടൊപ്പം പണിയെടുക്കുന്നത് പ്രധാനമായും സ്ത്രീകളാണ്. സ്ത്രീ തൊഴിലാളികൾക്ക് പുരുഷ തൊഴിലാളികളെക്കാൾ ഈ മേഖലയിൽ കൂലി കുറവാണെന്ന് കാണാം.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറിന് 85 - 90 കാലയളവിൽ 75 രൂപ വിലയുണ്ടായിരുന്നത് 90-96 കാലയളവിൽ 180 രൂപ ആയി തീർന്നു. ഒരു കി.ഗ്രാം കമ്പിക്ക് 1985-ൽ 5.50 രൂപാ ഉണ്ടായിരുന്നത് 90-ൽ 11 രൂപയും 96-ൽ 17 രൂപയും ആയി മാറി. 85-തൽ ഫസ്റ്റ്ക്ലാസ് ഓട് 1000-ന് 800 രൂപ ഉണ്ടായിരുന്നു. എന്നാൽ ഇത് 90 ആയപ്പോഴേക്കും 1800 രൂപാ ആകുകയും 96-ൽ 3200 രൂപയിൽ എത്തിച്ചേരുകയും ചെയ്തു.

കൂലി നിരക്കിലേയും സാധന സാമഗ്രികളുടെ വിലയിലേയും അമിതമായ വർദ്ധനവ് മൂലം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന വായ്പാ പരിധി വർദ്ധിപ്പിക്കേണ്ടതും വായ്പ ലഭിക്കാനുള്ള സാങ്കേതികവും നിയമപരവുമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കപ്പെടേണ്ടതുമാണ്. റവന്യ വകുപ്പു വഴി പ്രകൃതിക്ഷോഭത്താൽ വീടു നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നണ്ടെങ്കിലും കണക്കുകൾ വ്യക്തമല്ല. പഞ്ചായത്തിലെ 8, 9, 10, 11 വാർഡുകളിൽ പ്രകൃതിക്ഷോഭം (ഉരുൾപൊട്ടൽ, മണ്ണൊലിപ്പ്) ഉണ്ടാകുന്നതിന് സാദ്ധ്യത കൂടുതലായതിനാൽ അവ തടയുന്നതിനും അവിടങ്ങളിലെ വീടിൻെറ സംരക്ഷണം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മുഴുവൻ ഹരിജൻ-ഗിരിജൻ കോളനികളും അവിടത്തെ വീടുകളുടെ എണ്ണവും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക (a1)

| വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| II | കൊടുങ്ങഞ്ചേരി കോളനി | 22 |
| " | പാങ്കാട് പട്ടികജാതി കോളനി | 75 |
| III. | ചന്തക്കുന്ന് 4 സെൻറ് കോളനി | 74 |
| " | ഉള്ളിയൻകോട് 4 സെൻറ് കോളനി | 37 |
| " | ചന്താക്കുന്ന് ലക്ഷം വീട് കോളനി | 21 |
| V. | കുരിമൂട് പട്ടികവർഗ്ഗ കോളനി | 5 |
| " | മീന്മുട്ടി പട്ടികവർഗ്ഗ കോളനി | 18 |
| " | ചാത്തൻവെട്ടിയ മൂല " | 13 |
| " | ചൂടൽ മൺപുറം " | 8 |
| " | ചെട്ടിയകൊന്ന കയം IHDPs കോളനി | 67 |
| " | ഉദിമൂട് പട്ടികവർഗ്ഗ കോളനി | 5 |
| " | കുണ്ടാട് പട്ടികജാതി കോളനി | 12 |
| " | കക്കോട്ടുകുന്ന് പട്ടികവർഗ്ഗ കോളനി | 37 |
| " | പൊങ്ങുമലത്താര (മുട്ടോട്ടുകാല) | 12 |
| VII | അംബേദ്കർ പട്ടികജാതി കോളനി | 400 |
| VII. | അഞ്ചാനക്കുഴിക്കര പട്ടികവർഗ്ഗ കോളനി | 80 |
| " | കൊച്ച് അടപ്പുപാറ | -- |
| " | വേലൻമുക്ക് പട്ടികജാതി കോളനി | 20 |
| X | പാലുവള്ളി IHDP കോളനി " | 50 |

| | | |
|---|---|---|
| " | ഏഴുകുടി പട്ടികജാതി കോളനി | 35 |
| XI. | ജണ്ടാമുക്ക് 4 സെൻറ് കോളനി | 20 |
| " | മൂലപ്പേഴ് പട്ടികജാതി കോളനി | 78 |

അംഗീകാരത്തിനായ സമർപ്പിച്ച കോളനികളുടെ വിവരം കാണിക്കുന്ന പട്ടിക

| | | |
|---|---|---|
| V. | 1. വട്ടപ്പുൽ പട്ടികജാതി കോളനി | 12 |
| | 2. കല്ലുമല കോളനി (S.C) | 14 |
| | 3. അടപ്പുപാറ (പുളിക്കര) | 10 |
| | 4. ആമത്തറ IHDP കോളനി | 40 |

മേൽക്കാണിച്ചിട്ടുള്ള മിക്ക കോളനികളിലെയും പശ്ചാത്തല സൗകര്യങ്ങൾ വളരെ പരിമിതമാണ്. പുളിക്കരക്കുന്ന് ലക്ഷംവീട് കോളനി സ്ഥിതിചെയ്യുന്നത് ഏകദേശം 2 ഏക്കർ സ്ഥലത്താണ്. 20 കുടുംബങ്ങൾക്ക് വീടുകൾ നൽകിയിട്ടുണ്ടെങ്കിലും അവരെ കൂടാതെ 22 കുടുംബങ്ങളെങ്കിലും പഞ്ചായത്ത് വക ഭൂമി കയ്യേറി താമസിക്കുന്നത്. കക്കൂസ്, കിണർ, മറ്റ് പ്രാഥമിക സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത ഈ കോളനിയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. തുറസായ സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനവും പരിസരമലിനീകരണവും മാരകമായ രോഗങ്ങൾ വരുത്തുന്നു. ഈ കോളനിയുടെ അവസ്ഥ തന്നെയാണ് പഞ്ചായത്തിലുള്ള മറ്റ് മിക്ക കോളനികളിലും നിലനിൽക്കുന്നത്. ഓരോ കോളനിയിലും അനധികൃതമായി കുടിയേറി പാർത്തിട്ടുള്ള വീടില്ലാത്ത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭവന നിർമ്മാണ പദ്ധതി പ്രത്യേകം തയ്യാറാക്കേണ്ടതുണ്ട്.

ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും താമസിച്ചുവരുന്നു. ഇക്കൂട്ടർക്കു റേഷൻകാർഡ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണ്.

കെട്ടിട നിർമ്മാണ രംഗത്ത് വിദഗ്ധരായ തൊഴിലാളികളെ ഈ പഞ്ചായത്തിൽ യഥേഷ്ടം ലഭ്യമാണ്. ഇവരുടെ സേവനം പ്രയോജനപ്പെടുത്തി ചെലവുകുറഞ്ഞ രീതിയിൽ വീടുനിർമ്മിക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. കെട്ടിടനിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടേയും ദൗർലഭ്യവും വിലക്കയറ്റവും.
2. വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്.
3. കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.
4. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരുടെ അഭാവം.
5. സർക്കാർ പദ്ധതികളിലൂടെ നിർമ്മിക്കുന്ന വീടുകളുടെ ഗുണനിലവാരമില്ലായ്മ.
6. ഹൗസിങ് സഹകരണ സംഘത്തിന്റെ അഭാവം.
7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകൾ ആവശ്യത്തിന് തികയുന്നില്ല.
8. ഭൂരഹിതരുടെ പ്രശ്നങ്ങൾ.
9. കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽ നിന്ന് 3 മീറ്റർ അകലം വിടണമെന്ന നിർദ്ദേശം പലരും പാലിക്കുന്നില്ല.

**സാദ്ധ്യതകൾ**

○ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കണം. ഇതിനായി നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് വീടിന്റെ നിർമ്മാണം പൂർത്തിയാക്കുക. നിർമ്മാണചെലവ് 2 ലക്ഷം വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക. കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ്, കമ്പി മുതലായവയുടെ വിതരണം സിവിൽ സപ്ലൈസ് ഏറ്റെടുക്കുക.

○ സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുകയും ബാങ്കുകൾ നൽകുന്ന ഭവന വായ്പകളുടെ ജാമ്യവ്യവസ്ഥയും പലിശനിരക്കും കുറക്കുകയും ചെയ്യേണ്ടതാണ്.

○ കോളനികളിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഓരോ കോളനിയിലും സന്നദ്ധ യുവജന സംഘടനകൾ രൂപീകരിക്കുകയും പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ഫണ്ടിനോടൊപ്പം പൊതുജനങ്ങളിൽ നിന്നും സാമ്പത്തിക സഹായം തേടേണ്ടതുമാണ്.

സർക്കാർ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചു നൽകപ്പെട്ട ധാരാളം വീടുകൾ വർ

ഷകാലത്ത് നശിച്ചുപോകാറുണ്ടെന്നും പല ഗ്രാമസഭകൾ പരാതിപ്പെട്ടു. ഇതിന് ഉള്ള ശാശ്വതപരിഹാരം ഗുണഭോക്താക്കൾ തന്നെ നിർമ്മാണനിർവ്വഹണം നേരിട്ട് ഏറ്റെടുക്കണം എന്നുള്ളതാണ്.

○ പഞ്ചായത്ത്തലത്തിൽ ഒരു ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. ഇത്തരം സഹകരണസംഘങ്ങളിലൂടെ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരായ എഞ്ചിനീയർമാർ മുതൽ ലേബർവരെയുള്ള സപ്ലൈ ചെയ്യാൻ സാധിക്കും. ഇതുകൂടാതെ ഇത്തരത്തിൽ ഒരു സഹകരണ സംഘം രൂപീകരിച്ചാൽ, സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തിന് പ്രവർത്തിക്കാൻ കഴിയും.

○ സർക്കാർ വിവിധ ഏജൻസികളിലൂടെ ലഭ്യമാക്കുന്ന തുക ഭവനനിർമ്മാണത്തിന് തികയാറില്ല എന്നത് യഥാർത്ഥ്യമാണ്. ആയതിനാൽ IAY, MWS, JRY, RLEGP, എന്നിവയിലൂടെ നൽകുന്ന തുക ഇപ്പോഴുള്ളതിൽ നിന്നും 40,000 രൂപയായി ഉയർത്തുക, പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി അനുസരിച്ച് നൽകുന്ന തുക 25,000 ആയി ഉയർത്തുക, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിത്തുക 50,000 ആക്കി ഉയർത്തുക എന്നീ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

○ ഭൂ-ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി സർക്കാർ പുറമ്പോക്ക് ഭൂമി, പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഇതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനായി ഭൂരഹിതരുടെ ഒരു പട്ടിക ആദ്യം തയ്യാറാക്കേണ്ടതുണ്ട്. ഈ പട്ടികയിൽ പെടുന്നവ യഥാർത്ഥ ഭൂരഹിതരാണോയെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി ഓരോ വാർഡിലും അതത് വാർഡു മെമ്പർമാരുൾപ്പെടുന്ന ഓരോ ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ഭൂരഹിതർക്ക് 4 സെൻറ് ഭൂമിവീതം സൗജന്യമായി നൽകി LIC തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭൂരഹിതരുടെ പട്ടികയിൽ ആദ്യം പെടുത്തേണ്ടത് കോളനികളിൽ അനധികൃതമായി ഭൂമി കയ്യേറി കയ്യേറി കുടിൽ കെട്ടിവരെയാണ്.

○ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കെട്ടിടങ്ങൾ നിർമ്മിക്കുന്നത് നിയമാനുസൃതമായിട്ടല്ല എന്ന് ഗ്രാമസഭകൾ പരാതിപ്പെട്ടു. ഇതിനൊരു പരിഹാരം കാണുന്നതിന് അതതു പ്രദേശത്തെ ജനങ്ങൾ ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ യഥാസമയം പഞ്ചായത്തിനെ അറിയിക്കേണ്ടതാണ്.

# കുടിവെള്ളം

ഒരു പ്രദേശത്തിന്റെ ആരോഗ്യപുരോഗതിയുടെ മുഖ്യഘടകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. ഈ പഞ്ചായത്തിൽ പ്രധാനമായും ആശ്രയിക്കപ്പെടുന്ന കുടിവെള്ള സ്രോതസ്സുകൾ, കിണറുകൾ, പൊതുകിണർ, കുഴൽകിണറുകൾ, കുളങ്ങൾ എന്നിവയാണ്. പഞ്ചായത്തിൽ ഇപ്പോൾ പൊതു കുടിനീർ സ്രോതസ്സ് ഒന്നും തന്നെ നിലവിലില്ല. ഈ പഞ്ചായത്തിന്റെ രൂക്ഷമായ ജലദൗർലഭ്യം കണക്കിലെടുത്ത് 1983 ൽ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു ജലവിതരണപദ്ധതി ആരംഭിച്ചു. ആ വർഷം ഉണ്ടായ കൊടിയ വരൾച്ചയെ നേരിടുന്നതിനായി കേന്ദ്രസർക്കാരിന്റെ ദുരിതാശ്വാസനിധിയിൽ നിന്നും ലഭിച്ച തുകയാണ് ഇതിനുവേണ്ടി വിനിയോഗിച്ചത്. ഈ പദ്ധതിപ്രകാരം പഞ്ചായത്തിനകത്ത് 5 കുഴൽകിണറുകൾ നിർമ്മിച്ചെങ്കിലും ഒരെണ്ണത്തിൽ മാത്രമേ വേണ്ടത്ര വെള്ളം ഉണ്ടായിരുന്നുള്ളൂ. കൊച്ചാലുംമ്മൂട്ടിൽ നിർമ്മിച്ച കുഴൽക്കിണറിൽ നിന്നും ജലം ശേഖരിച്ച് 22 കി. മി. ചുറ്റളവിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് 40 ടാപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചു. കുഴൽ കിണറിൽ നിന്ന് ജലം ശേഖരിക്കുന്നതിനായി കൊച്ചാലുംമ്മൂട്ടിലാണ് ടാങ്ക് സ്ഥാപിച്ചത്. ഈ പദ്ധതിപ്രകാരം ജലവിതരണത്തിന്റെ ഗുണം ലഭിച്ച നടത്തിയ പ്രദേശങ്ങൾ പാങ്ങോട്, വാഴത്തോപ്പുപച്ച, അയിരൂർ, പുലിപ്പാറ, ബൗണ്ടർ മുക്ക്, പാക്കിസ്ഥാൻ മുക്ക്, പുള്ളിക്കര, ഭരതന്നൂർ ഹൈസ്കൂൾ ജംഗ്ഷൻ എന്നിവയായിരുന്നു. ജലവിതരണത്തിനായി 1983 ൽ പാങ്ങോട് ജംഗ്ഷനിൽ ഒരു മിനി വാട്ടർടാങ്ക് സ്ഥാപിച്ചിരുന്നെങ്കിലും അത് 1986 വരെ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ.

കേന്ദ്രസർക്കാരിന്റെ ദുരിതാശ്വാസഫണ്ടിൽ നിന്നും ഇത്തരത്തിൽ പഞ്ചായത്തുകളിൽ ആരംഭിച്ച ആദ്യത്തെ പദ്ധതിയായിരുന്നു ഇതെങ്കിലും ഇന്ന് ഈ ശുദ്ധജല വിതരണപദ്ധതി പൂർണ്ണമായും ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഈ പദ്ധതിയെ പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തിരമായി നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം ശുദ്ധജലവിതരണത്തിനുള്ള മറ്റ് പദ്ധതികൾ പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ ആരംഭിച്ച് നടപ്പിലാക്കേണ്ടതാണെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചു.

പഞ്ചായത്തിൽ 40 ഓളം പൊതുകിണറുകളുണ്ട്. പഞ്ചായത്തിലെ മുഴുവൻ പൊതുകിണറുകളുടെയും കുഴൽ കിണറുകളുടെയും, കുളങ്ങളുടെയും വാർഡുതിരിച്ചുള്ള വിവരം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | പൊതു കിണർ | കുഴൽ കിണർ | കുളങ്ങൾ |
|---|---|---|---|
| 1 | | 1 | 1 |
| 2 | 2 | 1 | 3 |
| 3 | 4 | - | 2 |
| 4 | | 2 | 3 |
| 5 | 9 | 1 | 2 |
| 6 | 4 | 1 | 5 |
| 7 | 6 | 1 | 2 |
| 8 | 7 | 2 | 4 |
| 9 | 2 | 2 | 2 |
| 10 | 5 | 4 | 3 |
| 11 | 2 | 4 | 4 |

ആവലംബം : പഠന പര്യടനം

മേൽ കാണിച്ചിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നത് ഓരോ വാർഡിലും നിർമ്മിച്ചിട്ടുള്ള പൊതുകിണറുകളും കുഴൽ കിണറുകളും ആവശ്യത്തിന് തികയുന്നില്ല എന്നുള്ളതാണ്. ഇതിനാൽ ഓരോ വാർഡിലും പുതുതായി ആവശ്യത്തിനു പൊതു കിണറുകളും കുഴൽ കിണറുകളും സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള പൊതുകിണറുകളിൽ പലതും ഉപയോഗശൂന്യമാണ്. ഏകദേശം 19-ഓളം കുഴൽ കിണറുകൾ ഉണ്ടെങ്കിലും മിക്കവയും പ്രവർത്തനക്ഷമമല്ല. പ്രവർത്തിക്കുന്നവയിൽ നിന്നും വരുന്ന ജലമാകട്ടെ തുരുമ്പിൻെറ ചുവയുള്ളതുമാണ്. മിക്ക പൊതുകിണറുകളും വേനൽക്കാലത്ത് വറ്റുന്നവയാണ്.

മലയോരപഞ്ചായത്തുകളിലൊന്നായ പാങ്ങോട് പ്രദേശത്ത് വിവിധ വാർഡുകളിൽ ഉറവകൾ മുഖ്യകുടിനീർ സ്രോതസ്സായി സ്വീകരിച്ച് ജലക്ഷാമം വേനൽക്കാലത്ത് പരിഹരിക്കാവുന്നതാണ്. പഞ്ചായത്തിലുള്ള പ്രധാന നീരുറവകൾ തണ്ണിയം, കൊച്ചാലുംമ്മൂട്, കാഞ്ചിനട, മാറനാട് ഏലാത്തലയ്ക്കൽ, തണ്ണിച്ചാൽ, രാമരശ്ശേരി, വട്ടക്കരിക്കകത്ത് സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ ഉള്ളതും നികത്തപ്പെട്ടതുമായ നീരുറവ, വലിയവയൽ, പാച്ചന്മുക്ക്, കൈതപച്ചയിൽ സ്വകാര്യവ്യക്തിയുടെ പുരയിടത്തിലെ നീരുറവ, കൊച്ചാന-കല്ലുവിള, കോലിഞ്ചി, വെള്ളയം ദേശം, അഞ്ചാനക്കുഴിക്കര, കൊച്ചുവയൽ പ്രദേശങ്ങൾ, ലൈമൂട് എന്നിവിടങ്ങളിലാണ്. ഇവ വേനൽക്കാലത്തുപോലും വറ്റാത്തവയാണ്. ഇത്തരം നീരുറവകളെ വേനൽക്കാലത്ത് ഉപയോഗിക്കത്തക്കണ്ണം സംരക്ഷിക്കേണ്ടതാണ്. ഇവയിൽ മിക്കതും സ്ഥിതി ചെയ്യുന്നത് വർഷത്തിൽ ഏറിയപങ്കും ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലാണ്. ഇത്തരം നീരുറവകളെ പരിരക്ഷിക്കുന്നതിന് ഗുണഭോക്താക്കളെക്കൂടി അംഗങ്ങളാക്കി പ്രത്യേക സമിതികൾ രൂപീകരിക്കേണ്ടതും പൊതുജനങ്ങളിൽ നിന്നും സാമ്പത്തികസഹായം തേടി പഞ്ചായത്തുമായി സഹകരിച്ച് സാമൂഹ്യജലവിതരണ പരിപാടികൾ നടപ്പിലാക്കേണ്ടതുമാണ്.കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കാണിക്കുന്ന പട്ടിക A 31 കാണുക.

നിലവിലുള്ള പൊതുകിണറുകളെയും പുതിയതായി നിർമ്മിക്കുന്ന പൊതുകിണറുകളെയും ഉപയോഗപ്രദമായി നിലനിർത്തുന്നതിന് അവയുടെ സംരക്ഷണം, പൂർണ്ണമായും ഉപഭോക്താക്കളുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്. പൊതുകിണറുകൾ സംരക്ഷിച്ച് സമീപത്തുള്ള കുടുംബങ്ങളുടെ മേൽനോട്ടത്തിൽ ശുദ്ധജല വിതരണപദ്ധതി ആരംഭിക്കാവുന്നതാണ്. [illegible] പ്രദേശത്ത് നിന്നും 200 മീറ്ററിൽ കൂടുതൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന പരമ്പരാഗത ജലസ്രോതസുകളെ സംരക്ഷിച്ച്, വികസിപ്പിച്ച് ജല വിതരണം നടത്തുന്ന സാമൂഹിക ജല വിതരണ പദ്ധതി പഞ്ചായത്തിനകത്ത് ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്.

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി പല മാർഗ്ഗങ്ങളും സ്വീകരിക്കാവുന്നതാണ്. ഇവയിൽ ചിലതു പഞ്ചായത്തിലെ ഉയർന്ന സ്ഥലങ്ങളിൽ നിർക്കുഴികൾ കുഴിച്ചും വരമ്പുകൾ നിർമ്മിച്ചും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക, ഇതിനുള്ള ബോധവത്ക്കരണപ്രവർത്തനങ്ങൾ നടപ്പാക്കുക, നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ ഉണ്ടാക്കുക, ഒഴുകിപ്പോകുന്ന മഴവെള്ളം സംഭരിക്കാൻ ശ്രമിക്കുക എന്നിവയാണ്.

ഒരിക്കലും വറ്റാത്ത മാന്നാർ പുഴയിൽ നിന്നും ജലം ശേഖരിച്ച് ശുദ്ധീകരിച്ച് 9,10 വാർഡുകളിൽ ജലവിതരണം നടത്താവുന്നതാണ്. 1,

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കാണിക്കുന്ന ചാർട്ട് (A.31)

| വാർഡ് നം | പ്രശ്നമേഖല | നിർദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | മുളാൻകുഴി, പരയ്ക്കാട്, മന്ത്രമൂർത്തിക്കാവ് പ്രദേശങ്ങൾ- രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. | ഉപയോഗശൂന്യമായിക്കിടക്കുന്ന പൊതുകിണറുകൾ, കുഴൽകിണറുകൾ എന്നിവ അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുകയും ഈ പ്രദേശങ്ങളിൽ മൂന്ന് കുഴൽക്കിണറുകൾ നിർമ്മിക്കുകയും ചെയ്യുക. |
| 2 | പാങ്കാട്, മാമ്പഴവിള, തണ്ണിയം, കൊടുങ്ങഞ്ചേരി, വാഴത്തോപ്പുപച്ച | തണ്ണിയത്ത് 48 സെൻറ് വിസ്തൃതിയുള്ള ഒരു കുളം ഉണ്ടായിരുന്നതായി വില്ലേജാഫീസ് രേഖകളിൽ കാണുന്നു. കയ്യേറ്റത്തിന് വിധേയമായ ഈ കുളം വീണ്ടെടുക്കുകയും വാർഡിൽ രൂപീകരിച്ചിട്ടുള്ള ജലസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ വിപുലീകരിച്ച കുടിവെള്ളത്തിനായി ആശ്രയിക്കുകയും ചെയ്യുക. മറ്റുള്ള പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് പുതുതായി കിണറുകളും കുഴൽകിണറുകളും നിർമ്മിക്കുക. കൊടുക്കുഞ്ചേരി ഏലായുടെ തെക്കെ അറ്റത്തുള്ള ഏകദേശം 25 സെൻറ് വരുന്ന കുളം കൈയ്യേറിയൽ വീണ്ടെടുത്ത് ഉപയോഗപ്രദമാക്കേണ്ടതുണ്ട്. |
| 3 | ചന്തക്കുന്ന് , ഉള്ളിയൻ കോട്, - 4 സെൻറ് കോളനികൾ, താഴെ ാപാങ്ങോട്, വി. കെ, പൊയ്ക, അയിരൂർ, - ജലക്ഷആമരൂക്ഷതയുള്ള പ്രദേശങ്ങൾ യത്തീം -ഖാന | പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ മുഴൽകിണർ കുഴിച്ച് പൈപ്പ് സംവിധാനം ഏർപ്പെടുത്തി കുടിവെള്ളം എത്തിക്കുക. പാങ്ങോട് പബ്ലിക് മാർക്കറ്റിനകത്തുള്ള പൊതുകിണർ വൃത്തിയാക്കി കുടിവെള്ളത്തിനായി ഉപയോഗിക്കുക. യത്തീംഖാനയിൽ കുഴൽകിണർ സ്ഥാപിക്കുക. |
| 4 | പാക്കിസ്ഥാന്മുക്ക്, കഞ്ചിനട, മുന്നോടി മല, ശാസ്താംകുന്ന്. | നിലവിലുള്ള ശുദ്ധജലവിതരണപദ്ധതി പുനരാവിഷ്കരിച്ച് വെള്ളം എത്തിക്കുക. മുന്നോടി മൂലയിൽ കുടിവെള്ളത്തിൻ ആശ്രയിക്കാവുന്ന തരത്തിൽ കുളം കുഴിക്കുക |
| 5 | കല്ലുമല, അടപ്പുപാറ, പുളിക്കരക്കുന്ന്, ലക്ഷം വീട് കോളനി, വെള്ളായം ദേശം തലയിൽ കക്കോട്ട് കുന്ന്, വട്ടപ്പുൽ, മുട്ടോട്ടുകാല | പുളിക്കരക്കുന്ന്, ലക്ഷം വീട് കോളനി, കല്ലുമല എന്നിവിടങ്ങളിൽ ഓരോ കുഴൽകിണറും അടപ്പുപാറ ചെമ്പൻകോട് പ്രദേശങ്ങളിൽ പൊതുകിണർ നിർമ്മിക്കേണ്ടതാണ്. ഈ വാർഡിലെ നിലവിലുള്ള കുളങ്ങൾ, പൊതുകിണറുകൾ, കുൽകിണറുകൾ, മറ്റു ജലസ്രോതസ്സുകളും ഉപയോഗക്ഷമമാക്കണം. ഇതിനായി ഗുണഭോക്താക്കളും നാട്ടുകാരും പഞ്ചായത്തിനോട് സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. |

| | | |
|---|---|---|
| 6 | ഈട്ടിമുക്ക്, കല്ലുവാഴക്കുന്ന, മാറനാട്, ലെനിൻ കുന്ന്, ദർപ്പവിള | മാറനാട്, ലെനിൻ കുന്ന്, ദർപ്പവിള എന്നിവിടങ്ങളിലേക്ക് പൈപ്പുലൈനുകൾ സ്ഥാപിച്ച് ജലവിതരണം ഏർപ്പെടുത്തുക ഈട്ടിമുക്ക് പ്രദേശത്ത് പൊതുകിണർ സ്ഥാപിക്കുക |
| 7 | അംബേദ്ക്കർ കോളനി, കരിങ്ങട, ഭരതന്നൂർ പ്രദേശങ്ങൾ | കൊച്ചുവയൽ പ്രദേശങ്ങളിലുള്ള ഒരിക്കലും വറ്റാത്ത നീരുറവകൾ വിപുലീകരിച്ച് ജലം സംഭരിച്ച് പൈപ്പിലൂടെ ഈ പ്രദേശങ്ങളിൽ ജലവിതരണം നടത്താവുന്നതാണ്. ഈ പ്രദേശങ്ങളിലുള്ള പൊതുകിണറുകൾ, കുളങ്ങൾ എന്നിവ പുനരുദ്ധരിക്കേണ്ടതുണ്ട്. ചെല്ലപ്പച്ചയിലെ കുളം സ്വകാര്യവ്യക്തികൾക്ക് നിന്നും ഏറ്റെടുത്ത് ജലവിതരണം നടത്തുക. |
| 8 | നാലുമുക്ക് മൈലമ്മൂട്, പ്ച്ചന്മുക്ക്, വേലൻ മുക്ക്, അച്ചായൻകുന്ന്, അഞ്ചാനക്കുഴിക്കര | ലൈമ്മൂട് ആറ്റിൽ നിന്ന് വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് പൈപ്പിലൂടെ വിതരണം നടത്തിയാൽ 5,8 എന്നീ വാർഡുകളെ മുഴുവൻ ജലക്ഷാമത്തിൽ നിന്ന് രക്ഷിക്കാൻ കഴിയും. നിലവിൽ വാർഡിലുള്ള മുഴുവൻ പൊതു കിണറുകളെയും വാർഡു മെമ്പറുടെ മേൽനോട്ടത്തിൽ പൊതുജനപങ്കാളിത്തത്തോടെ വൃത്തിയാക്കുകയും പൊതുകിണറിൻെറ സംരക്ഷണച്ചുമതല അടുത്തുള്ള ഗുണഭോക്താക്കളെ ഏൽപ്പിക്കുകയും ചെയ്യുക. |
| 9 | മാവുനിന്ന പച്ച, കൈതപ്പച്ച, ചെത്തപ്പാലം, വലിയവയൽ, അമത്തറ, കാക്കാണിക്കര, സ്പ്യേക്കട | നിലവിലുള്ള കുഴൽക്കിണറുകൾ വൃത്തിയാക്കുകയും പുതിയ പൊതുകിണറുകൾ നിർമ്മിക്കുകയും ചെയ്യുക. ഓരോ പൊതുകിണറിൻെറയും സംരക്ഷണച്ചുമതല ഗുണഭോക്താക്കളെ ഏൽപ്പിക്കുക. കൈതപച്ചയിലുള്ള കുടിവെള്ളത്തിൻ ഉപയോഗിക്കാൻ കഴിയുന്ന വറ്റാത്ത നീരുറവ സ്വകാര്യവ്യക്തിയിൽ നിന്നും ഏറ്റെടുത്ത് വികസിപ്പിച്ചാൽ പൈപ്പിലൂടെ ജലം വിതരണം നടത്താൻ സാധിക്കും. വലിയവയലിലുള്ള പൊതുകുളം വൃത്തിയാക്കിയാൽ ഈ പ്രദേശത്തുകാർക്ക് ഇത് വലിയ ഒരനുഗ്രഹം ആയിരിക്കും. |
| 10 | പാലുവള്ളി, ഏഴുകുടി, പത്തേക്കർ, പാലുവള്ളി, തണ്ണിപ്പാൽ, വട്ടക്കരിക്കകം, പൂച്ചെടിക്കാല ഹരിജൻമുക്ക, ഏക്സ്. കോളനി | ഈ പഞ്ചായത്തിലെ ഏറ്റവും ജല രൂക്ഷത അനുഭവപ്പെടുന്ന കുന്നിൻ പ്രദേശങ്ങളുൾക്കൊള്ളുന്ന ഈ വാർഡിൽ നിലവിലുള്ള കിണറുകളും പ്രവർത്തനക്ഷമമാക്കുക. വട്ടക്കരിക്കകത്തുള്ള നികത്തപ്പെട്ട ജലസ്രോതസ്സ് വീണ്ടും നിർമ്മിച്ച് വികസിപ്പിക്കുകയും കുടിവെള്ള സ്രോതസ്സായി ആശ്രയിക്കുകയും ചെയ്യുക. ഈ വാർഡിൽ മാധവൻ കരിക്കം, പാലുവള്ളി, കരിക്കകം, വലിയവയൽ, ഏഴു |

| | | |
|---|---|---|
| | | കുടി എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിച്ചാൽ ജലസേജനത്തിനും ഗാർഹികാവശ്യങ്ങൾക്കും ഫല പ്രദമായി കണ്ടെത്തി പൊതുകിണർ നിർമ്മിക്കുക. വാർഡുതലത്തിൽ ജലസംരക്ഷണസമിതികൾക്ക് രൂപം കൊടുക്കുക. |
| II | കണ്ണമ്പാറ, മരുതിമലക്കുന്ന്, വള്ളം വെട്ടിയ മൂല, ചണക്കാപ്പാറ, മൂന്നുമുക്ക്, തണ്ണിയാൽ. മരം വെട്ടിപൊയ്ക, വലിയവേങ്കോട്. | നിലവിലുള്ള പൊതുകിണറുകളും കുഴൽകിണറുകളും ഉപയോഗപ്രദമാക്കത്തക്കവിധം അറ്റകുറ്റപ്പണികൾ നടത്തുക പൊതുകിണറുകൾ ഈ പ്രദേശങ്ങളിൽ സ്ഥാപിക്കുക. |

2, 3, 4 വാർഡുകളിൽ പഞ്ചായത്തിൽ നില വിലുള്ളതും പ്രവർത്തന രഹിതമായതുമായ ജല വിതരണ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. 6-ാം വാർഡിൽ ചേന്നാട് വാതുക്കലുള്ള കുളം വിസ്തൃതമാക്കി സൗകര്യപ്പെടുത്തിയാൽ വാർഡിന്റെ ഭൂരിപക്ഷം പ്രദേശങ്ങളിലും ജല വിതരണം സാദ്ധ്യമാക്കാവുന്നതാണ്. 11-ാം വാർഡിൽ ഇരപ്പുപാറ, രാമരശ്ശേരി തലയ്ക്കൽ എന്നീ സ്ഥലങ്ങളിലെവിടെയെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ സംഭരണി നിർമ്മിക്കുകയോ മരുതിമലക്കുന്നിന്റെ മുകളിൽ കുഴൽകിണർ നിർമ്മിച്ച് ജലം സംഭരിക്കുകയും ചെയ്താൽ ഈ വാർഡുമുഴുവൻ ജല വിതരണം നടത്താൻ കഴിയും.

മൈലമൂട് ആറിൽ നിന്നും ജലം സംഭരിച്ച് അഞ്ചാനക്കുഴിക്കര എത്തിച്ച് ഈ പഞ്ചായത്തിനാവശ്യമായ ജല വിതരണം നടത്താൻ പര്യാപ്തമായ ഒരു പദ്ധതിക്ക് മുൻവർഷങ്ങളിൽ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കത്തക്കവിധം സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# വിദ്യാഭ്യാസം

പാങ്ങോട് പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത് ഈ പഞ്ചായത്തിൽ ആദ്യമായി ഭരതന്നൂർ കേന്ദ്രമാക്കി ഏകദേശം നൂറു വർഷങ്ങൾക്കു മുമ്പ് ഒരു എൽ.പി.സ്കൂൾ ആരംഭിച്ചതോടെയാണ്. വിദ്യാഭ്യാസത്തിനായി മണ്ണിലെഴുത്ത് സമ്പ്രദായം സർവ്വസാധാരണമായിരുന്നു. മണ്ണിലെഴുത്ത് പഠിപ്പിച്ചിരുന്നവരിൽ പ്രമുഖൻ കിളിമാനൂർ ശങ്കൻനായർ ആയിരുന്നു. സാമ്പത്തികമായി മുന്നോക്കം നിന്നിരുന്ന കുടുംബങ്ങളിലെ സ്ത്രീകൾ മാത്രം വിദ്യാഭ്യാസം നടത്തിയിരുന്നു. അന്നത്തെക്കാലത്ത് മുസ്ലിം സ്ത്രീകാം വിദ്യാഭ്യാസം നേടിയിരുന്നത് വിരളമായിട്ടായിരുന്നു. മൊത്തം ജനസംഖ്യയുടെ ഏകദേശം 5% മാത്രം വിദ്യാഭ്യാസം നേടിയിരുന്നു.

കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്ന സാധാരണക്കാരന്റെ ജീവിതത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയുടെ അനുരണനങ്ങൾ ഉണർത്താൻ കാലഘട്ടം പിന്നെയും വേണ്ടിവന്നു. ഭരതന്നൂർ കേന്ദ്രമാക്കി ആരംഭിച്ച എൽ.പി.സ്കൂളിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളാണ് ഉണ്ടായിരുന്നതെങ്കിലും നാലാം ക്ലാസ്സ്, കുട്ടികളില്ലാതിരുന്നതു മൂലം, ഒഴിവാക്കിയിരുന്നു. സ്കൂൾ കെട്ടിടം നിർമ്മിച്ചു കൊടുത്തത് മാമൂട്ടിൽ കുമാരസ്വാമിയാണ്. 1937-ൽ പ്രസ്തുത സ്കൂൾ അപ്പർ പ്രൈമറിയായി ഉയർത്തപ്പെട്ടു. ഈ കാലയളവിലെല്ലാം സമൂഹത്തിലെ താഴ്ന്ന ജാതിക്കാരും സാമ്പത്തികമായി പിന്നോക്കം നിന്നവരും വിദ്യാഭ്യാസം നടത്തിയിരുന്നില്ല. ഇപ്പോൾ നിലവിലുള്ള ഹൈസ്ക്കൂൾ ആരംഭിച്ചത് 1958-ൽ ആണ്. ഹൈസ്ക്കൂൾ ആയതിനുശേഷം ആദ്യത്തെ ഹെഡ്മാസ്റ്റർ എം. വി. പ്രഭാകരൻപിള്ള ആയിരുന്നു. ഹൈസ്കൂളായി ഉയർത്തപ്പെട്ടിരുന്നുവെങ്കിലും അന്ന് 8-ാം സ്റ്റാൻഡേർഡ് മാത്രമാണ് ഉണ്ടായിരുന്നത്. അക്കാലത്ത് ഹൈസ്ക്കൂൾ അനുവദിക്കണമെങ്കിൽ പതിനായിരം രൂപയും മൂന്നേക്കർ പുരയിടവും സർക്കാറിന് നൽകണമായിരുന്നു. അതിനായി ഭരതന്നൂർ ശ്രീ. സുന്ദരേശക്കുറുപ്പ് ചെയർമാനായി ഒരു സ്പോൺസറിംഗ് കമ്മിറ്റി രൂ

പീകരിക്കപ്പെട്ടു. ആ കമ്മിറ്റി 4500 രൂപ ജനങ്ങളിൽ നിന്നും ശേഖരിച്ച് ഗവൺമെൻറിന് നൽകി. അങ്ങി നെ 9-ാം സ്റ്റാൻഡേർഡ് കൂടി അനുവദിച്ചു. 10-ാം ക്ലാസ്സ് ആരംഭിക്കുന്നതിന് ഗവൺമെൻറ് നിശ്ചയിച്ച തുകയും നിർദ്ദിഷ്ട പുരയിടവും കണ്ടെത്തേണ്ടിയിരുന്നു. നിലവിലുണ്ടായിരുന്ന കമ്മിറ്റിക്ക് അതിന് കഴിയാതെ വന്നപ്പോൾ 1960-ഓടുകൂടി ശ്രീ. ആർ. കൊച്ചു നാരായണൻ ചെയർമാനായി പുതിയ കമ്മിറ്റി രൂപീകരിക്കുകയും ബാക്കി തുകയും പുരയിടവും ഗവൺമെൻറിന് നൽകുകയും ചെയ്തു. അങ്ങിനെ ഭരതന്നൂർ ഗവൺമെൻറ് ഹൈസ്ക്കൂളിൽ 10-ാം സ്റ്റാൻേറർഡ് ആരംഭിക്കപ്പെട്ടു. സ്കൂളിന് ആവശ്യമായ ഭൂമിയിൽ ഏകദേശം 80 സെൻറ് എം.കെ.വെങ്കിടാചല ശർമ്മ സംഭാവനയായി നൽകുകയും ബാക്കി സ്ഥലം കടയിൽ വീട്ടിൽ കുഞ്ഞിരാമൻ പിള്ള തുടങ്ങിയവരിൽ നിന്നും പൊന്നും വിലയ്ക്ക് ഏറ്റെടുക്കുകയും ചെയ്തു. 10-ാം ക്ലാസ്സ് ആരംഭിച്ചതിനു ശേഷം നിയമിതനായ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. ബാലകൃഷ്ണ പിള്ളയായിരുന്നു. ഈ നാടിൻെറ വിദ്യാഭ്യാസ ചരിത്രത്തിൽ നിന്നും ഒരിക്കലും മാറ്റി നിർത്താനാവാത്ത വ്യക്തിത്വമായിരുന്നു ശ്രീ. ബാലകൃഷ്ണപിള്ള സാറിൻേറത്. ഈ നാടിൻെറ വിദ്യാഭ്യാസ പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയ വ്യക്തിയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസത്തിന് മറ്റെന്തിനെയുംകാൾ പ്രാധാന്യം ജീവിതത്തിൽ നൽകുന്ന ഒരു അഭിനവ സംസ്കൃതി പിറവിയെടുത്തതോടെ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും എൽ.പി. - യൂ.പി സ്കൂളുകൾ ആരംഭിക്കപ്പെട്ടു. ഇപ്പോൾ പഞ്ചായത്തിലാകെ 8 സ്കൂളുകളാണുള്ളത്. ഇതിന് പുറമെ കോളേജ് വിദ്യാഭ്യാസത്തിനായി **മന്നാനിയ കോളേജ് ഓഫ് ആർട്സ് ആൻറ് സയൻസ്** പാങ്ങോട് കേന്ദ്രമാക്കി 95-96 കാലയളവിൽ പ്രവർത്തനം ആരംഭിച്ചു. ഈ പഞ്ചായത്തിലെ എൽ.പി.സ്ക്കൂളുകൾ നാലെണ്ണം പൊതുമേഖലയിലും രണ്ടെണ്ണം സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ഏക യു.പി. സ്കൂൾ സ്വകാര്യമേഖലയിലാണ്. ഇതുകൂടാതെ ഒരു അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നു.

കഴിഞ്ഞ ദശാബ്ദത്തിനിടയ്ക്ക് ഈ പഞ്ചായത്തിൽ പുതുതായി ഒരു സ്കൂളും അനുവദിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിലുള്ള മുഴുവൻ വിദ്യാലയങ്ങളേയും സംബന്ധിച്ചുള്ള വിവരം പട്ടിക കൊടുത്തിരിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷകാലയളവ് പരിശോധിച്ചാൽ വിദ്യാഭ്യാസത്തിനായി പൊതുവിദ്യാലയങ്ങളെ ആശ്രയിക്കുന്ന കുട്ടികളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്തിട്ടില്ലെന്ന് കാണാം. പഞ്ചായത്തിലെ മൊത്തം സ്കൂളുകളിൽ 152 ഓളം അദ്ധ്യാപകരുണ്ട്. ഇവരിൽ സിംഹഭാഗവും തദ്ദേശീയരാണ്. ഭൂരിപക്ഷം ജനങ്ങളും പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കാൻ തല്പരരാണ്. വിദ്യാഭ്യാസത്തെ വരേണ്യവത്ക്കരിക്കാൻ നടക്കുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻപുറങ്ങളിലും സ്വാധീനം ചെലുത്തിത്തുടങ്ങി എന്നതിൻെറ തെളിവാണ് വിദൂര സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുന്നത്. ഇത്തരത്തിൽ വിദൂര സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ ഏകദേശം 150 ഓളം കുട്ടികൾ പഠിക്കുന്നു. നാല് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒഴികെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലാത്ത പഞ്ചായത്താണ് ഇത്. സാങ്കേതിക വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലെ കുട്ടികൾ ആറ്റിങ്ങൽ, കിളിമാനൂർ, നെടുമങ്ങാട് എന്നിവിടങ്ങളെയാണ് ആശ്രയിക്കുന്നത്.

കോളേജ് വിദ്യാഭ്യാസത്തിനായി 95-96 കാലയളവിൽ ഒരു എയിഡഡ് കോളേജ് പാങ്ങോട് കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചെങ്കിലും ഭൂരിപക്ഷം വിദ്യാർത്ഥികളും പെരിങ്ങമ്മല, നിലമേൽ, ആറ്റിങ്ങൽ എന്നിവിടങ്ങളിലുള്ള കോളേജുകളെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിലെ ഏക കോളേജാണ് മന്നാനിയ ആർട്സ് ആൻറ് സയൻസ് കോളേജ്. ഈ സ്ഥാപനത്തിൽ 160 കുട്ടികൾ വിവിധ ബിരുദ ക്ലാസ്സുകളിൽ പഠിക്കുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ ഭരതന്നൂർ ഗവ. ഹൈസ്കൂളിൽ എസ്.എസ്.എൽ.സി. വിജയ ശതമാനം താരതമ്യേന കുറവാണ്. ഇത് കാണിക്കുന്ന പട്ടിക A10 കാണുക.

പട്ടിക A10

എസ്.എസ്.എൽ.സി. വിജയശതമാനം

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 25 | 24 | 30 | 28 | 25 |

എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർത്ഥികളിൽ ഏറിയപങ്കും കുറഞ്ഞ മാർക്കുമാത്രം നേടുന്നതിനാൽ കോളേജിൽ പ്രവേശനം നേടുക പ്രയാസമാണ്. അത്തരക്കാർ കോളേജ് വിദ്യാഭ്യാസത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് പാരലൽ കോളേജുകളെയാണ്. ഈ പഞ്ചായത്തിൽ പ്രധാനമായും 8 പാരലൽ കോളേജുകളാണ് ഉള്ളത്. ഇവയിൽ 5 എണ്ണത്തിൽ മാത്രമെ പ്രീഡിഗ്രി പാരലൽ ക്ലാസ്സുകളും നാമമാത്രമായി ഡിഗ്രി ക്ലാസ്സുകളും കൈകാര്യം ചെയ്യുന്നുള്ളു. സ്കൂൾ ഗോയിംഗ് വിദ്യാർത്ഥികൾ ഉൾപ്പെടെ എകദേശം 1500 ഓളം കുട്ടികൾ പാരലൽ കോളേജുകളിൽ പഠനം നടത്തുന്നു. ഈ പഞ്ചായത്തിലുള്ള 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലുമായി ഏകദേശം 200 ഓളം കുട്ടികൾ പഠിക്കുന്നു.

ഒരു പ്രീ പ്രൈമറി സ്കൂളും രണ്ട് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും ഉൾപ്പെടെ 5 നഴ്സറി സ്കൂളുകളും 28 അംഗൻവാടികളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളിൽ പിന്തുടർന്നു വരുന്ന വിദ്യാഭ്യാസ രീതി കുറ്റമറ്റതല്ലെന്നും അതു കുട്ടികളുടെ ഭാവിയെ പ്രതികൂലമായി മാത്രമെ ബാധിക്കുകയുള്ളുവെന്നും ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഉപയോഗിക്കുന്ന സിലബസിൻെറ അപ്രായോഗികതയും ഗ്രാമസഭകളിൽ ചൂടേറിയ ചർച്ചകൾക്കു വഴി മരുന്നിട്ടു.

മൂന്നു വയസ്സിനും 5 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള 1096 കുട്ടികൾക്ക് അംഗൻവാടികളുടെ സേവനം ലഭിക്കുന്നു. മുസ്ലീങ്ങളുടെ മതപഠന സ്ഥാപനങ്ങളായ മദ്രസകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അറബിക് വിദ്യാഭ്യാസം നൽകുന്നു. അറബിക് ഭാഷാ പഠനത്തിനായി കൊച്ചാലുംമൂട്ടിൽ ഒരു അറബിക് കോളേജും പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസം ഒരു പരിധിവരെ സാർവ്വജനീനം ആണെങ്കിലും ഗവേഷണം മുതലായ ഉന്നത വിദ്യാഭ്യാസം ആർജ്ജിക്കുന്നവരുടെ എണ്ണം അംഗുലീപരിമിതമാണ്. 1990 ലെ സാക്ഷരതായജ്ഞത്തിൻെറ ആവേശം പഞ്ചായത്തിലുടനീളം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ നിരക്ഷരരാവുകയും ചെയ്തു.

ഒരു സ്കൂളിനെ സംബന്ധിച്ച് എറ്റവും പ്രധാനം അവിടെ ലഭിക്കുന്ന അക്കാഡമിക് സൗകര്യങ്ങളാണ്. അക്ഷരലോകത്ത് കുട്ടികൾക്ക് ഉന്മേഷദായകവും പഠനോപാകാരപ്രദമായ ഘടകങ്ങളാണ് സ്കൂളിലെ ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, ബ്ലാക്ക് ബോർഡുകൾ, ഫർണിച്ചർ തുടങ്ങിയവ. ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ അക്കാഡമിക് സൗകര്യങ്ങൾ പട്ടിക പട്ടിക D-M-ൽ വ്യക്തമാക്കുന്നു.

ഈ പഞ്ചായത്തിലെ 1,2, എന്നീ വാർഡുകളിലെ മുഴുവൻ കുട്ടികളും വിദ്യാഭ്യാസത്തിനായി കല്ലറ സ്കൂളിനേയും 8,9,10 വാർഡുകളിലെ ഭൂരിപക്ഷം കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി നന്ദിയോട് SKV, മടത്തറ കാണി ഹൈസ്കൂളുകളേയും ഈ വാർഡുകളിലെ യു.പി. സ്കൂൾ വിദ്യാർത്ഥികൾ ഈ കോളനിയിലുള്ള യു.പി. സ്കൂളിനേയും ആശ്രയിക്കുന്നു. ഇത്തരത്തിൽ പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പഠനപര്യടന സംഘ റിപ്പോർട്ട് അനുസരിച്ച് ഏകദേശം ആയിരത്തിലധികം വരും. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങൾ പട്ടിക പട്ടിക D-N ൽ കൊടുത്തിരിക്കുന്നു.

മേൽ സൂചിപ്പിക്കുന്ന ചാർട്ട് വ്യക്തമാക്കുന്നത് നലവിലുള്ള വിദ്യാലയങ്ങളിലെ പരാധീനതകളും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ്. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുൽ വിദ്യാർത്ഥികൾ, ഏകദേശം 2226 പേർ, പഠിക്കുന്ന സ്കൂളായ ഭരതന്നൂർ എച്ച് .എസ്സിൽ ആകെ രണ്ടു മൂത്രപ്പുരകളും രണ്ട് കക്കൂസുകളുമാണ് ഉള്ളത്. സ്കൂളിൽ നിന്നും ശേഖരിച്ച വിവരം അനുസരിച്ച് അവിടെ ഇനിയും അഞ്ചോളം കക്കൂസുകൾ നിർമ്മിച്ച് നൽകേണ്ടതുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി ഉണ്ടെങ്കിലും ആവശ്യത്തിന് കെട്ടിടങ്ങളോ ക്ലാസ് മുറികളോ തികയുന്നില്ല. ഉച്ചക്കഞ്ഞി തയ്യാറാക്കുന്നതിനായി വൃത്തിഹീ

നമായ ഒരു താല്ക്കാലിക ഷെഡ് ആണ് ഇപ്പോൾ ഉള്ളത്. വൃത്തിയും വെടിപ്പും ഉള്ള ഒരു സ്ഥിരം കെട്ടിടം ഈ ആവശ്യത്തിലേക്കായി നിർമ്മിക്കേണ്ടതുണ്ട്. ഫർണിച്ചർ വേണ്ടത്ര ഇല്ല എന്നുള്ളതും ഈ സ്കൂളിൻെറ മറ്റൊരു പരാധീനത ആണ്.

ഗവ. എൽ.പി.എസ്, പാങ്ങോട്, ഗവ. എൽ.പി.എസ്. ഭരതന്നൂർ എന്നിവിടങ്ങളിൽ ചില ക്ലാസുകൾ നടത്തുന്നത് താല്ക്കാലിക ഷെഡുകളിലാണ്. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടത്ര സ്ഥലം ഉള്ള ഈ സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. L.P., U.P. സ്കൂളുകളിൽ ഒന്നിലും തന്നെ പൈപ്പ് സൗകര്യം ലഭ്യമല്ല. ഗവൺമെൻറ് എൽ.പി.എസ്. ഭരതന്നൂർ, ഗവ. എൽ.പി.എസ്, പാങ്ങോട് എന്നിവിടങ്ങളിൽ ആവശ്യത്തിന് കെട്ടിടങ്ങളോ ഫർണിച്ചറോ ഇല്ല.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠന നിലവാരം വളരെ കുറവാണ്. വിവിധ സ്കൂളികളിലെ പഠനനിലവാരം ചാർട്ട് പട്ടിക D-O കാണിക്കുന്നു.

ഭരതന്നൂർ ഗവ. ഹൈസ്ക്കൂളിലെ അഞ്ചുമുതൽ പത്ത് വരെ സ്റ്റാൻഡേർഡുകളിലെ കുട്ടികളുടെ അക്കാദമിക് നിലവാരം പരിശോധിച്ചാൽ 30%-ത്തിൽ താഴെ മാർക്ക് വാങ്ങുന്നവരുടെ എണ്ണമാണ് ഏറ്റവും കൂടുതൽ എന്ന് കാണാം. 10-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന കുട്ടികളിൽ 60% -ത്തിൽ കൂടുതൽ മാർക്ക് നേടുന്നവർ 6.96% മാത്രമാണ്. മറ്റു സ്കൂളുകളിലേതുകൂടി പരിശോധിച്ചാൽ അപ്പർ പ്രൈമറി തലം വരെ അക്കാദമിക് കൂടുതലാണെന്ന് കാണാം. എന്നാലിത് ഹൈസ്കൂൾ തലത്തിൽ എത്തുമ്പോൾ കുറയുന്നതായി ബോദ്ധ്യപ്പെടുന്നു. നിരവധി വസ്തുതകൾ വിദ്യാഭ്യാസ നിലവാരം താഴുന്നതിന് കാരണമാകുന്നു. ദൃശ്യമാധ്യമങ്ങളായ ടി.വി., സിനിമ, എന്നിവ വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനം ചില്ലറയല്ല. ഇതോടൊപ്പം നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണവും സമരങ്ങളിലൂടെ നഷ്ടപ്പെടുന്ന അദ്ധ്യയനവും നിലവാരത്തകർച്ചയ്ക്ക് കാരണമാകുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളേയും ട്യൂഷനേയും ആശ്രയിക്കുന്നു.

ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ മിക്ക സ്ക്കൂളുകളിലെയും പി.ടി.എ. നിസ്തുലമായ സേവനം അനുഷ്ടിക്കുന്നു. പഞ്ചായത്തിലെ ഒരു സ്ക്കൂളിലൊഴികെ (ഗവ: എൽ. പി. എസ്-ഭരതന്നൂർ) മറ്റെല്ലാ സ്ക്കൂളുകളിലും മാതൃസംഗമം സജീവമാണ്. ഗവ: എൽ. പി. എസ്-ഭരതന്നൂർ, ഗവ: എൽ. പി. എസ്. കാഞ്ചിനട, താജ് എൽ. പി. എസ്- വണ്ടി കിടക്കും പൊയ്ക എന്നിവയിലൊഴികെ മറ്റെല്ലാ സ്ക്കൂളുകളിലും ക്ലാസ്സ്റൂം പി.ടി.എ. ശക്തമാണ്. പി. ടി. എ. യുടെ ആഭിമുഖ്യത്തിൽ മാതൃകാപരമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത് പ്രധാനമായും ഭരതന്നൂർ ഗവ. H.S. ൽ മാത്രമാണ്.

ഭരതന്നൂർ ഗവ: ഹൈസ്ക്കൂൾ ബോൾ ബാറ്റ്മിൻറൺ മത്സരങ്ങളിൽ ദേശീയ തലത്തിൽ പോലും വിജയികളെ വാർത്തെടുത്തിട്ടുണ്ട്. 95-96 വർഷത്തിൽ ബാൾ ബാറ്റ്മിൻറൺ മത്സരത്തിൽ സബ് ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ ദേശീയ ജേതാവ് ഈ സ്ക്കൂളിൽ നിന്നാണ്. കൂടാതെ സംസ്ഥാന ദേശീയ തലങ്ങളിൽ മത്സര വിജയികളായ ഒട്ടേറെ കുട്ടികളെ വാർത്തെടുക്കാനും ഈ സ്ക്കൂളിന് കഴിഞ്ഞിട്ടുണ്ട്.

ഈ പഞ്ചായത്തിലെ 4564 കുട്ടികൾ പിക്കുന്നതിൽ 2417 പേർ പെൺകുട്ടികളുമാണ്. പഞ്ചായത്തിലാകെ വിദ്യാർത്ഥികളിൽ 845 പേർ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ടവരാണ്. മൊത്തം വിദ്യാർത്ഥികളിൽ 140 പേർ തോറ്റു പഠിക്കുന്നു. പഠനം നിർത്തിയവർ 131 ആണ്.കൂടുതൽ വിവരങ്ങൾ പട്ടിക P വ്യക്തമാക്കുന്നു.

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം കാണിക്കുന്ന ചാർട്ട് താഴെ കൊടുത്തിരിക്കുന്നു.

## യത്തീംഖാന

പാങ്ങോട് കേന്ദ്രമാക്കി .1990-ൽ ദക്ഷിണകേരള ജം ഇയ്യത്തുൽ ഉലമയുടെ ആഭിമുഖ്യത്തിൽ ഒരു യത്തീംഖാന പ്രവർത്തനം ആരംഭിച്ചു. 246 ഓളം കുട്ടികൾ അന്തേവാസികളായ ഈ സ്ഥാപനം മാതൃകാപരമായ സേവനമാണ് അനുഷ്ഠിക്കുന്നത്. മാതാപിതാക്കൾ ഇല്ലാത്തവരും നിർദ്ധനരും ആയ കുട്ടികളെ ആണ് ഈ സ്ഥാപനം സ്വീകരിക്കുന്നത്. പരമാവധി 500 കുട്ടികളെ സ്വീകരിക്കാനുള്ള കഴിവ് ഈ സ്ഥാപനത്തിനുണ്ട്. ദക്ഷിണ

കേരളത്തിലെ തന്നെ ഏറ്റവും വലിയ യത്തീംഖാനകളിൽ ഒന്നായ ഈ സ്ഥാപനത്തിൻെറ പ്രധാന വരുമാന മാർഗ്ഗം ജനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകളാണ്.

രക്ഷാകർത്താക്കളുടെ അവഗണനകൊണ്ടും മറ്റ് പ്രതികൂല ഘടകങ്ങൾ മൂലവും സമൂഹത്തിൻെറ അഴുക്ക് ചാലിലേക്ക് വീണുപോകാവുന്ന ഒട്ടനവധി കുരുന്നു ഹൃദയങ്ങളെ ജീവിതത്തിൻെറ നേരായ ധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ നിസ്തുലമായ പങ്ക് വഹിക്കുന്ന ഈ സ്ഥാപനം നമ്മുടെ ഗ്രാമത്തിൻെറ അഭിമാനം തന്നെയാണ്.

### പ്രശ്നങ്ങൾ.

1. പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠനനിലവാരം വളരെ മോശമാണ്.
2. മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രയില്ല.
3. അൺ- എയ്ഡഡ് വിദ്യാലയങ്ങളുടെ വർദ്ധനവ് പൊതുവിദ്യാലയങ്ങളുടെ ഭാവിയെ ബാധിക്കുന്നു.
4. ചില വിദ്യാലയങ്ങളിൽ പി. ടി എ. ഫലപ്രദമല്ല.
5. സ്ക്കൂളുകളിലേയ്ക്കുള്ള ശരാശരി യാത്രാദൂരം കൂടുതലാണ്.
6. ചില മാനേജ്മെൻറ് സ്ക്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്.

### സാദ്ധ്യതകൾ

○ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ പഠന നിലവാരം താരതമ്യേന താഴ്ന്നതാണെന്ന് ചാർട്ട് (0) വ്യക്തമാക്കുന്നു. ഓരോ സ്ക്കൂളിലും ഹെഡ്മാസ്റ്റർമാർ പരിഹാരബോധനം യഥാസമയത്ത് നടത്തേണ്ടത് ആവശ്യമാണ്. ഓരോ സ്ക്കൂളിലേയും അദ്ധ്യാപക രക്ഷാകർതൃ സമിതികൾ കൂടുതൽ പ്രവർത്തനക്ഷമമായാൽ പഠന നിലവാരം ഉയർത്തുന്നതിന് ഒരു പരിധി വരെ കഴിയും. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുക മാത്രമല്ല പി. ടി. എ. യുടെ ധർമ്മം. അതോടൊപ്പം അക്കാദമിക് കാര്യങ്ങളിലും പി.ടി.എ. ശക്തമായി ഇടപെടേണ്ടതും പഠന നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്. പഠന നിലവാരം ഉയർത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ഗവ. നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളും അതേ അർത്ഥത്തിൽ തന്നെ സ്ക്കൂളുകളിൽ പ്രായോഗികമാക്കുക. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സായാഹ്ന ക്ലാസ്സുകൾ നിർബന്ധമായും സ്ക്കൂളുകളിൽ നടപ്പിലാക്കുക. ഭരതന്നൂർ ഹൈസ്ക്കൂളിൽ എസ്. എസ്. എൽ. സി. യ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയെങ്കിലും നിർബന്ധമായും വെക്കേഷൻ ക്ലാസ്സുകൾ ആരംഭിക്കണം.

○ പഞ്ചായത്തിനകത്തെ സ്ക്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശാശ്വതമായ പോംവഴികളിൽ ഒന്ന് പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ് പരിപാടി ആരംഭിക്കുക എന്നതാണ്. പ്രാഥമിക വിദ്യാലയങ്ങളുടെ നിയന്ത്രണാധികാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റുള്ളവയുടേത് ജില്ലാ പഞ്ചാത്തുകൾക്കും ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ പരിപാടി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. പഞ്ചായത്തിൻെറ നേതൃത്വത്തിൽ മുഴുവൻ വിദ്യാലയങ്ങളുടെയും പങ്കാളിത്തത്തോടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പൊതു സമ്മതമായ ഒരു പരിപാടി രൂപപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിൽ ആദ്യം ചെയ്യേണ്ടത്. പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ കോംപ്ലക്സ് സമിതി, അക്കാദമിക് സമിതി, സ്ക്കൂൾ തല കോംപ്ലക്സ് സമിതി എന്നിവ രൂപീകരിക്കുകയും വേണം. അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും നാട്ടുകാർക്കും വിദ്യാർത്ഥികൾക്കും ഈ പരിപാടിയിൽ അവരവരുടേതായ പങ്കു വഹിക്കാൻ കഴിയും. കോംപ്ലക്സിൻെറ വാർഷിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് അതത് പഞ്ചായത്തിലെ അദ്ധ്യാപകരും വിദ്യാഭ്യാസ പ്രവർത്തകരും പങ്കാളികളാകേണ്ടതാണ്.

പഠന നിലവാരം മെച്ചപ്പെടത്തുന്നതിന് സ്വീകരിക്കാവുന്ന മറ്റൊരു മാർഗ്ഗം P.T.A. കമ്മിറ്റിയിൽ അംഗങ്ങളായ രക്ഷാകർത്താക്കൾ മാത്രം ചേർന്ന് ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കുക എന്നതാണ്. ഇത്തരത്തിലുള്ള കമ്മിറ്റികൾ മാസത്തിലൊരിക്കൽ ചേർന്ന് അവരുടെ കുട്ടികളിൽ നിന്നും സ്ക്കൂളിലെ പഠന രീതിയെക്കുറിച്ച് ഓരോ മാസവും കിട്ടിയ വിവരങ്ങൾ വിശകലന വിധേയമാക്കണം. ഇത്തരം കമ്മിറ്റികൾ കൈക്കൊള്ളുന്ന

തീരുമാനങ്ങളും നിർദ്ദേശങ്ങളും P.T.A. കമ്മിറ്റികളിൽ അവതരിപ്പിക്കേണ്ടതുണ്ട്. ഇതിനായി P.T.A. കമ്മിറ്റികൾ മാസത്തിലൊരിക്കൽ നിർബന്ധമായും ചേരണം. സ്വന്തം കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ഇത്തരം രക്ഷാകർതൃസമിതികൾ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ പോലെ അനുയോജ്യമായവ മറ്റാർക്കും നൽകാൻ കഴിയില്ല.

○ പഞ്ചായത്തിലെ മിക്ക സ്ക്കൂളുകളിലും ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. ചാർട്ട് 'N' പ്രകാരമുള്ള ആവശ്യങ്ങൾ പൊതുജനപങ്കാളിത്തത്തോടെ പി.ടി.എ. നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്.

○ ഈ അടുത്ത കാലത്തായി പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ലാഭേച്ഛ മാത്രം മുൻ നിർത്തി യാതൊരു നിയന്ത്രണവുമില്ലാതെ അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും നഴ്സറികളും ആരംഭിക്കുന്നതായി ചില ഗ്രാമസഭകൾ പരാതിപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള അൺ-എയിഡഡ് വിദ്യാലയങ്ങൾ മററു പൊതു വിദ്യാലയങ്ങളുടെ നിലനില്പിനെത്തന്നെ ഭാവിയിൽ ദോഷമുണ്ടാക്കുമെന്നും അവയെ നിയമം മൂലം കർക്കശമായി പഞ്ചായത്തുസമിതി നിയന്ത്രിക്കേണ്ടതുണ്ടെന്നും വിവിധ ഗ്രാമ സഭകൾ നിർദ്ദേശിച്ചു.

○ ഒരു സ്ക്കൂളിന്റെ സമഗ്രമായ വികനത്തിന് ഗണ്യമായ സംഭാവന നൽകാൻ P.T.A. ക്ക് സാധിക്കും. പഞ്ചായത്തിൽ ഉള്ള സ്ക്കൂളുകളിൽ മിക്കയിടത്തും P.T.A. ഉണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നൊരു ആക്ഷേപം ഗ്രാമസഭകൾ ഉന്നയിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ സ്ക്കൂളിന്റേയും വികസനത്തിനായി P.T.A. കൾ തങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

○ ഈ പഞ്ചായത്തിലെ മിക്ക സ്ക്കൂളുകളുലേയ്ക്കുമുള്ള യാത്രാദൂരം കാണിക്കുന്ന ചാർട്ട് താഴെ കൊടുത്തിരിക്കുന്നു.

| തരം | ശരാശരി ദൂരം കി.മീ. | പരമാവധി ദൂരം കി.മീ. |
|---|---|---|
| ലോവർ പ്രൈമറി സ്ക്കൂൾ | 1.5 | 3.0 |
| അപ്പർ പ്രൈമറി സ്ക്കൂൾ | 2.0 | 4.0 |
| ഹൈസ്ക്കൂൾ | 2.3 | 4.0 |

പഞ്ചായത്തിന്റെ പല ഭാഗത്തുമുള്ള കുട്ടികൾക്ക് സ്ക്കൂളിലെത്തുന്നതിന് കിലോമീറ്ററുകളോളം കാൽ നടയായി പോകേണ്ടതുണ്ട്. ഈ പ്രശ്നത്തിന്റെ രൂക്ഷത നിമിത്തം വിവിധ വാർഡുഗ്രാമസഭകളിൽ പുതിയ സ്ക്കൂളുകൾ ആരംഭിക്കേണ്ടതിന്റെയും നിലവിലുള്ള എൽ.പി സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെയും ആവശ്യകത ഉയർന്നുവന്നു. പാങ്ങോട് കേന്ദ്രമാക്കി ഒരു ഹൈസ്ക്കൂൾ ആരംഭിക്കണമെന്നും തണ്ണിച്ചാൽ കൈതപ്പച്ച കേന്ദ്രമാക്കി ഒരു യു.പി.സ്ക്കൂൾ ആരംഭിക്കണമെന്നും പഞ്ചായത്തിനകത്തുള്ള S.N.L.P.S. കാക്കാണിക്കര, L.P.S. കാഞ്ചിനട, താജ് L.P.S. D.V.K. പൊന്ക, ഗവ. L.P.S. പാങ്ങോട് എന്നിവ അപ്ഗ്രേഡ് ചെയ്യണമെന്നും വിവിധ ഗ്രാമസഭകൾ നിർദ്ദേശിച്ചു.

പാങ്ങോട് L.P. സ്ക്കൂളിലെ P.T.A.യുടെ ശ്രമഫലമായി ഒരു ഇരുനില കെട്ടിടത്തിന് ഗവ.ൽ നിന്ന് അനുമതി ലഭിക്കുകയും 7,75,000 രൂപ ബജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ ആരംഭിക്കുന്നതിന് പഞ്ചായത്തുസമിതി ഗവ.ൽ സ്വാധീനം ചെലുത്തേണ്ടതാണെന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

○ പഞ്ചായത്തിലെ മിക്ക മാനേജ്മെൻറ് സ്ക്കൂളുകളിലെയും പഠന നിലവാരം വളരെ താഴ്ന്നതാണ്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് ചില മാനേജ്മെൻറ്സ്ക്കൂളുകളുടെ സമീപത്തുള്ള കുട്ടികൾ പോലും മറ്റു പ്രദേശങ്ങളിലേക്ക് വിദ്യാഭ്യാസത്തിനായി പോകുന്നത് എന്ന് ഗ്രാമസഭകൾ ചൂണ്ടിക്കാട്ടി. എല്ലാ എൽ. പി. സ്ക്കൂളുകളിലും പ്രീ പ്രൈമറി സൗകര്യം ഏർപ്പെടുത്തണമെന്നും മുടങ്ങിപ്പോയ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കണമെന്നും പ്രാഥമിക വിദ്യാഭ്യാസത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതു മൂലം പഠനം നിർത്തേണ്ടിവരുന്ന കു

ട്ടികളെ കണ്ടുപിടിച്ച് യഥാസമയം സാമ്പത്തിക സഹായം നൽകണമെന്നും ഉള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകൾ മുന്നോട്ടുവച്ചു.

○ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആദിവാസികളെ താമസിപ്പിച്ച് പഠിപ്പിക്കുന്ന ഒരു റെസിഡൻഷ്യൽ സ്ക്കൂൾ ഈ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ പ്രവർത്തിച്ചിരുന്നു. പ്രസ്തുത സ്കൂളിനായി ഒരേക്കർ സ്ഥലം വനം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഈ സ്ക്കൂൾ 20 വർഷങ്ങൾക്കു മുമ്പ് ഇവിടെ നിന്നും നന്ദിയോട്ടേക്ക് മാറ്റിക്കൊണ്ട് പോയി. ആയതിനാൽ മേൽപ്പറഞ്ഞ സ്ഥലത്ത് ആദിവാസി കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ള ഒരു സ്ഥാപനം ആരംഭിക്കേണ്ടതാണ്.

പട്ടിക L

സ്കൂളുകളെക്കുറിച്ചുള്ള വിവരം

| നം | സ്ക്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | | പഠനം നിർത്തിയവർ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | നിലവിലുള്ളത് | ഒഴിവ് | വേണ്ടത് | ആൺ | പെൺ | SC/ST | മറ്റുള്ളവർ |
| 1. | ഗവ. എച്ച് എസ്. ഭരതന്നൂർ | ഗവ. | 1154 | 1072 | 2226 | 85 | 1 | 86 | 262 | 180 | 25 | 63 |
| 2. | കെ. വി. യു. പി.. എസ് പാങ്ങോട് | എയിഡഡ് | 157 | 95 | 252 | 10 | - | 10 | 8 | 7 | ഇല്ല | ഇല്ല |
| 3. | ഗവ എൽ. പി. എസ് പാങ്ങോട് | ഗവ. | 402 | 298 | 700 | 17 | 2 | 19 | 18 | 25 | ഇല്ല | ഇല്ല |
| 4. | ഗവ. എൽ. പി. എസ്. ഭരതന്നൂർ | ഗവ. | 390 | 390 | 780 | 17 | - | 17 | 107 | 106 | 17 | 26 |
| 5. | താജ് എൽ. പി. എസ്, വണ്ടികിടക്കും പൊയ്ക | എയ്ഡഡ് | 82 | 86 | 168 | 5 | - | 5 | 4 | 8 | ഇല്ല | 1 |
| 6. | ഗവ. എൽ. പി. എസ് കാഞ്ചിനട | ഗവ. | 95 | 71 | 166 | 5 | - | 5 | 14 | 9 | ഇല്ല | 1 |
| 7. | എസ്.എൻ.എൽ. പി.എസ് കാക്കാണിക്കര | എയ്ഡഡ് | 111 | 111 | 222 | 9 | - | 9 | 34 | 42 | ഇല്ല | ഇല്ല |
| 8. | ഗവ. എൽ. പി. എസ് അടപ്പുപാറ | ഗവ. | 26 | 24 | 50 | 4 | 1 | 5 | 13 | 8 | ഇല്ല | ഇല്ല |

| സ്കൂളിൻെറ പേര് | ലൈബ്രറി ഉണ്ട്/ഇല്ല/ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലബോറട്ടറി ഉണ്ട്/ ഇല്ല, പ്രവർത്തിക്കുന്നു, പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം: റേഡിയോ | ടേപ്പ് റിക്കോർഡർ | ടി. വി. സെറ്റ് | വി. സി. ആർ, വി. സി. പി. | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ളാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96ൽ ലഭിച്ച അധ്യായനദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യായനദിനങ്ങൾ | പ്രത്യേക പൊതു അവധി ദിനങ്ങളിലൂടെ നഷ്ടമായ ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | പി. ടി. എ സജീവം/ സജീവമല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ജി.എച്ച്.എസ്ഉണ്ട് ഭരതന്നൂർ | ഉണ്ട് പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു | ഉണ്ട് ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 57 | 41 | 195 | 3 | 3 | സജീവം പ്രവർത്തിക്കുന്നു | സജീവം |
| കെ. വി. യു. പി. എസ് പാങ്ങോട് | ,, | ,, | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7 | 169 | ഇല്ല | 12 | ,, | ,, |
| ജി. എൽ. പി. എസ് ഭരതന്നൂർ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 3 | 197 | ഇല്ല | 4 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| ജി. എൽ. പി. എസ് പാങ്ങോടി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 12 | 188 | 2 | 5 | ,, | സജീവം |
| ജി. എൽ. പി. എസ് കാഞ്ചിനട | ഉണ്ട് സയൻസ് കോർണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 2 | 3 | 2 | | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| എസ്. എൻ. എൽ. പി. എസ് കാക്കാണിക്കര | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 | 193 | ഇല്ല | 4 | ,, | പ്രവർത്തിക്കുന്നു |
| താജ് എൽ. പി. എസ് വി. ഒക. പൊയ്ക | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 9 | 193 | 2 | 5 | ,, | പ്രവർത്തിക്കുന്നില്ല |
| ടി. എൽ.. പി. എസ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 193 | ഇല്ല | 7 | സജീവം | പ്രവർത്തിക്കുന്നു |

# സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം (പട്ടിക N)

| സ്കൂളിന്റെ പേര് | കെട്ടിടങ്ങൾ എണ്ണം | | | | മുറികളുടെ എണ്ണം | | | ഇനിമുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം-മുറികൾ നിർമ്മിക്കാനുള്ള ഭൂമിയുണ്ട്-ഇല്ല | മൂത്രപ്പുര ഒരു സമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്-ഇല്ല പൈപ്പ്-കിണർ | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകമുറി | സ്റ്റാഫ്റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ ഡിവിഷനുകളുടെ എണ്ണം | സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | | | | | | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| G.H.S. ഭരതന്നൂർ | 57 | 3 | 3 | 6 | 18 | 14 | 28 | 6 | ഉണ്ട് | 40 | 2 | 5 | 2 | 1 | ഉണ്ട് കിണർ പൈപ്പ് | ഉണ്ട് | താല് കാലി കം | | ഇല്ല | 100 | 500 | 57 | 57 | കസേര 2 സോഫ് 2 |
| K.V.U.P.S. പാങ്ങോട് | 7 | 1 | 1 | ഇല്ല | 7 | 2 | ഇല്ല | ഇല്ല | ഉണ്ട് | 15 | 3 | 2 | 1 | -- | ഉണ്ട് കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 40 | -- | 2 | 5 | |
| G.L.P.S. പാങ്ങോട് | 17 | 2 | -- | 1 | 13 | 2 | 4 | 7 | ഉണ്ട് | 20 | 5 | 5 | 1 | ഇല്ല | ഉണ്ട് പൈപ്പ് | ഉണ്ട് | താല് കാലികം | ഉണ്ട് | മതിയാകുന്നില്ല | 50 | 50 | 10 | 17 | |
| G.L.P.S. ഭരതന്നൂർ | 17 | 1 | -- | 3 | 5 | -- | 13 | 15 | ഉണ്ട് | 1 | -- | 2 | -- | -- | ഉണ്ട് കിണർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 140 | 100 | 15 | 15 | |
| G.L.P.S. കാഞ്ചിന | 4 | 1 | -- | -- | 1 | -- | -- | -- | -- | 5 | 1 | 1 | 1 | -- | കിണർ | ഉണ്ട് | ഇല്ല | -- | -- | 25 | 10 | 4 | 4 | അലമാര 2 സ്റ്റാൻറ് 1 |
| S.N.L.P.S. കാക്കാണിക്കര | 6 | 1 | 1 | -- | 5 | 5 | -- | -- | -- | 5 | 2 | -- | -- | -- | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | -- | 10 | 4 | 8 | ഉണ്ട് |
| താജ് L.P.S. V.K. പൊയ്ക | 4 | 1 | ഇല്ല | ഇല്ല | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 2 | -- | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | മതി | 20 | -- | -- | -- | -- |
| T.L.P.S. അടപ്പുപാറ | 4 | 1 | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 1 | ഇല്ല | ഇല്ല | കിണർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 4 | 4 | അലമാര 2 |

# അക്കാദമിക് നിലവാരം (ചാർട്ട് 'O')

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | | എസ്.എസ്.എൽ.സി. വിജയ ശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40% മാർക്ക് നേടുന്നവർ | 40-50% മാർക്ക് നേടുന്നവർ | 50-60% മാർക്കറ്റ് നേടുന്നവർ | 60% ത്തിൽകൂടുതൽമാർക്കറ്റ് നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 460 | 129 | 138 | 109 | 51 | 33 | | | | | |
| 4 | 519 | 126 | 124 | 129 | 69 | 71 | | | | | |
| 5 | 531 | 230 | 113 | 87 | 64 | 37 | | | | | |
| 6 | 470 | 233 | 100 | 68 | 38 | 31 | | | | | |
| 7 | 512 | 252 | 95 | 64 | 59 | 42 | | | | | |
| 8 | 414 | 285 | 48 | 26 | 26 | 29 | | | | | |
| 9 | 356 | 261 | 26 | 25 | 16 | 28 | | | | | |
| 10 | 330 | 180 | 54 | 45 | 28 | 23 | 25 | 24 | 30 | 28 | 25 |
| ആകെ | 3592 | 1696 | 698 | 553 | 351 | 294 | 25 | 24 | 30 | 28 | 25 |

# കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ (ചാർട്ട് P)

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്നവ | | | | | | പഠനംനിർത്തിയവർ | | | | | | പഠനംനിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| G.H.S. ഭരതന്നൂർ | 1154 | 1072 | 2226 | 262 | 180 | 442 | 31 | 41 | 72 | 45 | 32 | 77 | 18 | 7 | 25 | 35 | 28 | 63 | 88 |
| K.V.U.P.S. പാങ്ങോട് | 157 | 95 | 252 | 8 | 7 | 15 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- |
| G.L.P.S. പാങ്ങോട് | 402 | 298 | 700 | 18 | 25 | 43 | -- | -- | -- | 19 | 4 | 23 | -- | -- | -- | -- | -- | -- | -- |
| G.L.P.S. ഭരതന്നൂർ | 390 | 390 | 780 | 107 | 106 | 213 | 15 | 7 | 22 | 16 | 17 | 33 | 11 | 6 | 17 | 13 | 13 | 26 | 43 |
| V.K. പൊയ്കതാജ് എൽ.പി.എസ്. | 82 | 86 | 168 | 4 | 8 | 12 | -- | -- | -- | 5 | 2 | 7 | -- | -- | -- | -- | 1 | 1 | 1 |
| G.L.P.S. കാഞ്ചിനട | 95 | 71 | 166 | 14 | 9 | 23 | -- | -- | -- | 1 | -- | 1 | -- | -- | -- | -- | 1 | 1 | 1 |
| S.N.L.P കാക്കാണിക്കര | 111 | 111 | 222 | 34 | 42 | 76 | 1 | 3 | 4 | 5 | 4 | 9 | -- | -- | -- | -- | -- | -- | -- |
| അടപ്പുപ്പാറ T.L.P.S. | 26 | 24 | 50 | 13 | 8 | 21 | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- | -- |
| ആകെ | 2147 | 2417 | 4564 | 460 | 385 | 845 | 47 | 51 | 98 | 91 | 59 | 150 | 29 | 13 | 42 | 48 | 43 | 91 | 133 |

## സ്കൂളിൻെറ പൊതുവിവരം (ചാർട്ട് Q)

| സ്കൂളിൻെറ പേര് | H.S U.P L.P | സ്കൂളിൻെറ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റു മതിൽ, അറ്റകുറ്റപണികൾ, റിപ്പയർ തുടങ്ങിയവസംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘ കാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| G.H.S. തോന്നൂർ | H.S. | സർക്കാർ | | | | 1154 | 1072 | 2226 | 86 | 85 | 1 | 1 | 2 ഏക്കർ 78 സെൻറ് | 50 സെൻറ് | ഇല്ല | കമ്പിവേലിയുണ്ട് അറ്റകുറ്റപണികളും ഫർണിച്ചർ റിപ്പയറും |
| K.V.U.P.S. പാങ്ങോട് | U.P.S. | | എയ്ഡഡ് | -- | -- | 157 | 95 | 252 | 10 | 10 | -- | -- | 3.5 ഏക്കർ | 1 ഏക്കർ | 1.5 ഏക്കർ | ചുറ്റ്മതിലുണ്ട് അറ്റകുറ്റപണികളും നടത്തുന്നുണ്ട് ഫർണിച്ചറുണ്ട്. |
| G.L.P.S. പാങ്ങോട് | L.P.S. | സർക്കാർ | -- | -- | -- | 402 | 298 | 700 | 19 | 17 | 2 | -- | 50 സെൻറ് | 15 സെൻറ് | -- | സ്ഥലകുറവുണ്ട് |
| G.L.P.S. തോന്നൂർ | L.P.S. | സർക്കാർ | -- | -- | — | 590 | 390 | 780 | 17 | 17 | -- | -- | 150 ഏക്കർ | -- | 100 സെൻറ് | ചുറ്റുമതിൽ പൂർണ്ണമല്ല, ഫർണീച്ചർ അപര്യാപ്തമാണ് |
| L.P.S., V.K. പൊയ്ക | L.P.S. | -- | എയ്ഡ്ഡ് | -- | -- | 82 | 86 | 168 | 5 | 5 | ഇല്ല | ഇല്ല | 100 സെൻറ് | 20 സെൻറ് | 50 സെൻറ് | ചുറ്റുമതിലില്ല അറ്റകുറ്റപ്പണി ചെയ്തു എർബൺ റിപ്പയർ ചെയ്തു |
| G.L.P.S. കാഞ്ഞിരട | L.P.S. | സർക്കാർ | -- | -- | -- | 95 | 71 | 166 | 5 | 5 | -- | -- | 50 സെൻറ് | 30 സെൻറ് | -- | അറ്റകുറ്റപ്പണി |
| S.N.L.P.S. കാക്കാണിക്കര | L.P.S. | -- | എയ്ഡ്ഡ് | -- | -- | 111 | 111 | 222 | 9 | 9 | ഇല്ല | ഇല്ല | 100 സെൻറ് | 25 സെൻറ് | 45 സെൻറ് | അത്യാവശ്യം ചുറ്റ് മതിലില്ല വാഹന സൗകര്യമില്ല |
| T.L.P.S. അടപ്പുപാറ | L.P.S. | സർക്കാർ | -- | — | -- | 26 | 24 | 50 | 5 | 4 | 1 | -- | 2 ഏക്കർ | -- | 1.5 ഏക്കർ | അറ്റകുറ്റപണിയില്ല ചുറ്റുമതിൽ ഇല്ല ഫർണിച്ചർ റിപ്പയർ ആവശ്യം |

## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം (ചാർട്ട് R)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ്സ്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലീം പെൺകുട്ടി കളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | ബീഡിതൊഴിലാളി കളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | മത്സ്യതൊഴിലാളി കളുടെകുട്ടികളുടെ സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. | G.H.S. ഭരതന്നൂർ | 2 | 463 | 133 | 11 | ഇല്ല | ഇല്ല | ഇല്ല | നാടാർ പെൺകുട്ടികൾ 2 |
| 2. | K.V.U.P.S. പാങ്ങോട് | -- | 15 | 16 | -- | — | -- | — | -- |
| 3. | G.L.P.S. കാഞ്ചിനട | — | 23 | -- | 4 | -- | -- | -- | -- |
| 4 | G.L.P.S. പാങ്ങോട് | | | | | | | | |
| 5. | G.L.P.S. ഭരതന്നൂർ | -- | 236 | -- | -- | -- | -- | — | -- |
| 6. | S.N.L.P.S. കാക്കാണിക്കര | — | 76 | -- | 3 | -- | -- | -- | — |
| 7. | താജ് എൽ.പി.എസ്. V.K. പൊയ്ക | -- | 12 | -- | — | -- | -- | -- | -- |
| 8. | അടപ്പുപ്പാറ T.L.P.S. | -- | 21 | -- | -- | -- | -- | -- | -- |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തനസ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് എ. | | | വരവ് ബി. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ ഫർണിച്ചറു അറ്റകുറ്റ പണിക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാവിനോദങ്ങൾ | ലൈബ്രറികൾക്ക് | ഉച്ചകഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.റ്റി.എ ഫണ്ട് | മറ്റ് മാർഗ്ഗത്തിലൂടെ | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| G.H.S. മതന്നൂർ | 250000 | 50000 | 20000 | 25000 | 25000 | 3000 | 40000 | 20000 | 2419200 | -- | 2879200 | 16000 | 1000 | 80000 | 5000 | 10200 |
| K.V.U.P.S. പാലങ്ങാട് | 10000 | 2500 | 500 | 1000 | 2000 | 1500 | 12000 | 3000 | -- | -- | — | -- | -- | 2000 | -- | 2000 |
| G.L.P.S. പാലങ്ങാട് | 3000 | 1500 | -- | — | -- | -- | -- | -- | -- | -- | -- | 772 | -- | 7000 | 200 | 7972 |
| G.L.P.S. മതന്നൂർ | -- | -- | -- | -- | -- | -- | 10500 | 20131 | 25381 | -- | 25381 | -- | -- | 5250 | -- | 5250 |
| താജ് L.P.S. V.K പൊയ്ക | -- | -- | -- | -- | -- | -- | 3800 | — | 1250 | -- | 1250 | -- | -- | -- | 500 | 500 |
| G.L.P.S. കാഞ്ഞിരട | -- | -- | -- | -- | -- | — | 2150 | 210 | 864 | -- | 864 | -- | -- | 1486 | -- | 1696 |
| S.N.L.P കാക്കാണിക്കര | 2350 | 500 | -- | 500 | 300 | -- | 5280 | 500 | 1920 | -- | 1920 | -- | -- | 1050 | | 1050 |
| അടപ്പുപ്പാറ L.P.S. | -- | -- | -- | -- | -- | -- | 2500 | 300 | 217 | -- | 217 | -- | 50 | 1600 | -- | 1867 |

# സംസ്കാരം

വർഗ്ഗീയ വിഷംകൊണ്ട് കലുഷമാകാത്ത വിരലിലെണ്ണാവുന്ന കേരളീയ ഗ്രാമങ്ങളിൽ ഒന്നാണ് നമ്മുടേത്. മനുഷ്യനെ മനുഷ്യനായി കാണാനല്ലാതെ വിശ്വാസപ്രമാണങ്ങളുടെ തലനാരിഴ കീറി ചോദ്യം ചെയ്യലിന് ഈ ദേശത്തെ അദ്ധ്വാന ശീലർക്ക് അശേഷം താല്പര്യമില്ല. ഈ ദേശത്തെ വിദ്യാഭ്യാസരംഗത്ത് ആദ്യകാലത്ത് പ്രവർത്തിച്ചിരുന്ന അധ്യാപകരിൽ പ്രധാനപ്പെട്ടവർ അപ്പാവുപിള്ള, പരമേശ്വരൻ പിള്ള, എന്നിവരാണ്. ആദ്യകാലങ്ങളിൽ വിദ്യാഭ്യാസം നേടിയ വനിതകൾ വളരെ കുറവായിരുന്നു. പിൽക്കാലത്ത് അദ്ധ്യാപന രംഗത്ത് ഉണ്ടായിരുന്ന പ്രശസ്ത വ്യക്തികളാണ് ശ്രീ.ആർ.കൊച്ചുനാരായണൻ, ശ്രീ.വാസുദേവൻപിള്ള എന്നിവർ.

ഈദേശത്ത് ഇന്ന് കാണുന്ന സർക്കാർ സ്ഥാപനങ്ങളായ പോലിസ് സ്റ്റേഷൻ, പോസ്റ്റാഫീസ്, മൃഗാശുപത്രി എന്നിവ ആരംഭിക്കുന്നതിന് അന്നത്തെ തിരിവുതാംകൂർ ഗവ.ൽ സ്വാധീനം ചെലുത്തിയത് ശ്രീ.എം.കെ.വെങ്കിടാചലശർമ്മയാണ് അദ്ദേഹത്തിൻെറ മകൻ ഡോ.കെ.വി.കൃഷ്ണദാസ് ഈ പഞ്ചായത്തിൻെറ നാനാമുഖമായ വികസന പ്രവർത്തനങ്ങളിൽ സജീവമായി പങ്കൊള്ളുന്ന കാര്യം നന്ദിപൂർവ്വം സ്മരിക്കുന്നു. അന്തർ ദേശീയ തലത്തിൽ പോലും വൈദ്യ ശാസ്ത്ര രംഗത്ത് പ്രശസ്തനായ അദ്ദേഹം തന്റെ പ്രൈമറി വിദ്യാഭ്യാസം നടത്തിയത് ഭരതന്നൂർ ഗവ. ഹൈസ്കൂൾ ഇപ്പോൾ സ്ഥിചെയ്യുന്ന സ്ഥലത്തുണ്ടായിരുന്ന എൽ.പി. സ്കൂളിലാണെന്ന കാര്യം നമുക്ക് അഭിമാനിക്കാവുന്ന ഒന്നാണ്. അന്താരാഷ്ട്ര പ്രശസ്തിയിലേയ്ക്കു യർന്ന സിനിമാ സംവിധായകൻ ശ്രീ.ഹരികുമാർ നമ്മുടെ പഞ്ചായത്തിലെ കാഞ്ചിനട നിവാസി ആണെന്നകാര്യവും അഭിമാനകരമാണ്.

ഹിന്ദു-മുസ്ലീം-ക്രൈസ്തവമതങ്ങളിൽപ്പെടുന്ന വരാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ. ഈ പഞ്ചായത്തിൻെറ ചരിത്രാരംഭകാലഘട്ടം മുതൽ തന്നെ മതമൈത്രി നില നിന്നിരുന്നു ഇതിൻെറ പ്രകടമായ തെളിവാണ്. 1114-ൽ നടന്ന കല്ലറ - പാങ്ങോട് പ്രക്ഷോഭത്തിലെ ജനകീയ പങ്കാളിത്തം. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൻെറ അലയൊലികൾ കർഷക ഗ്രാമമായ ഈ പ്രദേശത്ത് എത്തിയതിൻെറ ഫലമായുണ്ടായ കല്ലറപാങ്ങോട് പ്രക്ഷോഭത്തിൽ ജാതി-മത ഭേദമെന്യേയുള്ള സജീവപങ്കാളിത്തം ഉണ്ടായതിൻെറ പ്രധാനകാരണം അന്ന് നിലനിന്നിരുന്ന മതമൈത്രിയാണെന്ന് കാണാം. പഞ്ചായത്ത് പ്രദേശത്ത് പണ്ടുണ്ടായിരുന്നതിനെക്കാൾ ജനസംഖ്യയും ആരാധനാലയങ്ങളും ഇന്ന് കൂടിയിട്ടുണ്ടെങ്കിലും വിവിധ മതങ്ങൾ തമ്മിലുള്ള സൗഹൃദത്തിന് ലേശം പോലും ഉടവ് തട്ടിയിട്ടില്ല.

### ഹൈന്ദവ ആരാധനാലയങ്ങൾ

ഈ മലയോര ഗ്രാമത്തിൻെറ സംസ്കാരം ആരാധനാലയങ്ങളോടും ബന്ധമുള്ളതാണ്. പൗരാണിക പരിവേഷം ഉള്ള ആരാധനാലയങ്ങൾ പ്രധാനമായും ഹിന്ദുക്ഷേത്രങ്ങളാണ് ഒരുകാലത്ത് ഏകദേശം നാലിൽ മൂന്ന് ഭാഗവും നിബിഡവനങ്ങളും പുൽക്കാടുകളും നിറഞ്ഞുനിന്ന ഈ പ്രദേശത്തെ ഏറ്റവും പൗരാണികമായ ഉത്ഭവചരിത്രമുള്ള ഹിന്ദുക്ഷേത്രങ്ങളിലൊന്നാണ്. ഭരതന്നൂർ ശിവക്ഷേത്രം. ഏകദേശം ഇരുന്നൂറ് വർഷത്തോളം പഴക്കമുള്ള ഈ ക്ഷേത്രത്തിലിരിക്കുന്ന പല വിഗ്രഹങ്ങളും പീഠം കുളങ്ങര പ്രദേശത്തു നിന്നും കണ്ടെടുക്കപ്പെട്ടവയാണ്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നത് പീഠം കുളങ്ങര പ്രദേശത്ത് ആരാധനാ സമ്പ്രദായം നിലനിർത്തിയിരുന്ന ഒരു സമൂഹം വളരെ പണ്ടുതന്നെ ഉണ്ടായിരുന്നുവെന്നാണ്. ഇതിന് ഉപോൽ ബലകമാകുന്ന മറ്റൊരു വസ്തുത ചുടുകാട് എന്ന പ്രദേശമാണ്. ഏകദേശം ഇരുപത് വർഷം മുമ്പുവരെ ഈ പ്രദേശങ്ങൾ കുഴിക്കുമ്പോൾ തലമുടി, അസ്ഥിക്കഷണങ്ങൾ എന്നിവ ലഭിച്ചിരുന്നത് ഈ പ്രദേശം യഥാർത്ഥത്തിൽ ചുടുകാട് തന്നെയായിരുന്നു എന്നതിനുള്ള തെളിവാണ്. പഴമക്കാർ പറയുന്നത് ഒരു പക്ഷേ ഈ ചുടുകാട് നിലനിന്നിരുന്നത് പീഠം കുളങ്ങര കേന്ദ്രമാക്കി വസിച്ചിരുന്ന ജന സമൂഹത്തിന് വേണ്ടി ആയിരുന്നിരിക്കണം എന്നാണ്. ആദ്യകാലങ്ങളിൽ വനപ്രദേശമായിരുന്നു ഭരതന്നൂർ ശിവക്ഷേത്ര പരിസരം. ഈ ക്ഷേത്രം ഇന്നു കാണുന്ന നിലയിലാക്കിയത് എം.കെ.വെങ്കിടാചല ശർമ്മയാണ്.

ഈ പഞ്ചായത്തിലുള്ള മറ്റൊരു ഹൈന്ദവ ആരാധനാലയമാണ് മൈലമൂട് കോട്ടയപ്പൻകാവ്. ഏകദേശം 80 വർഷം പഴക്കമുള്ള ഈ ക്ഷേത്രത്തിൽ പ്രധാനമായും നിലനിന്നിരുന്ന ഒരു ആരാധനാരീതിയാണ് 'കരിക്ക്തൂക്കി പണമിടൽ' ഇതോടൊപ്പം ആദിവാസികൾ പ്രധാന ഉത്സവമായി 'കൊടുതി' കൊണ്ടാടിയിരുന്നു. കൊടുതിക്കളം പ്രത്യേകം നിലനിന്നിരുന്നു. വില്ലി, ചാത്താടിമുത്തൻ തുടങ്ങിയ മലദൈവങ്ങളെ ആദിവാസികൾ ആരാധിച്ചിരുന്നു. ഏകദേശം അമ്പതുവർഷങ്ങൾക്കു മുമ്പുവരെ ആദിവാസികളല്ലാത്ത ചുരുക്കം ചില കുടുംബങ്ങൾ മാത്രം ഉണ്ടായിരുന്നു ഈ പ്രദേശത്തെ പ്രസ്തുത ക്ഷേത്രം ഒരു പക്ഷേ ഗിരിവർഗ്ഗക്കാർതങ്ങളുടെ മലദൈവത്തെ കുടുയിരുത്തിആരംഭിച്ചതാകണം. മൈലമൂട് ജംഗ്ഷന് സമീപം കോയിക്കൽ കുന്ന് എന്ന് അറിയപ്പെടുന്ന പ്രദേശത്ത് നൂറ്റാണ്ടുകൾക്കപ്പുറത്ത് ജനവാസം ഉണ്ടായിരുന്നതിൻെറ തെളിവുകൾ ഇന്നുംകാണാം. ഈ കുന്നിൻെറ മുകളിൽ ഏകദേശം രണ്ട് ഹെക്ടറോളം സമതലപ്രദേശമാണ്. ഈ സമതലത്തിലായിരുന്നിരിക്കണം ജനവാസമുണ്ടായിരുന്നത്. വന്യമൃഗങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും രക്ഷ നേടുന്നതിനായി കൃതിമമായി നിർമ്മിച്ചകുന്നാണ് ഇത് എന്ന് കരുതപ്പെടുന്നു. ഈ പ്രദേശത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് കാണുന്ന പുരാതനമായ കിണർ പുരാവസ്തുഗവേഷണങ്ങൾക്ക് വിധേയമാക്കിയാൽ ഒരു പക്ഷേ നിഗൂഢമായ പലചരിത്രവസ്തുതകളും വെളിച്ചത്ത്കൊണ്ടുവരാനാകും. മൈലമൂട് കോട്ടയപ്പൻകാവ് ക്ഷേത്രത്തിൻെറ ആദ്യകാല ചരിത്രം ഒരുപക്ഷേ കോയിക്കൽ കുന്ന് പ്രദേശത്തെ ജന വാസവുമായി ബന്ധമുള്ളതായിരുന്നിരിക്കണം.

പഞ്ചായത്ത് പ്രദേശത്തുള്ള പുരാതന ക്ഷേത്രങ്ങളിൽ ഒന്നാണ് കാഞ്ചിനട ശാസ്താക്ഷേത്രം. ചിരപുരാതനമായ ഈ ക്ഷേത്രത്തെ ചുറ്റിപ്പറ്റി ധാരാളം ഐതീഹ്യങ്ങൾ നിലനിൽക്കുന്നു. ഈ ക്ഷേത്രത്തിന് സമീപം പുരാതനമായി ഒരു കുളമുണ്ട്. ഈ കുളത്തിൽ ഗന്ധകം ലയിച്ചു ചേർന്ന ജലമാണുള്ളത്. വളരെമിനുസമുള്ള പാറയിൽ ശിൽപ്പചാതുരിയോടെ നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ കുളവും മനോഹരമായ പാദമുദ്രകൾ പതിഞ്ഞിട്ടുള്ള മിനുസമാർന്ന പാറകളും കാഴ്ചക്കാരിൽ കൗതുകമുണർത്തുന്നവയാണ്. കാഞ്ചിനട എന്ന പേർതന്നെ അതിസുന്ദരിയായ ഒരു അപ്സരസ്സിൻെറ പാദങ്ങളെയും അരഞ്ഞാണത്തേയും പറ്റിയുള്ള ഒരു നിഗൂഢ സങ്കൽപ്പത്തിൻെറ സ്മരണകൾ ഉണർത്തുന്നതാണ്. ഏകദേശം രണ്ടായിരം വർഷാംക്കുമുമ്പ് ഭരതൻ എന്നൊരു നാടുവാഴി ഇവിടെ ഭരിച്ചിരുന്നതായും ആ സമയത്ത് ഈ പ്രദേശങ്ങളിൽ ബ്രാഹ്മണ ഇല്ലങ്ങളും ക്ഷത്രിയ പടയാളികളും ഉണ്ടായിരുന്നതായും പഴമക്കാർ ഇന്നും പറയാറുണ്ട്. പാണ്ഡ്യരാജാക്കന്മാരുടെ പടയോട്ടത്തിൽ ഭരണാധികാരം നഷ്ടപ്പെട്ട ഭരതനും പലായനം ചെയ്ത ബ്രാഹ്മണ കുടുംബങ്ങളും, ചാരിത്ര്യശുദ്ധി ന്ഷടപ്പെട്ട ബ്രാഹ്മണസ്ത്രീയും പഴമക്കാരുടെ ഐതീഹ്യങ്ങളിലെ കാലാതീതരായ കഥാപാത്രങ്ങളാണ്. പുരാവസ്തു ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും സാദ്ധ്യതയേറി

യതാണ് ഈ പ്രദേശം.

പഞ്ചായത്തിൻെറ പലപ്രദേശങ്ങളിലും പൗരാണികമായ മറ്റുപലക്ഷേത്രങ്ങളുമുണ്ട്. വലിയവയൽ പറപ്പക്ഷേത്രം, വണ്ടികിടക്കുംപൊയ്ക ആയിരവില്ലി ക്ഷേത്രം. ഭരതന്നൂർ അമ്മൻകോവിൽ ക്ഷേത്രം, തണ്ണിയം ഗണപതി ക്ഷേത്രം, പാങ്ങലുകുന്ന് പാറയിൽ ക്ഷേത്രം, മുന്നോടിമൂല ആദിവാസി ആരാധനാ കേന്ദ്രം, അഞ്ചാനകുഴിക്കര ഗിരിവർഗ്ഗ ആരാധനാലയം, കല്ലുമല ക്ഷേത്രം, അയിരൂർ ചാവരുകാവ് പാങ്കാട് ആയിരവില്ലി ക്ഷേത്രം. എന്നിവ ഈ പഞ്ചായത്തിലെ ഹൈന്ദവ ആരാധനാലയങ്ങളിൽ ചിലതു മാത്രമാണ്.

### മുസ്ലീം ആരാധനാലയങ്ങൾ

ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള മുസ്ലീം പള്ളികളിലൊന്നാണ് തച്ചോണം പള്ളി. ഏകദേശം 100 വർഷം പഴക്കമുള്ള ഒരു പള്ളിയാണ് പാങ്ങോട് പുത്തൻപള്ളി. ഇസ്ലാമിക ആരാധനാലയങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പാങ്ങോട് പള്ളി, പുലിപ്പാറപള്ളി, നാൽപത് വർഷം പഴക്കമുള്ള കൊച്ചാലുംമൂട് പള്ളി വട്ടക്കരിക്കകം പള്ളി, കൈതപ്പച്ചപള്ളി, ഭരതന്നൂർപള്ളി, പാലുവള്ളി മുസ്ലിം പള്ളി എന്നിവയാണ്. ഇതു കൂടാതെ നിരവധി തയ്ക്കാവുകളും പഞ്ചായത്തിനകത്തുണ്ട്.

### ക്രിസ്ത്യൻ ആരാധനാലയങ്ങൾ

ക്രിസ്തീയ മത വിഭാഗങ്ങളുടെ ആഗമനം ആരംഭിച്ചത് പ്രധാനമായും 1970-കളുടെ ആദ്യപകുതിയോടെയാണ്. തിരുവനന്തപുരം വിമാനത്താവള വികസനാർത്ഥം കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പഞ്ചായത്തിലെ 7 മുതൽ 11 വരെയുള്ള വാർഡു പ്രദേശങ്ങൾ വനം വകുപ്പിൽ നിന്ന് റവന്യൂ ഡിപ്പാർട്ടുമെൻറ് ഏറ്റെടുക്കുകയും ഭൂമി പതിച്ചു നൽകുകയും ചെയ്തു. ഇതോടൊപ്പം ഇൻഡ്യാ-പാകിസ്ഥാൻ യുദ്ധത്തിൽ പങ്കെടുത്ത ജവാന്മാർക്കും ഭൂരഹിതരായ പട്ടികജാതിക്കാർക്കും പുന്നപ്ര വയലാർ സമര സേനാനികൾക്കും ഭൂമി നൽകപ്പെട്ടു. ഇത്തരത്തിൽ ഭൂമി ലഭിച്ചവരിൽ നല്ലൊരു പങ്കും വിവിധ ക്രിസ്തീയ മതവിഭാഗങ്ങളിൽപ്പെടുന്ന വരായിരുന്നു. പാങ്ങോട് പഞ്ചായത്തിൻെറ മൊത്തം ജന സംഖ്യയിൽ ഏകദേശം 15% വരുന്ന ഇവരുടെ പ്രധാന ആരാധനാലയങ്ങൾ വട്ടക്കരിക്കകം, കാക്കാണിക്കര നെല്ലിക്കുന്ന്, മാവുനിന്ന പച്ച, കൈതപ്പച്ച, ചെല്ലാപ്പച്ച, തേമ്പാംമൂട്, സേമ്യാക്കട, അംബേദ്ക്കർ ഹരിജൻ കോളനി എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്നു.

### ഉത്സവങ്ങൾ

ഈ പ്രദേശത്തെ ഉത്സവങ്ങളിൽ പ്രധാനം ശിവരാത്രിയാണ്. മിക്ക ഹൈന്ദവക്ഷേത്രങ്ങളിലും വർഷത്തിലൊരിക്കൽ ഉത്സവങ്ങൾ നടക്കാറുണ്ട്. ഒരു കാലത്ത് വിളവെടുപ്പിനു ശേഷം മാത്രം നടത്തിയിരുന്ന ഗ്രാമീണ ഉത്സവങ്ങൾ ഇന്ന് ഫെബ്രുവരി മുതൽ മെയ്മാസം വരെ നടക്കുന്നു. ഇതു കൂടാതെ പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട കാർഷികോത്സവമാണ് തെക്കേ ഏലാ മരമടി മത്സരം. തെക്കൻ കേരളത്തിലെ മുഴുവൻ കാർഷിക പ്രേമികളുടേയും സവിശേഷ ശ്രദ്ധ ആകർഷിച്ച പര്യാപ്തമായ ഒന്നാണിത്. 1990 മുതലാണ് ഇവിടെ മരമടി മത്സരം ആരംഭിച്ചത് ടൂറിസം വകുപ്പും ബ്ലോക്ക് പഞ്ചായത്തും കൃഷിഭവനും സംയുക്തമായാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. പുരാതനകാലാ രൂപങ്ങളായ ചാറ്റ്, കമ്പടികളി കുത്തിയോട്ടം എന്നിവ ഇന്നും ചില ക്ഷേത്രോത്സവങ്ങളിൽ ദൃശ്യമാണ്. ഗ്രാമത്തിലെ ക്ഷേത്രോത്സവങ്ങൾ വിവിധ മതവിഭാഗങ്ങളുടെ സൗഹൃദപൂർണ്ണമായ സമാഗമവേദിയാണ്.

മുസ്ലീം മതവിഭാഗത്തിൻെറ പ്രധാനപ്പെട്ട ആഘോഷദിവസങ്ങൾ മുഹമ്മദ് നബിയുടെ ജന്മദിനം, ഈദ്-അൽ-ഫിത്തർ, ബക്രീദ് എന്നിവയാണ്. തിരുനബിയുടെ പുണ്യ ജന്മദിനം ഒരോവർഷവും ആഘോഷപൂർവ്വം കൊണ്ടാടാറുണ്ട്. ഇദ്-അൽ-ഫിത്തറുമായി ബന്ധപ്പെട്ട് എല്ലാ മതങ്ങളിലെയും ജനങ്ങൾ അന്നദാനം സ്വീകരിക്കാറുണ്ട്. ഈദ്-ബക്രീദ് ദിനങ്ങളിലെ ആഘോഷങ്ങളിൽ നാനാ ജാതി മതസ്ഥരും പങ്കെടുക്കുന്നത് മത മൈത്രിയുടെ സജീവതയ്ക്കുള്ള പ്രകടമായ തെളിവാണ്.

ക്രിസ്തീയ മതവിഭാഗങ്ങളുടെ പ്രധാന ആഘോഷദിനങ്ങൾ ഈസ്റ്ററും ക്രിസ്തുമസ്സും ആണ്. ക്രിസ്തുമസ്സ് ദിന സന്ദേശം അറിയിച്ചു കൊണ്ടുള്ള ഗൃഹ സന്ദർശനം ഹൈന്ദവ-മുസ്ലീം ഭവനങ്ങളിൽ പോലും എത്താറുണ്ട്. എല്ലാമത വിഭാഗങ്ങളും ആഘോഷിക്കാറുള്ള ഉത്സവങ്ങളാണ് ഓണവും ക്രിസ്തുമസ്സും.

### ലൈബ്രറികൾ

1955 കാലഘട്ടത്തിൽ വി.സി.പിള്ള യുടെ

നേതൃത്വത്തിൽ പാങ്ങോട് കേന്ദ്രമായി ആരംഭിച്ച എസ്.കെ.വി. ലൈബ്രറിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല. 1956 ൽ ഭരതന്നൂർ ശിവക്ഷേത്രത്തിനു സമീപം സ ഹൃസേവാസംഘം ഗ്രന്ഥശാല പ്രവർത്തനമാ ച്ചു. സ്വന്തമായി കെട്ടിടമുള്ള ഈ ഗ്രന്ഥശാല സ്ഥിതിചെയ്യുന്ന സ്ഥലം സംഭാവനചെയ്തത് പരേതനായ ദർപ്പവിള ചെല്ലപ്പൻപിള്ളയായിരുന്നു. ഈ ഗ്രന്ഥശാലയുടെ സ്ഥാപകരായി കണക്കാക്കാവുന്നത് ചെല്ലൻപണിക്കർ, എൻ.ബാലകൃഷ്ണൻ, ആർ. കെ.നാരായണൻ, വി.ബാലകൃഷ്ണൻ, കരിങ്ങട ജി.സഹദേവൻപിള്ള, ടി.രാമകൃഷ്ണപിള്ള എന്നിവരെ ആണ്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്ന ചുറ്റവട്ട പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ പുസ്തകവായന ശീലമാക്കാൻ സാമൂഹ്യസേവാസംഘം ഗ്രന്ഥശാലാ പ്രവർത്തകർ നടത്തിയ പരിശ്രമങ്ങൾ നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്. പുസ്തകം ആവശ്യമുള്ളവർ ഗ്രന്ഥശാലയിൽ വന്നല്ല പുസ്തകങ്ങൾ എടുത്തിരുന്നത്. ആവശ്യക്കാരെ തേടിപ്പിടിച്ചാണ് ഗ്രന്ഥശാലാസംഘാടകർ പുസ്തകങ്ങൾ വിതരണം നടത്തിയിരുന്നത്. ആദ്യകാലങ്ങളിൽ പുസ്തകവായന ശീലമാക്കി മാറ്റിയ നല്ലൊരു ശതമാനം ആളുകളും ഗ്രന്ഥശാലയുമായി സഹകരിക്കുകയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുകയും ചെയ്തു. എന്നാൽ ഇന്ന് പുസ്തക വായനക്കാരുടെ എണ്ണം കുറയുകയും ഗ്രന്ഥശാലയുടെ പുരോഗമന പ്രവർത്തനങ്ങൾക്കായി സാധാരണ ജനം പ്രവർത്തിക്കാതെയുമായി. ഈ ഗ്രന്ഥശാലയുടെ പുരോഗമനത്തിനായി അക്ഷരത്തെ സ്നേഹിക്കുന്ന പുതിയ. തലമുറ കൂടുതൽ യത്നിക്കേണ്ടതുണ്ട്.

1965 ൽ ആരംഭിച്ച് ദേശാഭിമാനി ഗ്രന്ഥശാലയാണ് ഈ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ പുസ്തകങ്ങളുള്ള ഗ്രന്ഥശാല. നെടുമങ്ങാട് താലൂക്കിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇത്. കൽക്കട്ട രാജാറാം മോഹൻറോയ് ലൈബ്രറിയുടെ സഹായം ലഭിക്കുന്ന ചുരുക്കം ചില ഗ്രന്ഥശാലകളിൽ ഒന്നാണ് ഇത്. അടുത്ത കാലത്തായി നിർമ്മിച്ച ഒരു ഇരുനിലകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാലയിൽ ആനുകാലികങ്ങളുടെ വിപുലമായ ശേഖരമുള്ള ഒരു വായനശാലയുണ്ട്. പഞ്ചായത്ത് പ്രദേശത്തെ കായിക-കലാ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ ദേശാഭിമാനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. മാതൃകാപരമായി പ്രവർത്തനം നടത്തുന്ന ഈ ഗ്രന്ഥശാല സാധാരണക്കാരൻെറ വായനാശീലം വർദ്ധിപ്പിക്കുന്നതിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

ഗ്രന്ഥശാല എന്ന ആശയം ഈ പഞ്ചായത്ത് പ്രദേശത്ത് ആദ്യം പ്രാവർത്തികമാക്കിയത് വി.സി പിള്ള ആണെന്നകാര്യം മുൻപ് സൂചിപ്പിച്ചുവല്ലോ. വി.സി.പിള്ളയുടെ സ്മരണ നിലനിർത്തുവാനായി 1981 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തന മാരംഭിച്ച ഗ്രന്ഥശാലയാണ് വി.സി.പിള്ള മെമ്മോറിയൽ ലൈബ്രറി. 1759 പുസ്തകങ്ങളും 400 അംഗങ്ങളുമുള്ള ഈ ഗ്രന്ഥശാലയുടെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. പ്രതിമാസം 150 രൂപ നൽകി വാടകക്കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന ഈ ഗ്രന്ഥശാലയിൽ സ്ഥിരമായി പുസ്തകം വായിക്കുന്നവരുടെ എണ്ണം വളരെകുറവായതിനാൽ മാസവരിയിനത്തിൽ ലഭിക്കുന്നതുക വളരെ പരിമിതമാണ്. പുസ്തകങ്ങളുടെ അനിയന്ത്രിതമായ വില മൂലം സർക്കാർ ഗ്രാൻറുകൾ, ആവശ്യമുള്ളത്ര പുസ്തകങ്ങൾ വാങ്ങാൻ, അപര്യാപ്തമാണ്. സേവന സന്നദ്ധതയും അർപ്പണബോധവും അക്ഷരങ്ങളുടെ വില മനസ്സിലാക്കുന്നവരുമായ ചെറുപ്പക്കാർ മുന്നോട്ടു വന്നാൽ മാത്രമേ ഈ ഗ്രന്ഥശാലയെ ഇന്നുള്ള ശോചനീയ സ്ഥിതിയിൽ നിന്ന് രക്ഷിച്ച് സ്വന്തമായി കെട്ടിടമുള്ളതും മാതൃകാപരമായി പ്രവർത്തിക്കുന്നതുമായ സ്ഥാപനമാക്കി മാറ്റാൻ കഴിയൂ.

ജ്വാല ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിലാണ് 1995-ൽ ജ്വാല ഗ്രന്ഥശാല കാക്കാണിക്കരയിൽ ആരംഭിച്ചത്. വിദ്യഭ്യാസ പരമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ ഭൂരിപക്ഷം വരുന്ന പിന്നോക്കക്കാർക്കിടയിൽ അക്ഷരലോകത്തിൻെറ നിതാന്തവിസ്മയം ഉണർത്താൻ ഇതിനകം ഈ ഗ്രന്ഥശാലയ്ക്കു കഴിഞ്ഞിട്ടുണ്ട്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാല ആവശ്യമായ സൗകര്യങ്ങളില്ലാതെ വീർപ്പുമുട്ടുകയാണ്. ഈ പഞ്ചായത്തിലെ ഹരിജൻ-ഗിരിജൻ മേഖലകളിലെ ഒരേയൊരു ഗ്രന്ഥശാലയാണ് ഇത് എന്നതിനാൽ പഞ്ചായത്തിൻെറ സവിശേഷമായ ശ്രദ്ധയും സാമ്പത്തിക സഹായവും ഈ

ഗ്രന്ഥശാലക്കു നൽകേണ്ടതുണ്ട്.

1989 ൽ യുവധാര ഗ്രന്ഥശാല ഈട്ടിമുക്കിൽ പ്രവർത്തനമാരംഭിച്ചു. ഊർജ്ജ സ്വലരായ ഒരുകൂട്ടം ചെറുപ്പക്കാരുടെ പ്രവർത്തനം മൂലം ആരംഭിക്കപ്പെട്ട ഈ ഗ്രന്ഥശാലക്ക് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല. ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനും കൂടുതൽ പുസ്തകം വാങ്ങുന്നതിനും ആവശ്യമായ ധനസഹായം പഞ്ചായത്ത് നൽകേണ്ടതാണ്.

പാങ്ങോട് കേന്ദ്രമാക്കി 1990 ൽ പഞ്ചായത്ത് ലൈബ്രറി പ്രവർത്തനമാരംഭിച്ചു. ഏറ്റവും കുറച്ച് പുസ്തകങ്ങളുള്ള ഗ്രന്ഥശാലയാണ് ഇത്. പ്രതിമാസം ശരാശരി 1200 ഓളം പുസ്തകങ്ങാംവിതരണം നടത്തപ്പെടുന്ന ഈ ഗ്രന്ഥശാലയുടെ വളർച്ച ഇപ്പോഴുംശൈശവദശയിലാണ്. സാധാരണ ജനങ്ങൾക്ക് വിലകൂടിയ പുസ്തകങ്ങൾ അപ്രാപ്യമായ ഈ കാലയളവിൽ പഞ്ചായത്ത് ലൈബ്രറി ഒരു അത്താണിയാകേണ്ടതാണ്. ഇതിനായി കൂടുതൽ വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങൾ പഞ്ചായത്ത് അടിയന്തിരമായി വാങ്ങി ലൈബ്രറിക്കു നൽകേണ്ടതുണ്ട്.

ഓരോ ഗ്രന്ഥശാലയും ആരംഭിച്ച കാലഘട്ടത്തിൽ അവയ്ക്ക് ലഭിച്ച പ്രാധാന്യം കാലക്രമത്തിൽ ലഭിക്കുന്നില്ല എന്നുള്ളത് ദുഃഖകരമായ ഒരു വസ്തുതയാണ്. ഏകദേശം 10 വർഷത്തിനു മുമ്പുവരെ വായന സ്ഥിരം ശീലമാക്കിയവരിൽ ന

**പഞ്ചായത്തിലെ ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരം കാണിക്കുന്ന പട്ടിക**

| പേര് | സ്ഥാപിച്ച വർഷം | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | അനുകാലികങ്ങളുടെ എണ്ണം | സ്വന്തം കെട്ടിടം/ വാടകക്കെട്ടിടം | വാർഡ് |
|---|---|---|---|---|---|---|
| ദേശാഭിമാനി ഗ്രന്ഥശാല പുലിപ്പാറ | 1965 | 9000 | 1950 | .. | സ്വന്തംകെട്ടിടം | I |
| വി.സി.പിള്ളസ്മാരക ഗ്രന്ഥശാല പാങ്ങോട് | 1981 | 1759 | 20 | .. | വാടകകെട്ടിടം | III |
| പഞ്ചായത്ത് ലൈബ്രറി പാങ്ങോട് | 1990 | 750 | 1200 | 6 | സ്വന്തംകെട്ടിടം | III |
| ബാലഗ്രന്ഥശാല കാക്കാണിക്കര | 1995 | 1100 | 1300 | 8 | വാടകക്കെട്ടിടം | IX |
| യുവധാര-ഈട്ടിമുക്ക് | 1989 | 1200 | 1400 | 5 | സ്വന്തംകെട്ടിടം | VI |
| സാമൂഹ്യസേവാസംഘം ഭരതന്നൂർ | 1958 | 3650 | 3000 | 11 | സ്വന്തംകെട്ടിടം | VI |
| ആസാദ് ലൈബ്രറി ആൻറ് റീഡിംഗ്റൂം - പാങ്ങോട് | 1993 | 1000 | 800 | | സ്വന്തംകെട്ടിടം | III |

ല്ലൊരു ശതമാനവും ഇന്ന് അതിൽ നിന്ന് വിട്ടു നിൽക്കുന്നു. ഇതിന് പ്രകടമായ കാരണമായി പരിഗണിക്കാവുന്നത് ടെലിവിഷന്റേയും സിനിമയുടേയും കടന്നുകയറ്റമാണ്. ഇന്നത്തെ യുവതലമുറയിലുള്ള നല്ലൊരു ശതമാനം വായനക്കാർക്കും ക്രൈം ഡിറ്റക്ടീവ് നോവലുകളോടാണ് ആഭിമുഖ്യം. ടെലിവിഷന്റെ ആഗമനം പുസ്തകവായനയെ ബാധിച്ചത് ഏറ്റവും കൂടുതൽ സ്ത്രീകളിലാണ്. ഇന്നു വിവിധ ഗ്രന്ഥശാലകളിലെ സ്ത്രീവായനക്കാരുടെ എണ്ണം ആംഗുലിപരിമിതമാണ്.

**കലാസാംസ്കാരിക സംഘടനകൾ**

പഞ്ചായത്തിൽ ഏകദേശം 22 ഓളം കലാ-കാ

യിക സാംസ്കാരിക സമിതികൾ പ്രവർ ത്തിക്കുന്നു. ഇവയെകൂടാതെ ശാസ്ത്രസാഹിത്യ പരിഷത്ത്, യുക്തി വാദിസംഘം, പുരോഗമന കലാസാഹിത്യ സംഘം, മഹിളാസമാജങ്ങൾ, പൗരസമിതികൾ എന്നിവയും പഞ്ചായത്തിൻെറ പല ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. ഇത്തരം സമിതികളുടെ സംഖ്യാബലം കൂടുതലാണെങ്കിലും മിക്കവയുടെയും കർമ്മരംഗം ശുഷ്കമാണ്. മാതൃകാപരമായി പ്രവ ത്തിക്കുന്ന ചുരുക്കം ചില സമിതികൾ മാത്രമേ ചായത്തിനകത്തുള്ളു. മിക്കവയും തങ്ങളുടെ പ്രവർത്തനങ്ങൾ ഓണാഘോഷങ്ങളിൽ മാത്രം ഒതുക്കുന്നു. ഇത്തരം സമിതികളിൽ മാതൃകാപരമായി, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സമിതിയാണ് <u>ജ്വാല ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്</u>. 1989-ൽ ഈ സമിതിയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ കലാവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി ജ്വാലാ തിയറ്റേഴ്സ് എന്നപേരിൽ കുട്ടികളുടെ നൃത്ത സംഗീത നാടക വിഭാഗവും പ്രൊഫഷണൽ നാടക വിഭാഗവുമുണ്ട്. ഇതോടൊപ്പം ജ്വാലാ യൂത്ത് വിംഗിൻെറ ഒരു ഗാനമേള സംഘവും ഈ സമിതിയുടെ ആഭിമുഖ്യത്തിലുണ്ട്. ഇതോടൊപ്പം കലാ കായിക ക്ഷമത വർദ്ധിപ്പിക്കുന്ന ഒട്ടേറെ മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഈ സമിതിയുടെ കീഴിൽ ഒരു ബാലവേദി പ്രവർത്തിക്കുന്നു. പിഞ്ചുകുട്ടികൾക്ക് പഠനത്തോടൊപ്പം പൊതുവിജ്ഞാനവും ലോകപരിചയവും എന്ന ഉദ്ദേശ്യത്തോടെ വർഷം തോറും അവധിക്കാലത്ത് കുട്ടികളുടെ വിനോദയാത്രയും സംഘടിപ്പിക്കുന്നുണ്ട്. കലാകായിക രംഗങ്ങളിലെ പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിൽ മാത്രമൊതുങ്ങുന്നതല്ല സമിതിയുടെ പ്രവർത്തന മണ്ഡലം. റോഡ് നിർമ്മാണം തുടങ്ങിയ സന്നദ്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വിജയകരമാക്കുന്നതിലും ഈ സമിതി മുൻപന്തിയിലാണ്. ഒരു ജനവിദ്യാകേന്ദ്രം ഇവിടെ പ്രവർത്തനക്ഷമമാണ്. അവശരായ ജനങ്ങളെ സഹായിക്കുന്നതിനായി രണ്ടായിരം രൂപ പരിച്ചെടുക്കുകയും കഴിഞ്ഞ വർഷം 4 പേർക്കായി വിതരണം നടത്തുകയും ചെയ്തു. പിരപ്പൻകോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലെപ്രസിമിഷൻ യൂണിറ്റിനെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ത്വക്ക് രോഗപരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുന്നതിലും ഈ സമിതി വിജയിച്ചിട്ടുണ്ട്. 1990 നു ശേഷം നിലച്ചുപോയ സാക്ഷരതാ പരിപാടികൾ ഇപ്പോഴും പഴയ അർത്ഥത്തിൽ തന്നെ നടപ്പാക്കികൊണ്ടിരിക്കുന്ന ഏകസമിതിയും ഇതാണ്. ഇത്തരത്തിൽ കാക്കാണിക്കര പ്രദേശത്തിൻെറ നാനാമുഖമായ മണ്ഡലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കലാകായിക സമിതിക്ക് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കികൊടുക്കേണ്ടത് പഞ്ചായത്തിൻെ ഉത്തരവാദിത്വം തന്നെയാണ്.

1989 ലാണ് <u>യുവധാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്</u> രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. കായിക കലാരംഗത്തെ പ്രതിഭകളെ വാർത്തെടുക്കുന്നതോടൊപ്പം സാമൂഹ്യസേവന രംഗത്തും ശ്രദ്ധപതിപ്പിക്കുന്ന ഈ സമിതികഴിഞ്ഞ കാലങ്ങളിൽ സാക്ഷരത പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ ആദ്യത്തെ ജനവിദ്യാകേന്ദ്രം യുവധാരയിലാണ് പ്രവർത്തിച്ചത്. ഭരതന്നൂർ ഗവൺമെൻറ് ഹൈസ്കൂളിലെ 25 നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോമും പഠനോപകരണങ്ങളും ഇവർ വിതരണം ചെയ്തു. ഭരതന്നൂർ ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. ക്ക് ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥികൾക്ക് അവാർഡ് ഈ സമിതിയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ വിജയകരമായി സംഘടിപ്പിക്കുന്നതിന് ഈ സമിതിക്കു കഴിഞ്ഞിട്ടുണ്ട്. യുവധാരയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന രശ്മി വനിതാ സമാജം നെഹ്റു യുവക് കേന്ദ്രയുടെ സഹകരണത്തോടെ നടത്തിയ തയ്യൽ പരിശീലന പരിപാടി അനുസരിച്ച് നിരവധി പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം ലഭിക്കുകയും അതുവഴി തൊഴിൽ നേടാനും കഴിഞ്ഞിട്ടുണ്ട്.

ഈ സമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഐശ്വര്യബാലവേദി സംഘടിപ്പിച്ച കലാരൂപം തിരുവനന്തപുരത്ത് നടന്ന കർഷകറാലിയിൽ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റുകയും കൃഷിഭവൻെറ പ്രത്യേക ആവാർഡ് നേടുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സാമൂഹ്യ നന്മയ്ക്കായി വിവിധ സന്നദ്ധ പ്രവർത്തനങ്ങൾ ഈ സമിതി നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും കിട്ടിയ ഏക സഹായം ഒരു ടെലിവിഷൻ സെറ്റാണ്. ഈ സമിതിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് പഞ്ചായത്ത് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതാണെന്ന് ഗ്രാമസഭ ശുപാർശ ചെയ്തു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റ് മിക്ക കലാകായിക സമിതികളും ഓണാഘോഷങ്ങളി ലും വാർഷികാ ഘോഷങ്ങളിലും മാത്രം പ്രവർത്തനം ഒതുക്കുന്നവയാണ്. പഞ്ചായത്തിൽ നിലവിലുള്ള കലാകായിക സംസ്ക്കാരിക സമിതി കളെപ്പറ്റിയുള്ള വിവരം കാണിക്കുന്ന പട്ടിക A 5D -ൽ കൊടുത്തിരിക്കുന്നു.

ഭരതന്നൂർ കേന്ദ്രമാക്കി 1979 ൽ പ്രവർത്തന മാരംഭിച്ച ആരാധനാതീയറ്റേഴ്സ് ഏകദേശം 10 വർ ത്തോളം വളരെ പ്രശംസനീയമായ രീതിയിൽ കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ നൃത്ത സംഗീത ശില്പങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അനു ഗ്രഹീത നൃത്ത സംവിധായകനായ ശ്രീ ഭരതന്നൂർ ശശിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ഈ സമിതിയുടെ ഇപ്പോഴത്തെ പ്രവർത്തനം ഏക ദേശം 100 ഓളം കുട്ടികൾക്ക് നൃത്ത പരിശീലനം നൽകുന്നതിൽ മാത്രം ഒതുങ്ങുന്നു.

ഈ പഞ്ചായത്തിൽ ജവഹർ കോളനി കേ ന്ദ്രമാക്കി ഒരു അദ്വൈതാശ്രമം കാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്ഥാപിച്ചി ട്ടുണ്ട്. വളരെ വിപുലമായ ഒരു ഗ്രന്ഥശേഖരമുള്ള ഒരു ലൈബ്രറിയും ഇതിനോടനുബന്ധിച്ച് ഉണ്ട്. എല്ലാമാസവും അവസാനത്തെ വെള്ളിയാഴ്ച ഏകദേശം 600 ഓളം പേർക്ക് ഈ ആശ്രമത്തിൽ അന്നദാനവും നടത്തുന്നു.

## പത്രമാസികകൾ

പാങ്ങോട് പഞ്ചായത്തിലെ മൊത്തം ജനസം ഖ്യയിൽ ഏകദേശം 65% പേരും സ്ഥിരമായി പത്രം വായ്ക്കുന്നരാണ്. ന്യൂസ് ഏജൻറുമാരിൽ നിന്ന് ശേഖരിച്ച് കണക്കനുസരിച്ച് പഞ്ചായത്തിലാകെ 1286 വീടുകളിൽ സ്ഥിരമായി പത്രം വാങ്ങാറുണ്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രചാരത്തിലു ള്ള പത്രങ്ങൾ മലയാളമനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി, മാധ്യമം, ദീപിക, മംഗളം, എന്നിവയാണ്. പ്രചാരത്തിലുള്ള പ്രധാന വാരി കകൾ മനോരമ, മംഗളം, കലാകൗമുദി, ദേശാഭിമാ നി, ചിന്ത, മാതൃഭൂമി, കേരളശബ്ദം, മലയാളനാട് നാന, ചിത്രഭൂമി, സിനിമി ദീപിക, തു...ിവ കുട്ടികൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണങ്ങളായ ബാലരമ, ബാലഭൂമി, ബാലമംഗളം, പൂമ്പാറ്റ, ഉണ്ണി ക്കുട്ടൻ, ബോബനും മോളിയും, മണ്ടൂസ്, ബാലരമ അമർ ചിത്രകഥ, പൂമ്പാറ്റ എന്നിവയും ഗൃ ഹലക്ഷ്മി, വനിത എന്നീ മാസികകളും, ഭാഷാ പോഷിണി, ഇന്ത്യാടുഡേ, എന്നിവയുമാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള ഒരു കയ്യെഴുത്തുമാ സിക ആണ് 'സർഗ്ഗ' ഈ കൈയെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നത് ഭരതനൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സാഹിത്യപ്രവർത്തകർ ചേർന്നാ ണ്. ഇവർ നടത്തുന്ന പ്രതിമാസ പരിപാടികൾ കവിയരങ്ങ്, സാഹിത്യചർച്ച, സർഗ്ഗ സംവാദങ്ങൾ എന്നിവയാണ്.

പഞ്ചായത്തിൽ തനതു നാടൻ കലാരൂപങ്ങൾ ആദിവാസികളുടെ ഇടയിലുള്ള ചാറ്റും കമ്പടികളി യും മാത്രമാണ്.

## ടെലിവിഷൻ

പഞ്ചായത്തിൽ ഏകദേശം 25 ശതമാനത്തോ ളം വീടുകളിൽ ടെലിവിഷൻ സ്വന്തമായുണ്ട്. എന്നാൽ ടെലിവിഷൻ പ്രേക്ഷകൻെറ എണ്ണം ഏക ദേശം 60% ത്തോളം വരും. ടെലിവിഷൻ തുടങ്ങി യ ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരം സാ ധാരണക്കാരൻെറ വായനാശീലത്തെ പ്രതികൂല മായി ബാധിക്കുകയും ഒരു പ്രത്യേക ഉപഭോഗസം സ്കാരം ഗ്രാമീണരുടെ ഇടയിൽപോലും ആവിർ ഭവിക്കുന്നതിന് നിദാനമാകുകയും ചെയ്യുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ഗ്രന്ഥശാലകളു ടെയും വായനശാലകളുടേയും പ്രവർത്തനം കൂടു തൽ ഗുണഭോക്താക്കൾക്കു ലഭിക്കത്തക്കവിധം പുനർ ക്രമീകരിക്കേണ്ടതുണ്ട്. ഇതിനായി ആദ്യം പാങ്ങോട് പഞ്ചായത്തിലെ സാംസ്ക്കാരിക നി ലയം ലൈബ്രറിയെ ലൈബ്രറിയായി ഉയർത്തു കയും അതോടൊപ്പം ഇതിനെ ഒരു ഇൻഫർ മേഷൻ കേന്ദ്രമാക്കി മാറ്റുകയും വേണം. ഈ ലൈബ്രറിയിലെ ലൈബ്രേറിയന് പഞ്ചായത്തിലെ പൊതുജനങ്ങളുടെ നാനാവിധമായ സംശയങ്ങൾ ദൂരീകരിച്ചുകൊടുക്കുന്നതിന് കഴിയുന്ന രീതിയിൽ മതിയായ പരിശീലനം നൽകി സ്ഥിരപ്പെടുത്തു കയും വേണം. പഞ്ചായത്തു വക ലൈബ്രറിയെ ഇത്തരത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ ആക്കി ഉയർത്തിയാൽ നിർക്ഷരരും പിന്നോക്കക്കാ രും ധാരാളം ഉള്ള പഞ്ചായത്തിൽ അവർക്ക് നൽ കാവുന്ന ഏറ്റവും മാതൃകാപരമായ സേവനമായി രിക്കും. ഇതോടൊപ്പം മറ്റു ഗ്രന്ഥശാലകൾക്കും വാ യന ശാലകൾക്കും ആവശ്യമായ ഭൗതിക സാ ഹചര്യങ്ങൾകൂടി പൊതുജന പങ്കാളിത്തത്തോടെ

പഞ്ചായത്തു സമിതി ഏർപ്പെടുത്തേണ്ടതുണ്ട്. സ്വന്തം കെട്ടിടങ്ങളില്ലാത്ത ഗ്രന്ഥശാലാകൾക്ക് ഭൂമി അനുവദിച്ചു നൽകിയാൽ കെട്ടിട നിർമ്മാണം സ്വയം ഏറ്റെടുത്തു കൊള്ളാമെന്നും ഗ്രന്ഥശാലാ ഭാരവാഹികൾതന്നെ ഉറപ്പു നൽകിയിട്ടുണ്ട്. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ വിപുലമല്ല്. അവ സ്ഥിതിചെയ്യുന്ന വാർഡുകളിലെ അംഗങ്ങൾ മാത്രമേ ഗുണഭോക്താക്കളാകുന്നുള്ളു. ഈ സ്ഥിതി മാറ്റി പഞ്ചായത്തിലെ സമസ്ത ജനങ്ങൾക്കും ഗ്രന്ഥശാലകളുടെ പ്രയോജനം ലഭിക്കാൻ "ഓരോ വാർഡിലും ഓരോ ഗ്രന്ഥശാല" എന്ന ലക്ഷ്യത്തോടെ നമുക്ക് പ്രവർത്തിക്കേണ്ടതുണ്ട്.

പഞ്ചായത്തിനകത്തുള്ള സിനിമാശാലകളിൽ പ്രദർശിപ്പിക്കപ്പെടുന്ന അശ്ലീലസിനിമകളുടെ അതിപ്രസരം വളർന്നുവരുന്നു തലമുറയെ എട്ടൊന്നുമല്ല ബാധിക്കുന്നത്. ഇത്തരം സിനിമകളുടെ ചുവർ പരസ്യങ്ങൾ ആരേയും ലജ്ജിപ്പിക്കുന്ന തരത്തിലുള്ളതാണ്. പ്രദർശനത്തേയും പഞ്ചായത്തിൽ 2 കേബിൾ ടി.വി. നെറ്റ്‌വർക്കുകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ രണ്ട് സിനിമാശാലകളുണ്ട് വെങ്കിടാചല ശർമ്മ സ്വാമിയുടെ കാലത്ത് പാങ്ങോട് കേന്ദ്രമാക്കി ഒരു സിനിമാ തിയേറ്ററുണ്ടായിരുന്നു.

പഞ്ചായത്തിൽ കായിക മത്സരങ്ങൾ പരിപോഷിപ്പിക്കുന്നതിന് പര്യാപ്തമായ സാഹചര്യം നിലവിലില്ല. ഭരതന്നൂരിലുള്ള ഏക പഞ്ചായത്തുവക സ്റ്റേഡിയം അവഗണനയുടെ പ്രതീകമാണ്. യാതൊരു സൗകര്യവും ഇല്ലാത്ത ഈ സ്റ്റേഡിയം കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനു പര്യാപ്തമായ തരത്തിൽ സജ്ജീകരിക്കേണ്ടതുണ്ട്. ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഒട്ടേറെ മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ ഭരതന്നൂർ ഹൈസ്കൂളിൽ മാത്രമാണുള്ളത്. കലാകായിക സമിതികളും കായിക പ്രതിഭകളെ കണ്ടെത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് ഊർജ്ജിതമായ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ നമുക്കിനിയും സാധിച്ചിട്ടില്ല. നമ്മുടെ പഞ്ചായത്തിൻെറ യശസ് രാജ്യത്താകമാനം എത്തിക്കുന്നതിന് പ്രാപ്തമായ ഒട്ടനവധി കായിക പ്രതിഭകളെ കണ്ടെത്തി ശാസ്ത്രീയമായി പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനം അടിയന്തിരമായി പഞ്ചായത്ത് തലത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഇതോടൊപ്പം വനിതകളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ഗ്രന്ഥശാലകളുടേയും വായശാലകളുടേയും പ്രവർത്തനം തൃപ്തികരമല്ല.
2. പൊതു നിരത്തുകളിൽ അശ്ലീല പോസ്റ്ററുകൾ പതിക്കുന്നു.
3. കലാകായിക പ്രതിഭകളെ കണ്ടെത്തുന്നതിൽ പഞ്ചായത്തിൻെറ അലംഭാവം.
4. പിന്നോക്ക മേഖലകളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യമില്ലായ്മ
5. ഇലക്ട്രോണിക് മാധ്യമങ്ങളിലെ പരിപാടികളുടെ നിലവാരത്തകർച്ച.
6. നിലവിലുള്ള പഞ്ചായത്ത് ടി.വി.കൾ പ്രവർത്തനക്ഷമല്ല.
7. നാടൻ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
8. വിവാഹാദി ചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം.

### സാദ്ധ്യതകൾ

○ അശ്ലീല പോസ്റ്റർ പതിപ്പിക്കുന്നതിനേയും ശക്തമായി പഞ്ചായത്ത് സമിതി എതിർക്കേണ്ടതുണ്ട്. ഇതിനായി പരസ്യപ്പെടുത്തുവുന്ന മുഴുവൻ പോസ്റ്ററുകളും പഞ്ചായത്ത് സീലോടുകൂടിയായിരിക്കണം എന്ന നിയമം കൂടുതൽ കർക്കശമായി നടപ്പാക്കാവുന്നതാണ്.

○ കലാകായിക പ്രതിഭകളെ കണ്ടെത്തുന്നതിനായി പഞ്ചായത്തുതലത്തിൽ യാതൊരു സംവിധാനങ്ങളും നിലവിലില്ല എന്നത് ലജ്ജാകരമാണ്. പഞ്ചായത്ത് തലത്തിൽ നടക്കുന്ന കലാകായിക മത്സരങ്ങൾ യഥാസമയം കലാകായിക സമിതികളെ അറിയിക്കാറില്ല എന്നു അതുവഴി യഥാർത്ഥ പ്രതിഭകളെ അവഗണിക്കുന്നു എന്നുമുള്ള പരാതി ഗ്രമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിന് പഞ്ചായത്തിൽ പുതിയ സംവിധനങ്ങളുണ്ടാകേണ്ടതുണ്ട്.

○ സമീപ പ്രദേശത്തുള്ള പഞ്ചായത്തുകളിൽ

വച്ച് ഏറ്റവും കൂടുതൽ പിന്നോക്കക്കാർ അധിവസിക്കുന്ന ഒന്നാണ് പാങ്ങോട് പഞ്ചായത്ത്. പിന്നോക്ക മേഖലകളായ ഹരിജൻ-ഗിരിജൻ കോളനികൾ ഉൾപ്പെടുന്ന പഞ്ചായത്തിലെ 2, 4, 5, 7, 8, 10, 11 എന്നീ വാർഡുകളിൽ ഒരു ഗ്രന്ഥശാലയോ വായനശാലയോ നിലവിലില്ല. ഈ വാർഡുകളിൽ അടിയന്തിരമായി സ്ഥലം കണ്ടെത്തി ജനകീയ സമിതികളുടെ സഹായത്തോടെ ഗ്രന്ഥശാലകളും വായനശാലകളും ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

○ പഞ്ചായത്ത് വക ടെലിവിഷനുകൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ മിക്കവയും പ്രവർത്തന രഹിതമാണ്. ഇവയെ പ്രവർത്തന ക്ഷമ മാക്കാൻ ബന്ധപ്പെട്ട ജനകീയ സമിതികളും പഞ്ചായത്തും സംയോജിതമായി പ്രവർത്തിക്കേണ്ടതാണ്.

○ വളർന്നുവരുന്ന തലമുറയിൽ സംസ്കാര ച്യുതിക്ക് ഒരു പരിധിവരെ ഇല്കട്രോണിക് മാധ്യമങ്ങളിലെ നിലവാരമില്ലാത്ത പരിപാടികൾ കാരണമാകുന്നു. ഇതിനെതിരെ പ്രബുദ്ധരായ ജനങ്ങളുടെ ഒരു പ്രതിരോധ നിര കെട്ടിപ്പടുക്കേണ്ടതുണ്ട്.

○ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തിനകത്ത് ഉണ്ടെങ്കിലും അവർക്കിടയിലുള്ള പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. ഇവ സംരക്ഷിക്കപ്പെടുന്നതിന് സന്നദ്ധ പ്രവർത്തകരും പഞ്ചായത്തും കൈകോർത്തു പ്രവർത്തിക്കേണ്ടതുണ്ട്.

○ പഞ്ചായത്തിനകത്ത് പൊതുവേ, ജാതിമത ഭേദമന്യേ വിവാഹം തുടങ്ങിയ ചടങ്ങുകൾ ആർഭാടപൂർവ്വം നടത്തുന്ന ഒരു പ്രവണത കണ്ടുവരുന്നു. ഇത്തരം പ്രവണതകൾ ശരിയായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

| വാർഡ് | പുതിയ ടി. വി. കൾ സ്ഥാപിക്കേണ്ട സ്ഥലം | നിലവിലുള്ളവയിൽ അറ്റകുറ്റപ്പണി ആവശ്യമുള്ളവ |
|---|---|---|
| 1. | കുളമാൻകുഴി, പള്ളിമുക്ക്, ദേശാഭിമാനി ജംഗ്ഷൻ | ദേശാഭിമാനി ഗ്രന്ഥശാലയിലെ ടി. വി അറ്റകുറ്റപ്പണി തീർക്കണം |
| 2. | പാങ്കോട്, മാമ്പഴവിള | തണ്ണിയം ടി. വിക്ക് വൈദ്യുതി നൽകണം വി. ടി. പച്ച ടി. വി, നന്നാക്കണം |
| 3. | പാങ്ങോട് ജംഗ്ഷൻ, ഉളിയൻകോട്, ചന്തക്കുന്ന് കോളനി | എൽ. പി. എസ്. ജംഗ്ഷനിലെ എ. കെ. ജി. ആർട്സ് ആൻറ് സ്പോർട്സ് വക ടി. വി. കോടുപാടുതീർക്കുക |
| 4. | കാഞ്ചിനട, പാക്കിസ്ഥാന്മുക്ക്, പാലുവള്ളി | കൊച്ചാലുംമൂട്ടിൽ ഉള്ള ടി. വി. ക്ക് ക്യോസ്ക് നിർമ്മിച്ചു നൽകുക |
| 5. | വെള്ളയം ദേശം, കല്ലുമല, പുളിക്കര, വട്ടപ്പുല്ല് | |
| 6. | സാമൂഹ്യസേവാ സംഘം ഗ്രന്ഥശാല, നേതാജി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ദർഭവിള, എച്ച്. എസ്. ജംഗ്ഷൻ, ലെനിൻകുന്ന് | |
| 7. | ഭരതന്നൂർ ജംഗ്ഷൻ | |
| 8. | വേലൻമുക്ക്, കൊച്ചാനകല്ലുവിള, അഞ്ചാനക്കുഴിക്കര | മൈലമൂട് ടി. വി. കേടുപാടു തീർക്കണം |
| 9. | ആമത്ത, കൈതപച്ച, പാച്ചൻ മുക്ക്, വലിയവയൽ | കാക്കാണിക്കര ടി. വി. ക്യോസ്ക് നിർമ്മിക്കുക |
| 10. | ഇടക്കോളനി, വട്ടക്കരിക്കകം, ആയിരവില്ലി, എക്സ് കോളനി | |
| 11. | തണ്ണിച്ചാൽ മൂലപ്പേഴ് രാമരശ്ശേരി, വള്ളംവട്ടിമൂല, മന്ദിരംമുക്ക്, മൂന്ന് മുക്ക് | |
| | | |

## ചാർട്ട് എ. 5

## പഞ്ചായത്തിൽ നിലവിലുള്ള കലാകായിക സാംസ്കാരിക സമിതികളെപ്പറ്റിയുള്ള വിവരങ്ങൾ കാണിക്കുന്ന പട്ടിക

| നം. | പേര് | സ്ഥാപിച്ച വർഷം | സംഗീത-നാടക സ്പോർട്സ് അഫിലിയേഷൻ | അംഗങ്ങൾ | സ്വന്തം കെട്ടിടം | റേഡിയോ, ടി. വി. | വാർഡ് | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1. | നേതാജി ആർട്സ് ആൻറ് സ്പോർട്സ്, ദർപ്പവിള | 1987 | ഇല്ല | 75 | ഇല്ല- | | VI | ഓണാഘോഷ-വാർഷികാഘോഷങ്ങൾ |
| | യുവധാര- ഈട്ടിമുക്ക് | 1989 | നെഹ്റുയുവ കേന്ദ്ര, BSS | 125 | ഉണ്ട് | ടി. വി | VI | സന്നദ്ധസംഘടനാ പ്രവർത്തനങ്ങൾ, വാർഷികം |
| 3. | പ്രതിഭ, ഗാർഡർസ്റ്റേഷൻ | 1990 | ഇല്ല | 80 | ഇല്ല | - | VII | സന്നദ്ധസംഘടനാ പ്രവർത്തനം മറ്റുപ്രവർത്തനങ്ങൾ, |
| 4. | ജ്വാല-കാക്കാണിക്കര | 1989 | ഇല്ല | 120 | ഇല്ല | -ടി. വി | IX | സന്നദ്ധപ്രവർത്തനങ്ങൾ ഓണ-വാർഷികഘോഷങ്ങൾ |
| 5. | ഗ്രാമവികസനസമിതി ആമത്തറ | 1992 | ഇല്ല | 170 | ഇല്ല | - | IX | സന്നദ്ധസംഘടനാ പ്രവർത്തനം |
| 6. | അനശ്വര, വട്ടക്കരിക്കകം | 1996 | ഇല്ല | 80 | ഇല്ല | ഇല്ല | X | സന്നദ്ധസംഘടനാ പ്രവർത്തനം |
| 7. | സംസ്കാര-പുളിക്കര | 1989 | ഇല്ല | 60 | -ഇല്ല | ഇല്ല | V | വാർഷികാഘോഷം |
| 8. | ഫ്രണ്ട്സ്- കൈതപ്പച്ച | 1994 | ഇല്ല | 60 | ഇല്ല | - | IX | വാർഷികാഘോഷം, മറ്റു പ്രവർത്തനങ്ങൾ |
| 9. | രാജീവ്ഗാന്ധി മെമ്മോറിയൽ ഇടക്കോളനി | 1989 | ഇല്ല | 40 | ഇല്ല | ഇല്ല | X | വാർഷികാഘോഷങ്ങൾ മറ്റ് പ്രവർത്തനങ്ങൾ |
| 10. | എ. കെ. ജി. -പഴവിള | 1988 | ഇല്ല | 30 | ഇല്ല | ടി. വി. | III | സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നു. |
| 11. | സൗപർണ്ണിക, പുലിപ്പാറ | - | ഇല്ല | 50 | ഉണ്ട് | - | I | സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12. | ജോതിർഗമയ -തണ്ണിയം | 1987 | ഇല്ല | 100 | ഉണ്ട് | ടി. വി. | II | സന്നദ്ധ പ്രവർത്തനം |
| 13. | ദേശാഭിമാനി-പുലിപ്പാറ | - | ഇല്ല | 80 | ഉണ്ട് | .. | I | വാർഷികാഘോഷം |
| 14. | കൈരളി-ഗ്രാമനികേതൻ ഹരിജൻമുക്ക് | 1989 | ഇല്ല | 65 | ഇല്ല | | X | സന്നദ്ധപ്രവർത്തനം |
| 15. | ഹരിശ്രീ -മൈലമൂട് | 1995 | ഇല്ല | 50 | ഇല്ല | - | VIII | സന്നദ്ധസംഘടനാ പ്രവർത്തനം |
| 16. | ചിന്ത-അയിരൂർ | 1990 | ഇല്ല | 40 | ഇല്ല | ഇല്ല | III | ഓണാഘോഷം |
| 17 | പ്രസര-മൈലമൂട് | 1978 | ഇല്ല | 50 | ഇല്ല | ടി.വി. | VII | |
| 18. | ജ്വാല, വാഴത്തോപ്പുപച്ച | 1982 | ഇല്ല | 150 | ഇല്ല | ഇല്ല | II | ഓണാഘോഷം നടത്തുന്നു. |
| 19. | ഫിനിക്സ് -കൊച്ചാലുമ്മൂട് | 1988 | ഇല്ല | 150 | ഇല്ല | ടി. വി. | IV | വാർഷികാഘോഷം നടത്തുന്നു |
| 20. | പുരോഗമനകലാ സാഹിത്യസംഘം-ഭരതന്നൂർ | 1994 | ഇല്ല | 50 | ഇല്ല | ഇല്ല | VII | സാഹിത്യകലാദികളെ പോഷിപ്പിക്കുന്നു |
| 21. | രഞ്ജിനി ആർട്സ് ക്ലബ്ബ്. കക്കോട്ടുകുന്ന് | .. | ഇല്ല | 50 | ഇല്ല | ടി. വി. | V | വാർഷികാഘോഷം |
| 22. | സാരഥി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് തണ്ണിച്ചാൽ | | ഇല്ല | 60 | ഇല്ല | | XI | വാർഷിഘോഷം നടത്തുന്നു |
| 23. | കേരളാ സാംസ്കാരികവേദി പാങ്ങോട്. | 1996 | ഇല്ല | | | | III | |

# സാമൂഹ്യക്ഷേമം

IRDP സർവ്വേപ്രകാരം പാങ്ങോട് പഞ്ചായത്ത് പ്രദേശത്ത് ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 3745 ആണ്. ഇതിൽ 1205 പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങളുണ്ട്. പ്രസ്തുത സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള 230 കുടുംബങ്ങൾക്കേ നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളു. നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങ ളിൽ 120 എണ്ണം പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടേതാണ് IRDP സർവ്വേ വെളിവാക്കുന്നത്, സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങളുടെ എണ്ണം 120 ആണെന്നാണ്.

പഞ്ചായത്ത് പ്രദേശത്ത് ട്രൈസം തൊഴിൽ പരിശീലന പദ്ധതിപ്രകാരം പരിശീലനം ലഭിച്ചവരുടെ എണ്ണം ആകെ 15 ആണ്. ഇവരിൽ 10 പേർ ചൂരൽ കസേര നിർമ്മാണ രംഗത്തും 2 പേർ കാർ ഡ്രൈവിംഗും 3 പേർ തയ്യൽ പരിശീലനവും നേടിയവരാണ്. ഇവരിൽ ചൂരൽ കസേര നിർമ്മാണത്തിൽ പരിശീലനം ലഭിച്ച 7 പേർ സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. മറ്റു മേഖലകളിൽ പരിശീലനം ലഭിച്ച 4 പേരും സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ പരിശീലനം നേടിയവരിൽ ഇതര തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ 2 ആണ്.

DWCRA പദ്ധതി പ്രകാരം ഒരു യൂണിറ്റ് മാത്രമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഈ പദ്ധതി പ്രകാരം ആരംഭിച്ച തൊഴിൽ സംരംഭം ചൂരൽ കസേര നിർമ്മാണമാണ്. 10 പേർ ചേർന്നാണ് ഈ യൂണിറ്റ് പ്രവർത്തനമാരംഭിച്ചതെങ്കിലും ഇന്ന് 6 അംഗങ്ങൾ മാത്രമാണ് നിലവിലുള്ളത്. ഇതിൻെറ പ്രവർത്തനം തൃപ്തികരമാണ്.

IRDP സർവ്വേ പ്രകാരം 1000-ത്തിലധികം വീടുകൾ കക്കൂസ് ഇല്ലാത്തവയാണ്. വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992 നു ശേഷം 64 ആണ്. ഇവയിൽ തന്നെ 60 എണ്ണം മാത്രമാണ് ഇതുവരെ പൂർത്തീകരിക്കപ്പെട്ടത്.

IRDP സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാർക്കായി ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയായ RAP അനുസരിച്ച് പഞ്ചായത്തിനകത്ത് ആകെ 120 ഗ്രാമീണ കൈത്തൊഴി

ക്കാർ ഉണ്ട്. ഇവരിൽ സഹായം ലഭിച്ചവരുടെ എണ്ണം 30 മാത്രമാണ്. IRDP സർവ്വേ ഈ കണക്ക് കാണിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഉള്ള ഗുണഭോക്താക്കളുടെ എണ്ണം ഇതിലും എത്രയോ കൂടുതലാണ്.

1992 - 93 ലെ IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്ത് പ്രദേശത്ത് വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 900 ആണ്. ഇവരിൽ 76 കുടുംബങ്ങൾക്ക് വിവിധ പരിപാടികളിലൂടെ വീടുകൾ അനുവദിച്ചിട്ടുണ്ട്.

1980 മുതൽ പാങ്ങോട് പഞ്ചായത്തിൽ ഏകദേശം ആയിരത്തോളം കുടുംബങ്ങൾക്ക് IRDP വഴിയുള്ള സഹായം ലഭിച്ചിട്ടുണ്ട്. IRDP പദ്ധതി അനുസരിച്ച് നടപ്പാക്കുന്ന സ്കീമുകളിൽ ഏകദേശം 50% പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും 30% സ്ത്രീകൾക്കും 3% വികലാംഗർക്കുമായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്.

IAY, JRY ഭവനനിർമ്മാണ പദ്ധതി പ്രകാരം 1992-93 മുതൽ ഏകദേശം 75 കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകിയിട്ടുണ്ട്. നടപ്പു വർഷത്തിൽ ഈ പദ്ധതി അനുസരിച്ചുള്ള ധനസഹായം 22000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള പൂർണ്ണ ചുമതല ഗുണഭോക്താവിനായിരിക്കും. ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക പൂർണ്ണമായും ഗുണഭോക്താവിന് നേരിട്ട് നൽകുന്നതാണ്. ഇതിന്റെ ഗുണഭോക്താക്കളിൽ 60% പേർ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. അവശേഷിക്കുന്ന 40% മറ്റു വിഭാഗങ്ങളിൽപെട്ടവരാണ്.

**ദശലക്ഷക്കിണർ പദ്ധതി** അനുസരിച്ച് ജലസേചനത്തിനാവശ്യമായ കുളം, കിണർ തുടങ്ങിയവയുടെ നിർമ്മാണത്തിന് ഉള്ള സാമ്പത്തിക സഹായം ആണ് ഈ പദ്ധതി അനുസരിച്ച് നൽകുന്നത് മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ആവശ്യമായ അനുബന്ധപണികൾ നടത്തുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യമാണ്. ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്ന ആൾക്കാരിൽ 80% വും പട്ടികജാതി പട്ടിക വർഗ്ഗക്കാരാണ്. മൊത്തം പദ്ധതി ചെലവിന്റെ മൂന്നിൽ രണ്ട് ഭാഗം ഈ വിഭാഗക്കാർക്കു വേണ്ടി നീക്കി വച്ചിരിക്കുന്നു. പാങ്ങോട് പഞ്ചായത്തിൽ 20-ൽ പരം ആൾക്കാർക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്.

**ഗ്രാമീണ ശുചീകരണ പദ്ധതി** പ്രധാനമായും ഉദ്ദേശിക്കുന്നത് പരിസര ശുചീകരണം ഉറപ്പു വരുത്തുന്നതിനായി കക്കൂസുകളുടെ നിർമ്മാണമാണ്. ഈ പദ്ധതി അനുസരിച്ച് ഗുണഭോക്താക്കൾ രണ്ടായിരത്തി അഞ്ഞൂറ് രൂപ മതിപ്പു ചെലവുള്ള "രണ്ടു കുഴി കക്കൂസുകൾ നിർമ്മിക്കേണ്ടതാണ്. ഇതിൽ 500 രൂപ ഗുണഭോക്താവിന്റെ പങ്കും ബാക്കി 2000 രൂപ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും UNICEF ന്റേയും വിഹിതവുമാണ്. ഓരോ സാമ്പത്തിക വർഷത്തിലും 30-ൽ കൂടുതൽ കക്കൂസുകൾ നിർമ്മിക്കാനുള്ള ധനസഹായം ഈ പദ്ധതി അനുസരിച്ച് നൽകി വരുന്നു.

EAS - JRY പദ്ധതികളുടെ പ്രധാന ലക്ഷ്യം പൊതു ആസ്തികളുടെ നിർമ്മാണമാണ് റോഡുകൾ, ഏലാ തോടുകൾ, ബണ്ടുകൾ, പാലം, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ആണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഈ വർഷം രണ്ടു പദ്ധതികളിലുമായി പാങ്ങോട് പഞ്ചായത്തിൽ 20 ലക്ഷം രൂപയുടെ പണികൾ നടത്തി വരുന്നു.

## പെൻഷനുകളെ സംബന്ധിച്ച വിവരങ്ങൾ

### വിധവാ പെൻഷൻ

ഈ പഞ്ചായത്ത് പ്രദേശത്ത് വിധവാ പെൻഷൻ ലഭിക്കുന്ന 120 പേരുണ്ട്. അപേക്ഷകയ്ക്ക് പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കില്ല എന്നതാണ് നിലവിലുള്ള നിയമം . ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിധവാ പെൻഷൻ യഥാർത്ഥത്തിൽ ലഭിക്കേണ്ട ധാരാളം പേർക്ക് പ്രസ്തുത പെൻഷൻ ലഭിക്കുന്നില്ല എന്നത് ഗ്രാമസഭകളിൽ ഉയർന്നുവന്ന ഒരു പ്രശ്നമാണ്.

### വാർദ്ധക്യ കാല പെൻഷൻ

വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ പഞ്ചായത്തിനകത്ത് ഏകദേശം 50 ഓളം പേർ വരും. അപേക്ഷകരിൽ നല്ലൊരു ശതമാനത്തിനും ഈ പെൻഷൻ ലഭിക്കുന്നില്ല.

### വികലാംഗപെൻഷൻ

അംഗൻവാടി സർവ്വേപ്രകാരം 322 വികലാംഗർ പഞ്ചായത്തിനകത്തുണ്ടെങ്കിലും 40 ഓളം പേർക്ക് മാത്രമേ വികലാംഗ പെൻഷൻ ലഭിക്കുന്നുള്ളു. വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അർഹരായ പലർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകുന്നത് ജില്ലാ ആശുപത്രികളിൽ നിന്നാണ്. വികലാംഗർക്ക് ദൂര യാത്ര ചെയ്ത് ഇത്തരം സർട്ടിഫിക്കറ്റുകൾ നേടിയെടുക്കുന്നതിന് ഒട്ടേറെ ക്ലേശങ്ങൾ സഹിക്കേണ്ടി വരുന്നു. ഇതൊഴിവാക്കാൻ വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കലാഫീസർക്ക് നൽകേണ്ടതാണ്.

### കർഷകതൊഴിലാളി പെൻഷൻ

പഞ്ചായത്തിനകത്ത് കർഷകതൊഴിലാളി പെൻഷൻ ഏകദേശം 500 പേർക്ക് മാത്രമേ ലഭിക്കുന്നുള്ളു. ഏകദേശം 700 ഓളം അപേക്ഷകർ ഉണ്ടെങ്കിലും മുഴുവൻ പേർക്കും ഈ പെൻഷൻ ലഭിക്കുന്നില്ല. ഈ പെൻഷൻ ലഭിക്കുന്നവരിൽതന്നെ അനർഹരായവർ നിരവധിയുണ്ടെന്ന് വിവിധ ഗ്രാമസഭകൾ ചൂണ്ടിക്കാട്ടി അതേസമയം അർഹരായ പലരെയും ഒഴിവാക്കുന്നതായി പരാതിയുണ്ട്. കർഷക തൊഴിലാളി പെൻഷന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. ഈ പെൻഷന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

നമ്മുടെ പഞ്ചായത്തിൽ അനർഹരായ പലരും തൊഴിലില്ലായ്മാ വേതനം വാങ്ങുന്നുണ്ട്. പഞ്ചായത്തിൽ തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നവരുടെ കണക്ക് ലഭിച്ചിട്ടില്ല.

### അംഗൻവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനപരമായ ഒട്ടേറെ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ മൊത്തം 28 അങ്കൻവാടികൾ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം കുട്ടികളിലും രക്ഷാകർത്താക്കളിലും അസന്തുഷ്ടി ഉളവാക്കന്നു. ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും, കളിപ്പാട്ടങ്ങളില്ലാത്തതും രൂക്ഷമായ പ്രശ്നങ്ങളായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന കളരികളായി നാം കാണുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപർ എന്നീ രണ്ട് തസ്തികകളാണ് ഇപ്പോൾ ഓരോ അംഗൻവാടികളിലും ഉള്ളത്. രാവിലെ 9 മണി മുതൽ 3.30 വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നു. ഇത്തരം ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ നിലവിലുള്ള അംഗൻവാടികളെക്കുറിച്ചുള്ള വിവരം കാണിക്കുന്ന പട്ടിക.

| വാർഡ് | അംഗൻവാടി സ്ഥിതി ചെയ്യുന്ന സ്ഥലം | സ്വന്തമായി കെട്ടിടമുള്ളത് |
|---|---|---|
| 1. | കുളമാൻകുഴി | ഉണ്ട് |
| " | പുലിപ്പാറ | ഉണ്ട് |
| 2. | പാങ്ങോട് | ഉണ്ട് |
| " | വാഴത്തോപ്പ് പച്ച | ഉണ്ട് |
| 3. | ചന്തക്കുന്ന് കോളനി | ഉണ്ട് |
| " | ഉളിയൻകോട് | ഉണ്ട് |
| 4. | കൊച്ചാലും മൂട് | ഉണ്ട് |
| " | പാലുവള്ള | ഉണ്ട് |
| 5. | കാഞ്ചിനട | ഉണ്ട് |
| " | പുളിക്കരക്കുന്ന് | ഉണ്ട് |
| " | വെള്ളയംദേശം | ഉണ്ട് |
| 6. | കല്ലുമല | ഉണ്ട് |
| " | ലെനിൻകുന്ന് | ഉണ്ട് |
| " | ദർപ്പവിള | ഉണ്ട് |
| " | മാറനാട് | ഉണ്ട് |
| 7. | ചെല്ലാപ്പച്ച | ഉണ്ട് |
| " | നെല്ലിക്കുന്ന് | ഇല്ല |
| 8. | അഞ്ചാനകുഴിക്കര | ഉണ്ട് |
| " | കൊച്ചാനകല്ലുവിള | ഉണ്ട് |
| 9. | കൈതപ്പച്ച | ഇല്ല |
| " | കാക്കാണിക്കര | ഉണ്ട് |
| " | മാവ്നിന്നപച്ച | ഇല്ല |
| 10. | ആയിരവല്ലി | ഉണ്ട് |
| " | വലിയ വയൽ | ഉണ്ട് |
| 11. | തൃക്കോവിൽവട്ടം | ഉണ്ട് |
| " | ഈട്ടിമൂക്ക് | ഉണ്ട് |
| " | മൂലപ്പേഴ് | ഉണ്ട് |
| " | മന്ദിരംമുക്ക് | ഉണ്ട് |

**നിർദ്ദേശങ്ങൾ**

- ഏതെങ്കിലും സാമ്പത്തിക ഏജൻസികളുടെ സഹായത്തോടേയോ JRY ഫണ്ടോ ഉപ.ോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും നിലവിലുള്ളവയിൽ അറ്റകുറ്റപണി നടത്തിക്കുകയും ചെയ്യുക.
- പഞ്ചായത്ത് മിച്ചഭൂമി അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.
- പഞ്ചായത്തിലെ 5-ാം വാർഡിൽ നിലവിലുള്ള അംഗൻവാടിയിൽ എത്തിച്ചേരുന്നതിന് കുട്ടികൾക്ക് കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ടിവരുന്നു. ഇത് പരിഹരിക്കുന്നതിനായി ഈ വാർഡിൽ 2 അംഗൻവാടികൾ കൂടി അനുവദിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 10, 7 എന്നീ വാർഡുകളിലും പുതിയ അംഗൻവാടികൾ അനുവദിക്കേണ്ടതാണ്.
- DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിൻെറ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.
- അംഗൻവാടികളിലൂടെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തിന് ഇപ്പോൾ ചെലവാക്കിക്കൊണ്ടിരിക്കുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക.
- ശുചിത്വ പരിപാലനത്തിൻെറ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ്വസ്തുക്കളും മലിന വസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.
- അംഗൻവാടി ഹെൽപർമാരേയും വർക്കർ മാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
- കിണർ, കക്കൂസ് എന്നിവയില്ലാത്ത അംഗൻവാടികൾക്ക് അടിയന്തിരമായി അവനിർമ്മിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

**ക്ഷേമനിധികളെ സംബന്ധിച്ചുള്ള വിവരങ്ങൾ**

**നിർമ്മാണതൊഴിലാളി ക്ഷേമനിധി**

കേരള സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ നിധി പദ്ധതികൾകളിൽ ഒന്നാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി.

കാർഷിക മേഖലയിൽ വന്ന തൊഴിലില്ലായ്മ, നിർമ്മാണ രംഗത്തേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കാനിടയാക്കി. പഞ്ചായത്തിൽ ഉള്ള മൊത്തം നിർമ്മാണ തൊഴിലാളികളിൽ ഏകദേശം 600-ഓളം പേർ ഈ ക്ഷേമ നിധിയിൽ അംഗങ്ങളാണ്. ഈ ക്ഷേമനിധി അനുസരച്ച് പെൻഷനും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും ലഭിക്കേണ്ട ഓരോ അംഗവും അവരുടെ ആദായത്തിൽ നിന്ന് പ്രതിമാസം 10,15,20 രൂപ അംശാദായമായി ക്ഷേനിധിയിലേക്ക് അടയ്ക്കേണ്ടതുണ്ട്. നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല. മുഴുവൻ തൊഴിലാളികൾക്കും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

**ആർട്ടിസാൻ സ്കിൽഡ് വർക്ക് ആൻറ് ഡെത്ത് കം റിട്ടയർമെൻറ് പദ്ധതി**

ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന തൊഴിലാളികൾ പ്രധാനമായും കൈത്തൊഴിൽ ചെയ്യുന്നവരാണ്. 1984-ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾ ഈ മേഖലയിൽ തൊഴിലെടുക്കുന്ന കൂടുതൽ തൊഴിലാളികൾക്ക് ലഭിക്കേണ്ടതുണ്ട്.

**കർഷകതൊഴിലാളി ക്ഷേമനിധി**

ഈ പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 1200 ഓളം പേർ കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഈ ക്ഷേമനിധിയിൽ ചേർന്ന ഓരോ തൊഴിലാളിയും 2 രൂപ പ്രതിമാസം അംശാദായമായി അടക്കേണ്ടതുണ്ട്. ക്ഷേമനിധിയിൽ ചേർന്ന തൊഴിലാളികളുടെ റിട്ടയർമെൻറ് പ്രായം നിശ്ചയിച്ചിരിക്കുന്നത് 60 വയസ്സാണ്. നിരന്തരം കാർഷിക സംബന്ധമായി തൊഴിലുകളിൽ ഏർപ്പെടുന്ന ഒരു തൊഴിലാളിയ്ക്കും 60 വയസു വരെ സ്ഥിരം ജോലി ചെയ്യാൻ ഉതകുന്ന ആരോഗ്യ സ്ഥിതിയല്ല ഉള്ളത്. ആയതിനാൽ ഈ മേഖലയിലെ തൊഴിലാളികളുടെ റിട്ടയർമെൻറ് പ്രായം 55 ആയി കുറക്കേണ്ടതാണ്. ഓരോ തൊഴിലാളിയും അവരവരുടെ അംശാദായം ഇപ്പോൾ നൽകേണ്ടത് തിരുവനന്തപുരത്തുള്ള ക്ഷേമനിധി ഓഫീസിലാണ്. ഇതു മാറ്റി ബാങ്കുകളിലൂടെ അംശാദായം അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

**പൊതുവിതരണം**

പഞ്ചായത്തിലാകെ 18 റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നു. പൊതുവിതരണ രംഗത്ത് മാവേലി സ്റ്റോറുകളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. ഒരു മാവേലി സ്റ്റോറിൻെറ അഭാവം ഈ പഞ്ചായത്ത് പ്രദേശത്ത് ധാരാളം പ്രശ്നങ്ങൾ പൊതുവിതരണ രംഗത്ത് സൃഷ്ടിക്കുന്നു. അവശ്യസാധനങ്ങളുടെ വില കുതിച്ചു കയറുന്നതിന് ഇതു കാരണമാക്കുന്നു. ഓണം, ബക്രീദ് ക്രിസ്തുമസ് തുടങ്ങിയ ആഘോഷ സമയങ്ങളിൽ വില ഗണ്യമായി വർദ്ധിക്കുന്നു. കഴിഞ്ഞ ഓണകാലയളവിൽ അവശ്യസാധനങ്ങളുടെ വിതരണം സഹകരണ ബാങ്ക് മുഖേന നടത്തിയെങ്കിലും ആവശ്യത്തിന് തികയത്തക്കവിധം സാധനങ്ങൾ നൽകാൻ കഴിഞ്ഞില്ല. പഞ്ചായത്തിൽ സഹകരണ ബാങ്കിൻെറ ആഭിമുഖ്യത്തിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിച്ചിരുന്നെങ്കിലും ഇന്ന് ഇവയിൽ ഒരെണ്ണംപോലും പ്രവർത്തിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ശക്തമായ ഒരു പൊതുവിതരണസംവിധാനം അവശ്യസാധനങ്ങളുടെ വിതരണത്തിനായി ഇല്ലാത്തതിനാൽ ശരാശരി വരുമാനക്കാരൻ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ സങ്കീർണ്ണമാണ്.

പഞ്ചായത്തിലെ മുഴുവൻ റേഷൻ ഡിപ്പോകളുടേയും അതുവഴി വിതരണം നടത്തുന്ന സാധനങ്ങളുടേയും വിവരം കാണിക്കുന്ന പട്ടിക ചാർട്ട് (A - 8)-ൽ കൊടുത്തിരിക്കുന്നു.

റേഷൻ ഷോപ്പുകളുമായി ബന്ധപ്പെട്ട് സാധാരണക്കാരന് ഒട്ടനവധി പരാതികൾ ഉണ്ട്. റേഷൻ കടകളിലൂടെ വിതരണം നടത്തപ്പെടുന്ന സാധനങ്ങളുടെ അളവ് തൂക്കം എന്നിവയിൽ വൻ കൃത്രിമങ്ങളാണ് നടക്കുന്നതെന്ന് ഗ്രാമസഭകളാകെ പരാതിപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലുള്ള ഒറ്റ റേഷൻകടപോലും നിയമാനുസൃതമുള്ള ബില്ലുകൾ നൽകാറില്ല. യഥാർത്ഥ ഗുണഭോക്താക്കൾക്കു ലഭിക്കേണ്ട സാധനങ്ങൾ നല്ലൊരു ശതമാനവും കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നതായുള്ള പരാതിയും സജീവമാണ്. ഇത്തരം പരാതികൾ ശാശ്വതമായി പരിഹരിക്കുന്നതിന് റേഷൻ ഷോപ്പുകളുടെ പരിശോധന പഞ്ചായത്ത് നേരിട്ട് നടത്തേണ്ടതാണ്.

പഞ്ചായത്തിൽ റേഷൻ കാർഡ് ഇല്ലാത്ത ധാരാളം കുടുംബങ്ങളുണ്ട്. ഇവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ അടിയന്തിരമായി ശ്രമിക്കേണ്ടതുണ്ട്. റേഷൻ കടകളില്ലാത്ത വാർഡുകളിൽ ആവശ്യമുള്ള സ്ഥലത്ത് റേഷൻ കട അനുവദിക്കേണ്ടതാണ്.

പഞ്ചായത്തിനകത്ത് ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ ഗുണഭോക്താക്കൾക്കു ലഭിക്കത്തക്കവിധം വിപുലീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിനകത്ത് പൊതുജനങ്ങൾ വന്നുപോകുന്ന കവലകളിൽ വെയിറ്റിംഗ് ഷെഡ്, പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ, എന്നിവ നിർമ്മിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ പോസ്റ്റ് ഓഫീസ് സൗകര്യം ലഭ്യമല്ല. അത്തരം പ്രദേശങ്ങളെ കണ്ടെത്തി അവിടങ്ങളിൽ പോസ്റ്റ് ഓഫീസ് സ്ഥാപിക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ തപാൽപെട്ടികൾ സ്ഥാപിക്കുകയും വേണം.

ചാരായ നിരോധനം നിയമം മൂലം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഭരതന്നൂർ മൈലമൂട്, കാക്കാണിക്കര, വട്ടക്കരിക്കകം, തണ്ണിച്ചാൽ പാങ്ങോട്, പുളിക്കര, വെള്ളയംദേശം, പുലിപ്പാറ, മൂന്നുമുക്ക്, തോട്ടുമുക്ക്, ഈട്ടിമുക്ക്, രാമരശ്ശേരി, കണ്ണമ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ വ്യാജമദ്യവില്പന സജീവമാണെന്ന് ഗ്രാമസഭകൾ അറിയിച്ചു. ഇതിനെതിരേ കർക്കശമായ നിലപാടുകൾ എടുക്കേണ്ടതുണ്ട്. ഇത്തരം പ്രദേശങ്ങളിലെ സന്നദ്ധ പ്രവർത്തകർ യഥാക്രമയം. അധികൃതർക്ക് വിവരം നൽകിയും ബോധവത്ക്കരണം നടത്തിയും ഈ സാമൂഹ്യതിന്മയെ ഉന്മൂലനം ചെയ്യേണ്ടതാണ്.

## CHART A-8

| ക്രമ നമ്പർ | സ്ഥലം | വർഷം | കാർഡുടമകളുടെഎണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 95-96 | NE | E | ആകെ | മേജർ (12 വയസിന് മേൽ) | മൈനർ (3-12) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത് | കാർഡ് വഴി വിതരണം ചെയ്തത്(ലി) |
| 1. | പുലിപ്പാറ | | | | | | | | | | | | | | | | | |
| 2. | മരുതമൺ | | | | | | | | | | | | | | | | | |
| 3. | പാങ്ങോട് | ARD 176 | 303 | 189 | 492 | 1989 | 407 | 4385 | 336 | 181 | 5.40 | 28.70 | 119 | ഇല്ല | 8711 | 15 | 2446 | 22254 |
| 4. | പാങ്ങോട് | ARD 169 | 220 | 134 | 354 | 1381 | 314 | 3072 | 290 | 215 | 5.40 | 22.50 | 89 | -- | 6219 | 10 | 1488 | 13412 |
| 5. | പാങ്ങോട് | ARD 174 | 220 | 178 | 398 | 1551 | 330 | 3432 | 319 | 242 | 540 | 19.80 | 101 | -- | 6872 | 11 | 1902 | 16498 |
| 6. | കൊച്ചാലുമൂട് | | | | | | | | | | | | | | | | | |
| 7. | ഹാലുവള്ളി | | | | | | | | | | | | | | | | | |
| 8. | വെള്ളയം ദേശം | ARD 318 | 163 | 23 | 186 | 579 | 115 | 694 | 350.4 | 220 | 10 | 32 | 32.97 | -- | 645.37 | 1 | 20 | 1068 |
| 9. | പുളിക്കര | | | | | | | | | | | | | | | | | |
| 10. | ഠർപ്പവിള | | | | | | | | | | | | | | | | | |
| 11. | ഭരതന്നൂർ | ARD 177 | 314 | 173 | 487 | 1770 | 271 | 2041 | 943 | 305 | 9.90 | 64.80 | 108 | -- | 14307 | 11 | 1721 | 21300 |
| 12. | നെല്ലിക്കുന്ന് | ARD 288 | 378 | 84 | 462 | 1672 | 286 | 1958 | 781 | 261 | 9.90 | 29.10 | 93 | -- | 1174.60 | 6 | 206 | 15 |
| 13. | ഭരതന്നൂർ | ARD 170 | 338 | 171 | 509 | 1855 | 295 | 2150 | 451 | 138 | 2.70 | 15 | 61 | -- | 665.7 | 26 | 26.30 | 13370 |
| 14. | മൈലമൂട് | ARD 295 | 335 | 118 | 453 | 1564 | 310 | 1874 | 1431 | 537 | 6.40 | 25 | 101 | -- | 2099.4 | -- | -- | -- |
| 15. | ജെണ്ടാമുക്ക് | ARD 289 | 245 | 51 | 296 | 1091 | 185 | 1276 | 1113.61 | 13.61 | 4 | 7 | 55 | -- | 29322 | 8 | 96 | 14697 |
| 16. | വട്ടക്കരിക്കകം | ARD 326 | 234 | 61 | 295 | 1174 | 97 | 2445 | | | | | | | | | | |
| 17. | തണ്ണിച്ചാൽ | ARD 357 | 207 | 21 | 228 | 854 | 146 | 1000 | 203.94 | 203.94 | 10 | 10 | 44 | -- | 471.88 | | | |
| 18. | പാകിസ്ഥാന്മുക്ക് | ARR 362 | 124 | 26 | 150 | 579 | 121 | 7.00 | 195 | 48 | 2.70 | 15 | 20 | . | | | | 4800 |

(അവലംബം: റേഷൻകട രേഖകൾ)

# സഹകരണം

1962 ൽ അന്നത്തെ ഗവൺമെൻറ് പഞ്ചായത്തുകൾതോറും സർവീസ് സഹകരണസംഘങ്ങൾ സ്ഥാപിച്ച് പ്രവത്തിപ്പിക്കുവാൻ തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ 30.6.1962 ൽ പാങ്ങോട് സർവ്വീസ് സഹകരണബാങ്ക് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഈ സഹകരണ ബാങ്കിൻെറ സ്ഥാപകനായി കണക്കാക്കാവുന്നത് ദിവംഗതനായ ഹാജി അബ്ദുൽ ഖാദർ റാവുത്തറെയാണ്. ബാങ്കിൻെറ ആദ്യത്തെ പ്രസിഡൻറും അദ്ദേഹം തന്നെയായിരുന്നു. ആദ്യത്തെ ഭരണസമിതിയിൽ പ്രസിഡൻറിനെ കൂടാതെ സർവ്വശ്രീ. എൻ. സൈനുലാബ്ദീൻ, യു. സെയ്നുദീൻ, കെ. സത്യൻ, എം. മുഹമ്മദ് കാസീം, വി. മിഹിരാൻ പണിക്കർ, എൻ. ഗംഗാധരക്കുറുപ്പ് എന്നിവരും അംഗങ്ങളായിരുന്നു. ആദ്യകാലങ്ങളിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ ബാങ്കിന്, 1963-ൽ ശ്രീമാൻ ഇ. എം. ഇസ്മായിൽ പ്രസിഡൻറായിരുന്ന കാലത്താണ് ബാങ്ക് ഇപ്പോാം സ്ഥിതിചെയ്യുന്ന 30 സെൻറ് സ്ഥലം വാങ്ങിയത്. തുടർന്നാണ് ഇന്ന് ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടം നിർമ്മിതമായത്. ഈ ബാങ്കിൻെറ ഓരോഘട്ടത്തിലെയും വളർച്ചയ്ക്ക് നിർലോഭമായ സഹായ സഹകരണങ്ങൾ നൽകിയ പ്രധാനവ്യക്തികളിൽ ഒരാളാണ് ബാങ്കിൻെറ ഇപ്പോഴത്തെ പ്രസിഡൻറായ ശ്രീമാൻ ആർ. കേശവപിള്ള എന്ന കാര്യം എക്കാലവും നന്ദിയോടെ നാം സ്മരിക്കേണ്ടതുണ്ട്. കാർഷികാവശ്യങ്ങൾക്കുള്ള വായ്പകൾ നൽകുന്ന പ്രധാനപ്പെട്ട സഹകരണ സ്ഥാപനം പാങ്ങോട് സർവീസ് സഹകരണബാങ്ക് ആണ്. കൺസ്യൂമർ വിഭാഗത്തിൽ ആരംഭിച്ചിട്ടുള്ള സഹകരണസ്റ്റോറുകൾ മിക്കവയും പ്രവർത്തനരഹിതമാണ്. വിവിധ സ്കൂളുകളിലായി പ്രവർത്തിക്കുന്ന സ്കൂൾ സഹകരണസംഘ ങ്ങൾ ഉണ്ടെങ്കിലും മിക്കവയുടെയും പ്രവർത്തനം പുസ്തകവിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഇവയിൽ ശരിയായ രീതിയിൽ ഒരു പരിധിവരെ പ്രവർത്തിക്കുന്ന ഒന്നാണ് ഭരതന്നൂർ. ഗവ. ഹൈസ്കൂളിലുള്ളത്. ഈ സഹകരണസംഘത്തിലൂടെ പഠനോപകരണങ്ങളും മറ്റ് അത്യാവശ്യസാധനങ്ങളും ന്യായവിലയ്ക്ക് വിതരണം നടത്തപ്പെടുന്നു. പഞ്ചായത്തിൽ ആകെ 5 ക്ഷീരോൽപാദക സഹകരണസംഘങ്ങളാണ് ഉള്ളത്. എക്സ് സർവീസ്മെൻ കോളനിയിലുള്ള ക്ഷീരോൽപ്പാദക സഹകരണസംഘം പ്രവർത്തനരഹിതമാണ്. മറ്റ് നാലു സംഘങ്ങളും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നവയാണ്. ഇതുകൂടാതെ പഞ്ചായത്തിൽ പുഷ്പ-ഫല-പച്ചക്കറി-ഉൽപാദക-സംസ്കരണ-വിപണന സഹകരണസം

ഘവും പ്രവർത്തിക്കുന്നു.

തിരുവനന്തപുരം ജില്ലയിലുള്ള വാമനപുരം ബ്ലോക്കിലെ എട്ട് പഞ്ചായത്തുകൾ പ്രവർത്തന പരിധിയാക്കിക്കൊണ്ട് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഒരു സഹകരണസംഘമാണ് വാമനപുരം പുഷ്പ-ഫല-പച്ചക്കറി-ഉൽപ്പാദന-സംസ്കരണ-വിപണന-സഹകരണസംഘം. വാമനപുരം ബ്ലോക്ക് പ്രദേശത്ത് പച്ചക്കറികൃഷിയേയും പുഷ്പകൃഷിയേും പ്രോത്സാഹിപ്പിക്കുകയും പഴവർഗ്ഗങ്ങളും മറ്റും സംസ്കരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ സംഘത്തിന്റെ ലക്ഷ്യം . ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ അച്ചാർ ഉൽപ്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി എസ്. എസ്. ഐ. രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഓരോ പഞ്ചായത്തിലും ഏകദേശം പതിനയ്യായിരം രൂപ ചെലവ് ചെയ്ത് ആദായകരമായ രീതിയിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നാണ് സംഘത്തിന്റെ വിശ്വാസം. സർക്കാരിന്റെ ധനസഹായം യഥാസമയം ലഭിക്കുകയാണെങ്കിൽ ഈ സംരംഭം കൂടുതൽ വിജയിപ്പിക്കാൻ സാധിക്കുമെന്ന് സംഘാംഗങ്ങൾ പ്രതീക്ഷ പ്രകടിപ്പിക്കുന്നു.

പഞ്ചായത്തിനകത്തുള്ള മറ്റൊരു സഹകരണ സ്ഥാപനമാണ് ഡോ. അംബേദ്കർ ഗ്രാമവ്യവസായ സഹകരണസംഘം. 1992 ൽ ആരംഭിച്ച ഈ സംഘത്തിൽ ആകെ 39 അംഗങ്ങളും 40,000 രൂപ അംഗീകൃത മൂലധനവുമുണ്ട്. മറ്റു പ്രവർത്തനങ്ങളൊന്നും തന്നെ ഈ സഹകരണ സംഘം നടത്തുന്നില്ല.

ആപ്പുപാറ ഗിരിവർഗ്ഗസർവ്വീസ് സഹകരണസംഘം പ്രവർത്തനമാരംഭിച്ചത് 1968-ലാണെങ്കിലും പ്രവർത്തനം വളരെ മാന്ദ്യതയിലാണ്. ഈ സംഘം മുഖാന്തിരം 61,000 രൂപ കാർഷിക വായ്പയായി വിതരണം നടത്തിയിട്ടുണ്ട്. വായ്പാവിതരണം നടത്തുന്നത് മാത്രമാണ് ഈ സംഘത്തിന്റെ ഏകപ്രവർത്തനം

മൈലമൂട് കോട്ടയപ്പൻ കാവ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗിരിവർഗ്ഗസഹകരണസംഘവും വളർച്ചയുടെ കാര്യത്തിൽ ശൈശവദശയിലാണ്.

കാക്കാണിക്കരയിൽ. പ്രവർത്തിക്കന്ന മറ്റൊരു സഹകരണസംഘമാണ് റബ്ബർ പാൽ സംഭരണ സഹകരണസംഘം. റബ്ബർ കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് റബ്ബർപാൽ വാങ്ങി വിപണനം നടത്തുന്ന ഒന്നാണ് ഇത്. ഈ സഹകരണസംഘത്തിന്റേയും പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

1989-ൽ ജവഹർ കോളനിയിൽ ആരംഭിച്ച റബ്ബർ ഉൽപാദക-വിപണന സഹകരണസംഘവും മന്ദിരംമുക്ക് റബ്ബറുൽപാദകസഹകരണസംഘവും റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുവേണ്ടി ആരംഭിച്ചവയാണ്. എന്നാൽ ഇവയുടെ പ്രവർത്തനവും തൃപ്തികരമായ നിലയിലല്ല. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും റബ്ബറുൽപാദക സഹകരണസംഘങ്ങൾ അവ റെയും പ്രവർത്തിക്കുന്നുണ്ട്.

1979 -ൽ ആരംഭിച്ച മരുതന്നൂർ ഹരിജനോദ്ധാരണ സഹകരണ സംഘത്തിൽ ഇപ്പോൾ 1000 അംഗങ്ങളുണ്ട്. ഹരിജനോദ്ധാരണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ ഉദ്ദേശിച്ച നിലവാരം കൈവരി ക്കാൻ ഈ സംഘത്തിന് ഇനി

ഈ പഞ്ചായത്തിലെ സഹകരണമേഖലയിലുള്ള
സ്ഥാപനങ്ങളുടെ പേരുവിവരം കാണിക്കുന്ന പട്ടിക

| സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | ലാഭത്തിലാണോ നഷ്ടത്തി ലാണോ | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1. പാങ്ങോട് സർവീസ് സഹകരണ ബാങ്ക് | 1962 | | 25 ലക്ഷം | | 8349 |
| 2. അംബേദ്കർ ഗ്രാമവ്യവസായ സഹകരണസംഘം | 1992 | 1 | 40,000 | | 39 |
| 3. അടപ്പുപാറ ഗിരിവർഗ്ഗ സർവീസ് സഹകരണ സംഘം | 1958 | 1 | 1ലക്ഷം | | 499 |
| 4. ഗിരിവർഗ്ഗ വ്യവസായ സഹകരണ സംഘം, മൈലമൂട് | | | | | |
| 5. മൈലമൂട് ക്ഷീരോൽ പാദകസഹകരണസംഘം | | 2 | | ലാഭം | 235 |
| 6. ഭരതന്നൂർ ക്ഷീരോ ൽപാദക സഹകരണസംഘം | | | | | |
| 7. പഴവിളക്ഷീരോൽപാദക സഹകരണ സംഘം | 1984 | | | | 258 |
| 8. എക്സ്. കോളനി, ക്ഷീരോൽപാദക സഹകരണസംഘം | പ്രവർത്തനം ഇല്ല | | | | |
| 9. ചക്കമല ക്ഷീരോൽ പാദകസഹകരണസംഘം, വട്ടക്കരിക്കകം | | | | | |
| 10. റബ്ബറുൽപാദക സഹകരണസംഘം കാക്കാണിക്കര | | | | | |
| 11. എക്സ്. കോളനി റബ്ബറുൽപാദക സഹകരണസംഘം | | | | | |
| 12. പുഷ്പഫല പച്ചക്കറി സഹകരണസംഘം | | | | | |
| 13. ഭരതന്നൂർ ഹരിജനോദ്ധാരണ സഹകരണസംഘം | 1978 | 1 | | | 1000 |

അവലംബം: സഹകരണസംഘം രേഖകാം

യും കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്ത് പ്രദേശത്ത് കാർഷിക മേഖലയിൽ വായ്പ നൽകുന്ന പ്രധാന സഹകരണ സ്ഥാപനമാണ് പാങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്. കാർഷിക വായ്പകൾ പ്രധാനമായും രണ്ടു രീതിയിലാണ് ഈ ബാങ്ക് നൽകി വരുന്നത്. ഹ്രസ്വകാല കാർഷിക വായ്പയായി 62,84,325 രൂപയും ഇടക്കാല വായ്പയായി 4,79,193 രൂപയും മറ്റ് കാർഷിക വായ്പകളായി 7,78,712 രൂപയും നൽകിയിട്ടുണ്ട്. ഈ ബാങ്ക്, വീടിൻെറ മേൽക്കൂര ഓടുമേയുന്നതിനായി 2,64,570 രൂപ വായ്പയായി നൽകിയിട്ടുണ്ട്. കച്ചവട ആവശ്യങ്ങൾക്കായി 5,52,790 രൂപ വായ്പ നൽകിയിട്ടുണ്ട്. ഈ സഹകരണ സ്ഥാപനം നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾ ചിട്ടി, വളം വ്യാപാരം, റബ്ബർ വ്യാപാരം എന്നിവയാണ്. ഈ പ്രദേശത്തെ കർഷകരുടെ ആവശ്യാനുസരണം വായ്പ നൽകുന്നതിന് ഫണ്ടിൻെറ അപര്യാപ്തത മൂലം കഴിയാറില്ല. കൃത്യസമയത്ത് വായ്പ തിരിച്ചടയ്ക്കാത്തതും ബാങ്കിൻെറ പുരോഗതിയെ, കാര്യമായി ബാധിക്കുന്നു.

### നിർദ്ദേശങ്ങൾ

ഇന്ന് ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരും പാങ്ങോട് സർവ്വീസ് സഹകരണ ബാങ്കിൽ അംഗങ്ങളല്ല. ആയതിനാൽ എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കേണ്ടതാണ്.

നിക്ഷേപ സമാഹരണം ഊർജ്ജിതമായി നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് കൺസ്യൂമർ വായ്പ, സ്വർണ്ണപണ്ട പണയ വായ്പ, ഭവന നിർമ്മാണ വായ്പ എന്നിവ ഏർപ്പെടുത്തേണ്ടതാണ്. പാങ്ങോട് സഹകരണ ബാങ്കിൽ കർഷകരെ സംബന്ധിച്ച പൂർണ്ണവിവരങ്ങളോടുകൂടിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേയും വായ്പാതുക തിട്ടപ്പെടുത്തുകയും ചെയ്യുക. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്നതിനും നടപടിയെടുക്കേണ്ടതാണ്. വ്യക്തികൾക്കനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതും കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റി ആയി വാങ്ങിക്കൊണ്ട് "കീ ലോൺ " അനുവദിച്ചുകൊടുക്കാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. കൂടാതെ ഉല്പന്നസംഭരണത്തിനായി ആവശ്യമായ ഗോഡൗണുകൾ നിർമ്മിക്കേണ്ടതുണ്ട് പാങ്ങോട് സഹകരണബാങ്കിൻെറ ബ്രാഞ്ചുകൾ, ഭരതന്നൂർ, വട്ടക്കരിക്കകം എന്നിവിടങ്ങൾ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

ക്ഷീരസഹകരണ സംഘങ്ങളിൽ നടപ്പാക്കേണ്ട നിരവധി നിർദ്ദേശങ്ങളും ഗ്രാമസഭയിൽ ഉയർന്നുവന്നു. സംഘങ്ങൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാനുദ്ദേശിക്കുന്ന പാലിൽ, പാങ്ങോട് പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടാക്കുക. അതിനാവശ്യമായ മൂലധനം അനുവദിക്കേണ്ടതാണ്. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കാൻ ക്ഷീരസംഘങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്.

സഹകരണ കൺസ്യൂമർ സ്റ്റോർ സംവിധാനം പുനരുജ്ജീവിപ്പിച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തേണ്ടതാണ്. ഇത്തരത്തിലുള്ള കൺസ്യൂമർ സ്റ്റോറുകൾ പാങ്ങോട്, ഭരതന്നൂർ, തണ്ണിച്ചാൽ, വട്ടക്കരിക്കകം, കാക്കാണിക്കര, മൈലമൂട് എന്നീ സ്ഥലങ്ങളിൽ ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിലുള്ള മുഴുവൻ ഹരിജൻ-ഗിരിജൻ സഹകരണ സംഘങ്ങളുടേയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

കേരളത്തിൻെറ വരുമാനത്തിൻെറ വലിയൊരു ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട, എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്തുതലത്തിൽ രൂപീകരിച്ച് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴി വളർത്തുകയും അതിനാവശ്യമായ മൃ

ഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ റബ്ബർ കഴിഞ്ഞാൽ പ്രധാനവിള നാളികേരമാണ്. നാളികേര ഉല്പാദകർക്ക് ന്യായമായ വില അവരുടെ ഉല്പന്നങ്ങൾക്ക് ലഭ്യമാക്കാൻ നാളികേരവും അനുബന്ധ ഉല്പന്നങ്ങളും സംസ്കരിച്ച് വിപണന വിതരണം നടത്തുന്ന ഒരു സഹകരണസംഘം രൂപീകരിക്കേണ്ടതുണ്ട്.

സഹകരണരംഗത്തിന്റെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ദ്ധ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യാവുന്നതുമാണ്.

പഞ്ചായത്തിൽ ഇതുവരെയും വനിതാ സഹകരണസംഘങ്ങൾ നിലവിലില്ല. ഇത്തരം സഹകരണസംഘങ്ങൾ രൂപീകരിച്ച് റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം തുടങ്ങിയവ ആരംഭിക്കാവുന്നതാണ്. ഇത്തരം സംരംഭങ്ങൾ വനിതകളുടെ തൊഴിലവസരങ്ങളും സ്വാശ്രയത്വവും വർദ്ധിപ്പിക്കുന്നതിനുതകുന്നവയാണ്.

# പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

**1991** ലെ സെൻസസ് കണക്കുകൾ പ്രകാരം ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗ ജനസംഖ്യ 5166 ആണ്. ഇവരിൽ 4351 പേർ പട്ടികജാതിക്കാരും 815 പേർ പട്ടികവർഗ്ഗക്കാരുമാണ്. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പട്ടികജാതിക്കാർ താമസക്കാരാണ്. എന്നാൽ പട്ടികവർഗ്ഗക്കാർ പ്രധാനമായും വസിക്കുന്നത് 5, 6 വാർഡുകളിലാണ്. ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 18.82 ശതമാനമാണ്. പഞ്ചായത്തിലാകെ 22 ഹരിജൻ ഗിരിജൻ കോളനികൾ ഉണ്ട്. പഞ്ചായത്ത് പ്രദേശത്തുള്ള ലക്ഷം വീട് കോളനികൾ ചന്തക്കുന്നിലും പൂളിക്കരക്കുന്നിലുമാണ്. പഞ്ചായത്തിലെ മൊത്തം കോളനികളിൽ 10 എണ്ണം പട്ടികവർഗ്ഗക്കാരുടേതും അവശേഷിക്കുന്നവ പട്ടികജാതിക്കാരുടേതുമാണ്.

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളെക്കുറിച്ചുള്ള വിവരം കാണിക്കുന്ന പട്ടിക ചാർട്ട് (A6).

രണ്ടാം വാർഡിലെ കോളനികളിൽ ഇതുവരെയും പട്ടയം ലഭിച്ചിട്ടില്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. ഈ വാർഡിലെ വൈദ്യുതീകരിക്കേണ്ട കോളനിയിലെ എല്ലാ വീടുകളും അടിയന്തിരമായി വൈദ്യുതീകരിക്കേണ്ടതാണ്. ഏകദേശം 74 കുടുംബങ്ങളുള്ള ചന്തക്കുന്ന് കോളനിയിൽ 16 കുടുംബങ്ങൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. പല അടിസ്ഥാന ഭൗതിക സൗകര്യങ്ങളും ഇതുവരേയും ഈ വാർഡിലെ കോളനികളിൽ ഏർപ്പെടുത്തിയിട്ടില്ല.

ചൂടൽ മൺപുറം, കക്കോട്ടുകുന്ന്, മൈലമൂട് ചെട്ടിയകൊന്ന കയം, അഞ്ചാനക്കുഴിക്കര, കൊച്ചടപ്പുപാറ, ഉതിമൂട് എന്നീ പട്ടിക വർഗ്ഗ കോളനികളിൽ 134 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട് പൂളിക്കരക്കുന്ന് ലക്ഷം വീട് കോളനിയിൽ 15 വീടുകളും ചെല്ലപച്ച ഹരിജൻ കോളനിയിൽ 42 കുടുംബങ്ങളും മൂലപ്പോഴ് പട്ടികജാതി കോളനിയിൽ 28 കുടുംബങ്ങളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഈ കോളനികളിലൊന്നിലും തന്നെ കുടിവെള്ള വിതരണം ശാസ്ത്രീയമായി ആരംഭിച്ചിട്ടില്ല. മതിയായ ആവശ്യത്തിനായി കക്കൂസുകൾ ഇനിയും നിർമ്മിക്കപ്പെട്ടിട്ടില്ല. യഥാർത്ഥത്തിൽ അംഗീകരിച്ചിട്ടുള്ളതിനെക്കാൾ

കുടുംബങ്ങൾ ഓരോ കോളനിപ്രദേശത്തും അനധികൃതമായി ഭൂമി കയ്യേറ്റം നടത്തി കുടിയേറി പാർക്കുന്നതിനാൽ സൃഷ്ടിക്കപ്പെടുന്ന ആരോഗ്യ പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. തുറസായ പ്രദേശങ്ങളിലെ മലമൂത്രവിസർജ്ജനം, കുടിക്കാനും കുളിക്കാനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കും മതിയായ അളവിൽ ജലം ലഭിക്കായ്ക എന്നീ പ്രശ്നങ്ങൾ ഈ പ്രദേശങ്ങളിലെ ജനജീവിതം ദുസഹമാക്കുന്നു. അനധികൃതമായി കുടിയേറിയവരിൽ നല്ലൊരു പങ്കിനും വീടില്ല. വർഷകാലത്ത് ഇത്തരം ഭവനരഹിത കുടുംബങ്ങൾ ഒട്ടേറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരുന്നു. മുൻകാലങ്ങളിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നൽകപ്പെട്ട മിക്ക വീടുകളും ഇന്ന് നിലംപൊത്തിക്കഴിഞ്ഞു.

**വിദ്യാഭ്യാസം**

കോളനിവാസികളിൽ നല്ലൊരു പങ്കും നിരക്ഷരരാണ്. 1990-നു ശേഷം സാക്ഷരതാ പരിപാടിയുടെ പ്രവർത്തനങ്ങൾ തുടർന്നു നടക്കാതിരുന്നതുമൂലം നവസാക്ഷരരിൽ സിംഹഭാഗവും നിരക്ഷരരായി മാറി. ഈ പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളിൽ 845 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരാണ്. ഇവരിൽ 98 കുട്ടികൾ തോറ്റു പഠിക്കുന്നവരാണ്. പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 42 പേർ പഠനം നിർത്തിയവരാണ്. ഈ വിഭാഗത്തിൽപെടുന്ന കുട്ടികളിൽ നല്ലൊരു ശതമാനത്തിനും സ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കുന്നതിനോട് വിമുഖതയാണ്. വിവിധ സ്കൂളുകളിലായി പഠിക്കുന്ന ഈ വിഭാഗം കുട്ടികൾക്ക് ലംസംഗ്രാൻറ് ലഭിക്കുന്നു. എസ്.എസ്എൽ.സി ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം പ്രകടിപ്പിക്കാറില്ല. ഇക്കാര്യത്തിൽ രക്ഷാകർത്താക്കൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പൊതുവേ, SSLC ക്കുപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്.

**തൊഴിൽ**

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ മിക്കവരും കാർഷികമേഖലയിൽ ഉപജീവനം കണ്ടെത്തുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷികമേഖലയിലുള്ള തകർച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളെ കണ്ടെത്തുന്നതിന് ഇവരെ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്തേക്കും ഇഷ്ടികകളിലേക്കും ആണ് എത്തിച്ചേർന്നത്. പുതിയ തൊഴിൽ മേഖല തൃപ്തികരമായ കൂലി ലഭിക്കുന്ന ഒന്നായതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷികമേഖലയിൽ നിന്നും മാറി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന 'നടീൽ', കൊയ്ത്ത് തുടങ്ങിയ ജോലികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ പ്രയാസമാണ്. പരമ്പരാഗത കുടിൽ വ്യവസായമായ വട്ടി, കുട്ട, പായ് എന്നിവയുടെ നെയ്ത്ത് ഇന്ന് നാമമാത്രമാണ്. ഈ തൊഴിലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഈ മേഖലയിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി. ഹരിജൻ ഗിരിജൻ സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കി ഈ വിഭാഗക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകേണ്ടതുണ്ട്.

**പാർപ്പിടം**

കാലാകാലങ്ങളിൽ വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന നിരവധി ഭവന നിർമ്മാണ പദ്ധതികളിലൂടെ ഈ വിഭാഗക്കാർക്ക് ധാരാളം വീടുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഓരോ കോളനികളിലും ഭവന രഹിതരായ ഒട്ടനവധി കുടുംബങ്ങൾ ഉണ്ട്. സർക്കാർ ഏജൻസികൾ വഴി നിർമ്മിച്ചു നൽകിയ വീടുകൾ മിക്കപ്പോഴും ഗുണമേന്മയില്ലാത്തതാണ് എന്നുള്ള പരാതി ഇത്തരക്കാർക്കിടയിൽ വ്യാപകമാണ്. അനുവദിക്കുന്ന തുകയുടെ നല്ലൊരു പങ്കും ഇടത്തട്ടുകാർ കൊണ്ടുപോകുന്നതാണ് ഇതിനുള്ള പ്രധാന കാരണം. വീടു നിർമ്മാണത്തിന് അനുവദിക്കപ്പെടുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ കോളനികളിലും അനധികൃതമായി കുടിൽ കെട്ടി താമസിക്കുന്ന കുടുംബങ്ങളെ സ്വന്തമായി ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ചാൽ മാത്രമേ ഇന്ന് കോളനി പ്രദേശങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഒരു പരിധി വരെ എങ്കിലും പരിഹാരം കാണാൻ കഴിയു.

പല കോളനികളിലും കക്കൂസുകളുടെ എണ്ണം അപര്യാപ്തമാണ്. ഓരോ വീടിനും ഓ

രോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് തുറസായ പ്രദേശങ്ങളിലെ മലമൂത്ര വിസർജ്ജനം തടയേണ്ടതാണ്. ശുദ്ധജലത്തിൻെറ ദൗർലഭ്യം തുറസായ പ്രദേശങ്ങളിലെ മലമൂത്ര വിസർജ്ജനം എന്നിവ ഈ പ്രദേശങ്ങളിൽ പകർച്ച വ്യാധികൾ എളുപ്പത്തിൽ പരത്തുന്നു.

കോളനികളിൽപെടാത്ത ഒട്ടനവധി പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും താമസിക്കുന്നു.

**പ്രശ്നങ്ങൾ**

- വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
- കാർഷികമേഖലയിൽ തൊഴിൽ സാദ്ധ്യത കുറയുന്നു.
- എല്ലാവർക്കും സ്വന്തമായി വീടില്ല.
- കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ ഇല്ല.
- പൊതു ശ്മശാനം ഇല്ല.
- കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
- ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമ വകുപ്പും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

പട്ടികജാതി - വർഗ്ഗത്തിൻെറ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

**നിർദ്ദേശങ്ങൾ**

- കോളനി പ്രദേശങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഇടയിൽ നിലനിൽക്കുന്ന നിരക്ഷരത അടിയന്തിരമായി നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി ഓരോ കോളനിയും കേന്ദ്രമാക്കി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും അവയോടനുബന്ധിച്ച് വിദ്യാഭ്യാസ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുക. ഇത്തരത്തിലുള്ള ബോധവത്ക്കരണം വിദ്യാർത്ഥികൾക്കിടയിൽ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും ഉപരിപഠന താല്പര്യം അവരിൽ ജനിപ്പിക്കുകയും ചെയ്യും. നിലവിലുള്ള ധനസഹായത്തിൻെറ തുക വർദ്ധിപ്പിച്ച് ഉപരിപഠനത്തിനായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കികൊടുക്കേണ്ടതാണ്.
- കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതും ഇത്തരക്കാരുടെ ജീവിതത്തെ കൂടുതൽ ദുസഹമാക്കുന്നുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ചെറുകിട വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകേണ്ടതാണ്. വ്യവസായ പരിശീലനം നൽകേണ്ടതും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കേണ്ടതുമാണ്. വായ്പകൾ യഥാവിധി തന്നെയാണോ വിനിയോഗിക്കപ്പെടുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. സ്ത്രീകൾക്കു തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ നെയ്ത്ത്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കയറുല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.
- സ്വന്തമായി വീടും ഭൂമിയും ഇല്ലാത്ത പട്ടികജാതിക്കാർക്കു പഞ്ചായത്തുവക ഭൂമിയിൽ വീട് നിർമ്മിച്ചു നൽകേണ്ടതുണ്ട്. വീടു നിർമ്മാണത്തിനായി ഇത്തരക്കാർക്കു നൽകുന്ന തുക ദുർവിനിയോഗം ചെയ്യുന്നുണ്ട്. ഇത് കർക്കശമായും നിയന്ത്രിക്കേണ്ടതാണ്.

പഞ്ചായത്തിലെ മിക്ക കോളനികളിലും വൈദ്യുതി, കുടിവെള്ളം എന്നിവയുടെ ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ ചില കോളനികളിൽ നാമമാത്രമായി വൈദ്യുതീകരണം നടന്നതൊഴിച്ചാൽ മിക്ക വീടുകളും ഇന്നും വൈദ്യുതി ലഭിക്കാത്തവയാണ്. കുടിവെള്ളം-ലഭ്യതയ്ക്കായി പഞ്ചായത്ത് ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ ഉപയോഗശൂന്യമാണ്. ശാസ്ത്രീയമായ ജലവിതരണ സമ്പ്രദായം കോളനികളിൽ ഒന്നിലും നിലവിലില്ല. നിലവിലുള്ള ഉപയോഗശൂന്യമായ കിണറുകളും കുഴൽ

- കിണറുകളും ഉപയോഗക്ഷമമാക്കുകയും പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം ഏർപ്പെടുത്തുകയും വേണം.
- പഞ്ചായത്തിനകത്ത് ഒരു പൊതു ശ്മശാനം ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുന്നത് കോളനിവാസികളായ ജനങ്ങളാണ്. ആയതിനാൽ പഞ്ചായത്തിനകത്ത് സൗകര്യപ്രദമായ സ്ഥലത്ത് ഒരു പൊതു ശ്മശാനം അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്. ഇതോടൊപ്പം കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് അവ നൽകുകയും വേണം.
- കോളനി പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്കു ലഭിക്കുന്ന ആരോഗ്യ സംരക്ഷണ സംവിധാനം തികച്ചും അപര്യാപ്തമാണ്. പകർച്ചവ്യാധികളും മറ്റു സാംക്രമിക രോഗങ്ങളും എളുപ്പത്തിൽ വ്യാപിക്കാറുള്ള ഇത്തരം പ്രദേശങ്ങളിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.
- അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗക്കാർക്ക് ഇന്ന് സർക്കാർ ഏജൻസികളായ പട്ടികജാതി വികസന വകുപ്പും ഹരിജൻ കോർപ്പറേഷനും നൽകിവരുന്ന വായ്പകളും ധനസഹായവും ലക്ഷ്യത്തിലെത്തക്കവണ്ണം നടപ്പിലാക്കേണ്ടതുണ്ട്.
- പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്ര ഗുണഭോക്താക്കൾക്കു ലഭിക്കുന്നില്ല എന്നത് വിവിധ ഗ്രാമസഭകൾ ചൂടോടെ ചർച്ച ചെയ്ത ഒരു വിഷയമാണ്. ഇതിനായി ഹരിജനക്ഷേമ വകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനായി ഒരു ഗൈഡൻസ് സെൽ പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടതുണ്ട്. ഈ സെല്ലിലൂടെ ഗുണഭോക്താക്കളെ വേണ്ടത്ര ബോധവത്ക്കരിക്കാനും അതിലൂടെ ലക്ഷ്യപ്രാപ്തിയിലെത്താനും അവരെ സഹായിക്കാൻ കഴിയും.
- അംബദ്കർ കോളനിയിലെ 12 കുടുംബങ്ങളെ ജനറൽ വാർഡായ 9-ൽ ഉൾപ്പെടുത്തിയിരിക്കുന്നതു കാരണം പ്രസ്തുത കുടുംബങ്ങൾക്ക് സംവരണവാർഡായ 7-ൽ ലഭിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. ആയതിനാൽ അടിയന്തിരമായി ഈ 12 കുടുംബങ്ങളെ 7-ാം വാർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

  അഞ്ചാനക്കുഴിക്കര പട്ടികവർഗ്ഗ കോളനി IHDP കോളനിയുടെ പരിധിയിൽപെടുത്തുക. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വീടു പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശയില്ലാത്ത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക. 4 സെൻറ് കോളനികളിലും ലക്ഷം വീട് കോളനികളിലും വീടു പുതുക്കി പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക. 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക. ബോധവത്ക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി.സെറ്റുകൾ സ്ഥാപിക്കുകയും നിലവിലുള്ള കേടായ ടി.വി.സെറ്റുകളെ അറ്റകുറ്റ പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക. കോളനി പ്രദേശങ്ങളിലെ ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുക. പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിൽ പ്രോത്സാഹനം നൽകുന്നതിന് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.
- ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണ ധനസഹായം 1992-93 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 60% ഗുണഭോക്താക്കളും പട്ടികജാതി പട്ടിക വർഗ്ഗക്കാരാണ്. നടപ്പുവർഷത്തിൽ ഈ പദ്ധതി അനുസരിച്ചുള്ള ധനസഹായം 22000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദശലക്ഷം കിണർ പദ്ധതിയനുസരിച്ച് ജലസേചനത്തിനാവശ്യമായ കിണർ, കുളം, തുടങ്ങിയവയുടെ നിർമ്മാണത്തിനും മണ്ണൊലിപ്പു തടഞ്ഞ് മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 20 ലധികം ആൾക്കാർക്ക് ഗുണം ലഭിച്ചിട്ടുണ്ട്. റബ്ബർ കൃഷി കോളനി പ്രദേശങ്ങളിൽ പരിപോഷിപ്പിക്കുന്നതിനായി നിരവധി പദ്ധതികളും ഗവൺമെൻറ് നടപ്പിലാക്കി വരുന്നു.

# സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി

സാമൂഹ്യപ്രവർത്തനമേഖലകളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം തീരെ ഇല്ലായിരുന്നു. സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് കല്ലറ-പാങ്ങോട് കേന്ദ്രീകരിച്ചുനടന്ന പ്രക്ഷോഭത്തിൽ സ്ത്രീ പങ്കാളിത്തം അല്പം പോലും ഉണ്ടായിരുന്നില്ല. അക്കാലത്ത് വിദ്യാഭ്യാസപരമായി സ്ത്രീകൾ വളരെ പിന്നിലായിരുന്നു. സവർണ്ണരും സമ്പന്നരുമായ പെൺകുട്ടികളിൽ ചിലർ മാത്രമായിരുന്നു വിദ്യാഭ്യാസം നേടിയിരുന്നത്. അക്കാലത്ത് മുസ്ലീം സമുദായത്തിൽ സ്ത്രീകൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കമായിരുന്നു. അന്ന് സ്ക്കൂൾ വിദ്യാഭ്യാസം നേടിയിരുന്ന സ്ത്രീകൾ തന്നെ ഉന്നതവിദ്യാഭ്യാസത്തിന് വിമുഖത കാണിച്ചിരുന്നു. 1991 ലെ സെൻസസ് പ്രകാരം പാങ്ങോട് പഞ്ചായത്തില മൊത്തം സ്ത്രീജനസംഖ്യ 14157 ആണ്. ഇത് പുരുഷന്മാരുടെ ജനസംഖ്യയെക്കാൾ 876 എണ്ണം കൂടുതലാണ്. സ്ത്രീജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സത്രീകൾക്കു സമൂഹത്തിൽ ഉന്നത സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. 1991 ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് 6 വയസ്സിനു താഴെയുള്ള ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടെ എണ്ണത്തെക്കൾ കൂടുതലാണ്.

തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കന്ന പട്ടിക (91 ലെ സെൻസസ് പ്രകാരം) താഴെക്കൊടുത്തിരിക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകർ | 216 | 1414 |
| കർഷക തൊഴിലാളി | 1123 | 2965 |
| മൃഗ സംരക്ഷണം | 336 | 295 |
| ചെറുകിട വ്യവസായം | 83 | 253 |
| കെട്ടിട നിർമ്മാണം | 216 | 269 |
| ഗതാഗതം, വാർത്താ വിനിമയം | 20 | 234 |
| വ്യാപാരം | 80 | 469 |
| മറ്റുള്ളവ | 250 | 544 |

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായ സാഹചര്യങ്ങളാണ് നിലനിൽക്കുന്നത് എന്നാണ് ഈ പട്ടിക കാണിക്കുന്നത്. തൊഴിൽ മേഖലയിൽ സ്ത്രീകൾ നേരിണ്ടേിവരുന്ന അവഗണന അവസാനിപ്പിക്കേണ്ടതുണ്ട്. ഇതി

നായി ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവ സ്ത്രീകൾക്കുവേണ്ടി പഞ്ചായത്തിലാകമാനം ആരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന പല മഹിളാസമാജങ്ങളുടെയും പ്രവർത്തനം ഇപ്പോൾ നിർജ്ജീവമാണ്.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കന്ന പ്രധാന മഹിളാസമാജങ്ങളാണ് ലെനിൻ മെമ്മോറിയൽ മഹിളാസമാജം വാഴത്തോപ്പുപച്ച, പഴവിളയിലെ മൈത്രീ മഹിളാസമാജം, വലിയ വയലിലെ മഹിളാ സ്വസ്ത്സംഘ്, ആമത്തറ മഹിളാസമാജം (നവജീവൻ), പുലിപ്പാറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഉഷസ് മഹിളാസമാജം, അഞ്ചാനക്കുഴിക്കര പ്രവർത്തിക്കുന്ന മഹിളാസ്വസ്ത് സംഘ്, ഭരതന്നൂർ അംബേദ്ക്കർ കോളനിയിലെ മഹിളാസമാജം എന്നിവ ഈ മഹിളാസമാജങ്ങളിൽ മിക്കവയുടെയും ആഭിമുഖ്യത്തിൽ ധാരാളം സന്നദ്ധപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനത്തിന്റെ ഫലം ലഭിക്കന്ന ഗുണഭോക്താക്കളുടെ എണ്ണം വളരെക്കുറവാണ്. ഇത്തരത്തിലുള്ള സമാജങ്ങൾ അവയുടെ പ്രവർത്തന മണ്ഡലം വിപുലീകരിച്ച് കൂടുതൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. പഞ്ചായത്തിൽ നിരവധി DWCRA യൂണിറ്റുകൾ പ്രർത്തിക്കുന്നുണ്ട്.

സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിൽ ആൺകുട്ടികൾ മുന്നിലാണെങ്കിലും പഠനപരിശീലനത്തിൽ അവർ പെൺകുട്ടികളുടെ പിന്നിലാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവാണെന്ന് കാണാം.

സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ പൊതുവിൽ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിൽ 1990 ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായകമായിട്ടുണ്ട്.

1991 ലെ കനേഷുമാരിക്കണക്കുകൾ വെളിവാക്കുന്നത് വീടുപണികൾക്കിടയിൽ ആടുമാടുകളെ നോക്കുക തുടങ്ങി മറ്റ് നാനാവിധപണികൾ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണെന്നതാണ്. താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങളിൽ ഗൃഹനാഥനോടൊപ്പം കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനായി വീട്ടമ്മമാർ പശു, ആട്, കോഴി എന്നിവയെ വളർത്തുന്നു. ഇങ്ങനെ സ്ത്രീകൾ സമ്പാദിക്കുന്ന വരുമാനം ഇത്തരം കുടുംബാംഗങ്ങളുടെ ബജറ്റിലെ ഗണ്യമായ സ്വാധീനഘടകമാണ്.

സ്ത്രീകൾ കുടുംബനാഥകളായിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനു കാരണം ഗ്രാമസഭകളിൽ ഇക്കാര്യത്തെ സംബന്ധിച്ച ഫലപ്രദമായ ചർച്ചകൾ നടന്നിട്ടില്ല എന്നതാണ്.

ഈ പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം 120 ആണ്. അർഹരായ ധാരാളം പേർക്ക് ഇനിയും വിധവാ പെൻഷൻ ലഭിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

- സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
- തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനങ്ങൾ നിലനിൽക്കുന്നു.
- പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ
- സ്ത്രീധനം തുടങ്ങിയ സാമൂഹ്യവിപത്തുകൾ നിലനിൽക്കുന്നു.
- സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ കടന്നുവരുന്നില്ല.
- സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക ഞെരുക്കം.
- തൊഴിൽ പരിശീലനത്തിൻ വേണ്ടത്ര സൗകര്യങ്ങൾ ലഭിക്കായ്ക.

## സാദ്ധ്യതകൾ

സാമൂഹ്യരംഗത്തും പെതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പക്കാൻ അവർക്കായി പ്രത്യേക പരിശീലനപരിപാടികാം സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെത്തന്നെ ഇതിന്റെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ-സാമൂഹ്യസംഘടനകൾ ശ്രദ്ധിക്കണം. വനിതകൾക്കുമാത്രമായുള്ള സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റടുത്തു നടത്തിപ്പിക്കുവാനുള്ള സഹായം ചെയ്യുകയും വേണം. മാതൃസംഗമങ്ങളിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ കഴിയും.

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണസംരംഭങ്ങളും ആരംഭിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളെ സംസ്കരിച്ച് പുതിയ ഉൽപ്പന്നങ്ങളാക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ത്രീകൾക്കായി ആരംഭിക്കാവുന്നതാണ്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണമേഖലയിൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഏറെയാണ്. ഓരോ വീടിന്റെയും അടുക്കളത്തോട്ടങ്ങളിൽ പച്ചക്കറി നട്ടുപിടിപ്പിക്കുന്നതിന് സ്ത്രീകൾക്ക് നേതൃത്വം നൽകാനാകും. ഓരോ വാർഡുകളിലെയും നിർദ്ധനരായ യുവതികളെ കണ്ടെത്തി കോഴിക്കുഞ്ഞുങ്ങൾ, ആട് എന്നിവ വിതരണം നടത്തിയാൽ തൊഴിലവസരങ്ങളോടൊപ്പം മുട്ടയുടെയും മാംസത്തിന്റെയും ലഭ്യതയും വർദ്ധിപ്പിക്കാൻ സാധിക്കും. ഇതോടൊപ്പം തയ്യൽ പരിശീലനം സിദ്ധിച്ചിട്ടുള്ള നിർദ്ധനരായ യുവതികൾക്ക് സൗജന്യനിരക്കിൽ തയ്യൽ മെഷീനുകൾ വിതരണം നടത്തിയാൽ സ്ത്രീകളിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകരങ്ങൾ പഞ്ചായത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലെങ്കിലും ഏർപ്പെടുത്തേണ്ടതുണ്ട്.

സാമൂഹികവും സാംസ്കാരികവുമായി നാം ഒരുപാട് മുന്നോട്ടുപോയെങ്കിലും സമൂഹത്തിൽ ഇപ്പോഴും ചില തിന്മകൾ നിലനിൽക്കുന്നു. അവയിലൊന്ന് സ്ത്രീധനസമ്പ്രദായമാണ്. ഇത്തരം പുഴുക്കുത്തുകൾ സമൂഹത്തിൽ നിന്ന് പാടെ തുടച്ചുനീക്കിയാൽ മാത്രമേ സ്ത്രീയുടെ സമൂഹത്തിലുള്ള സ്ഥാനവും മാന്യതയും ഉയർത്തിപ്പിടിക്കാനാകൂ.

സേവനസന്നദ്ധതയും ആത്മധൈര്യവുമുള്ള വനിതായൂണിറ്റുകൾ ധാരാളമുള്ള പാഞ്ചായത്താണ് നമ്മുടേത്. ആയതിനാൽ ഓരോ വാർഡുകളിലും ഇത്തരത്തിലുള്ള വനിതകളെ കണ്ടെത്തി മതിയായ സാമ്പത്തിക സഹായം നൽകി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായിക്കേണ്ടതാണ്.

നിലവിലുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുകയും അവ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിക്കുകയും വേണം.

# വനം

വടകരദേശം 60 വർഷങ്ങൾക്കുമുമ്പ് പാങ്ങോട് പഞ്ചായത്തിൻെറ ഭൂവിസ്തൃതിയിൽ സിംഹഭാഗവും നിബിഡവനങ്ങളായിരുന്നു. അക്കാലത്ത് ഭരതന്നൂരിൽ നിന്ന് കിഴക്കോട്ടുള്ള പ്രദേശങ്ങൾ മുഴുവൻ വനമായിരുന്നു. അന്നുണ്ടായിരുന്ന മലയോരങ്ങളിലൂടെ കുളത്തൂപ്പുഴ, തെന്മല, അച്ചൻകോവിൽ, എന്നീ പ്രദേശങ്ങളുമായി ബന്ധപ്പെടാവുന്ന മലമ്പാതകൾ ഉണ്ടായിരുന്നു. കിഴക്കൻമലകളുടെ സാമീപ്യസമ്പർക്കം ഈ പ്രദേശത്തിൻെറ കാലാവസ്ഥയിലും ജനങ്ങളുടെ ജീവിതചര്യകളിലും ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്.

വനപ്രദേശത്തിൻെറ വിസ്തൃതി 1970 കളോടെയാണ് ഗണ്യമായി കുറഞ്ഞത്. കുമ്മിൾ ആരമ്പിൾ ലാൻറ് എന്നറിയപ്പെടുന്ന, ഈ പഞ്ചായത്തിലെ കിഴക്കൻ വന പ്രദേശങ്ങൾ 70-71 ൽ റവന്യൂ വകുപ്പ് പതിച്ചുനൽകി, ഇതോടെ ഈ പഞ്ചായത്തിലുള്ള വനത്തിൻെറ വിസ്തൃതി 971.87 ഹെക്ടർ ആയി ചുരുങ്ങി.

വനവിഭവങ്ങൾക്ക് വളരെ പണ്ടുമുതൽക്കുതന്നെ പ്രശസ്തിയാർജിച്ച ഒരു ദേശമായിരുന്നു ഇവിടം. വനഭൂമിയുടെ വിസ്തൃതിയിലുണ്ടായ കുറവ് ഈ മലയോരഗ്രാമത്തിലെ ജനജീവിതത്തെ ഒട്ടൊന്നുമല്ല ബാധിച്ചത്. ഈ ദേശത്തിൻെറ സമ്പദ്‌വ്യവസ്ഥ, പരിസ്ഥിതി, തൊഴിൽ ബന്ധങ്ങൾ, എന്നിവയിൽ സമൂലമായ മാറ്റം മറിച്ചിലുകൾ ഉണ്ടായി. വനത്തെ ആശ്രയിച്ചു ജീവിച്ചിരുന്നവരുടെ തൊഴിലും ആദായ മാർഗ്ഗവും ഇല്ലാതായി. കിഴക്കൻമലകളുടെ സാമീപ്യം ഈ പ്രദേശത്തിൻെറ കാലാവസ്ഥയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കാർഷികമേഖലയെ സംരക്ഷിച്ചിരുന്നു. വനപ്രദേശത്തിൻെറ വിസ്തൃതി കുറഞ്ഞപ്പോൾ കാലാവസ്ഥയിലുണ്ടായ പ്രവചനാതീതമായ മാറ്റം കാർഷികമേഖലയിൽ ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കി. വനങ്ങൾ നിലനിർത്തിയിരുന്ന പാരിസ്ഥിതിക സംതുലിതാവസ്ഥ അപ്പാടെ തകിടം മറിഞ്ഞു.

ഈ പഞ്ചായത്തിലുള്ള വനപ്രദേശം 5, 8, എന്നീ വാർഡുകളിലാണ്. ഈ വനപ്രദേശത്ത് വളരുന്ന സംരക്ഷിത വൃക്ഷങ്ങൾ പ്രധാനമായും യൂക്കാലിപ്റ്റസ്, ആഞ്ഞിലി, തേക്ക് എന്നിവയാണ്. വനപ്രദേശങ്ങളിൽ സംരക്ഷിക്കപ്പെടുന്ന യൂക്കാലിപ്റ്റസ് മരങ്ങൾ അവ വളരുന്ന ഇടങ്ങൾ മാത്രമല്ല, സമീപത്തുള്ള കൃഷിയിടങ്ങളെയും ഊഷരമാക്കുന്നു.

ഈ പഞ്ചായത്തിലെ വനപ്രദേശങ്ങളിൽ വളരുന്ന വൻവൃക്ഷങ്ങൾ ഈട്ടി, തേക്ക്, മരുത്, തേമ്പാവ്, ആഞ്ഞിലി, കമ്പകം എന്നിവയാണ്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ക്ഷേത്രങ്ങളോടനുബന്ധിച്ച് നിലവിലുള്ള മുഴുവൻ കാവുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഈ കാവുകൾ സംരക്ഷിക്കപ്പെട്ടാൽ പഞ്ചായത്ത് പ്രദേശത്തിൻെറ കാലാവസ്ഥയും പരിസ്ഥിതിയും സംതുലിതമാക്കാൻ ഒരു പരിധി വരെ സഹായിക്കും.

ഈ പഞ്ചായത്ത് പ്രദേശത്ത് ഉള്ള വനങ്ങളിൽ കാണപ്പെടുന്ന പ്രധാനമൃഗങ്ങൾ, കുരങ്ങ്, പന്നി, കുറുനരി, മുയൽ, മുള്ളൻപന്നി, കീരി, കാട്ടുപൂച്ച, വെരുക്, മലയണ്ണാൻ തുടങ്ങിയവയാണ്. ഈ പ്രദേശങ്ങളിൽ കാണപ്പെടുന്ന പക്ഷികൾ കുളക്കോഴി വാവൽ, കാട്ടുകോഴി, തുടങ്ങിയവയാണ്.

ഈ പഞ്ചായത്തിൻെറ 5ഉം 8 ഉം വാർഡുകളിൽ ഉള്ള ആദിവാസികൾ, ഒരു പരിധിവരെ തങ്ങളുടെ ദൈനംദിനജീവിതത്തിൽ വനങ്ങളെ ആശ്രയിക്കുന്നു. എന്നാൽ പണ്ട് വനങ്ങളിൽ നിന്നും ലഭിച്ചിരുന്ന തേൻ തുടങ്ങിയ വിഭവങ്ങൾ ഇപ്പോൾ ലഭിക്കാറില്ല.

വനവിസ്തൃതി ഗണ്യമായി കുറഞ്ഞ ഈ പഞ്ചായത്ത് പ്രദേശത്ത് സാമൂഹ്യവനവൽകരണത്തിന് പ്രസക്തി ഏറെയുണ്ട്. സാമൂഹ്യവനവൽക്കരണത്തിനായി പഞ്ചായത്തിൽ നിലവിലുള്ള പരിപാടികൾ കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. അതോടൊപ്പം സന്നദ്ധപ്രവർത്തകരുടെ സേവനവും ഈ രംഗത്ത് വേണ്ടുവോളം ഉപയോഗിക്കാവുന്നതാണ്. സാമൂഹ്യവനവൽക്കരണത്തിനായി തെരഞ്ഞെടുക്ക

പ്പെടുന്ന തൈകൾ മാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളുടേതായിരുന്നാൽ മാങ്ങ, പുളി എന്നിവയുടെ ദൗർലഭ്യം കുറയ്ക്കാനും പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

നിലവിലുള്ള വനപ്രദേശങ്ങൾ പലപ്പോഴും കാട്ടുതീയിൽപ്പെടുന്നുണ്ട്. ഇതോടൊപ്പം വനപ്രദേശത്തിൻെറ ഭൂവിസ്തൃതി കുറയുന്നതിന് കൈയ്യേറ്റവും കാരണമാകുന്നു.

കാട്ടുതീമൂലം വനം നശിക്കുന്നത് തടയുന്നതിനായി പ്രാദേശിക ജനവിഭാഗങ്ങൾ പ്രത്യേകം ശുഷ്കാന്തി കാണിക്കേണ്ടതുണ്ട്. മണ്ണൊലിപ്പ് കൂടുതലുള്ള പ്രദേശങ്ങളിൽ, പഞ്ചായത്തുവക ഭൂമിയിലും സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിലും സാമൂഹ്യവനവൽക്കരണത്തിൻെറ ഭാഗമായി കൂടുതൽ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കേണ്ടതാണ്. വനം കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ബന്ധപ്പെട്ട അധികൃതരെ അറിയിക്കാനുള്ള സംവിധാനം പ്രാദേശികാടിസ്ഥാനത്തിൽ തന്നെ സന്നദ്ധപ്രവർത്തകർ ഉണ്ടാക്കേണ്ടതുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് പൊതുവായി നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവയിൽ ചിലത് നിയന്ത്രണാതീതമായ നിലയിൽ കണ്ടുവരുന്ന മണലൂറ്റ്, നിലം നികത്തൽ, നെൽവയലുകളെ ഇഷ്ടികകളങ്ങളാക്കൽ, എന്നിവയാണ്. ഇത്തരം പ്രശ്നങ്ങളെ അർഹമായ ഗൗരവത്തോടെ കാണുകയും നിലവിലുള്ള നിയമങ്ങൾ കർക്കശമായി നടപ്പിലാക്കി നിരുത്സാഹപ്പെടുത്തുകയും വേണം. ഇതിനായി ഓരോ പ്രദേശങ്ങളിലേയും സന്നദ്ധപ്രവർത്തകർ കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്.

# വിഭവ സമാഹരണം

വ്യാവസായിക മേഖലയിലെ മുരടിപ്പാണ് നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും വലിയ ശാപം. ഇതിനുള്ള കാരണങ്ങൾ പ്രധാനമായും രണ്ടാണ്. ഒന്ന്, ഈ പഞ്ചായത്തിൽ വൻവ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. രണ്ട്, ചെറുകിട വ്യവസായങ്ങൾ നാമമാത്രമാണ്. ആയതിനാൽ ഈ രണ്ട് രംഗങ്ങളിലും നമുക്ക് ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ യഥാസമയത്ത് ധനസഹായം ലഭിക്കായ്ക, അഥവാ ബാങ്കുകൾ വായ്പാ നൽകിയാൽ തന്നെ വൈദ്യുതി കണക്ഷൻ കിട്ടാനും, കിട്ടിയാൽ ലോഡ് ഷെഡ്ഡിംഗ് തുടങ്ങിയ പ്രശ്നങ്ങളും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിൽ നിന്നും സാധാരണക്കാരനെ പിന്നോട്ടു വലിക്കുന്ന പ്രധാന ഘടകങ്ങളും. ഇത് പരിഹരിക്കാതെ ഈ രംഗത്ത് വിഭവ സമാഹരണത്തിനുള്ള സാദ്ധ്യത വളരെ കുറവാണ്.

കാർഷിക രംഗത്തുള്ള വളർച്ചയുടെ തോത് അനുദിനം കുറഞ്ഞു കൊണ്ടിരിക്കയാണ്. ഏകദേശം മുന്നിൽ രണ്ടുഭാഗം ജനങ്ങളും പ്രധാനമായും ആശ്രയിക്കുന്ന കാർഷിക മേഖലയിലെ നെൽവയലുകൾ നികത്തപ്പെട്ടു താമസസ്ഥലങ്ങളായി മാറുന്നു. ഉല്പാദന ക്ഷമത ക്രമാതീതമായി കുറഞ്ഞു വരുന്നു. ജൈവവളം ഉപഭോഗം വർദ്ധിപ്പിച്ചു രാസവളപ്രയോഗമുണ്ടാകുന്ന ദോഷഫലങ്ങൾ ഇല്ലാതാക്കേണ്ടതുണ്ട്. ജൈവവള പ്രയോഗത്തിന്റെ പ്രസക്തി പാടശേഖര സമിതികളുടെ സഹായത്തോടെ സാധാരണ കർഷകരെ ബോധ്യപ്പെടുത്തണം. സാധാരണ കർഷകന് ഒരിക്കലും താങ്ങാനാവാത്ത കൃഷിചെലവ് നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. കൃഷി ചെലവ് കുറയ്ക്കതുനുള്ള ശക്തമായ സംവിധാനം ഉണ്ടാകാത്ത പക്ഷം ഈ സ്ഥിതിക്ക് മാറ്റം വരുത്താൻ കഴിയില്ല.

കൃഷി ചെയ്യുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കുന്ന മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാതെ, ഈ രംഗത്ത് വിഭവസമാഹരണം സാധ്യമല്ല. വ്യാവസായിക കാർഷികാദി മേഖലകളിൽ പഞ്ചായത്തുകൾക്ക് ഇടപെടാനുള്ള അധികാരം ലഭിച്ചാൽ മാത്രമേ ഈ രംഗത്ത് ഇന്നുള്ള മുരടിപ്പ് ഒരു പരിധിവരെയെങ്കിലും മാറ്റാനാകൂ.

## പഞ്ചായത്തിൻെറ വരുമാനത്തിൻെറ വിവരങ്ങൾ

പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൽ തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദനികുതി, മറ്റു നികുതികൾ എന്നിവ ചേർന്നുള്ള തനതു വരുമാനവും മററു വരുമാനവും (ഗവ. ഗ്രാൻറ് ഒഴികെയുള്ള) കാണിക്കുന്ന പട്ടിക താഴെകൊടുക്കുന്നു.

| വർഷം | തനത് വരുമാനം | മറ്റു വരുമാനം (ഗ്രാൻറുകൾ ഒഴികെ) |
|---|---|---|
| 1992-93 | 2,43,230.00 | 1,46,164.70 |
| 1993-94 | 2,29,753.00 | 3,02,927.00 |
| 1994-95 | 4,16,228.95 | 2,05,222.00 |

അവലംബം: പഞ്ചായത്ത് ഓഫീസ് രേഖകൾ

## കെട്ടിട നികുതി

പഞ്ചായത്തിൽ നിലവിലുള്ള കെട്ടിട നികുതി ശാസ്ത്രീയമായി പുനർ നിർണയിക്കേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള നികുതി ചുമത്തുന്ന രീതി പ്രധാനമായും കെട്ടിടത്തിൻെറ തറ വിസ്തീർണ്ണം മാത്രം കണക്കിലെടുത്താണ്. ഇതിനോടൊപ്പം ഓരോ കെട്ടിടത്തിലെയും ആഢംബരത്വവും വീട്ടുസാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കേണ്ടതുണ്ട്. ഇത്തരത്തിൽ നികുതി നിർണ്ണയിച്ചാൽ വരുമാനം വർദ്ധിപ്പിക്കാനാകും. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തേണ്ടതാണ്. വീടു നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാക്കാൻ, നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്കരിക്കുക. വീട് അസസ് ചെയ്ത രീതി എങ്ങനെയെന്ന് ഉദ്യോഗസ്ഥന്മാർ വീട്ടുടമയെ ബോധ്യപ്പെടുത്തേണ്ടതാണ്. ഈ രംഗത്തുണ്ടാകുന്ന അഴിമതി കുറയ്ക്കാൻ ഒരു അസസ്മെൻറ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. കെട്ടിട നികുതി യഥാസമയത്ത് നൽകുന്നതിന് ഓരോ കെട്ടിട ഉടമയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഓരോ വാർഡിൽ നിന്നും പിരിച്ചെടുക്കേണ്ട കെട്ടിട നികുതിയെ സംബന്ധിക്കുന്ന വിവരം കാണിക്കുന്ന പട്ടിക**

| വാർഡ് | അസസ്മെൻറ് തുക | പിരിച്ചെടുത്ത തുക | ബാക്കിതുക |
|---|---|---|---|
| I | 13071.00 | 7145.70 | 5925.30 |
| II | 10112.40 | 5105.4 | 5007 |
| III | 52963.60 | 22085 | 30878.5 |
| IV | 15365.3 | 6233.9 | 9131.4 |
| V | 5812.8 | 2917.7 | 2895.1 |
| VI | 13795.8 | 7110.9 | 6684.9 |
| VII | 27696.9 | 6112.7 | 21584.2 |
| VIII | 27737.00 | 2479.6 | 25257.4 |
| IX | 5376.00 | 1835.6 | 3540.4 |
| X | 7014.20 | 4410.10 | 2604.10 |
| XI | 3290.3 | 1435.3 | 1855.00 |
| മൊത്തം | 182235.2 | 66871.9 | 115363.3 |

അവലംബം: പഞ്ചായത്ത് ഓഫീസ് രേഖകൾ

തനതുവരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്തുകളിലൊന്നാണ് നമ്മുടേത്. തനതു വരുമാന മാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കെട്ടിട നികുതി. മേൽക്കാണിച്ചിരിക്കുന്ന

പട്ടിക സൂചിപ്പിക്കുന്നത് മൊത്തമുള്ള കെട്ടിടനികുതിയിൽ ഏകദേശം 36.69% മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നതാണ്. 1988 മുതൽ ഉള്ള കെട്ടിട നികുതി കുടിശ്ശികയാണ് ഇത്. ഇത്തരത്തിലുള്ള ഗുരുതരമായ അനാസ്ഥകൾ പരിഹരിക്കാതെ നമുക്ക് ഒരിക്കലും വികസനത്തിൻെറ പാതയിലൂടെ മുന്നോട്ടുപോകാൻ സാധ്യമല്ല. നികുതി പിരിക്കുന്നത് ഉദ്യോഗസ്ഥന്മാരുടെ മാത്രം ജോലിയാണെന്ന ധാരണ മാറണം. ഉദ്യോഗസ്ഥന്മാരെ നികുതിപിരിവിൽ അതത് വാർഡു മെമ്പർമാർക്കും സന്നദ്ധ പ്രവർത്തകർക്കും ഗണ്യമായ രീതിയിൽ സഹായിക്കാനാകും.

നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. വർഷങ്ങളായുള്ള നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ഓരോ വർഡിലും നികുതി പിരിക്കുന്ന ദിവസം മുൻകൂട്ടി അറിയിക്കുകയും അതത് വാർഡു മെമ്പർമാരുടെയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാവുന്നതുമാണ്.

പഞ്ചായത്തിനു ലഭിച്ചിട്ടുള്ള ഗ്രാൻറുകളെ സംബന്ധിക്കുന്ന വിവരം കാണിക്കുന്ന പട്ടിക

| വർഷം | VRM | VTC | നികുതി വിഹിതം | സ്പെഷ്യൽ ഗ്രാൻറ് | JRY | അൺ ടൈഡ്ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|
| 1992-93 | 263250 | 64010 | 28678 | -- | 607400 | 303103 | 1266441 |
| 1993-94 | 119230 | 7500 | 27733 | 6878 | 516000 | 397369 | 1074710 |
| 1994-95 | 56608 | 530153 | 17484 | 56608 | 287600 | -- | 948453 |
| 1995-96 | 116775 | 548530 | 29491 | 26087 | 356000 | 389690 | 1466573 |

## തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ 83670 രൂപ ധനാഭ്യർത്ഥന നടത്തിയതിൽ പിരിച്ചെടുത്തത് 63325 രൂപയാണ്. തൊഴിൽ നികുതി ഇപ്പോൾ നൽകുന്നവരെ കൂടാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിലാളികളെ മുഴുവൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ. ഗ്രൂപ്പ് ഇൻഷുറൻസിൻെറ പരിധിയിൽ കൊണ്ടുവരികയും അങ്ങനെ അംഗങ്ങളാകുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും മറ്റ് തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

## വിനോദ നികുതി

1995-96 ലെ ധനാഭ്യർത്ഥന പ്രകാരം 14624 രൂപ വിനോദനികുതിയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ഈയിനത്തിൽ ഇപ്പോൾ പിരിച്ചെടുക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഗ്രാൻറുകളെ സംബന്ധിച്ച വിവരം കാണിക്കുന്ന പട്ടിക മുകളിൽ കൊടുത്തിരിക്കുന്നു.

മേൽകാണിച്ചിട്ടുള്ള പട്ടിക പ്രകാരം സംസ്ഥാന സർക്കാരിൽനിന്നുള്ള നികുതിവിഹിതം 1992-93 -ൽ 28678 രൂപയും 1993-94 -ൽ 27733 രൂപയും 1994-95 -ൽ 17484 രൂപയും 1995-96 -ൽ 29491 രൂപയും ആണ്. 1992-93 വർഷത്തിൽ അൻടൈഡ് ഫണ്ട് ആയി 303103 രൂപയും 1993-94 വർഷത്തിൽ 397369 രൂപയും 1995-96 വർഷത്തിൽ 389690 രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഗ്രാൻറുകളായ വി.ആർ.എം., വി.റ്റി.സി., എന്നിവയും പഞ്ചായത്തിന് ലഭിക്കുന്നു.

പഞ്ചായത്തിൻെറ വിവിധ വർഷങ്ങളിലെ തനത് വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടില്ലെന്ന് കാണാം. നികുതിയേതര വരുമാനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. ലേലത്തിലൂടെ ലഭിക്കുന്ന തുകയും നിലവിലുള്ള ലൈസൻസ് ഫീസും വർദ്ധിപ്പിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിൽ അൺടൈഡ് ഫണ്ട് ഏകദേശം 26% വരും. പൊതു ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനായി 1992-93 വർഷത്തിൽ 607400 രൂപയും 1993-94 ൽ 516000 രൂപയും 1994-95 ൽ 287600 രൂപയും 1995-96 ൽ 356000 രൂപയും ജെ.ആർ.വൈ ഫണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങാം കാണിക്കുന്ന പട്ടിക

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 1212 | -- | 1212 |
| ആരോഗ്യം | 73000 | -- | 73000 |
| കൃഷി | 248597 | -- | 248597 |
| പി.ഡബ്ല്യൂ.ഡി. | 53591 | -- | 53591 |
| ആകെ | | | 376400 |

## പഞ്ചായത്തിൻെറ ചെലവുകൾ

പഞ്ചായത്തിൻെറ ചെലവുകളെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന പട്ടിക താഴെകൊടുക്കുന്നു

| ചെലവിനം | 1992-93 | 1993-94 | 1994-95 |
|---|---|---|---|
| ഭരണചെലവ് | 346544 | 374398 | 390325.40 |
| പൊതുമരാമത്ത് | 251926 | 126933 | 139369.00 |
| വിദ്യാഭ്യാസം | 26605 | 14928 | 24,473.00 |
| ജലവിതരണം | 6324 | -- | -- |
| പൊതുജനാരോഗ്യം | 2120 | 2000 | 17847.00 |
| വൈദ്യുതി | 73338 | 75296 | 76616.00 |
| കൃഷി -- | -- | -- | |
| മൃഗസംരക്ഷണം | | | |
| സാമൂഹ്യക്ഷേമം | 5070 | -- | -- |
| പഞ്ചായത്ത്-ആസ്തിസംരക്ഷണം | -- | 2599.00 | 22496.00 |

പഞ്ചായത്തരാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ മുകളിൽ ചേർത്തിട്ടുള്ള പട്ടിക വ്യക്തമാക്കുന്നു.

പഞ്ചായത്തിന് എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറായി 1993-94 ൽ 6876 രൂപയും 1994-95 ൽ 56608 രൂപയും ലഭിച്ചിട്ടുണ്ട്.

മേൽകാണിച്ചിട്ടുള്ള പട്ടികയിൽ വിവിധ പദ്ധതി-പദ്ധതിയേതര ചെലവുകൾ ഉൾക്കൊള്ളിച്ചിട്ടില്ല. പൊതുമരാമത്ത് ചെലവിൻെറ വിഹിതം കൂടുന്നുണ്ട്. റോഡുകളുടെയും പാലങ്ങളുടേയും മരാമത്ത് പണികൾ കോൺട്രാക്ട് നൽകിയും പഞ്ചായത്ത് നേരിട്ടും നടത്തുന്നുണ്ട്. പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന മൊത്തം തുകയിൽ നല്ലൊരു ശതമാനവും ഉല്പാദന മേഖലകളിൽ അല്ല. പ്രത്യക്ഷ ഉല്പാദനമേഖലകളിൽ സമീപ കാലത്ത് പഞ്ചായത്ത് അധികം ജോലികൾ നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്ത്, വികസന കാര്യങ്ങൾക്ക് വേണ്ടി സ്വീകരിച്ചിട്ടുള്ള വായ്പ തുകകൾ മുഴുവൻ അടച്ച് തീർത്തിട്ടുണ്ട്.

പഞ്ചായത്തിൻെറ എസ്റ്റാബ്ലിഷ്മെൻറ് ചെലവ് കുറയ്ക്കുവാൻ ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിനു ഇതുവരെയുണ്ടായിരുന്ന അധികാരങ്ങൾ ഉപയോഗിച്ച് ഉദ്ദേശിക്കുന്ന രീതിയിൽ വികസനം സാധ്യമാക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ മാറി വന്ന പുതിയ സാഹചര്യം കൂടുതൽ വികസനം സാധ്യമാക്കും എന്നു നമുക്ക് പ്രത്യാശിക്കാം.

## വാണിജ്യ സഹകരണ ബാങ്കുകൾ

ഈ പഞ്ചായത്തിലെ വാണിജ്യ ബാങ്കുകൾ ഭരതന്നൂരിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ഓവർസീസ് ബാങ്കും പാങ്ങോട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാൻവകൂറും ആണ്. ഈ ബാങ്കുകളിൽ നിന്നും ലഭിച്ച കണക്കുകളനുസരിച്ച് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പഞ്ചായത്തിനകത്ത് നിന്നും സമാഹരിച്ച നിക്ഷേപത്തുക വളരെ ഉയർന്നിട്ടുണ്ടെന്ന് കാണാം. ഗൾഫ് മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ എണ്ണത്തെ ആശ്രയിച്ചാണ് ഈ നിക്ഷേപങ്ങളിൽ വർദ്ധനവുണ്ടായത്. കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് നൽകുന്ന വായ്പകൾ പഞ്ചായത്ത് പ്രദേശത്ത് തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നുണ്ട്. വായ്പാ - നിക്ഷേപതോത് ഈയടുത്ത കാലത്തായി കൂടിയിട്ടുണ്ട്.

1962 ൽ ആരംഭിച്ച പാങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് ഈ പഞ്ചായത്ത് പ്രദേശത്തിൻെറ സമഗ്രമായ വികസനത്തിന് നിസ്തുലമായ സംഭാവനകൾ നൽകിവരുന്നു. നാടിൻെറ നാനാമുഖമായ വികസന മേഖലകളിൽ സജീവമായി പങ്കുകൊള്ളുന്ന ഈ ബാങ്കിൻെറ നിക്ഷേപസമാഹരണ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

## അനൗപചാരിക വായ്പാമേഖലകൾ

പഞ്ചായത്തിലെ അനൗപചാരിക വായ്പാമേഖല പരിശോധിച്ചാൽ 2 സ്വകാര്യ ഫൈനാൻസിയേഴ്സും പണം പലിശക്കു നൽകുന്ന ധാരാളം വ്യക്തികളും ഉണ്ടെന്നു കാണാം. ഇവരിൽ നിന്നും യഥാർത്ഥത്തിലുള്ള കണക്കുകൾ ശേഖരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും, ഇത്തരത്തിൽ പണം പലിശക്കു നൽകുന്നവരെ സമീപിക്കുന്ന ആവശ്യക്കാരുടെ എണ്ണം മൊത്തം ആവശ്യക്കാരുടെ ഏകദേശം 40 ശതമാനത്തോളം വരും ഇത്തരത്തിൽ പണം കടംകൊടുക്കുന്നവർ ഈടാക്കുന്ന പലിശക്ക് നിയതമായ നിരക്കുകൾ ഒന്നുംതന്നെ നിലവിലില്ല. ഇവരെ പ്രധാനമായി ആശ്രയിക്കുന്നത് കച്ചവടക്കാരാണ്. ഇവരിൽ നിന്നും പണം കടംവാങ്ങി ഒരിക്കലും കരകയറാനാവാത്തവിധം കടകെണിയിലകപ്പെട്ടവരുടെ എണ്ണം നിരവധിയാണ്. തമിഴ്നാട്ടിൽ നിന്ന് നമ്മുടെ ഗ്രാമ പ്രദേശങ്ങളിലെത്തി പണം നൽകി അമിതപലിശ ഈടാക്കുന്ന പണമിടപാടുകാർ പഞ്ചാത്തിനകത്ത് ഇന്ന് അനവധിയാണ്. ഇത്തരത്തിൽ അമിതപലിശ ഈടാക്കുന്നവരുടെ വലയിൽ പെടുന്നത് പ്രധാനമായും ദരിദ്രരായ ഗ്രാമീണരാണ്. നമ്മുടെ ഗ്രാമങ്ങളിൽ നിന്നും ഈ രീതിയിൽ തമിഴ്നാട്ടിലെ ക്കൊഴുകുന്ന പണത്തിൻെറ അളവ് തിട്ടപ്പെടുത്താനാവാത്ത വിധം കൂടുതലാണ്. ഇത്തരത്തിലുള്ള സ്വകാര്യപണമിടപാടുകാരെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ബാങ്കുകളിൽ നിലവിലിരിക്കുന്ന ഉയർന്ന വായ്പാ വ്യവസ്ഥകളും കാലതാമസവും ആണ് സാധാരണക്കാരനെ ഇത്തരം ചൂഷകരുടെ അടുത്തേക്ക് നയിക്കുന്നത്. ബാങ്കുകൾ വായ്പാ വ്യവസ്ഥകൾ ഉദാരവത്ക്കരിക്കുകയും വായ്പകൾ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്താൽ ഇത്തരത്തിൽ സങ്കീർണ്ണമായികൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

## പ്രശ്നങ്ങൾ

- പഞ്ചായത്തിൻെറ വരുമാന സാദ്ധ്യതകൾ പൂർണമായും ഉപയോഗിക്കുന്നില്ല.
- കോൺട്രാക്ടർമാരും മറ്റ് ഇടത്തട്ടുകാരും അമിതലാഭം തട്ടിയെടുക്കുന്നു.
- ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസങ്ങൾ.
- പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ.
- ഗ്രാൻറുകളുടേയും മറ്റും അടിസ്ഥാനത്തിലുണ്ടാകുന്ന പൊതു ഫണ്ടുകളുടെ ദുർവിനിയോഗം.

- സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യ ക്കുറവ്.
- നികുതി അടയ്ക്കുന്നതിൽ ജനങ്ങൾ വീഴ്ച വരുത്തുന്നു.

## സാദ്ധ്യതകൾ

- മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് മലയോര ഗ്രാമമായ നമ്മുടെ പഞ്ചായത്തിന് ഉള്ള ധനാഗമ മാർഗ്ഗങ്ങൾ വളരെക്കുറവാണ്. എന്നാൽ ലഭ്യമായ വരുമാന മാർഗ്ഗങ്ങളായ കെട്ടിട നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുപോലും ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്ന് മുൻ പേജുകളിൽ കൊടുത്തിട്ടുള്ള പട്ടികകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ആക്കം വർധിപ്പിക്കുന്നതിനായി വരുമാന സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വാർഡു മെമ്പർമാരും സന്നദ്ധപ്രവർത്തകരും സംയുക്തമായി യത്നിക്കേണ്ടതുണ്ട്.
- പഞ്ചായത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവയ്ക്കുന്ന തുകയുടെ നാമമാത്രമായ ശതമാനമേ പ്രസ്തുത പരിപാടികൾക്കായി യഥാർത്ഥത്തിൽ വിനിയോഗിക്കപ്പെടുന്നുള്ളൂ എന്ന പരാതി മിക്ക ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്ത് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളിലും മറ്റുള്ളവയിലും കരാറുകാരും മറ്റ് ഇടത്തട്ടുകാരും, പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുകയുടെ നല്ലൊരു പങ്കും അമിതലാഭമായി തട്ടിയെടുക്കുന്നതായും ഗ്രാമസഭകൾ ചൂണ്ടിക്കാട്ടി. ഇത്തരത്തിലുള്ള അനാരോഗ്യപ്രവണതകൾ വരുംകാലങ്ങളിലെങ്കിലും ഇല്ലാതാക്കേണ്ടതുണ്ട്. ഇതിനായി വാർഡു മെമ്പർമാരും ഗുണഭോക്താക്കളും ഒരുപോലെ ജാഗരൂകരാകേണ്ടതുണ്ട്.
- പഞ്ചായത്ത് പ്രദേശത്ത് ചെറുകിട വ്യവസായങ്ങളും മറ്റ് തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതിൽ നിന്നും സാധാരണക്കാരനെ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രധാന ഘടകമാണ് ബാങ്കുകളിൽ നിലവിലിരിക്കുന്ന അപ്രാപ്യമായ വായ്പാ വ്യവസ്ഥകൾ. തന്മൂലം ആവശ്യക്കാരൻ സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളേയും വട്ടിപ്പലിശക്കാരേയും സമീപിക്കേണ്ടിവരുന്നു. സാധാരണക്കാരൻെറ ഇത്തരം പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് ബാങ്കുകൾ മുൻകൈ എടുക്കേണ്ടതുണ്ട്.
- പഞ്ചായത്ത് പ്രദേശങ്ങളിൽ ഇതുവരെ സ്കീമുകൾ തയ്യാറാക്കിയിരുന്നത് പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചായിരുന്നില്ല. ഇതിനുള്ള മുഖ്യകാരണം പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്മീമുകൾ തയ്യാറാക്കുന്നതിൽ പഞ്ചായത്തിനുണ്ടായിരുന്ന അധികാരത്തിൻെറ അപര്യാപ്തത ആയിരുന്നു. എന്നാൽ വരുംകാലങ്ങളിൽ പഞ്ചായത്തുകൾക്ക് പൂർണ്ണ അധികാരം ലഭിക്കുന്നതോടെ ഈ സ്ഥിതിക്ക് മാറ്റം വരുത്താൻ കഴിയും.
- പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാൻറുകൾ വകമാറ്റി ചെലവഴിക്കുന്നതായും ഇങ്ങനെ ചെലവഴിക്കപ്പെടുന്ന തുക ഉല്പാദന മേഖലകളിൽ അല്ലെന്നും ഗ്രാമസഭകൾ ആക്ഷേപം ഉന്നയിക്കുന്നുണ്ട്. ഈ സ്ഥിതി മാറ്റുന്നതിനായി, ചെലവഴിക്കപ്പെടുന്ന തുകയുടെ നല്ലൊരു ശതമാനവും ഉല്പാദനമേഖലകളെ കേന്ദ്രീകരിച്ചു തന്നെയായിരിക്കണം എന്നും ഗ്രാമസഭകൾ നിർദ്ദേശിച്ചു.
- പഞ്ചായത്തിൽ വികസനമുണ്ടാകേണ്ടത് പഞ്ചായത്തിൻെറ മാത്രം ഉത്തരവാദിത്വമാണ് എന്ന ഒരു ധാരണ സാധാരണക്കാരനിൽ രൂഢമൂലമാണ്. ഈ ധാരണ മാറ്റിയെടുക്കേണ്ടതായുണ്ട്. പഞ്ചായത്ത് ഇന്ന് നടപ്പിലാക്കുന്ന മിക്ക മരാമത്തു പണികളും സന്നദ്ധ പ്രവർത്തകർ സ്വയം ഏറ്റെടുക്കാൻ തയ്യാറായാൽ പ്രസ്തുത ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തുക ഉല്പാദന മേഖലകളിൽ മുടക്കാൻ കഴിയും. സന്നദ്ധ പ്രവർത്തകരുടെ അകമഴിഞ്ഞ നിസ്വാർത്ഥ സേവനത്തിലൂടെ നമുക്ക് നമ്മുടെ പഞ്ചായത്തിൽ ഒരു പുതിയ വികസന സംസ്കാരത്തിന് രൂപം നൽകാൻ സാധിക്കും.
- നികുതി അടയ്ക്കുന്നതിൽ ജനങ്ങൾ വീഴ്ചവരുത്തുന്നത് ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ ഇല്ലാതാക്കണം. നികുതി അടയ്ക്കേണ്ടത് ഓരോരുത്തരുടേയും കടമയാണെന്ന് ജനങ്ങൾ കരുതണം.
- പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും ഉല്പാദനപരമായ ആവശ്യങ്ങൾക്കായി പരമാവധി ഉപയോഗിക്കുകയും ചെയ്യുക.

• 1990 മുതൽ 95 വരെയുള്ള കാലയളവിൽ ഗവൺമെൻറ് ഗ്രാൻറ് ഉപയോഗിച്ച് ഉണ്ടാക്കിയ ഭൗതിക നേട്ടങ്ങൾ വ്യക്തമാക്കുന്ന പട്ടിക

അവലംബം : പഞ്ചായത്ത് ഓഫീസ് രേഖകൾ

| ഗ്രാൻറ് | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 |
|---|---|---|---|---|---|
| V.R.M. ഗ്രാൻറ് | 197 കി.മീറ്റർ വരുന്ന 32 റോഡുകളുടെ മെയിൻറനൻസ് നടത്തി | 210 കി.മീറ്റർ വരുന്ന 74 റോഡുകളുടെ മെയിൻറനൻസ് നടത്തി | 215 കി.മീ. നീളം വരുന്ന 65 റോഡുകളുടെ മെയിൻറനൻസ് നടത്തി | 119 കി.മീ. നീളം വരുന്ന റോഡുകളുടെ മെയിൻറനൻസ് നടത്തി | 95 കി.മീ. നീളം വരുന്ന റോഡുകളുടെ മെയിൻറനൻസ് നടത്തി |
| M.I. ഗ്രാൻറ് | 2 തോടുകൾ മെയിൻറനൻസ് നടത്തി | ഒരു കുളവും രണ്ട് തോടും മെയിൻറൻസ് നടത്തി | 4 തോടുകൾ മെയിൻറനൻസ് നടത്തി | ഒരു കുളവും 3 തോടുകളും മെയിൻറനൻസ് നടത്തി | 4 തോടുകൾ മെയിൻറനൻസ് നടത്തി |
| V.i.C ഗ്രാൻറ് | 8 കി.മീ. നീളമുള്ള രണ്ട് റോഡുകൾ പുനരുദ്ധാരണം നടത്തി | | 13 കി.മീറ്റർ നീളം വരുന്ന റോഡുകൾ പുനരുദ്ധരണം നടത്തി | | 400 മീറ്റ. റോഡ് മെറ്റലിംഗും ടാറിംഗും നടത്തി |
| പതിനൊന്നിനപരിപാടി | | സാംസ്ക്കാരിക നിലയം പണിതു | | | |
| S.E.P. | | | മൺവെട്ടി തുടങ്ങിയവ വാങ്ങി | | |
| കെട്ടിട നിർമ്മാണ ഗ്രാൻറ് | | | ആഫീസ് കെട്ടിടം പണിതു | | |
| സ്പെഷ്യൽ ഗ്രാൻറ് | | | T.V. സെറ്റ് വാങ്ങി | | |
| അൺ ടൈഡ് ഫണ്ട് | 50 സെൻറ് സ്ഥലം വീതം വാങ്ങി രണ്ട് മാർക്കറ്റുകൾ സ്ഥാപിച്ചു. 7 കിണറുകൾ, 9 കക്കൂസുകൾ എന്നിവ നിർമ്മിച്ചു. 12 വീടുകൾ മെയിൻറനൻസ് നടത്തി 55 വീടുകൾ വൈദ്യുതീകരിച്ചു | 2 മാർക്കറ്റുകൾ പുനരുദ്ധരണം നടത്തി. രണ്ട് നടപ്പാലം പണിതു 5 അംഗൻവാടികൾ മെയിൻറനൻസ് നടത്തി 10 കക്കൂസുകൾ നിർമ്മിച്ചു 3 കിണറുകൾ നിർമ്മിച്ചു. | 65 കക്കൂസുകൾ നിർമ്മിച്ചു. 60 വീടുകൾ വൈദ്യുതീകരിച്ചു. ഒരു T.V. സെറ്റ് സ്ഥാപിച്ചു 6 പുതിയ വീടുകൾ പണിതു. | ആഫീസ് കാമ്പൗണ്ട് വാളും ഗേറ്റും പണിതു 75 കക്കൂസുകൾ നിർമ്മിച്ചു.D.S.T.V. സെറ്റുകൾ സ്ഥാപിച്ചു. | ഒരു കി.മീ.നീളംമുള്ള 5 റോഡുകളുടെ പുനരുദ്ധാരണം നടത്തി |
| J.R.Y. | റോഡ്മെയൻറനൻസ് 10, ബാലവാടി മെയിൻറൻസ് 5 വീട് നിർമ്മാണം 15 ലാട്രിൻ - 10 | റോഡ് മെയിൻറനൻസ് - 8 S.C/S.T. ലാട്രിൻ-25 S.C/S.T. വീട് 12 | റോഡ് മെയിൻറനൻസ് 8 S.C/S.T. ലാട്രിൻ-10 -S.C/S.T. വീട് 20 | റോഡ് മെയിൻറനൻസ് - 6 -S.C/S.T. വീട് 22 | റോഡുകൾ-8 -S.C/S.T. വീട് 22 തോടുകൾ-6 |



# ഉപസംഹാരം

ജനകീയാസൂത്രണ പ്രക്രിയയിലൂടെ മാത്രമേ നമ്മുടെ പഞ്ചായത്തിന് സമഗ്രവികസനം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഒൻപതാം പഞ്ചവത്സരപദ്ധതിക്കുള്ള ആകെ തുകയുടെ 40% പഞ്ചായത്തുകൾക്ക് ലഭിക്കുന്നു. ഇതിനോടൊപ്പം പഞ്ചായത്തിനു ലഭിക്കുന്ന മറ്റ് ആദായ മാർഗ്ഗങ്ങളും കൂടി ആകുമ്പോൾ വികസന രംഗത്ത് നമ്മുടെ പഞ്ചായത്തിന് ഒരു കുതിച്ച് ചാട്ടം തന്നെ നടത്താൻ സാധിക്കും എന്നത് തർക്കമറ്റ ഒരു സംഗതിയാണ്.

ജനകീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല, മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ, ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

പണമില്ലെന്ന് കരുതി, പണിയെടുക്കാതിരിക്കുന്ന സമ്പ്രദായത്തിനു പകരം ബഹുജനസഹകരണത്തോടെ നിരന്തരവും ശീഘ്രവുമായി പ്രവർത്തിക്കുക എന്ന ശൈലി സ്വീകരിച്ച് കൊണ്ട് നമുക്ക് നമ്മുടെ പഞ്ചായത്തിന്റെ വരുംകാല വികസന പ്രവർത്തനത്തിൽ പങ്കാളികളാകാം.

B. Radhadevi

ബി. രാധാദേവി

*പ്രസിഡന്റ്*

*പാങ്ങോട് ഗ്രാമപഞ്ചായത്ത്*




THIRUVANANTHAPURAM
DISTRICT

പാങ്ങോട് ഗ്രാമ പഞ്ചായത്ത്

# വികസന രേഖ

## അനുബന്ധം

അധികാരം ജനങ്ങളിലേയ്ക്ക്